വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്

# ഫിലിം വിഷൻ

www.filca.in

December issue
**Special Edition on**

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

FILCA FILM SOCIETY, STATE CENTRAL LIBRARY, CHALACHITHRA AKADEMY, KSFDC, BEAM FILM SOCIETY, CHALACHITHRA FILM SOCIETY, SPARC FILM SOCIETY ( ISRO), CET FILM SOCIETY ( COLLEGE OF ENGINEERING TRIVANDRUM )










## INTERNATIONAL FILM FEST OF KERALA. DEC 08 - 15, 2023

# ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ

# 20 20

**ഒന്നാം സമ്മാനം**

**₹20 കോടി**

COMMON TO ALL SERIES

**രണ്ടാം സമ്മാനം**

**₹1 കോടി വീതം 20 പേർക്ക്**

COMMON TO ALL SERIES

**മൂന്നാം സമ്മാനം**

**₹10 ലക്ഷം**

ഓരോ പരമ്പരകൾക്കും
3 വീതം ആകെ
30 പേർക്ക്

**നാലാം സമ്മാനം**

**₹3 ലക്ഷം**

ഓരോ പരമ്പരകൾക്കും
2 വീതം ആകെ
20 പേർക്ക്

**അഞ്ചാം സമ്മാനം**

**₹2 ലക്ഷം**

ഓരോ പരമ്പരകൾക്കും
2 വീതം ആകെ
20 പേർക്ക്

**കൂടാതെ 5000, 2000,1000, 500, 400**
**രൂപയുടെ നിരവധി സമ്മാനങ്ങൾ**

**നറുക്കെടുപ്പ് 24/01/2024**

www.statelottery.kerala.gov.in

കേരള ഭാഗ്യക്കുറി

വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

# FILM VISION
## Digital Film Magazine - December 2023 IFFK Special Edition

# WHATS INSIDE ?


**1. ലോക ചലച്ചിത്രോത്സവ ഭൂപടവും ഐ.എഫ്.എഫ്. കെയുടെ സങ്കല്പവും**
ഷാജി. എൻ. കരുൺ (ചെയർമാൻ, കെ.എസ്.എഫ്.ഡി.സി.)




**2. ഐ.എഫ്.എഫ്.കെ : പ്രദർശനത്തിനപ്പുറം**
പ്രേം കുമാർ (വൈസ് ചെയർമാൻ, ചലച്ചിത്ര അക്കാഡമി)



**3. ലോക ഫിലിം ഫെസ്റ്റിവൽ ചരിത്രം**
വിജയകൃഷ്ണൻ




**4. ലോക സിനിമയിൽ നവാഗതരുടെ പരീക്ഷണങ്ങൾ - IFFK ക്യുറേറ്റർ ഗോൾഡാ സെല്ലമുമായി അഭിമുഖം**
സാബു ശങ്കർ (ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)

**5. ഫിലിം മാർക്കറ്റ്**
കെ.വി. അബ്ദുൽ മാലിക്ക് (എം.ഡി, കെ.എസ്.എഫ്.ഡി.സി.)



**6. ഫിലിം ഫെസ്റ്റിവലുകളുടെ ലക്ഷ്യം**
ഡോ. ബി. രാധാകൃഷ്ണൻ, (പ്രസിഡന്റ്, ഫിൽക്ക)



**7. ഡിസിപി, ക്യൂബ്, ഡോൾബി, ലേസർ പ്രദർശനം - ക്യൂബ് എഞ്ചിനീർ ഭൂപാലനുമായുള്ള അഭിമുഖം**
അർപ്പണ ( ഗിരിജ സുരേന്ദ്രൻ, വൈസ് പ്രസിഡന്റ്, ഫിൽക്ക)




**8. ഐ.എഫ്.എഫ്.കെയുടെ തുടക്കം**
ജോർജ്ജ് മാത്യു, ചലച്ചിത്ര.



**9. ലൈഫ് ടൈം അച്ചീവ്മെന്റ് - ക്രിസ്റ്റഫ് സനൂസി**
ജ്യോതിഷ് കുമാർ പി.എസ്. (ജോയിന്റ് സെക്രട്ടറി, ഫിൽക്ക)




**10. സ്പിരിറ്റ് ഓഫ് ദി സിനിമ - വനൂരി കാഹിയു**
വിനോദ് കുമാർ പി. (ട്രഷറർ, ഫിൽക്ക ഫിലിം സൊസൈറ്റി)





വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## FILM VISION
## Digital Film Magazine - December 2023 IFFK Special Edition

# WHATS INSIDE ?

**11. സുവർണ്ണ ചകോരം - ഈവിൾ ഡസ്നോട്ട് എക്സിസ്റ്റ്**
**വിദ്യ ശോഭന**



**12. ഓപ്പണിങ്ങ് ഫിലിം - ഗുഡ് ബൈ ജൂലിയ**
**ഷീബ. എസ്. ജെയിംസ്**



**13. മാറിടം 32-44; സ്ത്രീ ശരീര രാഷ്ട്രീയം**
സംവിധായക ശ്രുതി ശരണ്യവുമായി
നടി അർപ്പണാ ( ഗിരിജ സുരേന്ദ്രൻ ) നടത്തിയ അഭിമുഖം.



**14. തീയേറ്ററുകളുടെ പങ്ക്**
കാർത്തികേയൻ സുബ്രഹ്മണ്യം



**15. തീയേറ്ററിന്റെ ഗുണമേന്മ**
അജന്ത കണ്ണൻ



**16. ചലച്ചിത്ര ഗ്രന്ഥം - പ്രകാശനം**




**17. മലയാള സിനിമയിലെ മധുരിമ - നവംബർ മധു ഫെസ്റ്റ്**
**വാർത്ത -** സാം ആന്റണി, ഫിൽക്ക



**18. ഫിലിം റിവ്യൂസ് - 15 സിനിമകൾ**
(ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം)








**19. ടാഗോറിലെ ഉത്സവ കാഴ്ചകൾ - ഫോട്ടോ ഫീച്ചർ**
അജി. എസ്, അനിൽ രാമൻ





GOVT OF KERALA
KERALA STATE
FILM DEVELOPMENT CORPORATION
PRESENTS
ചുരുൾ
സംവിധാനം
അരുൺ ജെ. മോഹൻ
Co-Writers ANANDHU SURESH, ASHIK R S DOP PRAVEEN CHAKRAPANI Editor DAVIS MANUEL Music MADHU PAUL
Art NITHISH CHANDRAN ACHARYA Chief Associate Director SAHEER ALI Makeup RATHEESH VIJAYAN Costume SHIBU PARAMESHWARAN
Production Controller SURESH MITHRAKARY Thrills MAFIA SASI Still SALISH PERINGOTTUKARA
AN INITIATIVE OF THE GOVERNMENT OF KERALA


CAST A LINE.
CATCH A SMILE.
Hang out in the idyllic backwaters of God's Own Country. Reconnect with absolute joy and peace. And rediscover that magical sense of togetherness.
kerala
God's Own Country
keralatourism.org
Come Together in Kerala
WhatsApp 'Maya' and explore Kerala


www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ്
ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033




# ലോക ചലച്ചിത്രോത്സവ ഭൂപടവും ഐ.എഫ്.എഫ്. കെ- യുടെ സങ്കല്പവും

ഷാജി. എൻ. കരുൺ (ചെയർമാൻ, കെ.എസ്.എഫ്.ഡി.സി.)

**ലോക ത്തിലെ ഏറ്റവും മികച്ച സിനിമകൾ പ്രദർശനത്തിന് എത്തുന്ന അല്ലെങ്കിൽ മത്സരത്തിന് എത്തുന്ന സ്ഥലമായി കേരള ഫെസ്റ്റിവൽ മാറണം. അങ്ങനെ കേരള ഫെസ്റ്റിവൽ ലോകത്ത് ശ്രദ്ധിക്കപ്പെടണം. അതുവഴി മികച്ച മലയാള സിനിമയ്ക്കും രാജ്യാന്തര വേദികളിലേക്കുള്ള വഴി തുറന്നു കിട്ടണം. ആ ലക്ഷ്യത്തോടെയാണ് ഐ. എഫ്.എഫ്. കെ രൂപപ്പെട്ടത്.**

സിനിമകളുടെ പ്രദർശനമേള എന്നതിനപ്പുറം മികച്ച സിനിമകളുടെ രാജ്യാന്തര മത്സരവേദി എന്നത് കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് ചലച്ചിത്ര അക്കാഡമി ഐ.എഫ്.എഫ്. കെ ആരംഭിച്ചത്. കേരള ജനതയെ സംബന്ധിച്ച് കല, സാഹിത്യം, ചലച്ചിത്രം, സംസ്കാരം, പ്രസിദ്ധീകരണം, മാധ്യമം, ശാസ്ത്രവിഷയങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ആധുനികമായ, ഏകതാനമായ അറിവും മുന്നേറ്റവും ഉള്ളവരാണ്. ഇന്ത്യയിൽ ഏറ്റവും ഭേദപ്പെട്ട സിനിമകൾ ഉണ്ടാക്കുന്ന രണ്ട് സംസ്ഥാനങ്ങളാണ് ബംഗാളും കേരളവും. ഈ രണ്ട് സ്ഥലങ്ങളിൽ നിന്നുള്ള ഫിലിം മേക്കേഴ്സ് അത് തെളിയിച്ചിട്ടുണ്ട്. 1950 -കളിലും 60 - കളിലും മലയാള സിനിമയിൽ ഉണ്ടായ മാറ്റങ്ങൾ എഴുപതുകൾ പിന്നിട്ടപ്പോൾ കുറെ കൂടി വികസിച്ചു. നവസിനിമ എന്നത് മറ്റു പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന വരുടേത് കൂടിയായി മാറി. ചിത്രകാരന്മാരും സാഹിത്യകാരന്മാരും സ്വതന്ത്ര പത്രപ്രവർത്തകരും വിവിധ സാംസ്കാരിക പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരും ഒക്കെ നല്ല അറിവോടുകൂടി ഈ നവസിനിമ നിർമ്മാണ മേഖലയിലേക്ക് കടന്നുവന്നു. 1975 - ൽ ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ വന്നതോടെ മലയാള സിനിമയിൽ സ്വതന്ത്ര സിനിമ യ്ക്കുള്ള സാധ്യത കൂടി വികസിച്ചു. തിരുവന ന്തപുരം ഫിലിം മേക്കേഴ്സിന്റെ കേന്ദ്രമായി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

മാറി. അവരുടെ ചിത്രങ്ങൾ ഇന്ത്യൻ പനോരമയിൽ വരികയും ദേശീയ അംഗീകാരങ്ങൾ നേടുകയും ചെയ്തു. അങ്ങനെ 1990 - കളിൽ ഒരു ചലച്ചിത്ര അക്കാദമിയെ കുറിച്ചുള്ള ചിന്തകൾ പ്രബലമായി. മലയാള സിനിമയുടെ സാംസ്കാരിക സംവേദന തലങ്ങൾ വികസിക്കുന്നത് ലോകം ശ്രദ്ധിക്കണമെന്നതും ആവശ്യമായി വന്നു . അതിന് ഒരു രാജ്യാന്തര ഫെസ്റ്റിവൽ വേണം. ആ ഫെസ്റ്റിവൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മികച്ച സിനിമകളുടെ മത്സരവേദി കൂടിയാവണം. ലോകത്തിലെ ഏറ്റവും മികച്ച സിനിമകൾ പ്രദർശനത്തിന് എത്തുന്ന അല്ലെങ്കിൽ മത്സരത്തിന് എത്തുന്ന സ്ഥലമായി കേരള ഫെസ്റ്റിവൽ മാറണം. അങ്ങനെ കേരള ഫെസ്റ്റിവൽ ലോകത്ത് ശ്രദ്ധിക്കപ്പെടണം. അതുവഴി മികച്ച മലയാള സിനിമയ്ക്കും രാജ്യാന്തര വേദികളിലേക്കുള്ള വഴി തുറന്നു കിട്ടണം. ആ ലക്ഷ്യത്തോടെയാണ് ഐ. എഫ്.എഫ്. കെ രൂപപ്പെട്ടത്.




ഇന്റർനെറ്റും ഡിജിറ്റൽ സാങ്കേതികതയും വന്നതോടെ ലോകത്ത് രാജ്യാന്തര മേളകളുടെ എണ്ണം വർദ്ധിച്ചു. ചലച്ചിത്ര അക്കാദമിയുടെ ആദ്യ ചെയർമാൻ ആകും മുൻപേ , ഞാൻ ലോകത്തിലെ പ്രധാനപ്പെട്ട ഫിലിം ഫെസ്റ്റിവിലുകളിൽ പോയിട്ടുണ്ട്. അവിടെ നിന്നുള്ള അനുഭവങ്ങൾ പുതിയ കാഴ്ചപ്പാടിന് രൂപം നൽകി.

പല ഫെസ്റ്റിവലുകളും മികച്ച സിനിമകളുടെ വരുമാന മാർഗങ്ങൾക്കുള്ള വേദിയുമായി മാറിയിട്ടുണ്ട്. അവ മാർക്കറ്റ് ഏരിയ ആയും വികസിച്ചു. മാർക്കറ്റിംഗ് എന്നത് കൂടാതെ ഒരു കൾച്ചറൽ പ്ലാറ്റ്ഫോം കൂടിയായി ഫെസ്റ്റിവലിനെ വളർത്തിയെടുക്കുക എന്നത് തുടക്കത്തിൽ തന്നെ ചലച്ചിത്ര അക്കാദമിയുടെ വീക്ഷണമായിരുന്നു.

മറ്റു രാജ്യങ്ങളിൽ നിന്ന് മാത്രമല്ല കേരളത്തിൽ നിന്നുമുള്ള പ്രതിഭകൾക്കും സൃഷ്ടികൾക്കും ലോകത്ത് അറിയപ്പെടാനും അങ്ങനെ വിവിധ മേളകളിലേക്ക് പ്രവേശിക്കാനും സൗകര്യമൊരുക്കുക എന്നതും ഐ.എഫ്.എഫ്. കെ യുടെ സങ്കല്പമായിരുന്നു.

ഒരു ഫിലിം മേക്കർ എന്ന നിലയിൽ ഒരാൾക്ക് ഇവിടന്നു തന്നെ തുടക്കം കുറിക്കാൻ കഴിയണം. അത് എത്രമാത്രം സാധിച്ചു എന്നതും സങ്കൽപത്തിൽ നിന്ന് എത്രമാത്രം പിന്നോട്ട് പോയി എന്നതും പരിശോധിക്കേണ്ടിയിരിക്കുന്നു.

ജനകീയ പുരോഗമന കലാ സാംസ്കാരിക പ്രസ്ഥാനങ്ങൾ ധാരാളമുള്ള ലാറ്റിനമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഫിലിം മേക്കേഴ്സിന് പ്രാധാന്യം കൊടുക്കുക എന്നതും നമ്മുടെ ചലച്ചിത്രമേളയുടെ പ്രത്യേകതയാവണമായിരുന്നു.

എന്നാൽ കുറച്ചു വർഷങ്ങളായി യൂറോപ്യൻ രാജ്യങ്ങളിലെ പ്രമുഖ മേളകളിൽ പങ്കെടുത്ത് ശ്രദ്ധേയമായ സിനിമകളാണ് ഡിസംബർ മാസത്തോടെ ഇവിടെ കൂടുതലായി എത്തുന്നത്. അവ പ്രേക്ഷകർക്ക്

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള ഭാഗ്യക്കുറി

വിശ്വസ്തം സുതാര്യം ജനകീയം

December issue

Special Edition on IFFK

DIGITAL MAGAZINE

PUBLISHED BY FILCA

കാണാൻ സാധിക്കുമെങ്കിലും മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾക്കും കേരളത്തിൽ നിന്നുള്ളവയ്ക്കും വേണ്ടത്ര പരിഗണന ലഭിക്കാതെ പോകുന്നുണ്ട്.

ലോക വേദിയിൽ കേരള സിനിമ എന്ന സങ്കൽപ്പത്തിന് പ്രാമുഖ്യം കിട്ടാൻ വേണ്ടിയാണ് ട്രിവാൻഡ്രം എന്ന പേര് ഒഴിവാക്കി കേരള എന്ന ചേർത്തത് . മുംബെ, ബാംഗ്ലൂർ, കൽക്കട്ട,ജയ്പൂർ,ചെന്നൈ എന്നിങ്ങനെ നഗരത്തിന്റെ പേരുകൾ ഫിലിം ഫെസ്റ്റിവലിന് ചേർക്കുന്നതിൽ നിന്നും വ്യത്യസ്തമായ ഉദ്ദേശമാണിത്.

ചലച്ചിത്രമേളയിൽ പങ്കെടുക്കുന്നവരിൽ യഥാർത്ഥ കാണികളുടെ എണ്ണം വർധിക്കണം. അതിന് ജനങ്ങളിലേക്ക് മേളയിലെ സിനിമകൾ പലയിടങ്ങളിലായി ഇറങ്ങിച്ചെല്ലണം. അങ്ങനെയാണ് ചലച്ചിത്ര സാക്ഷരത വളർത്തിയെടുക്കാനാവുക.

മുൻകാലങ്ങളിൽ ചലച്ചിത്ര മേളയോടൊപ്പം നല്ല ഫിലിം മേക്കേഴ്സിന്റെയും ചലച്ചിത്ര കലയെ കുറിച്ച് അറിവുള്ളവരുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. അവർക്ക് അവിടെ പ്രാധാന്യം ഉണ്ടായിരുന്നു. പരിഗണനയുണ്ടായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഇപ്പോൾ അതില്ല. അവരുടെ അസാന്നിധ്യം ഒരു ഫിലിം ഫെസ്റ്റിവലിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കും.

വാസ്തവത്തിൽ മേളയിൽ സജീവ പങ്കാളിത്തം ഉറപ്പിക്കേണ്ടവരല്ല എത്തുന്നത്, മറിച്ച് സിനിമയ്ക്ക് പുറമെ നിന്നുള്ളവരാണ് . അതുപോലെ തന്നെ ഫിലിം സൊസൈറ്റികളുടെ പങ്കാളിത്തവും വിപുലമാക്കേണ്ടിയിരിക്കുന്നു.

1970- കളിലും 80-കളിലും 250 - ലേറെ ഫിലിം സൊസൈറ്റികൾ കേരളത്തിൽ ഉണ്ടായിരുന്നു. അവ മികച്ച ചലച്ചിത്ര സാക്ഷരത പകർന്ന്, അറിവുള്ള പ്രേക്ഷകരെ വളർത്തിയെടുത്തിരുന്നു. എന്നാൽ 1990 - കളിൽ സാംസ്കാ രിക വകുപ്പ് 50 ലക്ഷം രൂപയോളം ഫിലിം സൊസൈറ്റികളുടെ വളർച്ചയ്ക്കായി ഗ്രാൻഡ് അനുവദിച്ച് തുടങ്ങിയപ്പോൾ ഫിലിം സൊസൈറ്റികളുടെ എണ്ണം കുറയുകയാണ് ചെയ്തത് ? ഈ ഗ്രാൻഡ് തുക വഴിമാറിപ്പോകുന്നു. ഫിലിം സൊസൈറ്റികളുടെ വളർച്ചയ്ക്കായിട്ടല്ല ഈ ഗ്രാൻഡ് ഉപയോഗിക്കുന്നത്. ഇപ്പോൾ 250 നിന്ന് വെറും 50 സൊസൈറ്റികൾ എന്ന നിലയിലേക്ക് ഫിലിം സൊസൈറ്റി പ്രസ്ഥാനം ശോഷിച്ചു പോയിരിക്കുന്നു. ഫിലിം പ്രൊഫഷണലുകളെയും യഥാർത്ഥ പ്രേക്ഷകരെയും വളർത്തിയെടുക്കുന്ന ഫിലിം സൊസൈറ്റികൾ തളർന്നുപോയതും അവയ്ക്ക് വിതരണം ചെയ്യേണ്ട ഗ്രാൻഡ് വഴിമാറി പോകുന്നതും കേരള ചലച്ചിത്രമേള ലക്ഷ്യമാക്കിയ ജനപങ്കാളിത്ത സദ് ഫലങ്ങൾക്ക് പ്രതിബന്ധമാണ്. ഈ വൈരുദ്ധ്യം ഉടനെ പരിഹരിക്കപ്പെടണം.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ഐ. എഫ്. എഫ്. കെ എന്നത് പ്രൊഫഷണലുകളുടെയും യഥാർത്ഥ കാണികളുടേതുമായ അക്കാഡമിക് അന്തരീക്ഷം ഉള്ള ഇടമാകണം.

ലോക ചലച്ചിത്രകലയുമായും സിനിമ വിജ്ഞാനവുമായും യാതൊരു ബന്ധവുമില്ലാത്തവരുടെ ഒരു ഷോ ബിസിനസ് വേദിയായി, ഒരു ഉത്സവപ്പറമ്പായി, ഫെസ്റ്റിവൽ മാറിയാൽ, എണ്ണം കൂട്ടാം എന്നല്ലാതെ ഗുണപരമായ മെച്ചം കേരള സിനിമയ്ക്ക് ഉണ്ടാകില്ല.

ചുരുക്കിപ്പറഞ്ഞാൽ ഐ. എഫ്. എഫ്. കെ കൺവെൻഷണൽ ആവരുത്, മറിച്ച് പ്രൊഫഷണൽ ആവണം.

ഐ. എഫ്. എഫ്. കെ യെ നയിക്കുന്നവർക്ക് സോഷ്യോ - കൾച്ചറൽ കമ്മിറ്റ്മെൻറ് ഉണ്ടാകേണ്ടതുണ്ട്. അങ്ങനെയുള്ളവർ വളരെ കുറച്ചുപേർ മാത്രം.

കഴിഞ്ഞ 10 വർഷത്തെ അവസ്ഥ പരിശോധിച്ചാൽ സ്വാഭാവികമായും ഉണ്ടാകേണ്ട വളർച്ച ഈ ചലച്ചിത്രമേളയ്ക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഉണ്ടാവാൻ പാടില്ല. കാരണം സിനിമ ഡിജിറ്റലായതിനു ശേഷം വളരെയേറെ സൗകര്യങ്ങൾ വർദ്ധിച്ചു. ശാസ്ത്ര- സാങ്കേതിക സൗകര്യങ്ങൾ പുരോഗമിക്കുന്തോറും സിനിമയുടെ സ്വഭാവത്തിനും ഘടനക്കും വ്യത്യാസം വന്നു. അതൊക്കെ കാലത്തിനൊപ്പം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പത്തുവർഷം പിന്നിടുമ്പോൾ അക്കാദമി തുടങ്ങിയപ്പോഴുള്ള ലക്ഷ്യത്തിലെത്താൻ സാധിക്കാതെ പോയതിന് പിന്നിലുള്ള കാരണങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. അതിൻറെ ഉത്തരവാദികൾ ആരൊക്കെയാണ് ?

പക്വമായ രീതിയിലുള്ള അറിവിന് നാം പ്രാധാന്യം കൊടുത്തുവോ?

സാക്ഷരത എന്നാൽ അക്ഷരം കൂട്ടി വായിക്കുക എന്നതല്ല. അറിവും സെൻസും കൈവരിക്കുക എന്നതാണ്. ചലച്ചിത്ര സാക്ഷരത എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. നമ്മുടെ മലയാള ഭാഷയിൽ തന്നെ പുതിയ വാക്കുകൾ ഓരോ വർഷവും കണ്ടുപിടിക്കുന്നതുപോലെ, സിനിമയുടെ ഭാഷയിലും പുതിയ കണ്ടെത്തലുകൾ ഉണ്ടാവണം. തീമാറ്റിക് അച്ചീവ്മെൻ്റ് ഉണ്ടാവണം. അങ്ങനെയൊക്കെ സൗന്ദര്യ ശാസ്ത്രപരമായി പരിപോഷിക്കപ്പെടുമ്പോൾ കേരള സിനിമയ്ക്ക് വളർച്ചയുണ്ടാകും. ഭാവിയിൽ ലോകസിനിമയ്ക്ക് ഒപ്പം എത്താനും കഴിയും. നമ്മുടെ ഐ. എഫ്. എഫ്. കെ മറ്റു പ്രധാന ഫെസ്റ്റിവൽ പോലെ ശ്രദ്ധേയമാവും.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

വിദേശങ്ങളിലുള്ള ഫെസ്റ്റിവൽ ക്യുറേറ്റർ മാർക്ക് ഏറ്റവും നൂതനമായ സിനിമകൾ കണ്ടെത്താനുള്ള ഒരു വേദിയായി ഐ. എഫ്.എഫ്. കെ മാറണം.

എന്നാൽ അങ്ങനെയൊന്നും പത്തു വർഷം പിന്നിടുമ്പോൾ സംഭവിക്കാത്തത് എന്തുകൊണ്ടാണ്?

ലോകത്തിനൊപ്പം കാലത്തിനൊപ്പം നാമും സഞ്ചരിക്കേണ്ടതല്ലേ ?

ഇപ്പോൾ തന്നെ കേരളത്തിലെ ഫിലിം ഇൻഡസ്ട്രിയിലുള്ള ഏറെ പേരും ഈ ചലച്ചിത്ര മേളയിൽ നിന്ന് വിട്ടുനിൽക്കുകയാണ്. നോക്കൂ, കാൻ ഫെസ്റ്റിവൽ നടക്കുമ്പോൾ ഫ്രാൻസിലെ ഫിലിം ഇൻഡസ്ട്രിക്ക് 10 ദിവസം അവധിയാണ് . അതുപോലെ ഇവിടെ നടക്കുന്നുണ്ടോ?

ഇറ്റലിയിലെ വെനീസ് ഫെസ്റ്റിവൽ മത്സരിക്കുന്നത് ഫ്രാൻസിലെ കാൻ ഫെസ്റ്റിവലുമായിട്ടാണ്. ഏറ്റവും മികച്ച പാക്കേജ് ഉള്ള മേളയാക്കാനുള്ള മത്സരത്തിലാണവർ. ജർമ്മനിയിലെ ബർലിൻ ഫിലിം ഫെസ്റ്റിവൽ മികച്ച സിനിമകളുടെ ആദ്യപ്രദർശനവുമായി മറ്റ് രണ്ട് ഫെസ്റ്റിവലുകളോടും മത്സരിക്കുന്നു.

നമ്മുടെ ഐ. എഫ്. എഫ്. കെ എങ്ങനെ വളരണം ?

കേരളത്തിലെ സാഹിത്യകാരന്മാരും കലാകാരന്മാരും നാടകക്കാരും അഭിനേതാക്കളും സാങ്കേതിക വിദഗ്ധരും സംഗീതജ്ഞരും സഹായികളും ഒക്കെ അവധിയെടുത്ത് ഈ മേളയിൽ പങ്കെടുത്തെങ്കിൽ മാത്രമേ നമ്മുടെ സിനിമയിൽ ഗുണപരമായ മുന്നേറ്റം ഉണ്ടാക്കാനാവൂ. ഉന്നതമായ കാര്യങ്ങൾ മനസ്സിലാക്കാനാണ് ഇത്തരം ഒരു ചലച്ചിത്ര മേള സംഘടിപ്പിക്കുന്നത്. മറ്റ് കലാരംഗങ്ങളിലുള്ളവരും ഇവിടെ ഒരുമിച്ച് നിൽക്കണം. കാരണം സിനിമ എന്നത് ബഹുമുഖ പ്രതിഭകളുടെ കൂട്ടായ സംരംഭമാണ്. അതു മനസ്സിലാക്കിയില്ലെങ്കിൽ ഈ മേള കൺവെൻഷണൽ ആയി മാറിപ്പോകും, ക്രിയേറ്റീവ് ആകുകയില്ല. ഇത് ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട വിഷയമാണ്. കൺവെൻഷണൽ ആവാൻ എളുപ്പമാണ്. പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. പക്ഷേ ക്രിയേറ്റീവ് ആവാൻ യോഗ്യരായവർ തന്നെ വേണം.

നിലവിലുള്ള അവസ്ഥയിൽ നിന്ന് വ്യത്യസ്തമായ മാറ്റം ആവശ്യമായി വരുമ്പോഴാണ് മനുഷ്യന്റെ ബുദ്ധി ചോദ്യങ്ങൾ ഉന്നയിക്കുന്നത്. നാളെയെ കുറിച്ചുള്ള നമ്മുടെ ബോധം രൂപപ്പെടുന്നത്. അങ്ങനെ ചിന്തിക്കുമ്പോഴാണ് ഐ. എഫ്. എഫ്. കെ കൺവെൻഷണൽ ആയിപ്പോകുന്നതായി ബോധ്യപ്പെടുക. പകരം ക്രിയേറ്റീവ് ആകണമെന്ന ആവശ്യം സർക്കാരിന് കൂടി ഉണ്ടാവണം. സർക്കാരിന് ഇക്കാര്യത്തിൽ തുറന്ന മനസ്സോടെയുള്ള സമീപനമാണുള്ളത്. പക്ഷേ ഒരു മാർഗദർശനം ഉണ്ടാവണം. അങ്ങനെ ആശയ - ലക്ഷ്യങ്ങൾ ഉള്ളവരെയാണ് ചലച്ചിത്ര അക്കാദമിക്ക് വേണ്ടത്. ഓരോ അക്കാദമിക്കും നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. അത് അതിജീവിക്കുന്നവരെയാണ് അക്കാദമിക്ക് യഥാർത്ഥത്തിൽ ആവശ്യമായിട്ടുള്ളതും. പക്ഷേ അതുണ്ടാവുന്നില്ലെങ്കിൽ അവിടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

വൈരുധ്യമാണ് ഉണ്ടാവുക.

ആ വൈരുധ്യം അക്കാദമിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കും. ചലച്ചിത്ര അക്കാദമി രൂപീകരിച്ചിട്ട് ഇപ്പോൾ 25 വർഷം പിന്നിട്ടു. ഇനിയൊരു 25 വർഷം എങ്ങനെ യാവണമെന്ന് വ്യക്തമായ ധാരണ വേണം. അതിനുള്ള ചോദ്യങ്ങൾ ഉയരുമ്പോൾ സ്വാഭാവികമായും നമ്മൾ ഉത്തരങ്ങൾ കണ്ടെത്തും. അതിനെ നയിക്കേണ്ടവർ ആരൊക്കെയാണെന്ന് തിരിച്ചറിയേണ്ടതുമുണ്ട്.

ആ പുരോഗതി കൈവരിക്കാനുള്ള രീതി എന്താണെന്ന് മനസ്സിലാക്കണം. വഴി ഇല്ലെങ്കിൽ വഴി വെട്ടിത്തെളിയ്ക്കണം. ഇങ്ങനെ ഇപ്പോൾ തന്നെ ആലോചിച്ചെങ്കിൽ മാത്രമേ രാജ്യാന്തര ചലച്ചിത്ര മേളയുടെ പക്വതയിലേക്ക് നമുക്ക് എത്തിപ്പെടാനും ലോക ചലച്ചിത്രോത്സവ ഭൂപടത്തിൽ നമ്മുടെ മേളയെ അടയാളപ്പെടുത്താനുമാവൂ. അതുകൊണ്ട് നമ്മുടെ ഐ. എഫ്. എഫ്. കെ യ്ക്ക് ആൾക്കാരുടെ എണ്ണമല്ല പ്രധാനം. ആൾക്കാരുടെ എണ്ണം എന്നത് ഫെസ്റ്റിവൽ മൂഡ് ആണ്. പ്രൊഫഷണൽ മൂഡ് അല്ല. നമുക്ക് പ്രൊഫഷണൽ ക്വാളിറ്റിയെ അഭിസംബോ




ധന ചെയ്യുംവിധമുള്ള പ്രൊഫഷണൽസിന്റെ ഇടപെടലുകൾ ഉള്ള, പങ്കാളിത്തമുള്ള, രീതിയിലേക്ക് മാറേണ്ടിയിരിക്കുന്നു. ഓപ്പൺ ഫോറം നോക്കുക. കഴിഞ്ഞ 10 വർഷമായി ഒരേ രീതിയിൽ യാന്ത്രികമായി ചടങ്ങ് നടക്കുന്നു. തീമാറ്റിക്ക് എക്സലൻസ് ഇല്ലാതെ പഴയ രീതിയിൽ കുരുങ്ങിക്കിടക്കുന്നു. അത് നിർജീവമായ അവസ്ഥയാണ്. ഇങ്ങനെയുള്ള പല വിപരീതങ്ങളും നാം കാണേണ്ടതുണ്ട്.

സാങ്കേതികത എന്നത് സിനിമയുടെ ഉപകരണ ഉപയോഗ വശമാണ്. എന്നാൽ അതിന്റെ സൗന്ദര്യശാസ്ത്രപരമായ വശത്തിന് വളർച്ച വേണം. ഇതിന് ക്രിയേറ്റീവ് സൈഡിലുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കണം. വിഷ്വൽ മീഡിയായുടെ പ്രതിഭാപരമായ വശത്തെ കുറിച്ച് മാധ്യമങ്ങൾക്കും മികച്ച ധാരണ വേണം. വെറുതേ കുറേ ഉത്സവ വാർത്തകൾ പ്രസിദ്ധീകരിച്ചിട്ട് കാര്യമില്ല. മാധ്യമങ്ങൾ കേവലം പ്ലെയേഴ്സ് മാത്രമാവാതെ ഫ്യൂച്ചർ പ്ലെയേഴ്സ് കൂടിയാവണം.

ഐ. എഫ്. എഫ്. കെ എന്നത് വെറും ഒരു ഉത്സവ കാഴ്ചയായി മാത്രം കണ്ടാൽ പലവിധ കോമാളിത്തരത്തിനുള്ള വേദിയായി തെറ്റിദ്ധരിക്കപ്പെടും. മേളയെ വെറും ഒരു ഷോ ബിസിനസ് ആയി തരം താഴ്ത്താൻ എളുപ്പമാണ്. കാൻ പോലുള്ള ചലച്ചിത്ര മേളകളിൽ കോമാളിത്തരങ്ങളൊന്നും കാണാൻ കഴിയില്ല. ഉള്ളടക്കം ഇല്ലാത്തവരുടെ ബാഹുല്യവും കാണാൻ കഴിയില്ല. കാണികളുടെ എണ്ണം പെരുപ്പിക്കുന്നതിലല്ല മേളകളുടെ മൂല്യം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

മികച്ച രാജ്യാന്തര ചലച്ചിത്ര മേളകളുടെ പ്രത്യേകത എന്തെന്നാൽ അവിടെ പങ്കെടുക്കുന്നവർ സിനിമയുമായി ഏതെങ്കിലും രീതിയിൽ ബന്ധമുള്ള പ്രൊഫഷണലുകളായിരിക്കും എന്നതാണ്. അങ്ങനെയുള്ളവർക്കേ പ്രവേശനമുള്ളു. അതിനാൽ സിനിമയുടെ സൗന്ദര്യശാസ്ത്രപരമായ വശങ്ങൾ പരിപോഷിപ്പിക്കുന്നതിന് വേണം കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത്. അത് നഷ്ടപ്പെടുന്ന ഡിക്ലയിൻ സ്റ്റേജിൽ നിന്നും ഐ. എഫ്. എഫ്. കെ യെ തിരിച്ചുകൊണ്ടുവരണം. ചലച്ചിത്ര കലയുടെ സാക്ഷരത വർധിപ്പിക്കാനുള്ള വേദിയാക്കണം. ആരൊക്കെയാണ് സ്വദേശത്തു നിന്നും വിദേശത്തു നിന്നും ചലച്ചിത്രമേള കാണാൻ വരേണ്ടത്?

അതിനെ കുറിച്ചുള്ള അവ്യക്തത ആദ്യം മാറ്റണം. യോഗ്യതയുള്ളവർ എത്തിയെങ്കിൽ മാത്രമേ സദ്ഫലങ്ങൾ ഉണ്ടാവു. ചലച്ചിത്ര സാക്ഷരത ഉള്ളവർക്ക് ഒരു കൾച്ചറൽ സ്പെയ്സ് ഉണ്ടാക്കിയെടുക്കാൻ ശരിയായൊരു മാർഗരേഖ രൂപപ്പെടുത്തിയില്ലെങ്കിൽ നാം പിന്നോട്ട് പോകും.

ചലച്ചിത്ര ധാരണകളെ വളർത്തിയെടുക്കുക, ലോക ചലച്ചിത്ര ഭൂപടത്തിൽ മികവുറ്റ ചലച്ചിത്ര സംരംഭങ്ങളെ അടയാളപ്പെടുത്തുക, അവയ്ക്ക് ലോക വേദികളിലേക്കുള്ള വാതിൽ തുറന്നു കൊടുക്കുക എന്നതാവണം ഐ. എഫ്. എഫ്. കെ യുടെ സങ്കല്പം.



(ചലച്ചിത്ര ഗ്രന്ഥകാരൻ - നോവലിസ്റ്റ് - എഡിറ്റർ - ഫിൽക്ക ഫിലിം സൊസൈറ്റി ജനറൽ സെക്രട്ടറി സാബു ശങ്കറുമായുള്ള അഭിമുഖം. പ്രസക്ത ഭാഗങ്ങൾ.)



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK
DIGITAL MAGAZINE
PUBLISHED BY FILCA




# ഐ. എഫ്. എഫ്. കെ : പ്രദർശനത്തിനപ്പുറം

പ്രേംകുമാർ(വൈസ് ചെയർമാൻ, ചലച്ചിത്ര അക്കാഡമി)

**മലയാളി പ്രേക്ഷകന്റെ ആസ്വാദന നിലവാര മുയർത്താനും സാംസ്കാരിക ബോധത്തെ ഉന്നതിയിലെത്തിക്കാനും അതിലൂടെ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ പുതിയൊരു സിനിമാ സംസ്കാരം സൃഷ്ടിക്കാൻ കാൽനൂറ്റാണ്ടുകാലത്തെ ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനത്തിലൂടെ സാധ്യമായി എന്നത് അഭിമാനാർഹമാണ്.**

ലോക സിനിമയുടെ ദൃശ്യ-ശ്രവ്യ വിസ്മയത്തിന്റെയും ഒത്തുചേരലിന്റെയും ഒരുമിപ്പിക്കലിന്റെയും ഐക്യപ്പെടലിന്റയും ആഘോഷരാവുകളായിരുന്നു അനന്തപുരിയിലെ ഐ. എഫ്. എഫ്. കെ 28- മത് എഡിഷൻ. ലോകത്തിനു മുന്നിൽ കേരളത്തെ അടയാളപ്പെടുത്തിയതിന് തലസ്ഥാനം സാക്ഷ്യം വഹിച്ചു.

സിനിമയിലൂടെ മനുഷ്യരെയും ലോകത്തെയും പരിവർത്തനം ചെയ്യുകയെന്ന ദാത്യം കൂടിയാണ് രാജ്യാന്തര ചലച്ചിത്രമേള ലക്ഷ്യം. രാജ്യത്തെ ഏറ്റവും പ്രശസ്ത സാംസ്കാരികോത്സവങ്ങളിലൊന്നായി മാറിയിട്ടുണ്ട് കേരള സർക്കാരിനു വേണ്ടി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച ഈ അന്താരാഷ്ട്ര ചലച്ചിത്രോൽസവം.

വർത്തമാനകാലത്തെ യുദ്ധങ്ങൾക്കും സാമ്രാജ്യത്വ അധിനിവേശങ്ങൾക്കും എതിരെ സമാധാനത്തിന് വേണ്ടിയുള്ള ആഹ്വാനം കൂടിയായി അത് മാറുന്നത് ലോകത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള ഏറ്റവും ശ്രദ്ധേയമായ കാലിക പ്രസക്തിയുള്ള സിനിമകളുടെ സവിശേഷ സാന്നിധ്യം കൊണ്ടാണ്.

ലോകരാജ്യങ്ങളിലെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മനുഷ്യപക്ഷ പശ്ചാത്തലമുള്ള സിനിമകളാണ് ഇക്കുറി പ്രദർശനത്തിനെത്തിയത്. എല്ലാം ലോകത്തിന്റെ സൗന്ദര്യവും സംഘർഷവും മനുഷ്യ ജീവിതാവസ്ഥകളുടെ സങ്കീർണ്ണതകളുമൊക്കെ ചിത്രീകരിക്കുന്ന സിനിമകൾ.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള സിനിമകളുടെ പ്രദർശനം, രാജ്യാന്തര മൽസരവിഭാഗം, സമകാലിക ഫിലിം മാസ്റ്റേഴ്സിന്റെ ഏറ്റവും പുതിയ സിനിമകൾ, മുൻനിര ചലച്ചിത്ര മേളകളിൽ അംഗീകാരം നേടിയ സിനിമകൾ, ലോകസിനിമാ വിഭാഗം, ഇന്ത്യൻ സിനിമ നൌ, മലയാളം സിനിമ ടുഡേ, കൺട്രി ഫോക്കസ് വിഭാഗത്തിലുള്ള ക്യൂബൻ ചിത്രങ്ങൾ, മൺമറഞ്ഞ ചലച്ചിത്ര പ്രതിഭകൾക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ഹോമേജ് വിഭാ ഗം - എന്നിങ്ങനെ കാഴ്ചയിൽ വർണങ്ങളും വസ്തുതകളും ജീവിതാനുഭവങ്ങളുടെ അകം പുറം വെളിവാക്കുന്ന സിനിമകളുടെയു മെല്ലാം മായികവും മാസ്മരികവുമായ പുതി യൊരു ലോകമാണ് തുറന്നത്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി രൂപീകൃതമാവും മുൻപേ തന്നെ ചലച്ചിത്രോത്സവത്തിന് കേരളത്തിൽ തുടക്കം കുറിച്ചിരുന്നു. എല്ലാ വർഷവും ഡിസംബർ രണ്ടാമത്തെ ആഴ്ചയാണ് മേള സംഘടിപ്പിക്കുന്നത്. മൂന്നാം ലോക രാഷ്ട്രങ്ങളിൽ നിന്നുള്ള സിനിമകൾക്കാണ് മേളയിൽ പ്രാമുഖ്യം. ലോകചിത്രങ്ങളെയും ഇന്ത്യൻ ഭാഷാചിത്രങ്ങളെയും മലയാളിക്ക് പരിചയപ്പെടുത്തുകയായിരുന്നു ചലച്ചിത്രമേളയുടെ അന്നത്തെ ലക്ഷ്യം. ചലച്ചിത്ര അക്കാദമി രൂപം കൊണ്ടതിനു ശേഷമാണ് 1999 മുതൽ മൽസരവിഭാഗത്തിന് തുടക്കമിട്ടത്. ഷാജി. എൻ. കരുൺ ആയിരുന്നു അക്കാദമിയുടെ പ്രഥമ ചെയർമാൻ. അന്താരാഷ്ട്ര ചലച്ചിത്രമേളകൾ, ഡോക്യുമെന്ററി ഷോർട്ട്ഫിലിം ഫെസ്റ്റിവലു കൾ, സിനിമാ പരിശീലന പരിപാടികൾ, ക്യാമ്പുകൾ, ശിൽപ്പശാലകൾ, ചലച്ചിത്ര പഠന ഗവേഷണ പദ്ധതികൾ, ചലച്ചിത്ര സംബന്ധിയായ പ്രസിദ്ധീകരണങ്ങൾ, ടൂറിംഗ് ടാക്കീസിലൂടെയുള്ള ലോക ക്ലാസിക് സിനിമകളുടെ പ്രദർശനങ്ങൾ - തുടങ്ങി നിരവധി സിനിമാസംബന്ധിയായ പ്രവർത്തനങ്ങളിലൂടെ മലയാള സിനിമയുടെ ഭാവുകത്വ പരിണാമത്തിന് ചലച്ചിത്ര അക്കാദമി വലിയ സംഭാവനയാണ് നൽകിയിട്ടുള്ളത്.

വൈവിധ്യമാർന്ന സവിശേഷമായ പ്രമേയങ്ങൾ സ്വീകരിക്കാനും വ്യത്യസ്തമായ ആവിഷ്കരണ ശൈലികൾ പരീക്ഷിക്കാനും നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിക്കാനും അങ്ങനെ നമ്മുടെ ചലച്ചിത്രകാരന്മാരെ പ്രചോദിപ്പിച്ചുകൊണ്ട് മലയാള സിനിമയെ കൂടുതൽ നവീകരിക്കാൻ അത് കാരണമായിട്ടുണ്ട്.

മലയാളി പ്രേക്ഷകന്റെ ആസ്വാദന നിലവാരമുയർത്താനും സാംസ്കാരിക ബോധത്തെ ഉന്നതിയിലെത്തിക്കാനും അതിലൂടെ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ പുതിയൊരു സിനിമാ സംസ്കാരം സൃഷ്ടിക്കാൻ കാൽനൂറ്റാണ്ടുകാലത്തെ ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനത്തിലൂടെ സാധ്യമായി എന്നത് അഭിമാനാർഹമാണ്.

ആധുനിക കാലത്ത് സിനിമയെന്നത് മനു

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
December issue
Special Edition on
IFFK
DIGITAL MAGAZINE
PUBLISHED BY FILCA

ഷ്യർക്ക് പ്രാണവായുപോലെയാണ്. ഒട്ടേറെ സങ്കേതങ്ങൾ ഒരുമിച്ചുചേരുന്ന സവിശേഷമായ കലാരൂപമായ സിനിമ ജീവിതത്തിലെ പൂരിപ്പിക്കാൻ കഴിയാതെ പോകുന്ന വൈവിധ്യമാർന്ന സന്ദർഭങ്ങളെയാണ് അവതരിപ്പിക്കുന്നത്. മനുഷ്യ മനസ്സിലെ വൈവിധ്യമാർന്ന അനുഭവങ്ങൾക്ക് ദൃശ്യ- ശ്രവ്യ അനുഭൂതി പകരാൻ സിനിമയ്ക്ക് കഴിയുന്നു. എല്ലാ ഘടകങ്ങളും ഒരുമിച്ചുചേർന്ന് എല്ലാ അർത്ഥത്തിലും സമ്പൂർണ്ണം എന്ന് അവകാശപ്പെടുന്ന ഒരു സിനിമ ഇതുവരെ യാഥാർത്ഥ്യമായിട്ടുണ്ടാവില്ല. നവീനസങ്കേതങ്ങൾ, വേറിട്ട ചിന്തകൾ, അതിരില്ലാത്ത സങ്കല്പങ്ങൾ എന്നിങ്ങനെ അനുനിമിഷം മാറുന്ന വൈവിധ്യങ്ങളുടെ ലോകത്തിൽ വ്യക്തിയുടെ മാനസികഭാവങ്ങളെ പൂരിപ്പിക്കുന്ന അത്തരമൊരു സിനിമയ്ക്കു വേണ്ടിയുള്ള അന്വേഷണത്തിലാണ് ഓരോ ചലച്ചിത്രകാരനും സിനിമാപ്രേമിയും.

ഓരോ കാലത്തും ഇത്തരത്തിലുള്ള ഒട്ടേറെ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സിനിമകൾ പിറവിയെടുത്തുകൊണ്ടേയിരിക്കും. നിലവിലുള്ള സിനിമകളുടെ ധാരണകളെ അടിസ്ഥാനമാക്കിയാണ് നാം ഓരോ സിനിമയേയും വിലയിരുത്തുന്നത്. അതിന് വലിയ സൗന്ദര്യബോധവും കലാവബോധവും ആവശ്യമുണ്ട്. നല്ല സിനിമകളെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയാണ് ചലച്ചിത്രമേളകൾ നടത്തുന്നത്. സിനിമ കാണുമ്പോൾ സിനിമ മൊത്തത്തിൽ നൽകുന്ന അനുഭവത്തിന്റെ ഒരുതലമുണ്ടാകും. അത് ചിലപ്പോൾ നമ്മെ അസ്വസ്ഥപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്യും. ഇതാണല്ലോ, ഇങ്ങനെയാണല്ലോ എന്റെയും ജീവിതം, ഇതിൽ എന്റെ ജീവിതം കൂടിയുണ്ടല്ലോ, ഞാൻ പറയാനാഗ്രഹിച്ച കാര്യങ്ങളും ഞാൻ കാണാനാഗ്രഹിച്ച ദൃശ്യങ്ങളുടെ പൂർണതയും ഈ സിനിമയിലുണ്ടല്ലോ എന്നൊക്കെയുള്ള തോന്നലുണ്ടാവും. നാളിതുവരെയുള്ള സിനിമാസങ്കേതങ്ങൾ, സങ്കല്പങ്ങൾ, സിനിമയിലൂടെ ആവിഷ്ക്കരിക്കുന്ന ദൃശ്യങ്ങൾ, കഥാതന്തു, അവതരണ ചാതുരി, ദൃശ്യങ്ങളുടെ സൗന്ദര്യം, സംഗീതത്തിന്റെ മാസ്മരികത എന്നിങ്ങനെ സിനിമയെ പൂർണ്ണമാക്കുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. ലോകത്തെ ഏറ്റവും സവിശേഷമായ കലാരൂപമായ സിനിമയുടെ ലോക ക്യാൻവാസിൽ മലയാള സിനിമ എവിടെ നിൽക്കുന്നു എന്നു കൂടി വിലയിരുത്താൻ ഓരോ രാജ്യാന്തര ചലച്ചിത്രമേളയും നമുക്ക് സഹായകരമാവണം.

ദൃശ്യങ്ങളുടെയും ശബ്ദവിന്യാസങ്ങളുടെയും കലാത്മകതയും സൗന്ദര്യവും ആഴത്തിൽ വേരോടി നിൽക്കുന്ന സിനിമയെന്ന സങ്കേതം ആത്മാവിഷ്ക്കാരത്തിന്റെ അടയാളം കൂടിയാണ്. നമുക്കു ചുറ്റും ഒട്ടേറെ പ്രശ്നങ്ങളുണ്ട്. വ്യത്യസ്ത ജീവിതാവസ്ഥകളുണ്ട്. ഓരോരുത്തരും മറ്റുള്ളവരോട് പറയാനാഗ്രഹിക്കുന്ന, പറയേണ്ടത് അനിവാര്യമാകുന്ന



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

ഒട്ടേറെ സംഭവങ്ങളുണ്ട്. അതിൽ വ്യക്തിപരതയും സാമൂഹ്യപരതയും നിറഞ്ഞു നിൽക്കും. വ്യക്തിപരമായ പല ചിന്തകളും സാമൂഹ്യബോധ്യങ്ങളിൽ നിന്ന് മനസ്സിൽ രൂപപ്പെടുന്നതാണ്. ആ പൊതുബോധ്യം പിന്നീട് മറ്റുള്ളവരിലേക്കുകൂടി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നതുമാണ്. സിനിമ അത് ദൈർഘ്യമേറിയ ഫീച്ചർ ഫിലിമുകളാകട്ടെ, ഹ്രസ്വസിനിമകളാകട്ടെ, ഡോക്യുമെന്ററികളാകട്ടെ, അത് ലോകത്തിന്റെയും കാലത്തിന്റെയും ജീവിതാവസ്ഥകളുടെയും മഹാസംഭവങ്ങളുടെയുമൊക്കെ രേഖപ്പെടുത്തലാണ്.

ഓരോ രാജ്യത്തെയും സിനിമ ആ രാജ്യത്തിന്റെ സർവ്വസവിശേഷതകളുടെയും സമഗ്രമായ അടയാളപ്പെടുത്തലാണ്. അവിടത്തെ ഭാഷ, സംസ്കാരം, ആചാരനുഷ്ഠാനങ്ങൾ, രാഷ്ട്രീയം, ആ പ്രദേശത്തെ ഭൂപ്രകൃതി, അവിടത്തെ മനുഷ്യജീവിതം ആ ജീവിതത്തിന്മേൽ യുദ്ധങ്ങളും അധിനിവേശങ്ങളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും ഒക്കെ വരുത്തിവെച്ച ആഘാതങ്ങൾ, അതിനെതിരെയുള്ള ആ ജനതയുടെ അതിജീവന പോരാട്ടങ്ങൾ, ചെറുത്തുനിൽപ്പുകൾ, അവർ തീർക്കുന്ന പ്രതിരോധങ്ങൾ കലഹങ്ങൾ, പ്രതിഷേധങ്ങൾ - അങ്ങനെ എല്ലാറ്റിന്റെയും കൃത്യമായ ചരിത്രരേഖയായി വരുംതലമുറകൾക്ക് കരുതിവെയ്ക്കാവുന്ന സാംസ്കാരിക നിധികളാണ് ഓരോ സർഗാത്മക സിനിമയും.

വായിച്ചറിഞ്ഞതോ കേട്ടറിഞ്ഞതോ ആയ കാര്യങ്ങളല്ല മറിച്ച്, നേരിൽ കാണുന്ന ചരിത്രവസ്തുതകളാണെന്ന ചിന്തയിലേക്ക് ഓരോ സിനിമയും നമ്മെ നയിക്കുന്നു.

180 - ഓളം സിനിമകളാണ് ഇക്കുറി പ്രദർശിപ്പിച്ചത്. സമകാലിക ചലച്ചിത്ര ആചാര്യന്മാരായ 11 സംവിധായകരുടെ 11 ചിത്രങ്ങൾ 28-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ചു. തീവ്രമായ ദൃശ്യാനുഭവങ്ങൾ കൊണ്ട് പ്രേക്ഷക മനസ്സ് കീഴടക്കിയ ചിത്രങ്ങളാണ് അവ. മേളയിലെ പ്രധാന ആകർഷണങ്ങളിലൊന്നായ മാസ്റ്റർ മൈൻഡ്സ് എന്ന ഈ വിഭാഗത്തിൽ കെൻ ലോച്ച്, വിം വെൻഡേഴ്സ്, അകി കൌറിസ്മാക്കി, നൂറി ബിൽജെ സീലാൻ, മാർകോ ബെല്ളോക്യോ, വെസ് ആൻഡേഴ്സൺ, കൊറീദ ഹീരോകാസു, നാന്നി മൊറൈറ്റി, റാഡു ജൂഡ്, ആഗ്നിയെസ്ക ഹോളണ്ട്, സ്റ്റീഫൻ കൊമാൻഡറേവ് എന്നീ ചലച്ചിത്രാചാര്യന്മാരുടെ സിനിമകളും ഉണ്ടായിരുന്നു .

കൺട്രി ഫോക്കസ് വിഭാഗത്തിൽ ആറ് ക്യൂബൻ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. മൂന്ന് ക്യൂബൻ ചലച്ചിത്ര പ്രവർത്തകർ മേളയിൽ അതിഥികളായി പങ്കെടുത്തു. കലീഡിയോസ്കോപ്പ് വിഭാഗത്തിൽ എട്ട് ചിത്രങ്ങൾ പ്രദർശിപ്പിച്ചു.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

രൂക്ഷമായ പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, യുദ്ധവിരുദ്ധ പാക്കേജിൽ ഏഴു ചിത്രങ്ങൾ പ്രദർശിപ്പിച്ചു. അപര വിദ്വേഷവും മതഭ്രാന്തും മതതീവ്ര വാദവും യുദ്ധവും അധിനിവേശവും എല്ലാം ഒരുക്കുന്ന നരകക്കുരുക്കിനെതിരെയുള്ള ബോധ്യങ്ങളിലേക്ക് പ്രേക്ഷകരെ വഴിനടത്തുന്ന ചിത്രങ്ങളാണിവ. അധിനിവേശത്തെയും സംഘർഷങ്ങളെയും മനുഷ്യക്കുരുതികളെയും യുദ്ധത്തെയും സമാധാനത്തെയും ഒക്കെ ലോക ചലച്ചിത്ര പ്രതിഭകൾ എങ്ങനെ സമീപിക്കുന്നുവെന്ന് ഓരോ ചിത്രവും വെളിവാക്കുന്നു.



സിനിമയെ ജീവിതമായിക്കണ്ട് പ്രവർത്തിക്കുന്ന രണ്ട് വിഖ്യാത ചലച്ചിത്ര പ്രതിഭകൾക്ക് പുരസ്കാരങ്ങൾ നൽകി. ലൈഫ് അച്ചീവ്മെന്റ് അവാർഡ് പോളിഷ് സംവിധായകനും തിരക്കഥാകൃത്തുമായ ക്രിസ്റ്റോഫ് സനൂസിക്ക് സമ്മാനിച്ചു. ക്രിസ്റ്റോഫ് സനൂസിയുടെ ആറ് ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിച്ചു. എന്താണ് മനുഷ്യജീവിതമെന്ന് ആഴത്തിലന്വേഷിക്കുന്ന സിനിമകളാണ് സനൂസിയുടേത്. ജീവിതം, മരണം, വിശ്വാസം, ധാർമികത, സ്വാതന്ത്ര്യം, അസ്തിത്വം, വാർധക്യം എന്നിവയെ സംബന്ധിച്ച ആകുലതകളും ഉൽക്കണ്ഠകളും പങ്കു വയ്ക്കുന്നതാണ് സനൂസിയുടെ ചിത്രങ്ങൾ.

സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് കെനിയൻ സംവിധായിക വനൂരി കഹിയുവിന് നൽകി. ആവിഷ്കാര സ്വാതന്ത്ര്യം എന്ന ഭരണഘടന അവകാശം നിഷേധിച്ചവർക്കെതിരെ നിയമ യുദ്ധം നടത്തുകയും കെനിയയിലെ യാഥാസ്ഥിക മൂല്യങ്ങൾക്കെതിരെ പൊരുതുകയും ചെയ്യുന്ന ചലച്ചിത്രകാരിയാണ് വനൂരി കഹിയു.

സിനിമകളുടെ പ്രദർശനത്തിനപ്പുറം ചർച്ചകളും വിശകലനങ്ങളും പങ്കാളിത്തവും നിറഞ്ഞ ഒരു സർഗാത്മക വേദിയായി മാറി നമ്മുടെ കേരളത്തിന്റെ ഈ രാജ്യാന്തര ചലച്ചിത്രമേള!

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# ലോക ഫിലിം ഫെസ്റ്റിവൽ ചരിത്രം

വിജയകൃഷ്ണൻ

**എത്രയെത്ര ചലച്ചിത്രമേളകൾ ലോകത്തിന്റെ നാനാകോണുകളിൽ പിറന്നുവീണു! എന്നിട്ടും ഇന്നും ലോകത്തിലെ ഏറ്റവും വലിയ ചലച്ചിത്രമേളകളായി കാനും വെനീസും നിലനില്ക്കുകയാണ്.**

ഒരു ഏകാധിപതിയുടെ മനസ്സിൽ ഉദിച്ച ആശയമാണ് ചലച്ചിത്രമേള. ഇറ്റലിയിലെ ഏകാധിപതിയായിരുന്ന മുസ്സോളിനിയാണ് ചലച്ചിത്രമേള ആദ്യമായി സംഘടിപ്പിക്കുന്നത്. എന്നാൽ, അതിന്റെ സാദ്ധ്യതകൾ പെട്ടെന്ന് തന്നെ തിരിച്ചറിയപ്പെട്ടു. ഈ മേളയിൽ പങ്കെടുക്കാൻ പോയ ഫ്രാൻസിന്റെ പ്രതിനിധികൾ അവിടെ വഴക്കിട്ടു. തങ്ങൾക്ക് സ്വന്തമായി ഒരു ചലച്ചിത്രമേള വേണമെന്ന് അവർ നിശ്ചയിച്ചു. അങ്ങനെയാണ് കാൻ ഫെസ്റ്റിവലിന്റെ പിറവി. വർഷങ്ങൾ എത്ര കടന്നുപോയി!

എത്രയെത്ര ചലച്ചിത്രമേളകൾ ലോകത്തിന്റെ നാനാകോണുകളിൽ പിറന്നുവീണു! എന്നിട്ടും ഇന്നും ലോകത്തിലെ ഏറ്റവും വലിയ ചലച്ചിത്രമേളകളായി കാനും വെനീസും നിലനില്ക്കുകയാണ്. ചലച്ചിത്രനിർമ്മാണത്തിന്റെയും വിതരണത്തിന്റെയും പ്രദർശനത്തിന്റെയും പ്രചാരണത്തിന്റെയും അലകും പിടിയും മാറിയെങ്കിലും മേളകളുടെ മാർഗ്ഗത്തിനും ലക്ഷ്യത്തിനും വലിയ വ്യതിയാനങ്ങളൊന്നും ഇപ്പോഴും സംഭവിച്ചിട്ടില്ല.

ലോകസിനിമയുടെ സമകാലികവികാസങ്ങൾ പ്രതിഫലിപ്പിക്കുന്ന വേദികളാണ് ചലച്ചിത്രമേളകൾ.


അതതുവർഷത്തെ പ്രാതിനിധ്യസ്വഭാവമുള്ള ചലച്ചിത്രങ്ങൾ ഒരുമിച്ച് പ്രേക്ഷകനു മുന്നിൽ അവതരിപ്പിക്കുന്നതിനുപുറമേ മേളകൾ പുതിയ പ്രതിഭകളെ കണ്ടെത്തുകയും ചെയ്യുന്നു. പുതിയൊരു സംവിധായകനെ മാത്രമല്ല, ഒരു ദേശത്തിന്റെ തന്നെ ചലച്ചിത്രപ്രസ്ഥാനത്തെ വെളിച്ചത്തുകൊണ്ടുവരാൻ മേളകൾക്കു കഴിയാറുണ്ട്. 'റാഷോമോൺ' കാൻ ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കപ്പെട്ടപ്പോൾ മാത്രമാണ് കുറോസാവയും അമ്പതുകൊല്ലത്തെ ചരിത്രമുള്ള ജപ്പാന്റെ സിനിമയും ലോകത്തിന് പരിചിതമായത്.

അധുനാതന ചലച്ചിത്രകൃതികളെ പരിചയപ്പെടുത്തുന്നതോടൊപ്പം രാജശില്പികളുടെ രചനകൾ ഒന്നിച്ചുകാണാനുള്ള അവസരവും മേളകൾ സൃഷ്ടിക്കുന്നു. പ്രഗല്ഭ സംവിധായകരുടെ റിട്രോസ്പെക്ടീവുകൾ ഉന്നതചലച്ചി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA

ത്രമേളകളുടെ പ്രമുഖവിഭാഗമാണ്. ലോകത്തിന്റെ വിവിധകോണുകളിലുള്ള ചലച്ചിത്രകാരന്മാർക്ക് പരസ്പരം പരിചയപ്പെടാനും ആശയങ്ങൾ കൈമാറാനും മേളകൾ വേദിയൊരുക്കുന്നു.

നിരവധി അന്തർദേശീയചലച്ചിത്രമേളകളിൽ ജൂറിയായും പ്രദർശിപ്പിക്കുന്ന ചിത്രത്തിൻറെ സംവിധായകനെന്ന നിലയിലും പങ്കെടുക്കാനിടവന്നിട്ടുള്ള സത്യജിത് റായ് ചലച്ചിത്രമേളകളെപ്പറ്റി ഇങ്ങനെ പറയുന്നു: 'ക്ലാസ്സിക്കുകളുടെ പുനഃപ്രദർശനങ്ങളോടൊപ്പം - അത് ഒരിക്കലും ഒഴിവാക്കാവുന്നതല്ല - ഓഫ്ബീറ്റ് അഥവാ അർത്ഥവത്തായ ചലച്ചിത്രങ്ങളിൽ ഊന്നൽ നല്കിക്കൊണ്ടുള്ള സമാന്തരചലച്ചിത്രമേളകൾ ആരംഭിച്ചത് ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ മുൻപെന്നത്തേക്കാളും വ്യാപകമാക്കിയിട്ടുണ്ട്. ചിത്രങ്ങൾ കൂടാതെ സഹചലച്ചിത്രനിർമ്മാതാക്കളുമായി ആശയവിനിമയം നടത്താനുള്ള ആഹ്ലാദകരമായ സന്ദർഭങ്ങളും ലഭിക്കുന്നു. ഭൂമിശാസ്ത്രപരമായി എന്തുതന്നെ അകൽച്ച ഉണ്ടെങ്കിലും ചില അജ്ഞാതശക്തി




കൾ ചലച്ചിത്രനിർമ്മാതാക്കളിൽ ഒരു ആത്മീയ സൗഹൃദം സൃഷ്ടിക്കുന്നു." അന്തർദേശീയ ചലച്ചിത്രോത്സവങ്ങളുടെ മത്സരവേദികളാണ് ചലച്ചിത്രകൃതികളുടെ ശരിയായ മാറ്റളക്കുന്നത്. നമ്മുടെ നാട്ടുകാരിൽപ്പലരും ഓസ്കാറിനെ ലോകോത്തര ചലച്ചിത്രപുരസ്കാരമായി കാണുന്നുണ്ട്. അതൊരു തികഞ്ഞ തെറ്റിദ്ധാരണയാണ്. ഓസ്കാർ അമേരിക്കക്കാരന്റെ ദേശീയ ബഹുമതി മാത്രമാണ്. ഹോളിവുഡിന് പുറത്തുള്ള സിനിമയ്ക്ക് ഇപ്പോൾ കൂടുതൽ പ്രാതിനിധ്യം കൊടുക്കാൻ തുടങ്ങിയിട്ടുണ്ടെന്ന കാര്യം മറക്കുന്നില്ല. എങ്കിലും ലോകസിനിമയുടെ മൊത്തത്തിലുള്ള വിധിനിർണ്ണയത്തിന് അത് പ്രാപ്തമല്ല. മറിച്ച്, ചലച്ചിത്രമേളകൾ ലോകസിനിമയെ മൊത്തത്തിൽ പ്രതിനിധീകരിക്കുന്നു. കാനിലോ വെനീസിലോ ബെർലിനിലോ കിട്ടുന്ന ബഹുമതിക്ക് ഓസ്കാറിനെക്കാൾ മൂല്യമുണ്ട്.

വർഷം തോറും പുതിയ പുതിയ മേളകളുണ്ടാവുന്നുണ്ട്. ഇവയിൽ ഒട്ടുമിക്കതും കബളിപ്പിക്കലാണെന്നതാണ് സത്യം. ചിലർ മേളയെ ഒരു ബിസിനസ്സായി കാണുന്നു. ചലച്ചിത്രകാരന്മാരെ പിഴിഞ്ഞ് പണം സമ്പാദിക്കുന്ന ധനമോഹികളാണ് ഇവർ. ഒരു മേളയിൽ അവാർഡ് കിട്ടിയെന്നു പറഞ്ഞാൽ പഴയതുപോലെ ആഹ്ലാദാതിരേകമൊന്നും സൃഷ്ടിക്കാൻ അതിനാവുന്നില്ല. മേളയുടെ മൗലികതയെക്കുറിച്ചുള്ള സന്ദേഹമാണതിന്റെ കാരണം.

ഒന്നാംകിട മേളകളിൽനിന്നു വരുന്ന ചിത്ര

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

ങ്ങൾക്കും പഴയ ആകർഷണം തോന്നുന്നില്ലെങ്കിൽ അതിന്റെ കാരണം അവരുടെ തിരഞ്ഞെടുപ്പുരീതികൾ മാറിയതാണ്. മുൻപ് ചച്ചിത്രകാരന്മാരിൽ നിന്ന് നേരിട്ട് ചിത്രങ്ങൾ വരുത്തി തിരഞ്ഞെടുക്കുകയായിരുന്നു രീതിയെങ്കിൽ ഇന്നിപ്പോൾ പ്രോഗ്രാമർമാരും ക്യൂറേറ്റർമാരുമാണ് തിരഞ്ഞെടുപ്പിന്റെ ഉത്തരവാദികൾ. നേരിട്ടുള്ള തിരഞ്ഞെടുപ്പ് സാധ്യമാവാത്ത വിധത്തിൽ ചിത്രങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ട്.

ഈ മാറ്റങ്ങൾക്കിടയിലും ഒരുത്തമ ചലച്ചിത്രാസ്വാദകന്റെ ഏറ്റവും വലിയ പ്രതീക്ഷയാണ് മേളകൾ. അത് സമ്മാനിക്കുന്ന അനുഭവങ്ങൾക്കായി കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്നവരാണ് ലോകമെമ്പാടുമുള്ള ചലച്ചിത്രപ്രേമികൾ.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA



# ലോക സിനിമയിൽ നവാഗതരുടെ പരീക്ഷണങ്ങൾ

## - IFFK ക്യുറേറ്റർ ഗോൾഡാ സെല്ലമുമായി അഭിമുഖം

സാബു ശങ്കർ (ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)





**പാരീസിലെ യുണൈറ്റഡ് ജനറൽ സിനിമാട്ടോഗ്രാഫി എന്ന രാജ്യാന്തര സംഘടനയുടെ ഭാരവാഹിയാണ് ഗോൾഡാ സെല്ലം. യൂറോപ്പിലെ പ്രധാന ഫിലിം ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്നു. ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ കേന്ദ്രീകരിച്ചു തിരക്കഥകൾ തെരഞ്ഞെടുത്തു കോ - പ്രൊഡക്ഷൻ നടത്തുന്നു. ഐ. എഫ്. എഫ്. കെ - യിലേക്ക് വിവിധ രാജ്യങ്ങളിൽ നിന്നായി സിനിമകൾ തെരഞ്ഞെടുത്തു ചലച്ചിത്ര അക്കാദമിക്ക് നൽകിയതും ഗോൾഡാ സെല്ലം ആണ്. ഗോൾഡാ സെല്ലാമുമായുള്ള അഭിമുഖത്തിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ...**

മറ്റു രാജ്യാന്തര ഫിലിം ഫെസ്റ്റിവലുകളിലെ പാക്കേജുകളുമായി താരതമ്യം ചെയ്യുമ്പോൾ ഐ. എഫ്. എഫ്. കെ യിലെ പ്രധാന വിഭാഗങ്ങളിലുള്ള സിനിമകൾ ഒരു ഉയിർത്തെഴുന്നേൽപ്പാണ് എന്ന് പറയാം. നവാഗതരുടെ പരീക്ഷണങ്ങളും ഉണ്ട്. 2023-ൽ യൂറോപ്പിൽ നടന്ന പ്രധാന ചലച്ചിത്ര മേളകളിൽ ശ്രദ്ധ നേടിയവയുടെ ഒരു പരിച്ഛേദം.

ഉയിർത്തെഴുന്നേൽപ്പിന്റെ സിനിമ എന്ന് ഉദ്ദേശിച്ചത് ലോകത്തിന്റെ പുതിയ സാഹചര്യങ്ങളിലേക്ക് കടന്നു ചെല്ലുകയും അവ ഉൾക്കൊണ്ട് പരീക്ഷണ രീതിയിൽ പ്രതിപാദിക്കുകയും ചെയ്യുന്ന സിനിമയെ കുറിച്ചാണ്. ഈ രീതി ഇന്നലെവരെയുള്ള ചലച്ചിത്ര സങ്കല്പത്തിൽ നിന്ന് സ്വതന്ത്രമാണ്. ആഖ്യാനത്തിലും ഘടനയിലും ദൃശ്യപരമായ പരീക്ഷ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ണം കാണാം. പ്രത്യേകിച്ച് സംഭാഷണം വളരെ കുറയ്ക്കുന്നു. കാഴ്ചകൾ സ്വയം നിശബ്ദമായി സംസാരിക്കുന്നു. പ്രമേയത്തിന്റെ ഉള്ളറകളിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. ഇതൊരു നിശബ്ദയാത്ര പോലെയാണ്.

പൊതുവെ ഈ പാക്കേജിലെ സിനിമകൾ ശബ്ദമുഖരിതമല്ല. മൂകമായ ചിന്തകളുടെ ഒഴുക്കാണ്. ബഹളങ്ങൾ ഇല്ല. ഏറ്റവും പുതിയ സാമൂഹിക അവസ്ഥകൾ നമുക്ക് മുന്നിൽ ഉയർത്തിവെയ്ക്കുന്നു. അതിലെ സങ്കീർണ്ണതകളും ചിന്തകളും നമുക്ക് വിട്ടു തരുന്നു. ഇന്നലെകളുടെ മൃതമായ സങ്കൽപ്പങ്ങളിൽ നിന്ന് തിരിച്ചറിവിനെ പുനരുജ്ജീവിപ്പിക്കുന്നു. അതാണ് കലയിലെ ഉയർത്തെഴുന്നേൽപ്പ്. അതൊരു ഓർമ്മ കൂടിയാണ്. ഈ പ്രത്യേകതയെക്കുറിച്ച് കാണികളുടെ മനസ്സ് ഏകാന്തമായി സംസാരിക്കുന്നുണ്ട്.

ഐ. എഫ്.എഫ്. കെ യിൽ പങ്കെടുക്കുന്ന ഓരോ പ്രേക്ഷകനും എല്ലാ സിനിമകളും കാണുവാനാകില്ല. ഓരോരുത്തരും ഓരോ ദിവസവും ഏതാനും സിനിമകൾ തിരഞ്ഞെടുക്കുന്നു. കാണുന്നു. അങ്ങനെ അവർ കണ്ട സിനിമകളിൽ ചിലതെങ്കിലും അവരോട് തന്നെ സംസാരിക്കുന്നവയാണ് .



ലോകസിനിമ കാണുമ്പോൾ ഏറ്റവും പുതിയ ലോകാനുഭവം അല്ലെങ്കിൽ തിരിച്ച റിയൽ ബോധ്യപ്പെടണമെന്ന് ക്യുറേറ്റർ എന്ന നിലയിൽ ഒരു വീക്ഷണം ഞാൻ കൈക്കൊണ്ടിട്ടുണ്ട്. വാണിജ്യ ഘടകങ്ങൾ നൽകുന്ന ആസ്വാദനത്തിൽ നിന്നുള്ള ഒരു മോചനവും ഉയർത്തെഴുന്നേൽപ്പുമാണ് ഉദ്ദേശിച്ചത്. ഉദാഹരണം ചോദിച്ചാൽ നിരവധി സിനിമകളെക്കുറിച്ച് പറയാനുണ്ട്. എങ്കിലും ഉദാഹരണം വേണമെന്ന നിലയിൽ മാസ്റ്റർ മൈൻഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 2023- ലെ സിനിമകളിൽ നിന്ന് തന്നെ ഒരെണ്ണം കണ്ടെത്താം. ഈ അഭിമുഖം നിങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഫെസ്റ്റിവലിനു ശേഷമാണല്ലോ. അതുകൊണ്ട് പറയാം.

വിം വെൻഡേർസ് സംവിധാനം ചെയ്ത പെർഫെക്ട് ഡേയ്സ് എന്ന ജാപ്പനീസ് സിനിമ. ടോക്കിയോ നഗരത്തിലെ ഒരു സാധാരണക്കാരനാണ് കേന്ദ്ര കഥാപാത്രം. . ശൗചാലയം ശുചിയാക്കുന്ന ജോലി. അയാളുടെ നിത്യജീവിതമാണ് സിനിമയിൽ. സ്വച്ഛമായ ജീവിതം. ശാന്തമായ പ്രകൃതിയിൽ ചെറുജീവജാലങ്ങളും മനുഷ്യബന്ധങ്ങളും ഒക്കെയുള്ള പല സന്ദർഭങ്ങളും നാം കാണുന്നു. വികാരവിക്ഷുബ്ധമായ, നാടകീയ രംഗങ്ങൾ ഇല്ല. അത്ഭുത കാഴ്ചകൾ ഇല്ല. അയാൾ സന്തോഷവാനാണ്. അയാളുടെ മുറിയിലെ ഏക സമ്പാദ്യം പുസ്തകങ്ങളാണ്. പിന്നെ സംഗീതവും. ആരോടും പരിഭവമില്ല. ഓരോ ദിവസവും വ്യത്യാസമൊന്നുമില്ലാത്ത വിധം കടന്നുപോകുന്നു. ലോകത്തിലെ ഏറ്റവും തിരക്കേറിയ ഒരു നഗരത്തിനു നടുവിലാണോ അയാൾ ജീവി

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി


ക്കുന്നത് എന്ന് ആരും സംശയിച്ചു പോകും. ഇതു നൽകുന്ന അനുഭവം എന്താണ്?

ഇവിടെ പ്രകൃതിയും വിജ്ഞാനവും കുടുംബ ബന്ധങ്ങളും ഒക്കെ സുതാര്യമാണ്. ഇവിടെ ഇത് നൽകുന്ന അനുഭൂതി ഒരു തിരി ച്ചറിവിന്റേതാണ്. ഉദാഹരണത്തിന് ഈവിൾ ഡസ് നോട് എക്സിസ്റ്റ് എന്ന



ജാപ്പനീസ് സിനിമ. പഴയകാല സിനിമാ സങ്കല്പത്തിൽ നിന്ന് ഇത് മുക്തമാണ്. സിനിമ കണ്ടു കഴിഞ്ഞാലും സാധാരണവും സ്വച്ഛന്ദവുമായ ജീവിത ദൃശ്യങ്ങൾ ഏറെ ചിന്തിപ്പിക്കുന്നു. ലോക ജീവിതത്തിന്റെ ആഴ ത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. അത് പുതിയൊരു അവസ്ഥയെ വെളിപ്പെടു ത്തുന്നു. ജീവിതത്തെക്കുറിച്ചുള്ള ചില വെളി പാടുകളിൽ കാണിയെ ഉയിർപ്പിക്കുന്നു. ആത്മസംതൃപ്തിയുടെയും സമാധാന ത്തിന്റെയും അനുഭവം പകരുന്നു. മനുഷ്യ ജീവിതത്തിന്റെ പുതിയ പാഠങ്ങൾ നൽ കുന്നു. ഈ പാക്കേജിലെ എല്ലാ ചിത്രങ്ങളും സ്വച്ഛമായ ഒരു പാഠം ഓർമ്മിപ്പിക്കുന്നുണ്ട് .

ഈ മേളയിൽ 160- ലേറെ ചലച്ചിത്രങ്ങൾ ഉണ്ട്. ലോകമെമ്പാടുമുള്ള നിരവധി ഫെസ്റ്റി വലുകളിൽ പങ്കെടുത്താണ് ചിത്രങ്ങൾ തെരെഞ്ഞെടുത്തത്. അതുകൊണ്ട് പുതി യ ചിത്രങ്ങളെ കുറിച്ച് ഒരു ധാരണയുണ്ട്. ഒട്ടേറെ പുതിയ അപേക്ഷകളും വരുന്നുണ്ട്.

ഏറെ ചിത്രങ്ങളും ഒരു പുതിയ വെളിപാട് നൽകുന്നു. ആധുനികമായ പ്രശ്നങ്ങളെ അവതരിപ്പിക്കുന്നു. നവാഗതരുടെ സംഭാവന പ്രത്യേകതയുള്ളതാണ്. ഉദാഹരണത്തിന് ഗുഡ്ബൈ ജൂലിയ എന്ന ചിത്രം. ആഭ്യന്തര സംഘർഷത്തിന്റെ നടുവിലാണ് ഈ കഥ നടക്കുന്നത്. ഗായികയായ മോനെയും തെക്കൻ സുഡാനിസുകാരിയുമായ ജൂലിയയും ജൂലിയുടെ മകൻ ഡാനിയലും അവർ തമ്മിലുള്ള പ്രത്യേക ബന്ധങ്ങളും. ആത്മസം ഘർഷങ്ങൾ നിറഞ്ഞ പ്രമേയം പുരോഗമിക്കുന്നത് ഒരു യുദ്ധത്തിന് നടുവിലാണ്. എന്നാൽ യുദ്ധത്തിന്റെ യാതൊരുവിധ ദൃശ്യങ്ങളും നാം കാണുന്നില്ല. പക്ഷേ അനുഭ വിക്കുന്നുണ്ട്. ഇത്തരം നിരവധി വെളിപാടുകളാണ് നവതലമുറ സൃഷ്ടിച്ചിരിക്കുന്നത്.

അതുപോലെതന്നെ മാസ്റ്റർ മൈൻഡ് വിഭാഗ ത്തിൽ ബൾഗേറിയായിൽ നിന്നുള്ള ബ്ലാഗാ സ് ലെസൻസ്, ഇറ്റലി - ഫ്രാൻസ് - ജർമ്മനി സംയുക്ത സംരംഭമായ കിഡ്നാപ്പ്ഡ് തുടങ്ങിയ ചിത്രങ്ങൾ സമൂഹത്തിൻറെ ഉള്ള റകളിലേക്ക് കടന്നു ചെല്ലുന്നു. കഥാപാ ത്രങ്ങളുടെ വ്യക്തിഗത അനുഭവങ്ങൾ പുതിയ പരിസ്ഥിതിയിൽ ആവിഷ്കരി ക്കുന്നു. ഇത് നമുക്ക് പുതിയ തിരിച്ചറിവാണ് നൽകുന്നത്. അത് പോലെതന്നെ പരിസ്ഥി തി, ജൈവവൈവിധ്യം, പ്രകൃതി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വെളിപാടും നമുക്ക് നൽകുന്നു. ഉദാഹരണത്തിന് കിഡ്നാപ്പ്ഡ് ,

മോൺസ്റ്റർ, പെർഫെക്ട് ഡേയ്സ്, ഗ്രീൻ ബോർഡർ തുടങ്ങിയ 11 ഓളം സിനിമകൾ . ഈ ചിത്രങ്ങൾ 2023 - ലെ പുതിയ സിനിമകളാണ്. കാൻ, ടോറാൻറ്റോ , ട്രാൻസിൽ വാനിയ, ലൊക്കാർണോ, ചിക്കാഗോ, വല്ലഡോലിഡ്, വെനീസ് തുടങ്ങിയ ഏറ്റവും പ്രശസ്ത ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ചതുമാണ്.

ഈ ഫെസ്റ്റിവലിലെ ഒരു പ്രത്യേക വിഭാഗമാണ് ഫീമെയിൽ ഗേസ്. വനിതകളുടെ ചലച്ചിത്രങ്ങൾ മിക്കവാറും വനിതാ സംവിധായകരുടെ ആദ്യ സിനിമകൾ തന്നെയാണ്. സൗത്ത് കൊറിയ,സെനഗൽ, നൈജീരിയ, മലേഷ്യ - തായ്‌വാൻ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾ ഈ മേളയിലെ പ്രത്യേക പാക്കേജ് ആണ്.

അൾജീരിയയിൽ നിന്നുള്ള ഹൂറിയ എന്ന സിനിമ വ്യത്യസ്തമായ ഒരു മനുഷ്യാവസ്ഥയെ ആവിഷ്കരിക്കുന്നു സ്ത്രീകളുടെ ദാരുണമായ സാഹചര്യങ്ങൾ അതിജീവിക്കുന്ന രംഗങ്ങളും വനിതകളുടെ കൂട്ടായ്മയും ഒക്കെ ജീവിതത്തെ വീണ്ടെടുക്കാൻ വഴിയൊരുക്കുന്നു. അതുപോലെ ഫ്രാൻസ് -ഇറ്റലി- ബെൽജിയം കോ-പ്രൊഡക്ഷനായ ദി ബ്രേയ്ഡ് എന്ന സിനിമ, ഹിന്ദി ഇറ്റാലിയൻ ഇംഗ്ലീഷ് ഭാഷകളിലുള്ളതാണ്. മൂന്ന് സ്ത്രീകളെ ചുറ്റിപ്പറ്റിയുള്ള അസാധാരണമായ ബന്ധത്തെ ഈ ചിത്രം മുന്നോട്ടുവയ്ക്കുന്നു. ലറ്റീഷ്യ കൊളമ്പാനി സംവിധാനം ചെയ്ത ചിത്രമാണിത് . അതുപോലെ മെക്സിക്കോയിൽ നിന്നുള്ള ടോട്ടം എന്ന ചിത്രം. ലൈല ആവിലെസ്സ് സംവിധാനം ചെയ്ത ഈ ചിത്രം മെക്സിക്കൻ ഗവൺമെൻറ് നിരോധിച്ചു. അവിടെ സെൻസർ ചെയ്തു പ്രദർശിപ്പിക്കാൻ അനുവദിച്ചില്ല. അതിനു കാരണം അധികാര രാഷ്ട്രീയമാണ്. ആ കലാകാരിയുടെ നിലപാട് മെക്സിക്കൻ സർക്കാർ നിഷേധിച്ചു. എങ്കിലും രാജ്യാന്തര ഫെസ്റ്റിവലുകളിൽ ആ ചിത്രം കാണിക്കാനായി. സ്വന്തം രാജ്യത്ത് പ്രശ്നങ്ങൾ നേരിടുന്ന സംവിധായകരുണ്ട്. അങ്ങനെ രാജ്യം വിട്ടുപോകുന്ന സംവിധായകരുടെ അവസ്ഥ മുൻപും ഉണ്ടായിട്ടുണ്ടല്ലോ. താങ്കളുടെ പുതിയ പുസ്തകം താർകോ



വ്സ്കിയുടെ സ്റ്റോക്കർ ആണല്ലോ. താർക്കോവ്സ്കിയുടെ കാര്യം എടുക്കുക. അദ്ദേഹത്തിന്റെ കലാപരമായ ഔന്നത്യത്തെ അക്കാലത്തെ റഷ്യൻ ഗവൺമെൻറ് അംഗീകരിച്ചിരുന്നില്ല. രാജ്യം വിടേണ്ടി വന്നു. താർകോവ്സ്കിയുടെ മകൻ എന്റെ സുഹൃത്താണ്. ഇത് കലാകാരന്റെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണ്. സിനിമയുടെ ഉള്ളടക്കവും രൂപവും സ്വതന്ത്രമായ ആവിഷ്കാരമായി മാറുമ്പോൾ അത് ചരിത്രത്തിൽ ഇടം പിടിക്കുന്നുവെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ

നേതൃത്വം അത് അംഗീകരിക്കണമെന്നില്ല. വനിതാ ഗേസ് വിഭാഗത്തിൽ 8 സിനിമകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഈ മേളയിൽ ലാറ്റിൻ അമേരിക്കൻ സിനിമകളും കൺട്രി ഫോക്കസിൽ ക്യൂബൻ സിനിമകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യൂബൻ സിനിമകൾ ഇന്ത്യയിലെ ക്യൂബൻ എംബസി തെരെഞ്ഞെടുത്തതാണ്. ഇവ കൂടാതെ വേൾഡ് സിനിമ വിഭാഗത്തിൽ 62 -ഓളം സിനിമകളുണ്ട്. ജൂറി ഫിലിംസ് പോലെ മറ്റു ചില വിഭാഗങ്ങളും മേളയിൽ കാണാം. പ്രധാനമായും ഇന്റർനാഷണൽ കോംപെറ്റീഷൻ, വേൾഡ് സിനിമ, ഫീമെയ്ൽ ഗേസ്, മാസ്റ്റർ മൈൻഡ്സ് തുടങ്ങിയ വിഭാഗങ്ങൾ കാണാനാവും കാണികൾ ഏറെയുണ്ടാ വുക എന്ന് കരുതുന്നു.

പാരീസിലെ യുജിസിയിൽ - യുണൈറ്റഡ് ജനറൽ സിനിമാട്ടോഗ്രാഫി - ഞാൻ പ്രവർത്തിക്കുന്നു. തിരക്കഥകൾ തിരഞ്ഞെടുക്കുന്നു. 10 മുതൽ 15 ഓളം ചലച്ചിത്ര പദ്ധതികൾക്ക് യൂറോപ്പ്യൻ കമ്മീഷനും ജർമ്മനിയിലെ ഏജൻസിയും ചേർന്ന് പ്രൊഡക്ഷൻ നിർവഹിക്കുന്നു.

ഐ. എഫ്. എഫ്. കെ - യിലേക്ക് ക്യുറേറ്ററായി ക്ഷണിക്കപ്പെട്ടതിലും ഇവിടെ എത്തിച്ചേർന്നതിലും വളരെ സന്തോഷവും നന്ദിയും ഉണ്ട് .



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# ഫിലിം മാർക്കറ്റ്

കെ.വി. അബ്ദുൽ മാലിക്ക് (എം.ഡി, കെ.എസ്.എഫ്.ഡി.സി.)

ഫിലിം ഫെസ്റ്റിവൽസ് പ്രേക്ഷകർക്ക് ലോകത്തിന്റെ നാനാഭാഗത്തു നിന്നുള്ള മികച്ച ചലച്ചിത്രങ്ങൾ ആസ്വദിക്കുവാനുള്ള അവസരം നൽകുന്നു. കേരള രാജ്യാന്തര ചലച്ചിത്രമേള (ഐ.എഫ്.കെ.കെ.) കഴിഞ്ഞ 28 വർഷങ്ങളായി ഈ കർത്തവ്യം വളരെ ഭംഗിയായി നിറവേറ്റി വരുന്നു. എന്നാൽ ഇതു മാത്രമാണോ ചലച്ചിത്ര മേളകളുടെ ധർമ്മം ?

യൂറോപ്പിലെയും ഏഷ്യയിലേയും എല്ലാ മികച്ച ഫിലിം ഫെസ്റ്റിവൽസിന്റെ ഭാഗമായി സജീവമായ ഒരു ഫിലിം മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. മാർഷേ ദു കാൻസ് (കാൻസ് ഫിലിം ഫെസ്റ്റിവൽ), യൂറോപ്യൻ ഫിലിം മാർക്കറ്റ് (ബെർലിൻ ഫിലിം ഫെസ്റ്റിവൽ), ഏഷ്യൻ പ്രൊജക്റ്റ് മാർക്കറ്റ് (ബുസാൻ ഫിലിം ഫെസ്റ്റിവൽ), ഫിലിം ബസാർ (ഐ.എഫ്.എഫ്.ഐ) എന്നിവ ഉദാഹരണങ്ങളാണ്. എന്നാൽ അമേരിക്കൻ ഐക്യനാട്ടിൽ ഫിലിം ഫെസ്റ്റിവല്ലിന്റെ ഭാഗമല്ലാതെ നടക്കുന്ന ഫിലിം മാർക്കറ്റുകളാണ് ഉള്ളത്. അതിൽ ഏറ്റവും പ്രശസ്തമാണ് അമേരിക്കൻ ഫിലിം മാർക്കറ്റ്. ഇതിന്റെയെല്ലാം ചുവടുപിടിച്ച് ഇരുപത്തെട്ടാമത് ഐ.എഫ്.എഫ്.കെ യുടെ ഭാഗമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടുകൂടി കേരള ഫിലിം മാർക്കറ്റ് ആരംഭിച്ച് മലയാള സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്കായി മികച്ച ഒരു തുടക്കം കുറിച്ചു. എന്താണ് ഫിലിം മാർക്കറ്റ് ?

ചലച്ചിത്ര വ്യവസായവുമായി ബന്ധപ്പെട്ട ഒരു ബിസിനസ് ടു ബിസിനസ്സ് (B2B) പ്ളാറ്റ്ഫോമാണ് ഫിലിം മാർക്കറ്റ്. തിരക്കഥയുമായി വരുന്ന ഒരു വ്യക്തിക്ക് പ്രൊഡ്യൂസറിനെ കണ്ടെത്തുവാനും, നിർമ്മാണത്തിലുള്ള ചിത്രങ്ങളുടെ സംവിധായകർ, പ്രൊഡ്യൂസർ എന്നിവർക്ക് ക്രീയേറ്റീവ് കോളാബ്രേറ്റേഴ്സ്, കോ-പ്രൊഡ്യൂസേഴ്സ് എന്നിവരെ കണ്ടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

ത്തുവാനും ഡയറക്ടേഴ്സിനും, പ്രൊഡ്യൂസേഴ്സിനും തങ്ങളുടെ കണ്ടെന്റ് ഫെസ്റ്റിവൽ ക്യൂറേറ്റേഴ്സ്, ഡിസ്ട്രിബ്യൂഷൻ/ സെയിൽസ് ഏജന്റ്സ് എന്നിവരെ പരിചയ പ്പെടുത്തുവാനും അതുവഴി വാണിജ്യ സാധ്യതകൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഒരു ഇടമാണ് ഫിലിം മാർക്കറ്റ്. ഇതോടൊപ്പം ഒട്ടനവധി വിഷയങ്ങളിൽ പ്രഗത്ഭർ നയിക്കുന്ന മാസ്റ്റർ ക്ലാസ്സ്, പാനൽ ഡിസ്കഷൻസ് എന്നിവയും ഫിലിം മാർക്കറ്റുകളുടെ സവിശേഷതയാണ്. ഡിസംബർ 1 മുതൽ 3 വരെയുള്ള തീയതികളിൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടന്ന കേരള ഫിലിം മാർക്കറ്റിന്റെ ആദ്യ എഡിഷനിൽ രാജ്യാന്തര പ്രശസ്തിയുള്ള ഫിലിം പ്രൊഫഷണൽസിന്റെ മാസ്റ്റർ ക്ലാസ്സ്, പ്രസന്റേഷൻസ്, പാനൽ ഡിസ്ക്കഷൻസ് എന്നിവ അടങ്ങുന്ന നോളജ് സെഷൻസ് ആണ് പ്രധാനമായും അരങ്ങേറിയത്. ഒരു ഫിലിം മാർക്കറ്റിൽ കാണപ്പെടുന്ന എല്ലാ ഫീച്ചേഴ്സും ഉൾപ്പെട്ട ഫിലിം മാർക്കറ്റ് ആരംഭിക്കുന്നതിന് മുമ്പായി ഒട്ടനവധി വിഷയങ്ങളിൽ കേരളത്തിലെ വളർന്നുവരുന്ന ഫിലിം പ്രൊഫഷണൽസിന് അറിവ് നൽകേണ്ടതായുണ്ട് എന്ന തിരിച്ചറിവാണ് ഇത്തരമൊരു തീരുമാനത്തിലെത്താൻ കെ.എസ്.എഫ്.ഡി.സി.യേയും ചലച്ചിത്ര അക്കാദമിയേയും പ്രേരിപ്പിച്ചത്. ടാഗോർ തീയേറ്റർ പരിസരത്ത് സ്ഥാപിച്ച 20 പേർക്ക് ഇരിക്കുവാൻ കഴിയുന്ന താൽകാലിക തീയേറ്ററും, കേരള ഫിലിം മാർക്കറ്റിന്റെ ഭാഗമായാണ് ഒരുക്കിയത്. ഒട്ടനവധി ഫിലിം മേക്കേഴ്സ് തങ്ങളുടെ സൃഷ്ടികൾ ഫെസ്റ്റിവൽ ക്യൂറേറ്റേഴ്സ്, നിർമാതാക്കൾ എന്നിവരെ പരിചയപ്പെടുത്തുവാനായി ഈ സംവിധാനം പ്രയോജനപ്പെടുത്തി.

നെറ്റ്ഫ്ളിക്സ് ഒറിജിനൽ സീരിസ് മുൻ ഡയറക്ടർ ശ്രീ. രോഹിത് വേദ് പ്രകാശിന്റെ "പിച്ചിംഗ് ദ പ്രൊജക്റ്റ്" "മാസ്റ്റർ ക്ലാസ്സ്", "കോഹറ്", "പാതാൾ ലോക്" എന്നീ പ്രശസ്തമായ വെബ് സീരിസ് എഴുതിയ വെബ് സീരിസ് റൈറ്റർ, ഷോ റണ്ണർ സുധീപ് ശർമ്മയുടെ "റൈറ്റിംഗ് വെബ് സീരിസ്" എന്ന വിഷയത്തിലെ മാസ്റ്റർ ക്ലാസ്സ്, രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച സംവിധായകൻ പാൻ നളിന്റെ "ഇന്റർനാഷണൽ കോപ്രൊഡക്ഷൻ" എന്ന വിഷയത്തിലെ ലക്ച്ചർ, "സ്ക്രിപ്റ്റ് ലാബ്സ്, സ്ക്രീൻ പ്ലേ ഫേലോഷിപ്പ്സ് എമർജിംഗ് ഓപ്പർച്യൂണിറ്റിസ് ഫോർ സ്ക്റീൻ റൈറ്റേഴ്സ്" എന്ന വിഷയത്തിൽ പ്രശസ്ത സ്ക്രിപ്റ്റ് റൈറ്റർ, സ്ക്രിപ്റ്റ് ഡോക്ടർ അഞ്ജും രാജാബാലിയുടെ ല്കചർ, "വാട്ട് ഡു ക്യൂറേറ്റേഴ്സ് ലുക് ഫോർ" എന്ന വിഷയത്തിൽ പ്രശസ്ത ക്യൂറേറ്റർ കിക്കി ഫുംഗിന്റെ ലക്ച്ചർ, "ഇൻഡിപെന്റഡന്റ് ഫിലിം മേക്കിംഗ്" എന്ന വിഷയത്തിൽ പ്രശസ്ത സംവിധായകൻ കാനു ബെഹലിന്റെ മാസ്റ്റർ ക്ലാസ്സ് തുടങ്ങി ഒട്ടനവധി മാസ്റ്റർ ക്ലാസ്സ്, പാനൽ ഡിസ്ക്കഷൻസ് എന്നിവ ഫിലിം മാർക്കറ്റിൽ അരങ്ങേറി.



ഷാജി.എൻ.കരുൺ, ഫെർണാന്റോ ബർണർ, ഗോൾഡാ സെലം, തുടങ്ങിയ രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച ഫിലിം പ്രൊഫഷണൽസ് തങ്ങളുടെ അറിവ് കേരള ഫിലിം മാർക്കറ്റിൽ ഡെലിഗേറ്റ്സുമായി പങ്കുവെച്ചു.

2024ൽ ഇരുപത്തിയൊമ്പതാമത് കേരള രാജ്യാന്തര ചലച്ചിരത മേളയുടെ ഭാഗമായി അരങ്ങേറാൻ ഒരുങ്ങുന്ന കേരള ഫിലിം മാർക്കറ്റിന്റെ രണ്ടാമത്തെ എഡിഷനിൽ നോട്ട് സെഷൻസിന് പുറമെ സ്ക്രിപ്റ്റ് ലാബ്, നിർമ്മാതാക്കൾക്കു മുന്നിൽ തിരക്കഥ പിച്ച് ചെയ്യാൻ അവസരം, നിർമ്മാണത്തിലിരിക്കുന്ന ചിത്രങ്ങളിൽ ഇന്ത്യയ്ക്കകത്തും പുറത്തും നിന്നുള്ള പ്രഗത്ഭരുടെ ക്രീയേറ്റീവ് നിർദ്ദേശങ്ങൾ ലഭിക്കുവാനുള്ള സ്പെഷ്യലൈസ്ഡ് ലാബുകൾ തുടങ്ങിയവ ഉണ്ടാകുന്നതാണ്.







ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

# ഫിലിം ഫെസ്റ്റിവലുകളുടെ ലക്ഷ്യം

ഡോ. ബി. രാധാകൃഷ്ണൻ
( പ്രസിഡന്റ്, ഫിൽക്ക ഫിലിം സൊസൈറ്റി )





**വ്യത്യസ്ത സംസ്കാരങ്ങൾ, വിഭാഗങ്ങൾ, വീക്ഷണങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന സിനിമകൾക്ക് ലോകത്തിനു മുന്നിലെത്താൻ ഫിലിം ഫെസ്റ്റിവലുകളാണ് വേദിയൊരുക്കുന്നത്. സാംസ്കാരിക വൈവിധ്യവും ധാരണയും പ്രോത്സാഹിപ്പിക്കുന്ന, ജനപ്രിയധാരയിൽ ശ്രദ്ധ ലഭിക്കാത്ത സിനിമകൾ മേളകളിൽ പ്രദർശി പ്പിക്കുന്നു.**

ചലച്ചിത്രമേളകൾ ചലച്ചിത്ര മാധ്യമത്തിലും വ്യവസായത്തിലും നിർണായക പങ്ക് വഹിക്കുന്നു. അവ വിവിധ സർഗാത്മക - സാംസ്കാരിക ലക്ഷ്യങ്ങൾ നിറവേറ്റുകയും സിനിമാ നിർമ്മാതാക്കൾ, മാധ്യമ - വ്യവസായ പ്രൊഫഷണലുകൾ, പ്രേക്ഷകർ എന്നിവർക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു.

വ്യത്യസ്ത സംസ്കാരങ്ങൾ, വിഭാഗങ്ങൾ, വീക്ഷണങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന സിനിമകൾക്ക് ലോകത്തിനു മുന്നിലെത്താൻ ഫിലിം ഫെസ്റ്റിവലുകളാണ് വേദിയൊരുക്കുന്നത് . സാംസ്കാരിക വൈവിധ്യവും ധാരണയും പ്രോത്സാഹിപ്പിക്കുന്ന, ജനപ്രിയധാരയിൽ ശ്രദ്ധ ലഭിക്കാത്ത സിനിമകൾ മേളകളിൽ പ്രദർശിപ്പിക്കുന്നു.

ചലച്ചിത്രമേളകൾ ചലച്ചിത്ര നിർമ്മാണത്തിലെ കലാപരമായ മികവ് ആഘോഷിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. മികച്ച സിനിമകൾ, സംവിധായകർ, അഭിനേതാക്കൾ, സാങ്കേതിക മേന്മയുള്ളവർ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ അവാർഡുകൾ സമ്മാനിക്കുന്നു. ഇത് സൃഷ്ടിപരമായ നേട്ടങ്ങളെ അംഗീകരിക്കുന്നതിനും പ്രതിഫലം നൽകുന്നതിനും സഹായിക്കുന്നു.

ചലച്ചിത്ര നിർമ്മാതാക്കൾ, സംവിധായകർ, അഭിനേതാക്കൾ, മറ്റ് മാധ്യമ - വാണിജ്യ പ്രൊഫഷണലുകൾ എന്നിവരെ സംയോജിപ്പിക്കുന്ന ഒരു നെറ്റ്‌വർക്കിംഗ് അവസരമായി ഫിലിം ഫെസ്റ്റിവലുകൾ മാറുന്നു. മേളകൾ സിനിമാ സംരംഭത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള ആളുകളെ ആകർഷിക്കുന്നു.

കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

സഹകരണം, പങ്കാളിത്തം, ആശയ വിനിമയം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ഏറ്റവും പ്രധാനമായി സ്വതന്ത്ര സിനിമകളെ പ്രോത്സാഹിപ്പിക്കുന്നു.

വലിയ തോതിലുള്ള വിപണനത്തിനുള്ള വിഭവങ്ങൾ ഇല്ലാത്ത സ്വതന്ത്ര ചലച്ചിത്ര പ്രവർത്തകർക്ക് ചലച്ചിത്രമേളകൾ നിർണായകമാണ്. ഈ ഫെസ്റ്റിവലുകൾ സ്വതന്ത്ര സിനിമകൾക്ക് എക്സ്പോഷർ നേടുന്നതിനും വിതരണക്കാരുടെ ശ്രദ്ധയിൽപ്പെടുന്നതിനും സുരക്ഷിതമായ വിതരണത്തിനുമുള്ള ഒരു വേദി വാഗ്ദാനം ചെയ്യുന്നു.

ലോകമെമ്പാടുമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിലൂടെ സാംസ്കാരിക വിനിമയത്തിന് ചലച്ചിത്രമേളകൾ വലിയ പങ്ക് വഹിക്കുന്നു. സാംസ്കാരിക വേലിക്കെട്ടു കൾ തകർക്കുന്നതിനും പരസ്പര ധാരണ വളർത്തുന്നതിനും സിനിമയുടെ സാർവത്രിക ഭാഷയിലൂടെ ആഗോള സംഭാഷണം പ്രോത്സാഹിപ്പിക്കുന്നതിനും മേളകൾ സഹായിക്കുന്നു.

ഫിലിം ഫെസ്റ്റിവലുകളിൽ പലപ്പോഴും പാനലുകൾ, വർക്ക്ഷോപ്പുകൾ, സിനിമാ നിർമ്മാതാക്കൾക്കും പ്രേക്ഷകർക്കും വിദ്യാഭ്യാസ അവസരങ്ങൾ നൽകുന്ന ചോദ്യോത്തര സെഷനുകൾ എന്നിവ ഉൾ പ്പെടുന്നു. ഈ സന്ദർഭങ്ങൾ ചലച്ചിത്ര നിർമ്മാണത്തിന്റെ കരകൗശലത്തെക്കുറിച്ചും കലാപരമായ പ്രവണതകളെക്കുറിച്ചും ഉയർന്നുവരുന്ന സാങ്കേതികവിദ്യകളെക്കുറിച്ചും ഉൾക്കാഴ്ചകൾ നൽകുന്നു.

വ്യത്യസ്ത അഭിരുചികളും താൽപ്പര്യങ്ങളും നിറവേറ്റുന്ന, പ്രത്യേക പ്രമേയം ആസ്പദമാക്കുന്ന, ക്യൂറേറ്റഡ് സിനിമകൾ അവതരിപ്പിച്ചു കൊണ്ട് ചലച്ചിത്രമേളകൾ പ്രേക്ഷകരെ ആകർഷിക്കുന്നു. ഇതുവഴി ജനപ്രിയ വാണിജ്യ ധാരാ സിനിമയുടെ ഭാഗമല്ലാത്ത പുതിയതും മൗലികവും ചിന്തോദ്ദീപകവു മായ ഉള്ളടക്കം കണ്ടെത്താനുള്ള അവസരം പ്രേക്ഷകർക്ക് ലഭിക്കുന്നു.

വ്യവസായ പ്രൊഫഷണലുകൾക്ക് സിനിമയുടെ അവകാശങ്ങൾ വാങ്ങാനും വിൽക്കാനും സാധ്യത തെളിയുന്നു. ഈ സഹകരണത്തിലൂടെ മാർക്കറ്റ് പ്ലേസുകളായി ഫിലിം ഫെസ്റ്റിവലുകൾ പ്രവർത്തിക്കുന്നു. സിനിമാ വ്യവസായത്തിന്റെ സാമ്പത്തിക നിലനിൽപ്പിന് ഈ സഹകരണം നിർണായകമാണ്.

സുപ്രധാന സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന സിനിമകൾ അവതരിപ്പിക്കുന്നതിലൂടെ ചലച്ചിത്രമേളകൾ സാമൂഹിക മാറ്റത്തിന് ഉത്തേജകമാകും. വിവിധ വിഷയങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും സാമൂഹിക ചർച്ചകൾക്ക് തുടക്കം കുറിക്കുന്നതിനും മാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ചലച്ചിത്ര പ്രവർത്തകർക്ക് ഒരു വേദി നൽകുന്നു.

ഉയർന്ന നിലവാരമുള്ള സിനിമകൾ തിരഞ്ഞെടുത്ത് ക്യൂറേറ്റ് ചെയ്യുന്നതിലൂടെയും പ്രദർശിപ്പിക്കുന്നതിലൂടെയും ചലച്ചിത്രമേളകൾ കലാരൂപത്തിന്റെ ഉയർച്ചയ്ക്ക് വലിയ സംഭാവനയാണ് നൽകുന്നത്. സൃഷ്ടിപരമായ അതിരുകൾ നീക്കാനും കഥപറച്ചിലിന്റെ സാങ്കേതികതകൾ പരീക്ഷിക്കാനും പുതിയ സിനിമാറ്റിക് ശൈലികൾ പര്യവേക്ഷണം ചെയ്യാനും മേളകൾ ചലച്ചിത്ര പ്ര

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA




വർത്തകരെ പ്രോത്സാഹിപ്പിക്കുന്നു.

ചുരുക്കത്തിൽ, ചലച്ചിത്രമേളകൾ കേവലം വിനോദത്തിനപ്പുറം ചലനാത്മകമായ പ്ലാറ്റ് ഫോമുകളായി വർത്തിക്കുന്നു. അവ ചലച്ചിത്ര വ്യവസായത്തിന്റെ സമ്പുഷ്ടീകര ണത്തിനും സർഗ്ഗാത്മകത വളർത്തുന്ന തിനും വൈവിധ്യമാർന്ന ശബ്ദങ്ങൾ കേൾ ക്കുന്നതിനും പരിഗണിക്കുന്നതിനും അഭിന ന്ദിക്കുന്നതിനും ഇടം നൽകുന്നു.

2022 ജനുവരിയിലെ കണക്ക് പ്രകാരം, ഓരോ വർഷവും ലോകമെമ്പാടും നിരവധി പ്രധാന അന്താരാഷ്ട്ര ചലച്ചിത്രമേളകൾ നട ക്കുന്നുണ്ട്. അതിനുശേഷം പുതിയ മേള കളും ഉയർന്നുവന്നിട്ടുണ്ടാകാം. നിലവിലുള്ള ചലച്ചിത്രോത്സവങ്ങളുടെ നിലയോ തീയതി യോ മാറിയിരിക്കാനും സാധ്യതയുണ്ട്. പ്രധാ ന അന്താരാഷ്ട്ര ചലച്ചിത്രമേളകൾ ഏതൊ ക്കെയാണ്?

**കാൻ ഫിലിം ഫെസ്റ്റിവൽ (ഫ്രാൻസ്):**
ലോകമെമ്പാടുമുള്ള ഏറ്റവും അഭിമാനകര മായ ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നാണിത്. വർഷം തോറും കാനിൽ നടക്കുന്നു. മുഖ്യ ധാരാ, സ്വതന്ത്ര പ്രൊഡക്ഷനുകൾ ഉൾ പ്പെടെ നിരവധി സിനിമകൾ ഇവിടെ പ്രദർ ശിപ്പിക്കുന്നു.

**വെനീസ് ഫിലിം ഫെസ്റ്റിവൽ (ഇറ്റലി):**

വെനീസിലെ ലിഡോ ദ്വീപിൽ നടക്കുന്ന ലാ ബിനാലെ ഡി വെനീസിയ, ആഗോളതല ത്തിലെ ഏറ്റവും പഴക്കം ചെന്ന ചലച്ചിത്ര മേളകളിൽ ഒന്നാണ്. വൈവിധ്യമാർന്ന അ ന്തർദ്ദേശീയ സിനിമകളെ ഇത് അവതരി പ്പിക്കുന്നു. കൂടാതെ കലാപരമായ ശ്രദ്ധയ്ക്ക് പേരുകേട്ട തുമാണ്.

**ബെർലിൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വൽ (ജർമ്മനി):**

ബെർലിനേൽ എന്നും അറിയപ്പെടുന്ന ഇത് ലോകത്തിലെ ഏറ്റവും വലിയ ചലച്ചിത്രമേ ളകളിൽ ഒന്നാണ്. ഇത് വർഷം തോറും ബെർലിനിൽ നടക്കുന്നു. കൂടാതെ സിനിമകളുടെ വിശാലമായ സ്പെക്ട്രം പ്രദർ ശിപ്പിക്കുകയും ചെയ്യുന്നു.

**ടൊറന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വൽ (കാനഡ):**

ലോകമെമ്പാടുമുള്ള ചലച്ചിത്ര നിർമ്മാതാക്ക ളെയും വ്യവസായ പ്രൊഫഷ ണലുകളെയും ആകർഷിക്കുന്ന ഒരു പ്രധാ ന നോർത്ത് അമേരിക്കൻ ഫിലിം ഫെസ്റ്റിവ ലാണ് TIFF. ഏറെ പ്രതീക്ഷയോടെ കാത്തിരി ക്കുന്ന നിരവധി സിനിമകളുടെ പ്രീമിയറുകൾ ഉൾ പ്പെടെ വൈവിധ്യമാർന്ന സിനിമകൾ ഇവിടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

പ്രദർശിപ്പിക്കുന്നു.

**സൺഡാൻസ് ഫിലിം ഫെസ്റ്റിവൽ (യുണൈറ്റഡ് സ്റ്റേറ്റ്സ്):**
യൂട്ടയിലെ പാർക്ക് സിറ്റിയിൽ വർഷം തോറും നടക്കുന്ന സൺഡാൻസ് സ്വതന്ത്ര സിനിമകളുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവ ങ്ങളിലൊന്നാണ്. വളർന്നുവരുന്ന ചല ച്ചിത്ര പ്രവർത്തകരെയും നൂതനമായ കഥപറ ച്ചിലിനെയും പ്രദർശിപ്പിക്കുന്നതിലും പ്രോ ത്സാഹിപ്പിക്കുന്നതിലും ഇത് ശ്രദ്ധ കേന്ദ്രീ കരിക്കുന്നു.

Locarno
Film Festival

**ലോകാർനോ ഫിലിം ഫെസ്റ്റിവൽ (സ്വിറ്റ്സർലൻഡ്):**
ലോകാർണോയിൽ നടക്കുന്ന ഈ സ്വിസ് ഫെസ്റ്റിവൽ ആർട്ട്ഹൗസ് സിനിമ യോടുള്ള പ്രതിബദ്ധതയ്ക്ക് പേരുകേട്ടതാ ണ്. ഇത് വൈവിധ്യമാർന്ന സിനിമകൾ പ്രദർ ശിപ്പിക്കുന്നു. പുതിയ പ്രതിഭകളെ കണ്ടെ ത്തുന്നതിൽ പ്രശസ്തവുമാണ്.

**ടോക്കിയോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വൽ (ജപ്പാൻ):**
ഏഷ്യയിലെ ഒരു പ്രമുഖ ചലച്ചിത്രമേളയെന്ന് പറയാവുന്ന ഇത് വർഷം തോറും

ടോക്കിയോയിൽ നടക്കുന്നു. അന്താ രാഷ്ട്ര, ഏഷ്യൻ സിനിമകളുടെ വിശാലമായ ശ്രേണി ഇവിടെ അവതരിപ്പിക്കുന്നു.

**ബുസാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വൽ (ദക്ഷിണ കൊറിയ):**
ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നായതിനാൽ, പുതിയ സിനിമകൾ അവത രിപ്പിക്കുന്നതിലും ഈ മേഖലയിലെ ചലച്ചിത്ര വ്യവസായത്തിന്റെ വികസനത്തിന് പിന്തുണ നൽകുന്നതിലും ബുസാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**സാൻ സെബാസ്റ്റ്യൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ (സ്പെയിൻ):**
സ്പാനിഷ് നഗരമായ സാൻ സെബാസ്റ്റ്യനിൽ നടക്കുന്ന ഇത് യൂറോപ്പിലെ ഏറ്റവും പഴ ക്കമുള്ള ചലച്ചിത്ര മേളകളിൽ ഒന്നാണ്. സ്പാനിഷ്, ലാറ്റിനമേരിക്കൻ സിനിമകൾക്ക് ഇവിടെ പ്രാധാന്യമുണ്ട്.

**കെയ്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റി വൽ (ഈജിപ്ത്):**
അറബ് ലോകത്തെ ഏറ്റവും പഴക്കമുള്ള ചലച്ചിത്രമേളകളിലൊന്നായ ഇത് സാംസ്കാ രിക വിനിമയം പ്രോത്സാഹിപ്പിക്കുന്ന വിവിധ പ്രദേശങ്ങളിൽ നിന്നുള്ള നിരവധി സിനിമ കളെ പ്രദർശിപ്പിക്കുന്നു.

സിനിമാക്വെസ്റ്റ് ഫിലിം & ക്രിയേറ്റിവിറ്റി ഫെ സ്റ്റിവൽ (യുണൈറ്റഡ് സ്റ്റേറ്റ്സ്):
സിലിക്കൺ വാലിയിൽ സ്ഥിതി ചെയ്യുന്ന സിനിക്വെസ്റ്റിന് സിനിമയിലും സാങ്കേതികവി ദ്യയിലും പുതുമയുണ്ട്. സ്വതന്ത്രവും എ ന്നാൽ മുഖ്യധാരാ സിനിമയും ഇടകലർന്ന താണ് ഇത്.

**സിഡ്നി ഫിലിം ഫെസ്റ്റിവൽ (ഓസ്ട്രേലിയ):**
ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ചല

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ചിത്ര മേളകളിലൊന്നായ സിഡ്നി ഫിലിം ഫെസ്റ്റിവൽ ഓസ്ട്രേലിയൻ സിനിമകളും അന്തർദേശീയ സിനിമകളും ഉൾപ്പെടെ വൈവിധ്യമാർന്ന സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു. ആഗോളതലത്തിൽ നടക്കുന്ന നിരവധി ചല ച്ചിത്രമേളകളുടെ ഒരു ചെറിയ പ്രതിനിധാനം മാത്രമാണ് മുകളിൽ പറഞ്ഞ മേളകൾ.

ഓരോ ഫെസ്റ്റിവലിനും തനതായ വീക്ഷണവും പരിഗണനയുമുണ്ട്. കലാപരമോ സ്വതന്ത്രമോ പ്രാദേശികമോ സാംസ്കാരിക വിനിമയമോ ആവട്ടെ, ഓരോ മേളയുടെയും പ്രത്യേകതയെ കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ അറിയേണ്ടത് അത്യാവശ്യമാണ്.

ലോകമെമ്പാടുമുള്ള വിവിധ ഫിലിം ഫെസ്റ്റിവലുകൾ പുതിയ സൃഷ്ടികൾക്ക് ആതിഥേയത്വം വഹിക്കുന്നു. ഓരോന്നും സിനിമയുടെ ആഗോള ആസ്വാദനത്തിന് വാതിൽ തുറക്കുന്നു.

രാജ്യങ്ങൾ നേരിട്ട് നടത്തുന്ന മറ്റു ചില ശ്രദ്ധേയമായ ചലച്ചിത്രമേളകൾ ഏതൊക്കെയാണ്?

**ബ്രസീൽ:**
റിയോ ഡി ജനീറോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.
സാവോ പോളോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

**മെക്സിക്കോ:**
ഗ്വാനജുവാറ്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.
മൊറേലിയ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

**ചൈന:**
ഷാങ്ഹായ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.
ബെയ്ജിംഗ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

**ദക്ഷിണാഫ്രിക്ക:**
ഡർബൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.
കേപ് ടൗൺ ഇന്റർനാഷണൽ ഫിലിം മാർക്കറ്റ് & ഫെസ്റ്റിവൽ.

**ഈജിപ്ത്:**
കെയ്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.
ലക്സർ ആഫ്രിക്കൻ ഫിലിം ഫെസ്റ്റിവൽ.

**റഷ്യ:**
മോസ്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.
സെന്റ് പീറ്റേഴ്സ്ബർഗ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.



കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

**സ്വീഡൻ:**
ഗോട്ട് ബെർഗ് ഫിലിം ഫെസ്റ്റിവൽ.
സ്റ്റോക്ക്ഹോം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

**അർജന്റീന:**
മാർ ഡെൽ പ്ലാറ്റ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

ബ്യൂണസ് അയേഴ്സ് ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് ഇൻഡിപെൻഡന്റ് സിനിമ.

ഇവ ചില ഉദാഹരണങ്ങൾ മാത്രമാണ്. കൂടാതെ ഇന്ത്യയുടെ ഐ. എഫ്. എഫ്. ഐ പോലെ നിരവധി രാജ്യങ്ങൾ അവരുടെ സ്വന്തം ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നുണ്ട്.

മേളകൾ, ആഗോള സിനിമയുടെ സമ്പന്ന മായ വിളവിന് പ്രധാന സംഭാവന നൽകുന്നു. ഓരോ ചലച്ചിത്ര ഉത്സവവും പലപ്പോഴും അതിന്റെ ആതിഥേയ രാജ്യത്തിന്റെ അല്ലെങ്കിൽ പ്രദേശത്തിന്റെ സാംസ്കാരിക സിനിമാറ്റിക് സവിശേഷതകൾ പ്രതിഫലിപ്പി ക്കുന്നുമുണ്ട്.

ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകളിലേക്ക് തിരഞ്ഞെടുക്കേണ്ട സിനിമകളുടെ മാനദണ്ഡം എങ്ങനെയാവണം?

അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിക്കേണ്ട സിനിമകൾ തിരഞ്ഞെടുക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ ഓരോ മേളയിലും വ്യത്യസ്തമായിരിക്കും. എന്നിരുന്നാലും, ഫെസ്റ്റിവൽ പ്രോഗ്രാമർമാരും സെലക്ഷൻ കമ്മിറ്റികളും പലപ്പോഴും കണക്കിലെടുക്കുന്ന ചില പൊതുവായ ഘടകങ്ങളും പരിഗണനകളും ഉണ്ട്.

ഫിലിം മേക്കിംഗിന്റെ ഗുണനിലവാരം പ്രധാനമാണ്. പ്രമേയം, പ്രസക്തി, ശൈലി, സംവിധാനം, ഛായാഗ്രഹണം, എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, മറ്റ് സാങ്കേതിക വശങ്ങൾ എന്നിവയുൾപ്പെടെ മൊത്തത്തിലുള്ള ഗുണനിലവാരത്തെ അടിസ്ഥാനമാക്കിയാണ് സിനിമകളെ വിലയിരുത്തുന്നത്. അസാധാരണമായ ചലച്ചിത്ര ശൈലികൾക്ക്, മൗലികമായ പരീക്ഷ



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




ണങ്ങൾക്ക്, നിർമ്മാണ സംരംഭങ്ങൾക്ക് വളരെ വിലമതിക്കുന്നു. ഒറിജിനാലിറ്റിയും സർഗ്ഗാത്മകതയുമാണ് പ്രധാന ഘടകം.

കഥപറച്ചിലിലോ വിഷ്വൽ ശൈലിയിലോ തീമാറ്റിക് സമീപനത്തിലോ സർഗ്ഗാത്മകതയും മൗലികതയും പ്രകടിപ്പിക്കുന്ന സിനിമകൾക്കായി ഫെസ്റ്റിവൽ ക്യൂറേറ്റർമാർ അന്വേഷണം നടത്താറുണ്ട്. അതുല്യവും നൂതനവുമായ സിനിമകൾ വേറിട്ടുനിൽക്കുന്നവയാണല്ലോ.

സിനിമയുടെ ആഖ്യാനത്തിന്റെ കരുത്ത് നിർണായകമാണ്. നന്നായി വികസിപ്പിച്ച കഥാപാത്രങ്ങൾ, ആകർഷകമായ കഥാസന്ദർഭങ്ങൾ, ഫലപ്രദമായ കഥപറച്ചിൽ വിദ്യകൾ എന്നിവ ഒരു സിനിമയുടെ ആകർഷണത്തിന് സംഭാവന ചെയ്യുന്നു.

ഛായാഗ്രഹണം, പ്രൊഡക്ഷൻ ഡിസൈൻ, സ്പെഷ്യൽ ഇഫക്റ്റുകൾ തുടങ്ങിയ സാങ്കേതിക വശങ്ങൾ ശ്രദ്ധാപൂർവ്വം വിലയിരുത്തുന്നു. ഉയർന്ന നിർമ്മാണ മൂല്യവും സാങ്കേതിക വൈദഗ്ധ്യവുമുള്ള സിനിമകളാണ് തിരഞ്ഞെടുക്കപ്പെടാൻ കൂടുതൽ സാധ്യത. ചില ഫിലിം ഫെസ്റ്റിവലുകൾക്ക് പ്രത്യേക തീമുകളോ വിഭാഗങ്ങളോ ഫോക്കസുകളോ ഉണ്ട്. മേളയുടെ ദൗത്യവുമായോ തീമാറ്റിക് ഊന്നൽ നൽകുന്നതോ ആയ സിനിമ കൾക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്.

ഒരു പ്രദേശത്തിന്റെയോ സമൂഹത്തിന്റെയോ സാംസ്കാരിക ഐഡന്റിറ്റി പര്യവേക്ഷണം ചെയ്യുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന സിനിമകൾ മേളകൾക്ക് പ്രത്യേക താൽപ്പര്യമുള്ളതായിരിക്കും. ക്രോസ്-കൾച്ചറൽ ധാരണയ്ക്കും സംഭാഷണത്തിനും അവ വഴിയൊരുക്കുന്നു.

പ്രധാനപ്പെട്ട സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന സിനിമകൾ പലപ്പോഴും ശ്രദ്ധ ആകർഷിക്കുന്നുണ്ട്. സമകാലികമോ ചരിത്രപരമോ ആയ വിഷയങ്ങളിൽ ഉൾക്കാഴ്ച നൽകുന്ന സിനിമകൾക്ക് ഫെസ്റ്റിവലുകൾ മുൻഗണന നൽകിയേക്കാം.

അതിരുകൾ ഭേദിക്കുന്ന, സിനിമാറ്റിക് ടെക്നിക്കുകൾ പരീക്ഷിക്കുന്ന, അല്ലെങ്കിൽ പരമ്പരാഗത കഥപറച്ചിൽ മാനദണ്ഡങ്ങളെ വെല്ലുവിളിക്കുന്ന സിനിമകളെ മേളകൾ പലപ്പോഴും വിലമതിക്കുന്നു. പരീക്ഷണാത്മകവും അവന്റ്-ഗാർഡ് സിനിമകളും ചില ഉത്സവങ്ങളിൽ ഇടം നേടുന്നു. .

ചില ഉത്സവങ്ങൾ പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്ന

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവിടെ അരങ്ങേറ്റ സിനിമകൾക്ക് അല്ലെങ്കിൽ വളർന്നുവരുന്ന ചലച്ചിത്ര പ്രവർത്തകരുടെ സൃഷ്ടികൾക്ക് പ്രത്യേക പരിഗണന ലഭിച്ചേക്കാം.

നിർമ്മാണ വേളയിൽ ലഭ്യമായ വിഭവങ്ങളെ അടിസ്ഥാനമാക്കിയാണ് സിനിമകൾ ചിലപ്പോൾ വിലയിരുത്തപ്പെടുന്നത്. പരിമിതികൾക്കിടയിലും വിഭവസമൃദ്ധിയും സർഗ്ഗാത്മകതയും പ്രകടിപ്പിക്കുന്ന ലോ-ബജറ്റ് അല്ലെങ്കിൽ സ്വതന്ത്ര സിനിമകൾ ഇപ്പോൾ വിലമതിക്കപ്പെടുന്നുണ്ട്.

വിവിധ പ്രദേശങ്ങളിൽ നിന്നുള്ള സിനിമകൾ പരിഗണിച്ച്, വ്യത്യസ്ത സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്ന, വീക്ഷണങ്ങളുടെയും ശബ്ദങ്ങളുടെയും ഒരു ശ്രേണി പ്രദർശിപ്പിച്ചുകൊണ്ട് ഫിലിം ഫെസ്റ്റിവലുകൾ പലപ്പോഴും അവരുടെ തിരഞ്ഞെടുപ്പുകളിൽ വൈവിധ്യത്തിനായി പരിശ്രമിക്കുന്നു.

മറ്റ് മേളകളിൽ പരിഗണനയോ അവാർഡുകളോ ലഭിച്ച സിനിമകൾക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. നേരത്തെയുള്ള പ്രദർശനങ്ങളിലെ നല്ല സ്വീകരണം ഒരു സിനിമയുടെ ആകർഷണത്തെ സ്വാധീനിക്കുക സ്വാഭാവികം.

ഒരു സിനിമയ്ക്ക് അതിന്റെ ടാർഗെറ്റ് പ്രേക്ഷകരുമായി ഇടപഴകാനും ഫലമുളവാക്കാനും കഴിയുമോ എന്ന് ഉത്സവങ്ങൾ ആലോചിക്കും. വിശാലമോ പ്രത്യേകമോ ആയ പ്രേക്ഷകരിലേക്ക് ഒരു സിനിമയുടെ ആകർഷണം ഒരു പ്രധാന പരിഗണന തന്നെയാണ്. ഓരോ ഫിലിം ഫെസ്റ്റിവലിനും അതിന്റേതായ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടാവാം. മുകളിലുള്ള നിരീക്ഷണം പൊതുവായ പരിഗണനകളെ കുറിച്ചുള്ളതാണ്.

ഒരു പ്രധാന ചലച്ചിത്ര മേളയിലേക്കുള്ള തിരഞ്ഞെടുക്കൽ പ്രക്രിയയുടെ പ്രത്യേക ആവശ്യകതകളും മുൻഗണനകളും മനസിലാക്കാൻ ചലച്ചിത്ര നിർമ്മാതാക്കൾ / സംവിധായകർ ഓരോ ഫെസ്റ്റിവലും നൽകുന്ന നൂതന മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം അവലോകനം ചെയ്യേണ്ടതുണ്ട്. എന്നാൽ പ്രധാന കാര്യം, സർഗാത്മക സൃഷ്ടിപരതയാണ്. ജ്ഞാനവും വിജ്ഞാനവുമൊക്കെ ഒന്നുചേരുന്ന, കലാപരമായ മേന്മയും സാങ്കേതിക തഴക്കവും സിനിമയെ കുറിച്ചുള്ള ചരിത്രപരമായ അറിവും പരിശീലനവും ഒക്കെയാണ്. മികച്ച സിനിമയുടെ ലോക പ്രേക്ഷകർ എന്നത് 800 കോടിയുടെ കേവലം ഒരു ശതമാനം എടുത്താൽ തന്നെ അത് 8 കോടിയാണെന്ന വിപണി കൂടിയാണ്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



# ഡിസിപി, ക്യൂബ്, ഡോൾബി, ലേസർ പ്രദർശനം

## - ക്യൂബ് എഞ്ചിനീർ ഭൂപാലനുമായുള്ള അഭിമുഖം

അർപ്പണ ( ഗിരിജ സുരേന്ദ്രൻ,
വൈസ് പ്രസിഡന്റ്, ഫിൽക്ക)



**ഒരു ചലച്ചിത്ര സൃഷ്ടി പൂർണമാകുന്നതും സാക്ഷാത്കരിക്കപ്പെടുന്നതും യഥാർത്ഥത്തിൽ കാഴ്ചക്കാരനിൽ എത്തുമ്പോഴാണ് . കാണി ഇല്ലെങ്കിൽ സിനിമ ഇല്ല. കാഴ്ചയുടെ അനുഭവമാണ് സിനിമ. സൃഷ്ടി പല നിലവാരങ്ങളിൽ ഉള്ളതാവാം. ആസ്വാദനത്തിലും പല നിലവാരങ്ങൾ ഉണ്ട്. ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന പല രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾക്ക് സാങ്കേതികമായി പലവിധ രീതികളും ഘടകങ്ങളും ഉണ്ട്. തിയേറ്ററിൽ എത്തുന്ന സിനിമ വെള്ളിത്തിരയിൽ പ്രത്യക്ഷമാകുന്ന ശാസ്ത്രത്തെ കുറിച്ച് ഒരു അന്വേഷണം.**

ക്യൂബ് കമ്പനി എൻജിനീയർ ഭൂപാലൻ ഗണേശനും നടിയും ഫിൽക്ക വൈസ് പ്രസിഡണ്ടുമായ അർപ്പണയും (ഗിരിജാ സുരേന്ദ്രൻ) തമ്മിലുള്ള സംഭാഷണം.

അർപ്പണാ: പഴയ പ്രൊജക്ഷൻ രീതിയി ൽ നിന്ന് വ്യത്യസ്തമായി ഇപ്പോഴത്തെ സാങ്കേതിക വിദ്യയിൽ ഉപയോഗിക്കുന്ന ശാസ്ത്ര ഘടകങ്ങൾ എന്തൊക്കെയാണ് ?

ഭൂപാലൻ ഗണേശൻ: ചലച്ചിത്രം ഒരു തീയേറ്ററിലെ വെള്ളിത്തിരയിൽ പ്രദർശിപ്പിക്കുന്ന പുതിയ സാങ്കേതിക രീതി ആരിലും ശാസ്ത്ര കൗതുകം ഉണർത്തുന്നതാണ്. മുൻകാലത്ത് മോട്ടോർ പ്രൊജക്ടറിൽ ഓടുന്ന സെല്ലുലോയ്ഡിൽ കാർബൺ കത്തിച്ചുള്ള വെളിച്ചം പതിപ്പിച്ച്, പ്രതിബിംബം വെള്ളി ത്തിരയിൽ പ്രതിഫലിപ്പിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. ഒപ്പം സെല്ലുലോയ്ഡിലെ സൗണ്ട് ട്രാക്കിൽ നിന്നും ശബ്ദം പ്രൊജക്ടർ വഴി സ്പീക്കറുകളിലേക്കും എത്തിക്കുന്ന രീതി. എന്നാൽ ഇപ്പോൾ പ്രതിബിംബങ്ങ ളുടെയും ശബ്ദങ്ങളുടെയും അത്ഭുതലോകം നവീനമായ ഡിജിറ്റൽ - ലേസർ സാങ്കേതിക

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

വിദ്യയിൽ എത്തിയിരിക്കുന്നു. ചലച്ചിത്ര വ്യവസായത്തെ തന്നെ വിസ്മയകരമായ ഒരു ലോകത്ത് എത്തിച്ചിരിക്കുന്നതിനു പിന്നിലെ പല ഘട്ടങ്ങളായുള്ള ശാസ്ത്ര വിദ്യകൾ അനുദിനം പുരോഗമിച്ചു കൊണ്ടിരിക്കു കയാണ്. നിർമ്മാണം പൂർത്തിയാക്കിയ ഒരു സിനിമാ ഫയൽ പ്രദർശനത്തിന് ഒരുങ്ങു മ്പോൾ, ഡിജിറ്റൽ സിനിമ പാക്കേജ് അല്ലെ ങ്കിൽ ഡിസിപി, ലൂമിനൻസ്, ക്യൂബ് - ഡോൾ ബി സിസ്റ്റം, 14 എഫ്. എൽ വെളിച്ച വിന്യാസം തുടങ്ങിയ പ്രധാന കാര്യങ്ങൾ ശ്രദ്ധിക്കേ ണ്ടതുണ്ട്.

**അർപ്പണാ : ഡിസിപി എന്നാൽ എന്തെന്ന് വിശദീകരിക്കാമോ?**

ഭൂപാലൻ: നിർമ്മാണം പൂർത്തിയാക്കിയ സി നിമയെ അതിൻറെ നിർമ്മാതാവ് വിവിധ ഫയൽ രൂപങ്ങളിലാണ് പ്രൊജക്ഷന് വേണ്ടി എത്തിക്കുന്നത്.

ഉദാഹരണത്തിന് വേവ് ഫയൽ, എം പി 4 തുടങ്ങിയവ. കൂടാതെ സബ്ടൈറ്റിലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന "മെറ്റ ഡാറ്റ" ഫയ ലും. ഇവ ഉൾപ്പെടുന്ന റോ ഫയൽ നിർ മ്മാതാവ് പ്രൊജക്ഷന് വേണ്ടി ക്യൂബ് പോലു ള്ള കമ്പനിയെ ഏൽപ്പിക്കു ന്നു. ഇത് ക്യൂബ് വയർ എന്ന നെറ്റ്‌വർ ക്കിലൂടെയാണ് എത്തിച്ചുകൊടുക്കുന്നത്. ഈ റോ ഫയൽ ലോകമാകെ പ്രദർശിപ്പിക്കുന്നതിനായി സമ ഗ്രമായ ഒരു പ്രത്യേക ഫയലിലേക്ക് മാറ്റേ ണ്ടതായിട്ടുണ്ട്. ആ ഫയ ലാണ് ഡിസിപി അഥവാ ഡിജിറ്റൽ സിനിമ പാക്കേജ്.



ഭൂപാലൻ ഗണേശൻ

**അർപ്പണാ: രണ്ടു മണിക്കൂർ സിനിമ റോ ഫയലിൽ നിന്നും ഡിസിപി ആക്കുന്നതിന് എത്ര സമയം, എത്ര തുക വേണ്ടിവരും ?**

ഭൂപാലൻ ഗണേശൻ: രണ്ടു മണിക്കൂർ സി നിമയെ ഡി സി പി എന്ന സമഗ്രമായ ഫയലി ലേക്ക് എക്സ്പോർട്ട് ചെയ്യുന്നതിന് ശരാശ രി അഞ്ചുമണിക്കൂർ എന്ന് കണക്കാക്കാം. അഞ്ചുമണിക്കൂർ സമയം എന്നത് വിവിധ സാങ്കേതിക കാര്യങ്ങൾ പരിശോധി ച്ചതിന് ശേഷം എക്സ്പോർട്ട് ചെയ്യുന്ന സമയമാ ണ്. ദൃശ്യപരമായും ശബ്ദപരമായും മെറ്റ ഡാറ്റ പരമായും എന്തെങ്കിലും കുറവുകൾ ഉ ണ്ടെങ്കിൽ അത് നിർമ്മാതാവിനെ അറിയി ക്കും. നിർമ്മാതാവ് അത്തരം കുറവുകൾ പരിഹരിച്ച് വീണ്ടും ഫയൽ എത്തിക്കുന്നു. അങ്ങനെ വീണ്ടും പല വിഭാഗങ്ങളായി പരി ശോധന നടക്കുന്നു. അവ ഏകോപിപ്പിച്ച്, ഒറ്റ ഫയൽ ആക്കുന്നതിന്, എക്സ്പോർട്ട് ചെ യ്യുന്നു. അങ്ങനെ എക്സ്പോർട്ട് ചെയ്ത് ഡി സി പി ആക്കുന്നു. അതായത് ഡിജിറ്റൽ സിനിമ പാക്കേജ്. ഇതിന് 15,000 മുതൽ 25000 രൂപ വരെ ചിലവ് വന്നേക്കാം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

**അർപ്പണാ: നിർമ്മാതാവ് റോ ഫയൽ തരുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് പരിശോധിക്കേണ്ടത്?**

ഭൂപാലൻ ഗണേശൻ: ഡിജിറ്റൽ സിനിമ ഔട്ട് പുട്ടിന് കുറഞ്ഞത് സ്ക്രീനിൽ 25000 ലൂമി നൻസ് ക്വാളിറ്റി ഉണ്ടായിരിക്കണം. അതു പോലെ ലൈറ്റിംഗ് ബ്രൈറ്റ്നസ് തുടങ്ങി യവയ്ക്ക് 14 എഫ് എൽ ആവശ്യമുണ്ട്. ആസ്‌പെക്ട് റേഷ്യോ മറ്റൊരു കാര്യമാണ്. ഇത് പൊതുവേ 2.39=1 ആണ്. എപ്പിക്ക് ആണെങ്കിൽ റേഷ്യോ 1.89=1 ആണ്. സിനിമ യുടെ ഗേജ് പോലെ ഈ റേഷ്യോയും വ്യ ത്യാസപെട്ടിരിക്കുന്നു. ഇങ്ങനെ പലവിധ കാ ര്യങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്.

**അർപ്പണാ: ശബ്ദ വിഭാഗവും ഉൾപ്പെടു ന്നില്ലേ?**

ഭൂപാലൻ ഗണേശൻ: തീർച്ചയായും. ക്യൂബ് പോലുള്ള കമ്പനി രണ്ടാമതായി ശ്രദ്ധിക്കുന്ന ത് ശബ്ദത്തിലാണ്. പൊതുവേ ഡോൾബി ഓഡിയോ സിസ്റ്റവുമായി കരാറിൽ ഏർപ്പെ ടുന്നു. ഡോൾബി സിസ്റ്റം സാധാരണ രീതി യിൽ 16 ട്രാക്ക് അല്ലെങ്കിൽ 32 ട്രാക്ക് ആ കും. ഈ 32 ട്രാക്കിലും പലവിധ ശബ്ദ സംവി ധാനമാണ് ക്രമീകരിച്ചിരിക്കുന്നത്. ഇവിടെ ഒരു പ്രശ്നം സാധാരണ രീതിയിൽ 32 ട്രാക്ക് ശബ്ദ ക്രമീകരണം ഒരു സാധാരണ സിനി മയ്ക്കു ഉണ്ടാവണം എന്നില്ല. വലിയ മുടക്കു മുതൽ ആവശ്യം ഉള്ള നിർമ്മാണമാണ് അത്. അതുകൊണ്ട് സാധാരണ രീതിയിൽ 16 ട്രാക്ക് അല്ലെങ്കിൽ അതിൽ താഴെ മാത്ര മേ ഉപയോഗിക്കാറുള്ളൂ. അറ്റ്മോസ് എ ന്നാൽ 64 ട്രാക്കുകളാണ്. ട്രാക്കുകൾ 5.1 അല്ലെങ്കിൽ 7.1 എന്നൊക്കെ ഉള്ള അളവിൽ ആകാം. ക്യൂബ് കമ്പനിയെ പോലെ സോണി, യു എഫ് ഓ പോലുള്ള മറ്റു കമ്പനികളും ഉണ്ട്. ക്യൂബ് പൂർണ്ണമായും ഇന്ത്യൻ കമ്പ നിയാണ്. ഏതാണ്ട് 2500 തിയേറ്ററുകളി ലാണ് ഇത് ഇന്ത്യയിൽ ക്രമീകരിച്ചിരി ക്കുന്നത്. ഇങ്ങനെ റോ ഫയലിൽ പലവിധ ഘടകങ്ങൾ പരിശോധിച്ചു കൃത്യമാ ക്കിയ ശേഷം, "ടൈം ലൈൻ" എക്സ്‌പോർട്ട് ചെയ്യുന്നു. അങ്ങനെ ഡിജിറ്റൽ സിനിമ പാക്കേജ് തയ്യാറാകുന്നു.

**അർപ്പണാ: ഡിസിപി തയ്യാറായാൽ പിന്നെ അടുത്തഘട്ടം പ്രൊജക്ഷൻ ആണല്ലോ. അതിനെക്കുറിച്ച് സൂചിപ്പിക്കാമോ ?**

ഭൂപാലൻ ഗണേശൻ: നിർമ്മാതാവിൽ നിന്ന് "കെ ഡി എം" അതായത് കീ ഡെലിവറി മെസ്സേജ് എന്ന ലൈസൻസ് കിട്ടിയാൽ അടുത്തതായി പ്രൊജക്ഷൻ ആണ്. ഇപ്പോൾ രണ്ടു വിധത്തിൽ പ്രൊജക്ഷൻ നടക്കുന്നു. ഒന്നാമതായി ലേസർ സാങ്കേതിക രീതി ഉപയോഗിച്ചുള്ളതാണ്. ഇത് ബാർകോ എസ് പി 4 കെ എന്ന ലേസർ പ്രൊജക്ടർ ഉപയോ ഗിച്ചാണ് നടത്തുന്നത്. മറ്റൊന്ന്, ലാമ്പ് സിസ്റ്റം ആണ്. ഇതിനായി പ്രൊജക്ടറിൽ ബൾബ് ഉപയോഗിക്കുന്നു.

**അർപ്പണാ: സ്ക്രീനിൽ ലഭിക്കേണ്ട ലൂമി നൻസ് കണക്കുകൾ എങ്ങനെയാണ്?**

ഭൂപാലൻ ഗണേശൻ : ലേസർ പ്രൊജക്ഷൻ ആണെങ്കിൽ ഏകദേശം 25,000 ലൂമിനൻസ് സ്ക്രീനിൽ കിട്ടിയിരിക്കണം. ലാമ്പ് പ്രൊജ ക്ടർ ആണെങ്കിൽ പന്ത്രണ്ടായിരം

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA

മുതൽ പതിനയ്യായിരം ലൂമിനൻസ് കിട്ടിയിരിക്കണം. ലാമ്പ് സിസ്റ്റം ഉപയോഗിക്കുമ്പോൾ 4000 വാട്സ് വരെ വൈദ്യുതി ആവശ്യമാണ്. ലേസർ രീതിയ്ക്ക് 1500 വാട്സ് വരെയേ വൈദ്യുതി ചെലവ് വരുന്നുള്ളു . സ്ക്രീനിന്റെ വലിപ്പവും പ്രൊജക്ടറിൽ നിന്നുള്ള ദൂരവും ഒക്കെ അളന്ന്, കൃത്യമായ വെളിച്ച വിന്യാസവും ശബ്ദവും സ്ക്രീനിലും ഹാളിലും കിട്ടേണ്ടതുണ്ട്. അതുപോലെ സീറ്റുകളുടെ എണ്ണവും അത് ക്രമീകരിച്ചിരിക്കുന്ന രീതിയും ഒക്കെ കാഴ്ചയെ സ്വാധീനിക്കുന്നുണ്ട്. ലേസർ പ്രോജെക്ഷൻ വഴി 25000 ലൂമിനൻസ് കിട്ടുമ്പോൾ എപ്പിക്ക് വിഭാഗത്തിൽ കിട്ടുന്നത് 55,000 ലൂമിനൻസ് ആണ്. ദക്ഷിണേന്ത്യയിൽ ഒരു തിയേറ്ററിൽ മാത്രമേ ഈ എപ്പിക്ക് പ്രൊജക്ഷൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുള്ളൂ. ഏറെയും ലേസർ സാങ്കേതികവിദ്യ ആണ് ഉപയോഗിക്കുന്നത്."

**അർപ്പണാ : "ഒരു ഫിലിം ഫെസ്റ്റിവൽ നടക്കുമ്പോൾ നൂറിലേറെ സിനിമകൾ വിദേശത്തു നിന്ന് വരുന്നു. ഇതിൽ റോ ഫയൽ ഉണ്ടായിരിക്കുമോ? എങ്കിൽ പരിശോധനയ്ക്ക് സമയമേറെ വേണ്ടിവരുമല്ലോ? "**

ഭൂപാലൻ ഗണേശൻ : "സിനിമകൾ ഏതൊക്കെയെന്ന് ക്യൂറേറ്റ് ചെയ്തുകഴിഞ്ഞാൽ നിർമ്മാതാവ് അല്ലെങ്കിൽ നിർമ്മാതാവ് ഏൽപ്പിച്ച ഏജൻസി ഫിലിം പ്രിന്റ് ഫയൽ, ക്യൂബ് വയർ വഴി ലൈസൻസ് പ്രകാരം ഞങ്ങൾക്ക് എത്തിച്ചു തരുന്നു. വിദേശ സിനിമകൾ മിക്കവാറും ഡിസിപി ആയിട്ടാവും അയക്കുക. കാരണം അവ മറ്റു വിദേശ ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിച്ചതാവും. എങ്കിൽകൂടി അത് ഓരോന്നും

വിശദമായി പരിശോധിച്ച്, സ്ക്രീൻ ചെയ്ത്, റിപ്പോർട്ട് തയ്യാറാക്കും. സ്ക്രീൻ ലുമിനൻസ്, 14 എഫ് എൽ വെളിച്ച വിന്യാസം, ശബ്ദം, മെറ്റ ഡാറ്റ, ആസ്പെക്ട് റേഷ്യോ തുടങ്ങി പലവിധ സാങ്കേതിക കാര്യങ്ങൾ കൃത്യമാക്കേണ്ട ജോലിയാണത്. ആ റിപ്പോർട്ട്, പ്രിന്റ് ക്വാളിറ്റി ചെക്ക് കമ്മറ്റിയും പരിശോധിക്കും. അന്തിമ റിപ്പോർട്ട് ഫെസ്റ്റിവൽ സംഘാടകരും പരിശോധിച്ച് ഉറപ്പ് വരുത്തും. റോ ഫയൽ വരുമ്പോൾ കൂടുതൽ ജോലി ഉണ്ടാവും. ഫെസ്റ്റിവൽ തുടങ്ങുന്നതിന് രണ്ട് മാസം മുൻപേ ഞങ്ങളുടെ പത്തിലേറെ പേർ വരുന്ന ടീം ഐ.എഫ്.എഫ്.കെ മേളയുടെ വിജയത്തിനായി പ്രവർത്തിക്കുന്നു."



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033




# ഐ.എഫ്.എഫ്.കെ യുടെ തുടക്കം

**ജോർജ്ജ് മാത്യു, ചലച്ചിത്ര.**



ലോകസിനിമയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് ഒറ്റത്തവണ ആഘോഷമെന്ന നിലയിലാണ് 1994-ൽ ഐ. എഫ്. എഫ്. കെ. ആദ്യമായി സംഘടിപ്പിക്കപ്പെടുന്നത്. കോഴിക്കോട് ഉത്സവവേദിയായി. സിനിമകൾ ഏറെയും ആർക്കൈവ്സിൽ നിന്നുള്ള ചിത്രങ്ങളുടെ സമാഹരണമായിരുന്നു. പല ആവൃത്തി തിരുവനന്തപുരത്ത് പ്രദർശിപ്പിച്ചു കഴിഞ്ഞ ചിത്രങ്ങളുമായിരുന്നു. ആ മേള പുതിയൊരു അധ്യായത്തിന് തുടക്കം കുറിക്കുകയാണുണ്ടായത്. കോഴിക്കോട്ടെയും പരിസരങ്ങളിലെയും സിനിമാപ്രേമികൾ 1994 - ഐ.എഫ്. എഫ്. കെ യെ ഉത്സവമാക്കി.

ഐ.എഫ്. എഫ്. കെ -1995 തിരുവനന്തപുരത്ത് നവംബർ ഒന്നു മുതൽ ഏഴു വരെ അരങ്ങേറി. അന്തരിച്ച പി.കെ.നായർ ആർട്ടിസ്റ്റിക് ഡയറക്ടറായ ആ മേളയുടെ ഫെസ്റ്റിവൽ ബുക്ക് (കാറ്റലോഗ്) എഡിറ്റ് ചെയ്യാനുള്ള ഉത്തരവാദിത്തം എന്നിൽ നിക്ഷിപ്തവുമായി. ഒരു മാസം പ്രസ് ക്ലബിൽ നിന്ന് നിയോഗിക്കപ്പെട്ട ജേർണലിസം വിദ്യാർത്ഥികളുടെ പിന്തുണയോടെ നടത്തിയ പരിശ്രമം, ആ മേള പോലെ, പ്രതീക്ഷയ്ക്കൊത്തു ഉയർന്നില്ല. 25 ലക്ഷം രൂപയായിരുന്നു മേളയുടെ മൊത്തം ബജറ്റ്. എന്നാൽ 18 ലക്ഷത്തിന് മേള നടന്നു. ചെലവ് ചുരുക്കിയത് കൊണ്ടാണോ ജനപങ്കാളിത്തം കൊണ്ടാണോ എന്താണ് എന്നറിയില്ല, മുഖ്യമന്ത്രി ശ്രീ എ.കെ.ആന്റണി മേള തുടരാനാണ് ആവശ്യപ്പെട്ടത്.

ഒരു മാസത്തെ ആ ഫെസ്റ്റിവലുമായുള്ള സഹവാസം എനിക്ക് പുത്തൻ അറിവുകൾ ഏറെ നല്കി. എങ്ങനെയൊക്കെ ഒരു മേള നടത്താൻ പാടില്ല എന്നു മനസിലായി.

1996ൽ ഐ.എഫ്. എഫ്. കെ നടന്നില്ല. കാരണം 1997 ജനുവരിയിൽ ഐ.എഫ്. എഫ്. ഐ അരങ്ങേറേണ്ടിയിരുന്നു. സർ

കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ക്കാർ ഐ. എഫ്. എഫ്. കെ യ്ക്കു മാറ്റിവച്ച പണം അതിനായി നീക്കി വച്ചു. IFFI യിലും ചലച്ചിത്രമേളയിലും ഞാൻ കൂടി ഭാഗഭാക്കായ തിരുവനന്തപുരത്തെ ചലച്ചിത്ര ഫിലിം സൊസൈറ്റിയ്ക്കും എനിക്കും ഫലപ്രദമായി ഇടപെടുവാൻ കഴിഞ്ഞു.

1976-ൽ ISRO - യിലെ സുഹൃത്തുക്കളുമൊത്ത് ആരംഭിച്ചതാണ് ചലച്ചിത്ര ഫിലിം സൊസൈറ്റി. ആഴ്ചയിൽ ഒരു ദിവസം തിരുവനന്തപുരത്തെ ഏതെങ്കിലും ഒരു തീയേറ്ററിൽ പ്രദർശനം. കാണികളുടെ പങ്കാളിത്തം വർധിച്ചതോടെ ഇന്റർനാഷണൽ ഫിലിം പാക്കേജ് ഫെസ്റ്റിവലുകളും തുടങ്ങി. അക്കാലത്ത് പി. ആർ. ഡി യുടെ കീഴിലുള്ള ടാഗോർ തീയേറ്റർ ഫിലിം സൊസൈറ്റികൾക്ക് കുറഞ്ഞ നിരക്കിൽ അനുവദിച്ചത് പ്രദർശനത്തെ എളുപ്പമാക്കി. ചലച്ചിത്ര കലയുടെ സംസ്കാരവും ചരിത്രവുമൊക്കെ പഠിക്കാൻ ഒട്ടേറെ പേർക്ക് അവസരം നൽകി. "ചലച്ചിത" ലോക സിനിമയുടെ ഒരു യൂണിവേഴ്സിറ്റി ആയിരുന്നു എന്ന് വിലയിരുത്തുന്നവർ ഇപ്പോഴും ധാരാളമുണ്ട്. അവരിൽ സിനിമാ നിരൂപകരും സംവിധായകരുമായി വളർന്നു വന്നവരുമുണ്ട്.

1995 -ലെ IFFK പരാജയവും 1996- ലെ അതിന്റെ പിൻവാങ്ങലും ഒരു സുവർണ അവസരമായി "ചലച്ചിത്ര" വിനിയോഗിച്ചു. ചലച്ചിതയുടെ ഇരുപതാം വാർഷികം, ട്രിവാൻഡ്രം ഇന്റർനാഷനൽ ഫിലിം ഫെസ്റ്റിവൽ എന്ന പേരിൽ (ട്രിഫ് എന്ന് പിൽക്കാലത്തു പ്രശസ്തം ) ഒരു അന്താരാഷ്ട്ര ചലച്ചിത്രമേള 1996 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ മൂന്നുവരെ സംഘടിപ്പിച്ചു. ഫെസ്റ്റിവൽ ഡയറ



Shaji, Devan (Namboothiri's son), N.Mohanan, Aravindan, Namboothiri, George Mathew, & P. Bhaskaran.

ക്ടറുടെ ഉത്തരവാദിത്തവും കാറ്റലോഗിന്റെ പൂർണ ചുമതലയും ഞാൻ ഏറ്റെടുത്തു. ഒറ്റത്തവണ എന്ന ഇരുപതാം വാർഷിക പരിപാടി ജനപങ്കാളിത്തത്തിലൂടെ ഒരു സ്ഥിരം മേളയായും മാറി. ചലച്ചിത്രയുടെ ആത്മമിത്രമായ ശ്രീ ബുദ്ധദേവ് ദാസ്ഗുപ്തയാണ് അന്ന് ഉദ്ഘാടനം നിർവഹിച്ചത്. തുടർന്ന് പതിനെട്ടു വർഷം ഈ മേള മുടക്കമില്ലാതെ തുടർന്നു.

1998- ൽ ഐ. എഫ് എഫ്. കെ. യുടെ ആർട്ടിസ്റ്റിക് ഡയറക്ടർ സ്ഥാനത്ത് ബീനപോൾ നിയമിതയായി. നാം ഇന്നു കൊണ്ടാടുന്ന ഐ. എഫ്. എഫ്. കെ. യുടെ പ്രാഗ് രൂപം അങ്ങിനെ 1998- ലാണ് രൂപം കൊള്ളുന്നത്.

1999-ൽ ചലച്ചിത്ര അക്കാദമിയും രൂപം കൊണ്ടു. ശ്രീ ഷാജി.എൻ. കരുൺ ചെയർമാനായി. ബീന പോൾ സീ- ഡിറ്റിലേക്കു മടങ്ങി. 1999-ൽ കൊച്ചിയിലും രണ്ടായിരത്തിൽ കോഴിക്കോട്ടും മേള ഗംഭീരമായി തന്നെ നടന്നു. 2001 -ൽ മേള തലസ്ഥാനത്തേക്കു മടങ്ങി. പിന്നീട് ഐ. എഫ്. എഫ്. കെ. തിരുവനന്തപുരത്ത് മാത്രമായി.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

1999-ൽ ലോകസിനിമാ വിഭാഗത്തിന്റെ മൂന്നംഗ സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെട്ട തൊഴിച്ചാൽ 2003 വരെ മേളയിൽ എനിക്കു കാര്യമായ റോളൊന്നുമുണ്ടായില്ല. എന്നാൽ ഫെസ്റ്റിവൽ ബുക്കിന്റെ കാര്യത്തിൽ അക്കാലമത്രയും ഒരു റെഫറൻസ് സോഴ്സായി ഞാൻ സഹകരിക്കുന്നുണ്ട് താനും.

2003 മലയാള സിനിമയുടെ 75-ാം വാർഷികമായിരുന്നു. അത് സമുചിതമായി ആഘോഷിക്കാനും തീരുമാനിക്കപ്പെട്ടു. മലയാളത്തിലെ മികച്ച 20 സിനിമകൾ ശ്രീകുമാരൻ തമ്പിയും ഞാനും മറ്റു നാലുപേരും ഉൾപ്പെടെയുള്ള സമിതി തെരഞ്ഞെടുത്തു. ആ ചിത്രങ്ങൾക്കു മാത്രമായി ഒരു പ്രത്യേക ബ്രോഷർ ഇറക്കാനും തീരുമാനിച്ചു. അതിന്റെ പൂർണ ചുമതല എനിക്കു നിർവഹിക്കേണ്ടി വന്നു.

പിന്നീടുള്ള വർഷങ്ങളിൽ തൊട്ടും തൊടാതെയുമുള്ള സഹകരണങ്ങൾ മാത്രമായിരുന്നു എനിക്ക്. അക്കാലത്ത് ടിഫ് (ടി.ഐ.എഫ്. എഫ്) അതിന്റെ സുവർണകാലത്തിലൂടെ കടന്നുപോവുകയായിരുന്നു.

2012 IFFK യിൽ ഇന്ത്യൻ-മലയാളം സിനിമകളുടെ തെരഞ്ഞെടുപ്പുകളിൽ നിർണായക പങ്കുവഹിക്കാൻ കഴിഞ്ഞു. എന്നാൽ 2013-ലെ സെക്രട്ടേറിയറ്റ് വളയൽ സമരത്തിൽ കുടുങ്ങി TIFF (18th edition) അവസാനിപ്പിക്കേണ്ടിയും വന്നു.

2013-ൽ പക്ഷേ മറ്റൊന്നു സംഭവിച്ചു. 1913-ൽ ആരംഭിച്ച ലോകസിനിമയുടെ സാങ്കേതിക പരിവർത്തനങ്ങളുടെ നൂറാം വാർഷികം ഗംഭീരമായി ആഘോഷിക്കാൻ IFFK-യിൽ തീരുമാനിക്കപ്പെട്ടു. ഒരു പടുകൂറ്റൻ പ്രദർശനം കനകക്കുന്നിൽ അരങ്ങേറുന്നു. കെ. എസ്.എഫ്.ഡി. സിയിൽ നിന്നും മെരിലാൻഡിൽ നിന്നും വിന്റേജ് ക്യാമറകളും പ്രൊജക്ടറുകളും ഒക്കെ ഉൾപ്പെട്ട ബൃഹത്തായ പ്രദർശനം. ഏഴു സാങ്കേതികവിഭാഗങ്ങളിലായി മുന്നൂറിൽപ്പരം ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. അടുത്തിടെ അന്തരിച്ച ശ്രീ സാബു പ്രവദ കൂറേറ്റ് ചെയ്ത ആ ചിത്രങ്ങൾ പിന്നീട് അക്കാദമിയുടെ മുഖ്യ ശേഖരമായി. ഭാഗ്യവശാൽ ഈ പ്രദർശനത്തിന്റെ ആശയവും - അവതരണവും (Concept & Realisation) രൂപപ്പെടുത്താൻ ഞാൻ നിയുക്തനാവുകയായിരുന്നു.

2014 ഐ. എഫ്. എഫ്. കെ യുടെ ചരിത്രത്തിലെ ഒരു ഇരുണ്ട വർഷമായിരുന്നു. ആർട്ടിസ്റ്റിക് ഡയറക്ടറായി ശ്രീമതി ഇന്ദു ശ്രീകാന്ത് എത്തി. ശ്രീ രാജീവ് നാഥ് ചെയർമാനായുള്ള അക്കാദമിയിൽ നിന്ന് ഫെസ്റ്റിവലിന്റെ ചുമതല ശ്രീ അടൂർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള പത്തംഗ സമിതിയ്ക്കു കൈമാറി. ടിക്കറ്റിംഗ് കംപ്യൂട്ടർവൽക്കരിച്ചെങ്കിലും ആദ്യ ദിവസം തന്നെ തകരാറിലായി. പിന്നീടങ്ങോട്ട് തുടരാനുമായില്ല. മേള കുഴപ്പമില്ലാതെ നടന്നതിൽ ശ്രീ അടൂർ കമ്മിറ്റിയുടെ ഇടപെടൽ നിർണായകമായി. ആദ്യമായി ഫിലിം മാർക്കറ്റിന് ലക്ഷ്യബോധം ഉണ്ടായി. മലയാള സിനിമാ വിഭാഗത്തിൽ ഉൾപെടുന്ന (7+2) ചിത്രങ്ങളിൽ മികച്ച രണ്ട് ചിത്രങ്ങൾക്ക് രണ്ട് ലക്ഷം രൂപ അധിക സബ്സിഡിയായി ഉൾപെ

ടുത്തി. ആ കമ്മിറ്റിയിൽ ഫലപ്രദമായി പ്രവർത്തിക്കാൻ അടൂർജി നൽകിയ അവസരം നന്ദിപൂർവം സ്മരിക്കുന്നു.

തുടർന്ന് ഒന്നിടവിട്ട വർഷങ്ങളിൽ എന്റെ റോൾ സെലക്ഷൻ (IFFK) കമ്മിറ്റി അംഗമായിട്ടായിരുന്നു. ആധുനികരീതിയിൽ അക്കാദമി അയച്ചു തരുന്ന ലിങ്ക് ഉപയോഗിച്ച് നൂറ്റമ്പതോളം വിദേശ ചിത്രങ്ങൾ ഗ്രേഡ് ചെയ്യാൻ രണ്ടുമാസത്തോളം സമയം തരും. മറ്റംഗങ്ങളുമായി യാതൊരു ബന്ധവുമില്ല എന്നു മാത്രമല്ല അവർ ആരൊക്കെയാണെന്ന് അറിയുന്നത് തന്നെ ഫെസ്റ്റിവൽ ബുക്കിൽ നിന്നുമായിരുന്നു. ഈ പ്രക്രിയ നൽകുന്ന ഒരു ഗുണം ചില സിനിമകൾ ഒന്നിലേറെ തവണ കാണാനാവും എന്നതാണ്. അറുബോറൻ സിനിമകൾ നിർത്തിവയ്ക്കാം. പിന്നെ തിരക്കേറിയ ഫെസ്റ്റിവൽ ദിനങ്ങളിൽ പല സിനിമകളും കാണേണ്ടിവരുന്നുമില്ല.

2020-ൽ കോവിഡ് കാരണം ഫെസ്റ്റിവൽ മുടങ്ങി. 2021-ൽ പുനർജീവിച്ചത് നാലിടങ്ങളായി മേള പുനർവിന്യസിച്ചുകൊണ്ടാണ്. ഒരു നിയോഗം പോലെ അക്കാദമി ജനറൽ കൗൺസിൽ അംഗമായി. 2021-ലും 2022-ലും കൗൺസിൽ അംഗത്വത്തിന്റെ വലിപ്പം ആസ്വദിച്ചു.

മാത്രമല്ല, ഐ. എഫ്. എഫ്. കെ. ഇരുപത്തിയഞ്ചാം വാർഷികം 2021-ൽ നിശാഗന്ധിയിൽ സമുചിതമായി ആഘോഷിച്ചു. വേദിയിൽ മൂന്നും സദസ്സിൽ ഇരുപത്തിരണ്ടും മൺചിരാതുകൾ ഭംഗിയുള്ള പീഠങ്ങളിൽ ഇടയ്ക്കിടെ സ്ഥാപിച്ചിരുന്നു. ഐ.


Mani Kaul, George Mathew. (1977)

എഫ്. എഫ്. കെ യുമായി 20-25 വർഷം സഹകരിച്ച 22 പേർക്ക് സദസ്സിൽ പ്രത്യേക ഇരിപ്പിടം നൽകി. അതിലൊരാളാകുവാൻ എനിക്ക് ലഭിച്ച അവസരത്തെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

മറ്റൊരു കാര്യം ഇപ്പോൾ ഓർമ്മ വരുന്നത് ഓപ്പൺ ഫോറത്തിന്റെ ഉല്പത്തിയെക്കുറിച്ചാണ്. 1988-ൽ തിരുവനന്തപുരത്തു നടന്ന ഫിലിമോത്സവത്തിൽ ഓപ്പൺ ഫോറം എന്നത് അടൂർ ഗോപാലകൃഷ്ണന്റെയും അരവിന്ദന്റെയും ഒരാശയമായിരുന്നു. അതിന് മൂർത്തഭാവം നൽകാൻ നിയുക്തനായതും ഞാനും. ഓരോ നിയോഗം!

പിന്നീടുള്ള എല്ലാ ഐ.എഫ്. എഫ്. ഐയുടെയും ഔദ്യോഗിക ഭാഗമായി " ഓപ്പൺ ഫോറം" മാറി. എന്നാൽ കഴിഞ്ഞ ഇരുപതിൽപ്പരം വർഷമായി IFFI/IFFK ഓപ്പൺ ഫോറം സംഘാടനങ്ങളിൽ ഞാനുണ്ടായിരുന്നില്ല. ദിശമാറ്റം താൽപ്പര്യം നഷ്ട്ടപ്പെടുത്തി.

കേരളത്തിന്റെ രാജ്യാന്തര ഫിലിം ഫെസ്റ്റിവൽ - ഐ. എഫ്. എഫ്. കെ ലക്ഷ്യബോധത്തോടെ, അർത്ഥവത്തായി മുന്നോട്ട് പോകട്ടെ. അത് ഒരു ചലച്ചിത്ര യൂണിവേഴ്സിറ്റിയുടെ ഫലം ഉളവാക്കട്ടെ! മംഗളം നേരുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



# ലൈഫ് ടൈം അച്ചീവ്മെന്റ്

## ക്രിസ്റ്റഫ് സനൂസി

ജ്യോതിഷ് കുമാർ പി.എസ്. , (ജോയിന്റ് സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)



കേരളത്തിന്റെ 28 - മത് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ലഭിച്ചത് പോളിഷ് ചലച്ചിത്ര സംവിധായകനും നാടകസംവിധായകനും ഗ്രന്ഥകാരനും നിർമ്മാതാവും തിരക്കഥാകൃത്തുമായ ക്രിസ്റ്റോഫ് സനൂസി (Krzysztof Pius Zanussi) ക്കാണ്.

ഐ.എഫ്.എഫ്.കെ യുടെ സമാപന വേദിയിൽ വെച്ച് മലയാളത്തിന്റെ അഭിമാനമായ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണനാണ് സനൂസിക്ക് പുരസ്കാരം കൈമാറിയത്.

1939 ജൂലൈ 17-ന് വാഴ്സോയിൽ ജനിച്ച സനൂസി വാർസോ സർവകലാശാലയിൽ ഭൗതികശാസ്ത്രവും ക്രാക്കോവിലെ ജാഗിയേലോനിയൻ സർവകലാശാലയിൽ തത്ത്വചിന്തയും പഠിച്ചു. ലോഡിലെ പ്രശസ്തമായ നാഷണൽ ഫിലിം സ്കൂളിൽ നിന്ന് ബിരുദവും നേടി.

1950കളിലും 1960കളിലും അമേച്വർ ഫിലിം മൂവ്മെന്റിലെ പ്രവർത്തനങ്ങളിൽ സനൂസിയുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെട്ടു.

1969-ൽ തന്റെ ആദ്യത്തെ ഫീച്ചർ ഫിലിം "ദ സ്ട്രക്ചർ ഓഫ് ക്രിസ്റ്റൽസ്" സംവിധാനം ചെയ്തു.

1996-ൽ പുറത്തിറങ്ങിയ "അറ്റ് ഫുൾ ഗാലപ്പ് " എന്ന ചിത്രത്തെ തന്റെ ഏറ്റവും ആത്മകഥാപരമായ കൃതിയായി സനുസി വിശേഷിപ്പിച്ചു.

പോളിഷ് അല്ലെങ്കിൽ അന്താരാഷ്ട്ര ചലച്ചിത്ര നിർമ്മാണത്തിൽ വ്യക്തമായി നിർവചിക്കപ്പെട്ട പാതയിലോ കല്പനയിലോ സനൂസിയുടെ സിനിമകളെ പരിഗണിക്കാനാവില്ല. സംവിധായകനെന്ന നിലയിൽ മറ്റുള്ളവരുടെ

അഭിരുചികൾക്കും ശൈലികൾക്കും വിധേയനല്ല അദ്ദേഹം.

തന്റെ സിനിമകൾ പ്രാഥമികമായി സാഹിത്യത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് എന്നും ഒരുതരം മനുഷ്യ സംസാരമാണ് അവയെന്നും വിഷ്വൽ സിനിമ എന്ന ആശയം എപ്പോഴും തന്നിൽ സംശയങ്ങൾ ഉയർത്തിയിട്ടുണ്ട് എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

Family Life, Behind the Wall, Illumination, Camouflage, Spiral എന്നിവയുൾപ്പെടെയുള്ള സിനിമകൾ നിർമ്മിച്ച 1970-കളിൽ ആണ് സനൂസിയുടെ ജീവിതത്തിലെ കലയുടെ സുപ്രധാന കാലഘട്ടം.

മൂല്യങ്ങൾക്കിടയിലുള്ള തിരഞ്ഞെടുപ്പും അവ നിരസിച്ചതിന്റെ പ്രലോഭനവും അഭിമുഖീകരിക്കുന്ന മനുഷ്യൻ ഒരു പ്രത്യേക കഥാപാത്രമായി ഈ കാലഘട്ടത്തിൽ സനൂസിയുടെ സിനിമകളിലെ പ്രധാന നായകനായി മാറി.

വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ മണ്ഡലവും ഈ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ജീവിതരീതിയും തമ്മിലുള്ള വിട്ടുവീഴ്ചയിൽ പ്രകടിപ്പിക്കുന്ന ധാർമ്മിക സംവേദനക്ഷമതയാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങളുടെ മുഖമുദ്ര.

സനൂസി സിനിമകൾ "ഓഥർ സിനിമയുടെ" ഉദാഹരണങ്ങളായി കണക്കാക്കപ്പെടുന്നു. അദ്ദേഹത്തിന്റെ മിക്കവാറും എല്ലാ സിനിമകൾക്കും അദ്ദേഹം തന്നെയാണ് തിരക്കഥയെഴുതിയിട്ടുള്ളത്. തുറന്ന സംഭാഷണത്തിന്റെ സാങ്കേതികത ഉപയോഗിച്ച് അഭിനേതാക്കളെ മെച്ചപ്പെടുത്താൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

മനഃശാസ്ത്രപരമോ ധാർമ്മികമോ ആയ യുക്തികളുടെ കൂട്ടിയിടിയിൽ നിന്ന് നാടകീയമായ പിരിമുറുക്കം സൃഷ്ടിക്കുമ്പോൾ, ഇതിവൃത്തത്തിലെ അവസ്ഥയുടെ പ്രാഥമികതയെ കുറച്ചുകാണാനുള്ള യുക്തി അവശേഷിപ്പിച്ചുകൊണ്ട് നായകന്മാരെ അത്ര വ്യക്തമല്ലാത്ത രീതിയിൽ ചിത്രീകരിക്കാൻ സനൂസി ശ്രമിച്ചു.

ഒരു കലാകാരൻ ആരുടെയും സ്വന്തമല്ല, അവന്റെ കല എല്ലാവരുടെയും ഉടമസ്ഥതയിലായിരിക്കണം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സനൂസിയുടെ സൃഷ്ടികളിലെ പ്രധാന ചിന്താ പ്രവണത മരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധമാണെന്ന് ആൻഡ്രെജ് കിജോവ്സ്കി എഴുതിയിട്ടുണ്ട്.

തന്റെ കൃതികളിൽ, സ്നേഹം, മരണം, സന്തോഷം, മനസ്സാക്ഷി എന്നിവയുടെ ശാശ്വതമായ പ്രശ്നം സനൂസി ഉയർത്തുന്നു. അവ ഇന്നത്തെ ലോകത്ത് എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്ന് നിരീക്ഷിക്കുന്നു.



സനൂസിയുടെ സിനിമയുടെ സവിശേഷത യാണ് ദ്വന്ദ്വങ്ങൾ. അതിലെ ക്രിസ്ത്യൻ വിശ്വാസം ശാസ്ത്രജ്ഞന്റെ യുക്തിവാദവു മായി തികച്ചും വ്യത്യസ്തമാണ്.

1980-കളുടെ അവസാനത്തിൽ, ഇംഗ്മർ ബർഗ്മാനുമായി ചേർന്ന് അദ്ദേഹം യൂറോ പ്യൻ ഫിലിം അക്കാദമി സ്ഥാപിച്ചു. നിലവിൽ, സ്വിറ്റ്സർലൻഡിലെ യൂറോപ്യൻ ഗ്രാജ്വേറ്റ് സ്കൂളിലും കാറ്റോവിസിലെ സിലേഷ്യ സർവ കലാശാലയിലെ ക്രിസ്റ്റോഫ് കീസ്ലോവ്സ്കി ഫിലിം സ്കൂളിലും പ്രൊഫസറായി സേവന മനുഷ്ഠിക്കുന്നു. കൂടാതെ ഇറ്റാലിയൻ പീ പ്പിൾ ആന്റ് റിലീജിയൻസ് - ടെർണി ഫിലിം ഫെസ്റ്റിവലിന്റെ ഓണററി പ്രസിഡന്റാണ് അദ്ദേഹം.

1971 മുതൽ 1983 വരെ പോളിഷ് ഫിലിം മേക്കേഴ്സ് അസോസിയേഷന്റെ വൈസ് പ്രസിഡന്റായും 1975 മുതൽ 1977 വരെ പോളിഷ് ഫെഡറേഷൻ ഓഫ് ഫിലിം ഡിസ്കഷൻ ക്ലബ്ബിന്റെ ചെയർമാനായും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1990-ൽ യൂറോ പ്യൻ ഫെഡറേഷൻ ഓഫ് ഓഡിയോവിഷ്വൽ പെർഫോമേഴ്സിന്റെ പ്രസിഡന്റായി അദ്ദേ ഹം തിരഞ്ഞെടുക്കപ്പെട്ടു. വത്തിക്കാനിലെ പൊന്തിഫിക്കൽ കമ്മീഷൻ ഫോർ കൾച്ച റൽ അഫയേഴ്സിന്റെ കൺസൾട്ടന്റും യൂ റോപ്യൻ ഫിലിം അക്കാദമി അംഗവുമാണ് സനൂസി.

ചലച്ചിത്രനിർമ്മാണത്തിന് പുറമേ, തിയേറ്റർ, ഓപ്പറ എന്നിവ പഠിപ്പിക്കുന്നതിനും സംവിധാ നം ചെയ്യുന്നതിനും സനൂസി സജീവമായി പങ്കെടുക്കുന്നു.

1967 -ലെ Twarzą w Twarz (Face to Face) മുതൽ 2014 -ലെ Foreign Body വരെ ഏകദേശം 42 -ഓളം ചലച്ചിത്രങ്ങളും 1966 -ലെ Maria Dąbrowska മുതൽ 1996 - 'Do Not Be Afraid', ' The Life and Teachings of Pope John Paul II' വരെ ഏകദേശം 13 -ഓളം ഡോക്യുമെന്ററികളും 5 -ഓളം തിരക്കഥക ളും 3 - ഓളം ടെലിവിഷൻ നാടകങ്ങളും 8 -ഓളം സ്റ്റേജ് നാടകങ്ങളും അദ്ദേഹ ത്തിന്റെതായുണ്ട്.

1971-ലെ Award of the Ministry of Culture and the Arts for artistic grade III മുതൽ 2023- ലെ 28 -മത് ഐ.എഫ്.എഫ്.കെ-യിലെ Award for Lifetime Achievement വരെ ക്രിസ്റ്റോഫ് സനൂസിക്ക് ലഭിച്ച പുരസ്കാ രങ്ങൾ എണ്ണമറ്റതാണ്.

1974 -ലെ ലൊകാർണോ ഫിലിം ഫെസ്റ്റി വലിൽ "ഇല്യൂമിനേഷൻ "എന്ന ചിത്രത്തിന് ഗോൾഡൻ ലെപ്പേർഡ് പുരസ്കാരം, 1977 -ലെ ഗ്ഡിനിയ ഫിലിം ഫെസ്റ്റിവലിൽ "Camouflage" എന്ന ചിത്രത്തിന് ശ്രദ്ധേ യമായ ഗ്രാൻഡ്സ് പ്രിക്സ് പുരസ്കാരം, 1980- ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ 'ദ കോൺസ്റ്റന്റ് ഫാക്ടർ 'എന്ന ചിത്രത്തിന് മികച്ച സംവിധായകനുള്ള പുരസ്കാരം, 1982 -ലെ വെനീസ് ഫിലിം ഫെസ്റ്റിവലിൽ 'ഇംപ രറ്റീവ് ' എന്ന ചിത്രത്തിന് സ്പെഷ്യൽ ജൂറി പുരസ്കാരം, 1984 -ലെ വെനീസ് ഫിലിം ഫെസ്റ്റിവലിൽ "എ ഇയർ ഓഫ് ദി ക്വയറ്റ് സൺ" എന്ന ചിത്രത്തിന് ഗോൾഡൻ ലയൺ പുരസ്കാരം, 1992- ലെ ടോക്കിയോ ഫിലിം ഫെസ്റ്റിവലിൽ ' ദ സയലന്റ് ടച്ച് ' എന്ന ചിത്രത്തിന് ഗ്രാൻഡ് പ്രിക്സ് പുരസ്കാരം,

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

1996 -ലെ ടോക്കിയോ ഫിലിം ഫെസ്റ്റിവലിൽ ' അറ്റ് ഫുൾ ഗാലപ്പ് ' എന്ന ചിത്രത്തിന് സ്പെഷ്യൽ ജൂറി പുരസ്കാരം, 2000 -ലെ ഗ്ഡിനിയ ഫിലിം ഫെസ്റ്റിവലിൽ "Life as a Fatal Sexually Transmitted Disease" എന്ന ചിത്രത്തിന് ഗ്രാൻഡ്സ് പ്രിക്സ് പുരസ്കാരം എന്നിവയടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ച സനൂസിയെ 2012 നവംബറിൽ ഗോവയിൽ വെച്ച് നടന്ന ഇന്ത്യയുടെ 43 -മത് അന്തർദേശീയ ചലച്ചിത്രമേളയിൽ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു.

സിനിമയെന്ന ദൃശ്യകലയ്ക്ക് നൽകിയ നല്കിയ സംഭാവനകൾ കൊണ്ട് സമാന തകൾ ഇല്ലാത്ത ഒരു ലോക ചലച്ചിത്രകാരൻ ആണ് ക്രിസ്റ്റോഫ് സനൂസി.

ക്രിസ്റ്റോഫ് സനൂസിയുടെ ഓഥർ സിനിമ ശൈലിക്ക് ആഗോള ചലച്ചിത്ര ചരിത്രത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. സാങ്കേതിക വൈദ ഗ്ധ്യം, നിരീക്ഷണ ബോധം, അസാധാ രണമായ സംവേദനക്ഷമത എന്നിവയ്ക്ക് പുറമെ, തത്ത്വചിന്തയും മനഃശാസ്ത്രവും ഒക്കെ സനൂസിയുടെ സൃഷ്ടികളിൽ പലപ്പോഴും ശാസ്ത്രവുമായി കൈകോർക്കുന്നു. ഇവിടെ സനൂസിയിലെ സംവിധായകന്റെ സർഗാത്മകത കടപ്പെട്ടിരിക്കുന്നു. ഭൗതിക ശാസ്ത്രത്തിന് പ്രത്യേക ഊന്നൽ നൽകി യിട്ടുമുണ്ട് . മനഃശാസ്ത്രം, ഭൗതിക ശാസ്ത്രം എന്നീ രണ്ട് വിഷയങ്ങളുടെ സമന്വയം ഒരു മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നേടാനും അതിൽ നിന്ന് പലപ്പോഴും വേദനാജനകമായ, സത്യസന്ധ മായ സത്യങ്ങൾ വേർതിരിച്ചെടുക്കാനും സഹായിക്കുന്നു. ഈ പ്രക്രിയ യഥാർത്ഥവും ബഹുമുഖവുമായ രീതിയിൽ നടത്താൻ സനൂസിക്ക് കഴിയുന്നു. സനൂസി തന്നെ പലപ്പോഴും പരാമർശി ക്കുന്നതുപോലെ, അദ്ദേഹത്തിന്റെ വ്യഗ്രത യുടെ സ്വഭാവം, പ്രത്യേകിച്ച് റോബർട്ട് ബ്രെസൺ അല്ലെങ്കിൽ ഇംഗ്മർ ബർഗ്മാൻ എന്നിവരിൽ നിന്ന് പ്രചോദനം ഉൾക്കൊ ണ്ടതാണ്.

സനൂസിയുടെ കൃതികളിലെ ആവർത്തി ച്ചുള്ള വിഷയങ്ങളിൽ അവഗണന, നഷ്ടം, പരാജയം അല്ലെങ്കിൽ ജീവിതത്തിലെ നിരാ ശകൾ എന്നിവ കാഴ്ചക്കാരിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു. കൂടുതൽ ആഹ്ലാദി ക്കുന്നതിന് ഒരു നല്ല തുടക്കവും നൽകുന്നു. ഇത് പ്രതിഫലിപ്പിക്കുന്നത് ചിലപ്പോൾ വെല്ലുവിളി നിറഞ്ഞതും ദൃശ്യപരമായി മിനുക്കിയതുമാണ്. ഈ വിഷയങ്ങളെ ക്കുറിച്ചുള്ള എല്ലാ ചർച്ചകളിലും ആധുനി കമായ അപൂർവവും ആവശ്യമുള്ളതുമായ ഇടപെടൽ കൂടുതൽ ചോദ്യചിഹ്നങ്ങൾ ഉയർത്തുന്നുണ്ട്.

പലപ്പോഴും പ്രകൃതിയുടെ ഒരു സ്മാരക ലോകം നമ്മുടേതുമായി ലയിച്ചുചേരുന്നുണ്ട്. മനുഷ്യ പ്രശ്നങ്ങളുടെ നിസ്സാരതയെ ക്കുറിച്ചും സനൂസിയുടെ സിനിമകൾ ഓർമ്മിപ്പിക്കുന്നു. ഇത് ഭൂമിയുടെയും പ്രപഞ്ചത്തിന്റെയും വീക്ഷണകോണിൽ അർത്ഥശൂന്യമാണെങ്കിലും, സംവിധായകൻ അവയെ സൂക്ഷ്മമായി പരിശോധിക്കുന്നു. അദ്ദേഹത്തിന്റെ ചലച്ചിത്ര കൃതികളെ പല പ്പോഴും ധാർമ്മിക ഉത്കണ്ഠയുടെ സിനിമ എന്ന് നിരൂപകർ വിളിക്കുന്നത് കാരണമി ല്ലാതെയല്ല.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# സ്പിരിറ്റ് ഓഫ് ദി സിനിമ

## വനൂരി കാഹിയു

വിനോദ് കുമാർ പി., (ട്രഷറർ, ഫിൽക്ക ഫിലിം സൊസൈറ്റി)



കെനിയൻ ചലച്ചിത്ര സംവിധായികയും നിർമ്മാതാവും എഴുത്തുകാരിയുമാണ് വനൂരി കഹിയു (WANURI KAHIYU ).

1980 ജൂൺ 21 ന് കെനിയയിലെ നെയ്റോബിയിൽ ജനനം.

ആഫ്രിക്കൻ കലയെ പിന്തുണയ്ക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന മീഡിയ കൂട്ടായ്മയായ 'AFRO - BUBBLEGUM' ത്തിന്റെ സഹസ്ഥാപക കൂടിയാണ് അവർ.

അമേരിക്കൻ സിനിമാ സംവിധായകനായ F. Gari Grey - യുടെ ഓഫീസിൽ ഇന്റേൺഷിപ് ചെയ്തുകൊണ്ടാണ് കഹിയു തന്റെ ചലച്ചിത്രനിർമ്മാണ ജീവിതം ആരംഭിച്ചത്. 2003-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ 'ദി ഇറ്റാലിയൻ ജോബ് (2003)' എന്ന ചിത്രത്തിന്റെ നിർമ്മാണത്തിൽ പ്രവർത്തിക്കുവാൻ കഹിയുക്ക് സാധിച്ചു.

2006-ൽ സംവിധാനം ചെയ്ത കഹിയുവിന്റെ ആദ്യ ഷോർട്ട് ഫിലിം ആണ് Ras star. കൗമാരക്കാരിയും റാപ്പറുമായ അമാനി നെയ്റോബിയിൽ തന്റെ അമ്മായിക്കും അമ്മാവനുമൊപ്പം താമസിക്കുന്ന കഥയാണ് ഈ ചിത്രം പറയുന്നത്.

കഹിയുടെ ആദ്യ ഫീച്ചർ ഫിലിം, 'From a whisper (2008)', മൊത്തം 12 നോമിനേഷനുകൾ നേടുകയും 2009 -ലെ അഞ്ചാമത് ആഫ്രിക്ക മൂവി അക്കാദമി അവാർഡിൽ അഞ്ച് അവാർഡുകൾ നേടുകയും ചെയ്തു. മറ്റ് നോമിനേഷനുകളിൽ, ഈ ചിത്രം മികച്ച ചിത്രത്തിനുള്ള അവാർഡ്, മികച്ച തിരക്കഥയ്ക്കുള്ള അവാർഡ്, മികച്ച സംവിധാനത്തിനുള്ള അവാർഡ് എന്നിവയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1998-ൽ നെയ്റോബിയിലെ അമേരിക്കൻ എംബസി ആക്രമണത്തിൽ അമ്മയെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

നഷ്ടപ്പെടുന്ന തമണി എന്ന പെൺകുട്ടിയുടെ കഥയാണ് ഈ ചിത്രം പറയുന്നത്.

വനൂരി കഹിയു എഴുതി സംവിധാനം ചെയ്ത കെനിയൻ സയൻസ് ഫിക്ഷൻ ഹ്രസ്വ ചിത്രമാണ് 'Pumzi (2009)'. ന്യൂ ആഫ്രിക്കൻ സിനിമാ പ്രോഗ്രാമിന്റെ ഭാഗമായി 2010-ലെ സൺഡാൻസ് ഫിലിം ഫെസ്റ്റിവലിൽ ഇത് പ്രദർശിപ്പിച്ചു.

വാനൂരി കഹിയു സംവിധാനം ചെയ്ത 2018 -ലെ കെനിയൻ ചിത്രമാണ് 'റഫീക്കി'. കെനിയയിലെ LGBT അവകാശങ്ങളെ ചുറ്റിപ്പറ്റിയുള്ള കുടുംബ, രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കിടയിൽ കെനയും സിക്കിയും എന്ന രണ്ട് യുവതികൾക്കിടയിൽ വളരുന്ന പ്രണയത്തിന്റെ കഥയാണ് 'റഫീക്കി'. 2018 ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ 'അൺ സെർട്ടെയ്ൻ റിഗാർഡ്' വിഭാഗത്തിൽ ഈ ചിത്രത്തിന്റെ അന്താരാഷ്ട്ര പ്രീമിയർ ഉണ്ടായിരുന്നു; മേളയിൽ പ്രദർശിപ്പിച്ച ആദ്യത്തെ കെനിയൻ ചിത്രമായിരുന്നു അത്.

2022-ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ റൊമാന്റിക് കോമഡി ഡ്രാമ ചിത്രമാണ്"Look both ways". കോളേജ് ബിരുദദാനത്തിന്റെ തലേദിവസം, നതാലിയുടെ ജീവിതം രണ്ട് സമാന്തര യാഥാർത്ഥ്യങ്ങളിലേക്ക് വ്യതിചലിക്കുന്നു: ഒന്ന് അവളുടെ പ്രെഗ്നൻസി ടെസ്റ്റ് പോസിറ്റീവ് ആണ് എന്ന യാഥാർത്ഥ ത്തിൽ ടെക്സാസിലെ ജന്മനാട്ടിൽ പോകണം . മറ്റൊന്ന് പ്രെഗ്നൻസി ടെസ്റ്റ് നെഗറ്റീവ് എന്ന യാഥാർത്ഥത്തിൽ Cara യോടൊപ്പം career തുടങ്ങാൻ ലോസ് ഏഞ്ചൽസിലേക്ക് മാറണം. എങ്ങനെ ഒരാൾക്ക് അവരുടെ തീരുമാ



നങ്ങളിൽ ഖേദിക്കാം എന്ന ആശയം കൈകാര്യം ചെയ്യുന്ന ഒരു സിനിമയാണ്. ഖേദത്തിന്റെയും ഉത്കണ്ഠയുടെയും ആശയങ്ങൾ, ഒരു നിശ്ചിത തിരഞ്ഞെടുപ്പ് നടത്തിയാൽ നമ്മുടെ ജീവിതം എത്രമാത്രം വ്യത്യസ്തമാകുമെന്നത് ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

The Spark That unites,
For Our Land,
State House,
Who Am I,
തുടങ്ങിയവയാണ് കഹിയു സംവിധാനം ചെയ്ത മറ്റ് പ്രധാന ചിത്രങ്ങൾ.

കഹിയു വിന്റെ ചിത്രങ്ങൾ നിരവധി ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുകയും പുരസ്കാരങ്ങൾ നേടുകയും ഉണ്ടായി. International Film Festival of Kerala (IFFK) 2023 -ലെ Spirit of cinema award വാനൂരി കഹിയക്കാണ് ലഭിച്ചത്.

ഈ ചലച്ചിത്രപ്രവർത്തകയുടെ നല്ല സിനിമകൾ കാണാൻ നമുക്ക് അടുത്ത ഫെസ്റ്റിവൽ വരെ കാത്തിരിക്കാം....

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# സുവർണ്ണ ചകോരം – ഈവിൾ ഡസ്നോട്ട് എക്സിസ്റ്റ്

വിദ്യ ശോഭന

### പ്രകൃതിയോടിണങ്ങി, നന്മ തിന്മകൾ വേർപെടുത്താനാകാതെ...
### "ഈവിൾ ഡസ് നോട്ട് എക്സിസ്റ്റ് "

റൈസുക്കി ഹാമഗുച്ചേ സംവിധാനം ചെയ്ത, ഇരുപത്തി എട്ടാമത് IFFK യിൽ സുവർണ്ണ ചകോരം കരസ്ഥമാക്കിയ ജാപ്പനീസ് ചിത്രമാണ് ഈവിൾ ഡസ് നോട്ട് എക്സിസ്റ്റ്. (ജപ്പാൻ /106 മിനിറ്റ് ).

ജാപ്പനീസ് പ്രകൃതിയുടെ സൗന്ദര്യവും അതിനോട് ഇണങ്ങി ജീവിക്കുന്ന മനുഷ്യരെയും സംവിധായകൻ കൃത്യമായി തന്നെ ചിത്രത്തിൽ അടയാളപ്പെടുത്തുന്നു. മരങ്ങളും മൃഗങ്ങളും മനുഷ്യരും ചേർന്നുള്ള സന്തുലിതാവസ്ഥ ചിത്രം ഓർമപ്പെടുത്തുന്നു.

ടോക്കിയോക്ക് അടുത്തുള്ള മിസുബികി ഗ്രാമത്തിൽ ആണ് തകുമിയും മകൾ ഹനയും താമസിക്കുന്നത്. മകൾക്കു തന്റെ ഗ്രാമത്തിനെ പരിചയപ്പെടുത്തുന്ന അച്ഛനിലൂടെയാണ് കഥ പുരോഗമിക്കുന്നത്. ഓരോ മരവും തിരിച്ചറിയേണ്ട വിധം അവയിൽ മണമുള്ളത്, ഔഷധ ഗുണമുള്ളത്, ഭക്ഷിക്കാനുള്ളത് എന്നിങ്ങനെ മനസിലാക്കി കൊടുക്കുന്നു. പ്രകൃതിയെയും മൃഗങ്ങളെയും കുറിച്ചുള്ള വിവരണങ്ങൾ നൽകി മഞ്ഞു മൂടപ്പെട്ട വഴികളിലൂടെ വൃക്ഷങ്ങളെ തഴുകിയും തലോടിയും അച്ഛനും മകളും സഞ്ചരിക്കുന്നു.

പ്രകൃതിയുടെ മനോഹാരിത സൂക്ഷ്മമായി തന്നെ ചിത്രത്തിൽ ഒപ്പിയെടുത്തിട്ടുണ്ട്. അരുവികളിൽ നിന്നും വെള്ളം ശേഖരിച്ചും

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

തദ്ദേശീയരുടെ ഭക്ഷണ രീതി ചർച്ച ചെയ്തു മൊക്കെ തകുമിയും സുഹൃത്തും നിത്യേന ആ വഴികളിൽ സഞ്ചരിക്കുന്നവരാണ്.

സ്വച്ഛന്ദ സുന്ദരമായ അവരുടെ ലോകത്തി ലേക്കു വിനോദ സഞ്ചാര പദ്ധതിയുമായി ഒരു കമ്പനി എത്തുന്നത്തോടെ ഗ്രാമത്തിലെ ജനങ്ങൾ വ്യാകുലപ്പെടുന്നു. കമ്പനിയുടെ സെപ്റ്റിക് ടാങ്ക് അവരുടെ കുടിവെള്ളം മലിനമാക്കുമെന്നു അവർ ഭയപ്പെടുന്നു. വെള്ളത്തിന്റെ നിസ്സീമമായ ഒഴുക്കിനെയും കമ്പനിയുടെ പദ്ധതി തകരാറിലക്കുമെന്നു അവർ മനസിലാക്കുന്നു.

കമ്പനിയുടെ ഉദ്യോഗസ്ഥരുമായി അവർ നട ത്തുന്ന ചർച്ചകൾ ഫലവത്താകുന്നില്ല. എങ്കി ലും ഗ്രാമവാസികൾ പറയുന്നതിലും കാര്യമു ണ്ടെന്നു ഉദ്യോഗസ്ഥർക്ക് ബോധ്യപ്പെടുന്നു. അവർ അക്കാര്യം തങ്ങളുടെ മേലുദ്യോ ഗസ്ഥരെ ധരിപ്പിക്കുന്നുവെങ്കിലും പരാജയ പ്പെടുന്നു. മാത്രമല്ല ഗ്രാമവാസികളെ തങ്ങ ളുടെ വരുതിയിലാക്കാൻ ടൂറിസം കമ്പനി നിർബന്ധിക്കുകയാണ്.

ഗ്രാമത്തെകുറിച്ച് സൂക്ഷ്മമായ ജ്ഞാനമുള്ള തകുമിയോട് കമ്പനി ഉദ്യോഗസ്ഥർ സഹാ യ അഭ്യർത്ഥന നടത്തുകയും തകുമിയെ തങ്ങൾക്കൊപ്പം ചേർക്കുവാൻ ശ്രമിക്കുക യും ചെയ്യുന്നു.

ഇക്കോ ടൂറിസത്തിന്റെ ഭാഗമായി പ്രകൃതി യിൽ ക്യാമ്പ് ചെയ്ത്, ചുറ്റിക്കറങ്ങാൻ, സ ഞ്ചാരികളെ ആകർഷിക്കുന്ന Glamping നട ത്തുവാൻ ഉദ്ദേശിക്കുന്ന ആ പ്രദേശത്തിന്റെ ഭൂമിശാസ്ത്രം അറിയുന്നു. അത് മാനുകൾ എത്തുന്ന ഡിയർ സ്പോട് ആണെന്ന് മനസ്സി ലാക്കുകയും ചെയ്യുന്നു.

കമ്പനിയുടെ ഉദ്യോഗസ്ഥൻ വർഷങ്ങളായി അവിടെ ജോലി ചെയ്യുകയും ഇനിയൊരു വിവാഹം കഴിച്ചു ഒതുങ്ങിയ ജീവിതം ആഗ്ര ഹിക്കുകയും ചെയ്യുന്ന ആളാണ്. എന്നാൽ ഉദ്യോഗസ്ഥ ബിസിനസ് ചെയ്യുവാനുള്ള താല്പര്യത്താൽ അവിടെ എത്തിപ്പെടുകയും തനിക്കു പറ്റിയ ഇടമല്ല അതെന്ന തിരിച്ചറി വിൽ ആ ദിവസത്തെ ജോലിയോട് കൂടി കമ്പനിയിലെ തന്റെ സേവനം അവസാ നിപ്പിക്കുവാനും തീരുമാനിക്കുന്നു. പക്ഷെ വിധി മറ്റൊന്നായിരുന്നു അവർക്കായ് കരുതി വച്ചിരുന്നത്. തകുമിയുടെ മകൾ ഹനയെ കാണാതാകുകയും കമ്പനി യുടെ ഉദ്യോ ഗസ്ഥരെ തന്റെ വീട്ടിലാക്കി തകുമി മകളെ അന്വേഷിച്ചു പുറപ്പെടാനും ഒരുങ്ങുന്നു. വീ ട്ടിൽ അവർക്കായി ഭക്ഷണം ഉണ്ടെന്നും ആവശ്യമെങ്കിൽ ഉപയോഗിച്ചുകൊള്ളുവാ നും പറയുന്നു. എന്നാൽ ഉദ്യോഗസ്ഥനും തകുമിയോടൊപ്പം മകളെ തിരയുവനായി ഇറങ്ങുന്നു.

കാണാതായ കുട്ടിയുടെ വിവരങ്ങൾ ഗ്രാമ ത്തിലൂടനീളം അനൗൺസ്‌മെന്റ് ആയി മുഴ ങ്ങുന്നു. തകുമിയുടെ വീട്ടിലിരുന്നു കമ്പനി ഉദ്യോഗസ്ഥയും അത് ആവർത്തിച്ചു ശ്രവി ക്കുന്നു. ടീപോട്ടിൽ തിളച്ചുകൊണ്ടിരിക്കുന്ന ചായയിലേക്ക് ക്യാമറ തിരിച്ചു ആ രംഗം സംവിധായകൻ അവസാനിപ്പിക്കുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം


കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



തകുമി, മൈതാനത്തിൽ വെടിയേറ്റ് പരുക്കു പറ്റിയ മാനിനെ പരിചരിക്കാൻ അടുക്കുന്ന മകളെ കണ്ടെത്തുന്നു. മാൻ ആക്രമണകാരി അല്ലെങ്കിലും മുറിവേൽക്കപ്പെടുന്ന മാൻ ആക്രമണകാരി ആയേക്കാം എന്ന തകുമിയുടെ വാക്കുകൾ അനുസ്മരിപ്പിച്ചു കൊണ്ടുള്ളതാണ് അവസാന രംഗങ്ങൾ. മകളെ രക്ഷിക്കുവാനായി പോകുന്ന ഉദ്യോഗസ്ഥനെ തകുമി തടയുകയും കഴുത്തിൽ ബലമായി മുറുക്കുകയും ചെയ്യുന്നു. സ്വന്തം നാടിനെ രക്ഷിക്കുവാനായി ചെയ്യുന്ന തിന്മ, തിന്മ അല്ലാന്നു പറഞ്ഞുവയ്ക്കുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

പ്രകൃതിയുടെ നിയമങ്ങൾ പോലെ, പ്രകൃതി തന്നെ നന്മ - തിന്മകളുടെ സന്തുലിതാവസ്ഥ ഒരുക്കുന്നുവെന്ന് സംവിധായകൻ ചിത്രത്തിലൂടെ പറയാൻ ശ്രമിക്കുന്നു. അതാണ് - "Evil does not Exist". പ്രകൃതിയോട് അടുത്ത് നിൽക്കുന്ന ചിത്രം. കാഴ്ചക്കാരന് അവനവന്റെ വീക്ഷണകോണിൽ നിന്നും വായിച്ചെടുക്കാൻ ഒരുക്കിയിട്ടുള്ള അതിമനോഹര ദൃശ്യവൽക്കരണം. ആസ്വാദകരെ അവരവരുടെ ചിന്തകൾക്ക് വിട്ടുകൊടുത്തുകൊണ്ട്, വീണുകിടക്കുന്ന ഉദ്യോഗസ്ഥനെ അവിടുപേക്ഷിച്ചു,തകുമി മകളെയും എടുത്തു നടന്നകലുന്നു.

തികച്ചും കാലിക പ്രസക്തമായ വിഷയത്തിലേക്കാണ് ചിത്രം വിരൽ ചൂണ്ടുന്നത്. സിറ്റിയിൽ നിന്നും വിനോദസഞ്ചാരമെന്ന പേരിൽ ഗ്രാമങ്ങളിലും വനങ്ങളിലും എത്തുകയും അവിടുത്തെ സ്വൈര്യ ജീവിതം നഷ്ടപ്പെടുത്തുകയും തദ്ദേശവാസികളുടെ സ്വാഭാവിക ജീവിതത്തിനു കോട്ടം വരുത്തുകയും ചെയ്യുന്ന അവസ്ഥയിലേക്ക് സിനിമ വിരൽ ചൂണ്ടുന്നു.



വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# ഓപ്പണിങ് ഫിലിം - ഗുഡ് ബൈ ജൂലിയ

ഷീബ. എസ്. ജെയിംസ്



## സംഘർഷങ്ങൾക്ക് നടുവിലെ ആത്മ സംഘർഷങ്ങൾ ഗുഡ് ബൈ ജൂലിയ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച 28-ആം മത് IFFK യുടെ ഉത്ഘാടന ചിത്രമായിരുന്നു മുഹമ്മദ് കോർദോഫാനി സംവിധാനം ചെയ്ത ഗുഡ്ബൈ ജൂലിയ എന്ന സുഡാൻ ചിത്രം. (സുഡാൻ - സ്വീഡൻ - ജർമ്മനി - സൗദി അറേബ്യ - ഫ്രാൻസ് - ഈജിപ്ത് /2023/ 120 മിനിറ്റ് / അറബിക് ).

സുഡാനിലെ ആഭ്യന്തര സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യബന്ധങ്ങളുടെ കഥ പറയുന്ന ചിത്രമാണിത്. സുഡാനിൽ നിന്ന് കാൻ ചലച്ചിത്ര മേളയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ചിത്രം. 2022- 23 ൽ ഇറങ്ങിയ ലോക സിനിമകളിൽ ആഫ്രിക്കയിൽ നിന്ന് ഏറ്റവും അധികം ചർച്ചയ്ക്ക് വിധേയമായ സിനിമ.

ഒരു ഗായിക, ഒരു കൊലപാതകത്തിന് വിധേയയാകുന്ന വ്യക്തിയുടെ വിധവ, ആ വ്യക്തിയുടെ മകൻ - ഇങ്ങനെ മൂന്ന് പേരെ കേന്ദ്രീകരിച്ച് മുന്നോട്ട് പോകുന്ന കഥയാണ് "ഗുഡ്ബൈ ജൂലിയ ".

രാഷ്ട്രീയ പശ്ചാത്തലത്തിൽ നുണകളാൽ കെട്ടിപ്പടുത്ത മനുഷ്യ ബന്ധങ്ങളുടെ കഥ എന്ന് ഈ സുഡാനി ചിത്രത്തെ വിശേഷിപ്പിക്കാം. 2011 - ലെ സുഡാൻ വിഭജന കാലത്തെ രാഷ്ട്രീയ, സാമൂഹിക പ്രശ്നങ്ങൾ മുൻനിർത്തിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. തെക്ക് - വടക്ക് സുഡാൻ സംഘർഷം രണ്ട് കുടുംബങ്ങളുടെ കഥയിലൂടെ സംവിധായകൻ പറഞ്ഞു പോകുന്നു. "മോന" എന്ന ഗായികയുടെ ജീവിതത്തിൽ നടക്കുന്ന

സംഭവങ്ങളിലൂടെ, സുഡാനിലെ രണ്ട് വൈവിദ്ധ്യമാർന്ന പ്രവിശ്യകളിൽ നിന്നുള്ള രണ്ട് സ്ത്രീകളുടെ ജീവിതങ്ങൾ എങ്ങനെ ഇഴചേർന്ന് കിടക്കുന്നു എന്ന് യുദ്ധ പശ്ചാത്തലത്തിൽ വരച്ചു കാട്ടുന്നു.

ഗായിക ആകാൻ ആഗ്രഹിക്കുന്ന വടക്കൻ സുഡാനിയൻ അറബ് യുവതി മോന യിൽ നിന്നാണ് ചിത്രം തുടങ്ങുന്നത്. ഒരു വാഹനാപകടത്തിന്റെ പശ്ചാത്തലത്തിൽ മോനയുടെ ജീവിതം മാറി മറിയുന്നു. മോനയുടെ തെറ്റിന്റെ പരിണിതഫലമായി തെക്കൻ സുഡാനിയൻ ക്രിസ്ത്യൻ കുടുംബത്തിന്റെ ആശ്രയമായിരുന്ന ഒരു യുവാവ് മരണപ്പെടുന്നു. അയാളുടെ വിധവയായ ജൂലിയയെയും മകൻ ഡാനിയേലിനെയും സ്വന്തം വീട്ടിലേക്ക് കൂട്ടി കൊണ്ടുപോകാൻ മോന തീരുമാനിക്കുന്നു.

എന്നാൽ നടന്ന സംഭവങ്ങൾ ഒന്നും തന്റെ ഭർത്താവിനെയും, കൂട്ടി കൊണ്ടുവരുന്നവരെയും അറിയിക്കാതെ നുണകൾ കൊണ്ട് ഒരു വേലി കെട്ടുകയാണ് മോന. തുടർന്നുള്ള സംഭവവികാസങ്ങൾ ആണ് ചിത്രം പറഞ്ഞു പോകുന്നത്.

രാജ്യത്തിൽ നടക്കുന്ന സംഘർഷങ്ങളും മോനയുടെ ആന്തരിക സംഘർഷങ്ങളും ചിത്രം പങ്ക് വയ്ക്കുന്നു. മകനെ സംരക്ഷിക്കാൻ, പുതിയ ജീവിതം പടുത്തുയർത്താൻ ജൂലിയ നടത്തുന്ന പോരാട്ടം ചിത്രത്തിന്റെ കാതലാണ്.

കഥ പുരോഗമിക്കുന്തോറും ഉള്ളിലെ ജാതി ചിന്തയെ തുടച്ചു കളയാൻ മോന ശ്രമിക്കുന്നു. ശരി - തെറ്റുകൾ തിരിച്ചറിയാനും സ്വന്തം ജീവിതം തെരഞ്ഞെടുക്കാനുമുള്ള ആർജ്ജവം നേടാനും മോനയ്ക്ക് കഴിയുന്നുണ്ട്. സ്വന്തം കാലിൽ നിൽക്കാനും വിദ്യാഭ്യാസത്തിന്റെ വഴി തിരഞ്ഞെടുക്കാനും പ്രാപ്തയാക്കുന്ന ജൂലിയയെയും നമുക്ക് ചിത്രത്തിൽ കാണാം.

മനുഷ്യർ തമ്മിലുള്ള സ്നേഹത്തിന്റെ കഥ തന്നെയാണ് ഈ ചിത്രം പറയുന്നത്. അതിനാൽ വർണ്ണവിവേചനത്തിനും, ജാതിവെറിക്കും എതിരെ ശബ്ദം ഉയർത്തുന്ന, രാഷ്ട്രീയ നിലപാടുകളുടെ നേർകാഴ്ചയാണ് ഈ ചിത്രം. തന്റെ ആദ്യചിത്രമായിരുന്നിട്ടുകൂടി കൊർദോഫാനിയുടെ, സംവിധാന മികവിലൂടെ, യുദ്ധഭൂമിയിൽ മനുഷ്യർ നേരിടുന്ന പല പ്രശ്നങ്ങളെയും തിരശീലയിലെത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അതോടൊപ്പം തന്നെ സുഡാനിലെ രാഷ്ട്രീയ സാഹചര്യങ്ങളെ ലോകജനതയ്ക്ക് മുന്നിൽ അവതരിപ്പിക്കാനും ഈ ചിത്രത്തിലൂടെ സംവിധായകന് കഴിഞ്ഞു.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA



# മാറിടം 32- 44; സ്ത്രീ ശരീര രാഷ്ട്രീയം



സംവിധായക ശ്രുതി ശരണ്യവുമായി നടി അർപ്പണാ ( ഗിരിജ സുരേന്ദ്രൻ ) നടത്തിയ അഭിമുഖത്തിൽ നിന്ന്.

സിനിമയിലേക്ക് വരാനുള്ള സാഹചര്യം എൻറെ കുടുംബപശ്ചാത്തലമാണ്. അമ്മയും മുത്തശ്ശിയും തീയേറ്റർ ആർട്ടിസ്റ്റുകൾ ആയിരുന്നു. കൂടാതെ ഓൾ ഇന്ത്യ റേഡിയോയിൽ ശബ്ദ കലാകാരികളും ആയിരുന്നു അമ്മയുടെ പേര് ഷീല ശ്രീധരൻ. മുത്തശ്ശിയുടെ പേര് ലീല ചിത്രൻ.

അച്ഛൻ ഒഴിവുസമയത്തൊക്കെ നാടക പ്രവർത്തകനായിരുന്നു . കൂടാതെ ആറ്റൂരിലെ കുടുംബം ഇടതുപക്ഷ പ്രസ്ഥാനങ്ങളുമായി സഹകരിച്ചിരുന്നവരാണ്

ഞാൻ പഠിച്ചത് മാസ് കമ്മ്യൂണിക്കേഷൻ ആണ്. വിദ്യാർത്ഥിയായിരുന്നപ്പോൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



ഡോക്യുമെൻററി ചെയ്തിരുന്നു. പിന്നീട് ചാനലുകൾക്ക് വേണ്ടി വിവിധ പ്രോഗ്രാമുകൾ ചെയ്തിരുന്നു. സിനിമയിൽ അസിസ്റ്റൻറ് ഡയറക്ടറായും പ്രവർത്തിച്ചു. 2016 മുതൽക്കാണ് ഇൻഡിപെൻഡൻഡ് ആയത്. ആ സമയത്ത് സ്വന്തമായി ഡോക്യുമെൻററിയും മ്യൂസിക് വീഡിയോയും പരസ്യ ചിത്രങ്ങളും തൊഴിലായി സ്വീകരിച്ചു . ഭർത്താവിന്റെ പിന്തുണയും ഉണ്ടായിരുന്നു. ഇക്കാലം മുതൽ സമൂഹത്തിലെ സ്ത്രീ ശരീര രാഷ്ട്രീയം എൻറെ പ്രത്യേക ശ്രദ്ധ ആകർഷിച്ചു.

മാറിടം പ്രതീകമാക്കി പല ആശയങ്ങളും രൂപപ്പെട്ടു. വാസ്തവത്തിൽ സ്ത്രീ ശരീരം സമൂഹത്തിൽ എങ്ങനെ വിലയിരുത്തപ്പെടുന്നു എന്നും ചൂഷണം ചെയ്യുന്നു എന്നും പരിശോധിച്ചു. അതനുസരിച്ച് സ്ത്രീകളുടെ വിവിധ അവസ്ഥകളിലേക്ക് കടന്നുചെന്നു. പല സംഭവങ്ങളും തിരക്കഥ എഴുതുന്നതിൽ പ്രേരണയായി. ഏതാണ്ട് തിരക്കഥ പൂർത്തിയായപ്പോൾ അത് സിനിമയാക്കുവാൻ ആഗ്രഹിച്ചു. നിർമ്മാണം ഒരു വലിയ പ്രതിസന്ധിയായിരുന്നു മുന്നിൽ. ഇത്തരം ഒരു പ്രമേയം സാധാരണ നിർമ്മാതാക്കൾ ഏറ്റെടുക്കില്ല. അതുകൊണ്ടുതന്നെ ഒരു നിർമ്മാതാവിനെയും സമീപിച്ചതുമില്ല. അങ്ങനെയിരിക്കെ 2021 - ൽ ഗവൺമെന്റിന്റെ വനിതാ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി കെ.എസ്. എഫ്. ഡി.സി വനിതകൾക്കുള്ള ചലച്ചിത്ര നിർമ്മാണത്തെക്കുറിച്ച് അറിഞ്ഞു തുടർന്ന് തിരക്കഥ സമർപ്പിച്ചു.

ഔദ്യോഗിക കാര്യങ്ങൾക്കായി നാല് ഘട്ടങ്ങളിലൂടെ കടന്നുപോയി. ഒടുവിൽ തിരക്കഥ സിനിമയാക്കുവാൻ തിരഞ്ഞെടുത്തു. 2002 - ലാണ് ഷൂട്ട് ചെയ്തത്. 2023 - ൽ റിലീസ് ചെയ്തു. സ്റ്റേറ്റ് അവാർഡും പത്മരാജൻ പുരസ്കാരവും ക്രിട്ടിക്സ് അവാർഡും ഐ. എഫ്. എഫ്. കെ അവാർഡും കിട്ടി . ഇപ്പോൾ വിവിധ ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിക്കുന്നു.

സിനിമ നിർമ്മിച്ചു കൊണ്ടിരിക്കുമ്പോൾ അതിന്റെ പ്രവർത്തനവുമായി രണ്ടുവർഷമാണ് കടന്നുപോയത്. ഇതിലൂടെ വലിയ നേട്ടങ്ങൾ ഉണ്ടായി എന്ന് പറയാം. ഒന്നാമത്തെ കാര്യം ഇത് ഗവൺമെൻറ്



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



പ്രോജക്ട് ആയതിനാൽ തിരക്കഥയുടെ ഉള്ളടക്കത്തിൽ ആരും ഇടപെട്ടില്ല. അതൊരു വലിയ പ്ലസ് പോയിൻറ് ആണ്.

ഗവൺമെന്റിന് ലാഭമുണ്ടാക്കാനുള്ള ഒരു ചലച്ചിത്ര പദ്ധതി അല്ലാത്തതിനാൽ വളരെ സ്വാതന്ത്ര്യം നിർമ്മാണ സമയത്ത് എനിക്ക് ഉണ്ടായിരുന്നു. തിരക്കഥ ഫലപ്രദമായി ചിത്രീകരിക്കാനും സാധിച്ചു . പലരും നിർമ്മാണ സമയത്ത് പ്രദർശനത്തിനും മാർക്കറ്റിങ്ങിനും പി ആർ വർക്കിനും മുൻകൈയെടുത്ത് സഹായിച്ചു. പക്ഷേ ഒരുപാട് കാര്യങ്ങൾ സ്വന്തമായി ചെയ്തതിനാൽ എല്ലാ വശങ്ങളും പഠിച്ചു. ഇതൊരു ലേണിംഗ് ഗ്രൗണ്ട് ആയി ഞാൻ കാണുന്നു.

തിരക്കഥാ രൂപം വാസ്തവത്തിൽ ഒരു ആന്തോളജി രൂപത്തിൽ ആവരുതെന്ന് എനിക്ക് നിർബന്ധം ഉണ്ടായിരുന്നു. ചിത്രത്തിൽ അഞ്ചു സ്ത്രീകളും ഒരു പുരുഷനും ആണുള്ളത് . പുരുഷൻ ട്രാൻസ് കമ്മ്യൂണിറ്റി വുമൺ ആണ്. ഈ കഥാപാത്രങ്ങളെയും അവരുടെ അവസ്ഥകളെയും ഒരു ചരടിൽ കോർത്തിണക്കാൻ വലിയ ശ്രമം നടത്തി. കഥാപാത്രങ്ങളുടെ സാമൂഹിക പശ്ചാത്തലം, അവരുടെ ജീവിത സംഘർഷങ്ങൾ, അതിജീവന പ്രശ്നങ്ങൾ, ചുറ്റുപാടും കാണുന്ന പല വ്യക്തികളോടും സംഭവങ്ങളോടും ഉള്ള പ്രതികരണങ്ങൾ - ഇങ്ങനെ നിരവധി കാര്യങ്ങൾ കോർത്തിണക്കേണ്ടത് ആവശ്യമായിരുന്നു. ആദ്യം തിരക്കഥ ഭദ്രമാക്കിയതിനാൽ ചിത്രീകരണം വളരെ എളുപ്പമായി എന്നു പറയാം.

സ്ത്രീയുടെ ശരീര രാഷ്ട്രീയം തന്നെയാണ് പ്രധാന വിഷയം. മാറിടം കേന്ദ്രമാക്കി ഓരോ ജീവിതത്തിലേക്കും കടന്നുചെല്ലാൻ ഒരു രൂപം ഉണ്ടാക്കേണ്ടിയിരുന്നു. ഓരോ കഥാപാത്രത്തെയും ഒരു മാലയിൽ മുത്തുകൾ പോലെ കോർത്തിണക്കി ഒറ്റ കഥയാക്കേണ്ടിയിരുന്നു. ആ ശില്പഘടന ചിത്രീകരണ സമയത്തും സൂക്ഷിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിൽ കഥാപാത്രങ്ങൾ എങ്ങനെ മുന്നോട്ടു നീങ്ങണം എന്ന് വ്യക്തമായ ഒരു ധാരണ ഉണ്ടാവാൻ മറ്റുള്ളവരും സഹായിച്ചിട്ടുണ്ട് . കഥാപാത്രങ്ങൾ മിക്കവാറും പുതിയ ആർട്ടിസ്റ്റുകൾ ആണ് അവതരിപ്പിച്ചിട്ടുള്ളത് . പഴയ ആളുകളായി രമ്യ നമ്പീശൻ പോലുള്ള മൂന്നുപേർ മാത്രം . മറ്റുള്ളവർ താരങ്ങൾ അല്ല . ഓഡിഷനിലൂടെ തിരഞ്ഞെടുത്തു റിഹേഴ്സൽ നടത്തി . കാസ്റ്റിംഗ് ഡയറക്ടർ അർച്ചന വാസുദേവൻ ഒട്ടേറെ ഇക്കാര്യത്തിൽ സഹായിച്ചു. പുതിയ ആർട്ടിസ്റ്റുകൾ ആവുമ്പോൾ അവരെ പുതിയ മോൾഡിലേക്ക് കൊണ്ടുവരാൻ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



ഇപ്പോൾ എൻറെ മുന്നിലുള്ളത് ചലച്ചിത്രം ഒരു കലാരൂപം ആണെങ്കിലും അത് ഒരു വ്യവസായം കൂടിയാണ്, സിനിമ നമ്മുടെ ജനങ്ങളിൽ എത്തിച്ചേരേണ്ടതാണ് എന്ന ഒരു ആശയമാണ്. അടുത്ത ശ്രമം അത്തരം ഒരു ചിന്താരീതിയിൽ ഉള്ളതാണ്.

എളുപ്പമാണ് . ഇത്തരം പരീക്ഷണാത്മകമായ, ജീവിതത്തിൻറെ സത്യാവസ്ഥകളിലേക്കുള്ള അന്വേഷണം കൂടിയായ സിനിമകൾ നമ്മുടെ സമൂഹം എങ്ങനെ സ്വീകരിക്കും എന്നുള്ളത് മറ്റൊരു വിഷയമാണ് . നിർമ്മാണം കെ. എസ്. എഫ്. ഡി. സി ആയതിനാൽ ഈ ചിത്രം താമസിയാതെ കെ.എസ്. എഫ്. ഡി. സി യുടെ ഓ. ടി. ടി പ്ലാറ്റ്ഫോമിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് .

ഇങ്ങനെ അന്വേഷണാത്മകവും കലാപരവുമായ സിനിമയെക്കുറിച്ച് എനിക്ക് ആശയങ്ങൾ രൂപപ്പെട്ടതിൽ ഫിലിം സൊസൈറ്റികളാണ് പ്രധാന പങ്കു വഹിച്ചത് . തൃശ്ശൂരിലെ നവചിത്രയും, വിബ്ജിയോറും ഒക്കെ എനിക്ക് ലോക സിനിമകളെ കുറിച്ചുള്ള അറിവുകൾ പകർന്നു തന്നു. അങ്ങനെ ലോകസിനിമാ വേദിയിലെ പ്രമുഖരായ വനിതാ ചലച്ചിത്ര സംവിധായകരെയും മനസ്സിലാക്കാൻ സാധിച്ചു.



വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# തിയേറ്ററുകളുടെ പങ്ക്

കാർത്തികേയൻ സുബ്രഹ്മണ്യം

നഗര ഹൃദയത്തിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി സ്ഥിതിചെയ്യുന്ന ഒരു സിനിമാ തിയേറ്ററാണ് ന്യൂ തിയേറ്റർ. കാലാകാലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന സാങ്കേതിക മാറ്റങ്ങൾ എല്ലാം തന്നെ സ്വീകരിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുപോലെതന്നെ ശ്രീകുമാർ, ശ്രീ വിശാഖ് എന്നീ രണ്ട് തിയേറ്ററുകളും. ഇവിടെ പ്രധാനപ്പെട്ട ഒരു സവിശേഷത കാർ പാർക്കിംഗ് സൗകര്യമാണ്. ബസ്റ്റാൻറും റെയിൽവേ സ്റ്റേഷനും സമീപത്തുണ്ട് എന്നുള്ളത് ആൾക്കാർക്ക് സൗകര്യമാണ്. കൂടാതെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ പോലുള്ള ചലച്ചിത്രോത്സവങ്ങൾ നടക്കുമ്പോൾ വിദൂര സ്ഥലങ്ങളിൽ നിന്ന് എത്തുന്ന നൂറുകണക്കിന് പേർക്ക് താമസസൗകര്യവും സമീപത്തുണ്ട്.

ന്യൂ തിയേറ്റർ മുൻപ് 1500 സീറ്റിംഗ് കപ്പാസിറ്റി ഉള്ള ഒരു തിയേറ്റർ ആയിരുന്നു. ഇപ്പോഴത് പരിഷ്കരിച്ചു മൂന്ന് ചെറിയ തീയേറ്ററുകൾ ആക്കി. സ്ക്രീൻ 1-ൽ 449 പേർക്കും സ്ക്രീൻ 2-ൽ 200 പേർക്കും സ്ക്രീൻ 3-ൽ 173 പേർക്കും ഇരിപ്പിടം ഉണ്ട്. ആകെ 1022 സീറ്റുകൾ.

ഇവിടെ 64 സൗണ്ട് ട്രാക്ക് ഉള്ള ഡോൾബി അറ്റ്മോസ് ശബ്ദ സംവിധാനം ആണ് ഒരുക്കിയിട്ടുള്ളത്. ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിനെ സംബന്ധിച്ചിടത്തോളം പ്രദർശനത്തിനെത്തുന്ന വിദേശ സിനിമകളുടെ നിർമ്മാണം പരിശോധിച്ചാൽ ഉന്നതമായ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതായി കാണാം. അപ്പോൾ ഡോൾബി അറ്റ്മോസ് പോലുള്ള സാങ്കേതി കസൗകര്യം തീയറ്ററിന് ആവശ്യമായി വന്നേക്കാം. കൂടാതെ പ്രൊജക്ഷൻ കമ്പനി യു എഫ് ഓ ആണ്. ഇത് വളരെ തിളക്കമുള്ള ദൃശ്യങ്ങൾ വെള്ളിത്തിരയിൽ പതിപ്പിക്കുന്നു. അങ്ങനെ ദൃശ്യവും ശബ്ദവും കാണികളിൽ

സിനിമയെ ഒരു പുതിയ അനുഭവമാക്കി മാറ്റുന്നു.

1936 - ൽ ആണ് ന്യൂ തിയേറ്റർ ആരംഭിക്കുന്നത്. എൻറെ വന്ദ്യ പിതാവ് സുബ്രഹ്മണ്യം ആണ് സ്ഥാപിച്ചത്. മലയാളം സിനിമയുടെ ചരിത്രത്തിൽ നിർമ്മാണവും സംവിധാനവും നിർവഹിച്ച വ്യക്തി ആണല്ലോ. മലയാള സിനിമയെ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് സ്ഥാപിക്കാൻ മുൻകൈയെടുത്ത വ്യക്തി. ന്യൂ തീയേറ്റർ തുടങ്ങിയിട്ട് ഇപ്പോൾ 86 വർഷം പിന്നിട്ടിരിക്കുന്നു. ന്യൂ തീയേറ്റർ സ്ഥാപിച്ചതിനു ശേഷം അദ്ദേഹം 1938 - ൽ പത്മനാഭ തീയറ്റർ ആരംഭിച്ചു. 1948 -ൽ ശ്രീകുമാർ തിയേറ്ററും ആരംഭിച്ചു. 1948 - ൽ തന്നെ പേട്ടയിൽ കാർത്തികേയ തീയറ്ററും സ്ഥാപിച്ചു. 1952 - ലാണ് മെറിലാൻഡ് സ്റ്റുഡിയോ ആരംഭിക്കുന്നത്. അവിടെ 70 - ഓളം മലയാള സിനിമകൾ നിർമ്മിച്ചു. ശ്രീ വിശാഖ് തീയേറ്റർ ആരംഭിക്കുന്നത് 1975-ലാണ് . എൻറെ പിതാവിന് 6 മക്കളാണ് ഉള്ളത്. എസ്. കുമാർ, പത്മനാഭൻ, ഡോക്ടർ ശിവകുമാർ, നീല, കാർത്തികേയൻ, മുരുകൻ എന്നിവർ. ന്യൂ തീയേറ്റർ, ശ്രീകുമാർ, ശ്രീവിശാഖ് എന്നിവ നടത്തുന്ന കമ്പനി ഞാനുൾപ്പടെയുള്ള നേതൃത്വത്തിലുള്ളതാണ്. മലയാള സിനിമയുടെ ചരിത്രത്തിലെ സുപ്രധാന വഴിത്തിരിവുകൾക്കും നേട്ടങ്ങൾക്കും സാക്ഷ്യം വഹിച്ചു.

ഇപ്പോൾ ഡിജിറ്റൽ സാങ്കേതിക സൗകര്യം വന്നതോടെ ആർക്കും ഒരു പരിചയവുമില്ലാതെ സിനിമ എടുക്കാം എന്ന് അവസ്ഥയുണ്ട്. നിരവധി സിനിമകളാണ് ഒരു വർഷം പുറത്തിറങ്ങുന്നത്. എന്നാൽ കാണികൾ ഇഷ്ടപ്പെടുന്ന ഗുണമേന്മയുള്ള 10 സിനിമകൾ പോലും 100 എണ്ണത്തിൽ ഉണ്ടാവില്ല എന്നതാണ് സത്യം . പോസ്റ്ററുകൾ പതിക്കുന്ന ഭിത്തിയിൽ നോക്കിയാൽ അറിയാം ഒട്ടേറെ സിനിമകളുടെ പരസ്യം . ഇവയൊക്കെ ഏത് തിയേറ്ററിൽ ആണ് പ്രദർശിപ്പിക്കുന്നത് എന്ന് ഒരാൾക്ക് പെട്ടെന്ന് തിരിച്ചറിയാൻ ആകില്ല. മാത്രമല്ല തിയേറ്ററുകളുടെ എണ്ണവും പെരുകിയിരിക്കുന്നു. നല്ല ഒരു അനുഭവം നൽകുന്ന സിനിമയുടെ എണ്ണവും വളരെ കുറവാണ്. എന്നാൽ തീയേറ്ററുകളുടെ എണ്ണമോ കൂടുതലും. ഇത് തിയേറ്ററുകളെ ഒരു പ്രതിസന്ധിയിലാക്കുന്നുണ്ട്. പലപ്പോഴും അന്യഭാഷാ ചിത്രങ്ങളാണ് കുറച്ചൊക്കെ തീയേറ്ററുകളെ നിലനിർത്താൻ സഹായിക്കുന്നത് . ഒടിടി സൗകര്യം വന്നതോടെ പുതിയ സിനിമകൾക്ക് തിയേറ്റർ സൗകര്യം വേണ്ട എന്ന സാഹചര്യം വരെ ഉണ്ടായിട്ടുണ്ട്. സമീപകാലത്ത് ഒരു മാറ്റം വന്നു. തിയേറ്ററിൽ ഓടുന്ന സിനിമ മാത്രമേ ഒടിടി - യിൽ പ്രദർശിപ്പിക്കൂ. പക്ഷെ ഈ പ്രവണത തിയേറ്ററുകൾക്ക് അനുകൂലമാണെങ്കിലും എത്രകണ്ട് പ്രായോഗികമാണ് എന്ന് കണ്ടറിയണം.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

മറ്റൊരു പ്രശ്നം ചില ചിത്രങ്ങൾക്ക് മുതൽ മുടക്ക് വളരെ കൂടുതൽ ആയതിനാൽ തിയേറ്ററിലെ ടിക്കറ്റ് നിരക്കിൽ വർദ്ധനവ് വരുത്താറുണ്ട്. ചില സംസ്ഥാനങ്ങളിൽ സൂപ്പർസ്റ്റാറുകളുടെ സിനിമകൾക്ക്, ആദ്യ റിലീസ് ദിവസങ്ങളിൽ ടിക്കറ്റ് നിരക്ക് ഇരട്ടിയാണ്. ബുക്കിംഗ് വരുമ്പോൾ ടിക്കറ്റ് നിരക്കിനോട് കൂടെ ബുക്കിംഗ് ചാർജും വരുന്നു. ഈ ബുക്കിംഗ് ചാർജിൽ 50% ഏജന്റിന് പോകുന്നു. ടിക്കറ്റ് നിരക്കിൽ 33% നികുതിയായി സർക്കാരിന് നൽകുന്നു. ബാക്കി 67% കൊണ്ടു വേണം ഈ വ്യവസായം നിലനിർത്താൻ. അതിൽ (67% ത്തിൽ) ഒന്നാമത്തെ ആഴ്ച്ച 60% വിതരണക്കാരന് ഉള്ളതാണ്. 40% തിയേറ്ററിനും. വിതരണക്കാരൻ തനിക്കുള്ളതിൽ നിന്ന് കരാർ പ്രകാരം നിശ്ചിത ശതമാനം നിർമ്മാതാവിന് നൽകുന്നു.

ഇപ്പോൾ കേരളത്തിൽ ഒരു പരിധിക്ക് അപ്പുറം ടിക്കറ്റ് വർദ്ധനവ് പറ്റില്ല. ഇതും തീയറ്റർ നടപ്പിനെ തിയേറ്റർ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തിയേറ്റർ ഉടമകൾക്ക് മുന്നിലുള്ള ഒരു പ്രധാന പ്രശ്നം തീയേറ്റർ സംവിധാനങ്ങൾ എപ്പോഴും നവീകരിച്ചു കൊണ്ടിരിക്കണം എന്നതാണ്. വൈദ്യുതി, സ്റ്റാഫ്, മറ്റു ക്രമീകരണങ്ങൾ ഇവയ്ക്കുള്ള ചെലവും വർധിച്ചിരിക്കുന്നു. ഇങ്ങനെ മൊത്തത്തിലുള്ള ചിലവ് കണക്കിലെടുത്ത് നോക്കിയാൽ തീയേറ്റർ ബിസിനസ് ഇന്ന് പ്രതിസന്ധിയിൽ ആണെന്ന് പറയാം.

ഇങ്ങനെയൊക്കെയാണെങ്കിലും ഐ. എഫ്. എഫ്. കെ തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക ചലച്ചിത്ര സംഭവം തന്നെയാണ് . ചലച്ചിത്ര അക്കാദമിയുമായി ഞങ്ങൾ എപ്പോഴും സഹകരിക്കുന്നു. ചലച്ചിത്രോത്സവം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകാൻ എല്ലാവിധ സൗകര്യങ്ങളും ന്യൂ തിയേറ്റർ ഒരുക്കുന്നുണ്ട്. ഒരു അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ തീയേറ്ററുകളുടെ പങ്ക് പ്രധാനമാണല്ലോ.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# തീയേറ്ററിന്റെ ഗുണമേന്മ

അജന്ത കണ്ണൻ

ശാസ്ത്ര സാങ്കേതിക രംഗത്ത് നമ്മെക്കാൾ മുന്നിലുള്ള പാശ്ചാത്യ ലോകത്താണല്ലോ സിനിമയുടെ ജനനം. നൂതനമായ ശാസ്ത്ര വശങ്ങൾ സിനിമയിൽ ഉണ്ടാവുന്നതും പാശ്ചാത്യ ലോകത്തു തന്നെ. ഐ. എഫ്. എഫ്. കെ. പോലുള്ള രാജ്യാന്തര ചലച്ചിത്ര മേളകളിൽ എത്തുന്ന പാശ്ചാത്യ ലോക സിനിമകൾ അതിന്റെ പൂർണ്ണമായ തികവോടു കൂടി പ്രേക്ഷകർ അനുഭവിക്കണമെങ്കിൽ അതിന് അനുസൃതമായ ഗുണമേന്മയുള്ള തീയേറ്ററും വേണം. നമ്മുടെ പ്രാദേശിക സിനിമകൾക്ക് അത്രയൊക്കെ സാങ്കേതിക സൗകര്യമുണ്ടോ എന്ന് ചോദിച്ചാൽ പരിമിതികൾ ഉണ്ടെന്ന് തന്നെ പറയാം. പക്ഷേ കാലം മാറുന്നതനുസരിച്ച് നമ്മുടെ പ്രാദേശിക സിനിമയിലും സാങ്കേതിക മാറ്റങ്ങൾ വന്നേപറ്റൂ. ഫെസ്റ്റിവലിൽ പാശ്ചാത്യ ലോകത്ത് നിന്നെത്തുന്ന സിനിമകളാണല്ലോ കൂടുതൽ. അപ്പോൾ സിനിമയിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ള സാങ്കേതികത അനുഭവിക്കാൻ തക്ക ഗുണമേന്മയുള്ള തീയേറ്ററുകളുടെ പങ്കാളിത്തം പ്രധാനം തന്നെ.

856 സീറ്റുകൾ ഉണ്ടായിരുന്ന അജന്ത തീയേറ്റർ ഇപ്പോൾ 298 സീറ്റുകളിലേക്ക് പരിമിതപ്പെടുത്തി. വേണമെങ്കിൽ ഇപ്പോഴുള്ള സ്പെയ്സിനെ രണ്ട് തീയേറ്ററുകൾ ആക്കാമായിരുന്നു. അത് ചെയ്തില്ല. പകരം ഒരു തീയേറ്ററിന്റെ ആധുനിക ഗുണമേന്മ കൊണ്ടുണ്ടാവുന്ന സിനിമാനുഭവം പ്രേക്ഷകർക്ക് സമ്മാനിക്കാനാണ് താൽപ്പര്യമെടുത്തത്.

അതുപോലെ പാർക്കിംഗ് സൗകര്യം. ഞങ്ങളുടെ സെൻട്രൽ തീയേറ്ററിനോട് ചേർന്നാണ് അജന്ത സ്ഥിതിചെയ്യുന്നതെങ്കിലും അജന്തയിൽ തന്നെ പ്രേക്ഷകർക്ക്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

വേണ്ടി പാർക്കിങ്ങിനു കൂടുതൽ സൗകര്യം ഒരുക്കാനാണ് തീരുമാനിച്ചത്. അജന്തയുടെ എതിർവശത്തുള്ള സ്വന്തം സ്ഥലത്തും പാർക്കിങ്ങ് ഒരുക്കിയിട്ടുണ്ട്. ഈസ്റ്റ് ഫോർട്ടിനും തമ്പാനൂരിനും മധ്യേ അജന്ത സ്ഥിതി ചെയ്യുന്നതിനാൽ യാത്രാ സൗകര്യവുമുണ്ട്.

1967-ൽ ആർ. സുബ്ബയ്യ (എന്റെ പിതാവ്) അല്ലെങ്കിൽ ആർ.എസ് (അദ്ദേഹത്തെ സ്നേഹപൂർവ്വം വിളിക്കുന്നത് അങ്ങനെയാണ്) ആണ് അജന്ത തിയേറ്റർ സ്ഥാപിച്ചത്. തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ പനഗുഡിയിൽ ധാന്യവ്യാപാരി യായിരുന്ന ശ്രീരാമലിംഗ മൂപ്പ നാരുടെ മകനാണ് ശ്രീ ആർ. സുബ്ബയ്യ (ആർഎസ്). അദ്ദേഹം കഠിനാധ്വാനിയും ആത്മാർത്ഥത യുമുള്ള വ്യക്തിയായിരുന്നു. അതിനാൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, ആർ.എസ് സ്വന്തം ഉപജീവനത്തിനായി തിരുവനന്തപുരത്ത് എത്തി. അദ്ദേഹത്തിന്റെ നല്ല ഗുണങ്ങൾ കാരണം, സഹപ്രവർത്തകരും കീഴുദ്യോഗസ്ഥരും എന്റെ പിതാവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. സിനിമകളുടെ വിതരണത്തിലും നിർമ്മാണത്തിലും അദ്ദേഹം പങ്കാളിയായിരുന്നു.






1950-കളുടെ തുടക്കത്തിൽ തിരുവനന്തപുരത്ത് സെൻട്രൽ തിയേറ്റർ സ്ഥാപിച്ചത് ആർ. സുബ്ബയ്യയാണ്. പിന്നീട് മറ്റൊരു സിനിമാ ഹാൾ കൂടി നിർമ്മിക്കാനുള്ള സ്വപ്നങ്ങൾ 1967-ൽ അജന്ത തിയേറ്ററിന്റെ രൂപീകരണത്തിലേക്ക് നയിച്ചു. അജന്ത തിയേറ്റർ ഒരു ദിവസം കൊണ്ട് നിർമ്മിച്ചതല്ല. അക്കാലത്ത് നിലവി ലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പാലിക്കാനും സാങ്കേതിക പ്രശ്നങ്ങൾ മറികടക്കാനും വിദഗ്ധരുമായി കൂടിയാലോചിച്ച ശേഷമാണ് തിയേറ്ററിലെ സൗകര്യങ്ങൾ ഒരുക്കിയത്. അതിനർത്ഥം, പ്രൊജക്ഷൻ & ക്യാബിൻ റൂം, സീറ്റുകളുടെ ക്രമീകരണം, എക്സിറ്റുകൾ & പ്രവേശന കവാടങ്ങൾ, അക്കൗസ്റ്റിക് ഇഫക്റ്റുകൾ തുടങ്ങിയവ അജന്തയിൽ പ്രത്യേകം ആസൂത്രണം ചെയ്തു. തിയേറ്ററിന് വലിയ പ്രചാരണം ലഭിച്ചു. 1976-ൽ പിതാവ് അന്തരിച്ചു. ആർ.എസിന്റെ കഠിനാധ്വാന സ്വഭാവമാണ് അജന്ത തിയേറ്ററിന്റെ വിജയമെന്നത് എടുത്തുപറയേണ്ടതാണ്. 1967 മുതൽ 2023 വരെ അജന്തയിൽ 1796 സിനിമകൾ പ്രദർശിപ്പിച്ചു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

ഈ തിയേറ്ററിൽ സീറ്റുകളുടെ 3 തരംതിരിവുകൾ ഉണ്ട്. ഗ്രാൻഡെ സെക്ഷനിൽ ലെഗ് റെസ്റ്റുകളോട് കൂടിയ സോഫാ സീറ്റുകൾ. റോയൽ വിഭാഗത്തിൽ സോഫ സീറ്റുകളും. മികച്ച ശബ്ദസംവിധാനവും സ്ക്രീനിലേക്ക് വ്യക്തമായ കാഴ്ചയും ഉണ്ട്. പ്രീമിയം സീറ്റുകൾ സ്ക്രീനിൽ നിന്ന് 18 അടി ഉയരത്തിൽ ആരംഭിക്കുന്നു, വിശാലമായ ലെഗ് സ്പെയ്സ് ഉള്ളതിനാൽ ഇത് മികച്ച സീറ്റ് ലെഗ് റൂം അനുപാതമുള്ള തീയേറ്റർ കൂടിയാണ്.

ടാക്സി വിളിക്കുന്നതിനും വാഷ് റൂമുകൾക്കും ടോയ്‌ലറ്റുകൾക്കും ഓൺലൈൻ റിസർവേഷനുകൾക്കും സൗകര്യം. കാറുകൾക്കും ഇരുചക്രവാഹനങ്ങൾക്കും പാർക്കിംഗ് ഏരിയകൾ. കഫ്റ്റീരിയ തുടങ്ങിയവയും. വൈദ്യുതി വിതരണത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ, പരിധിയില്ലാത്ത വൈദ്യുതി വിതരണമുള്ള സ്റ്റാൻഡ്-ബൈ-ജനറേറ്റർ. ശാരീരിക വൈകല്യമുള്ളവർക്ക് വീൽ ചെയർ. അങ്ങനെ ഒരു ആധുനിക തീയേറ്ററിന് വേണ്ടുന്ന എല്ലാ സൗകര്യവും അജന്തയിൽ ഒരുക്കിയിട്ടുണ്ട്.

ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളാണ് അജന്തയിൽ ഉപയോഗിക്കുന്നത്. സിനിമയുടെ ഡിസിപി (ഡിജിറ്റൽ സിനിമ പാക്കേജ്) ഡൌൺലോഡ് ചെയ്ത്പരിശോ ധിക്കുന്നതിനും പ്രൊജക്ഷൻ ചെയ്യുന്നതിനും യു. എഫ്. ഓ കമ്പനിയുടെ സംവിധാന മാണുള്ളത്. പ്രിസം 3 ഡി ലെൻസ് റെയ്സ് 51.6 x 22 ft അളവിലുള്ളത്. സ്ക്രീനിൽ നല്ല അളവിൽ ലുമിനൻസ് ഉറപ്പ് വരുത്തുന്നു. പ്രോജക്റ്ററിൽ നിന്ന് സ്ക്രീനിലേക്കുള്ള



ദ്രോ 95 ft ആണ്. സ്ക്രീനും മുൻനിരയും തമ്മിൽ 42 ft ഉള്ളതിനാൽ മുൻനിരയിൽ ഇരുന്ന് സിനിമ കാണു ന്നതിനും ബുദ്ധിമുട്ടില്ല. സീറ്റുകളുടെ പ്രത്യേക ക്രമീകരണം മൂലം ഹാളിൽ എവിടെ യിരുന്നും, ഒരു കോർണറിൽ ആയാൽ പോലും കാണുന്നതിന് യാതൊരു ബുദ്ധി മുട്ടുമില്ല. കോർണർ വ്യൂ ഇല്ലെന്നുള്ളതാണ് ആ പ്രത്യേകത. ഡോൾബി ശബ്ദ വിന്യാസം ഒരു പോലെയായിരിക്കും. ഐ. എഫ്. എഫ്. കെ പോലെ ഒരു ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നടക്കുമ്പോൾ ഏറ്റവും മുന്തിയ ശാസ്ത്ര സാങ്കേതികത ഉപയോഗിച്ചുള്ള സിനിമയെ ഒരു യഥാർത്ഥ അനുഭവമാക്കുന്നു അജന്ത തീയേറ്റർ. ഐ. എഫ്. എഫ്. കെ യിൽ മികച്ച തീയേറ്ററിനുള്ള അവാർഡ് പലതവണ അജന്തയ്ക്ക് ലഭിച്ചിട്ടുണ്ട്. അതുപോലെ ബെസ്റ്റ് തീയേറ്റർ അവാർഡ് തിരുവനന്തപുരം കോർപറേഷനും നൽകിയിട്ടുണ്ട്.

വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്




ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on IFFK
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



# ചലച്ചിത്ര ഗ്രന്ഥം – പ്രകാശനം

## താർകോവ്സ്കിയുടെ സിനിമ - സ്റ്റോക്കർ - ദൃശ്യസാഹിത്യ ആവിഷ്കാരം





താർകോവ്സ്കിയുടെ സിനിമ സ്റ്റോക്കർ - ദൃശ്യസാഹിത്യ ആവിഷ്കാരം - പുസ്തക പ്രകാശനം - ഷാജി. എൻ. കരുൺ. IFFK Curator from France & പ്രൊഡ്യൂസർ ഗോൾഡാ സെല്ലം പുസ്തകം സ്വീകരിക്കുന്നു. ഗ്രന്ഥകാരൻ സാബു ശങ്കർ, KSFDC -MD അബ്ദുൽ മാലിക്, നിരൂപകൻ വിജയകൃഷ്ണൻ, നടി അർപ്പണ, ജോർജ്ജ് മാത്യു ചലച്ചിത്ര, നിരൂപകൻ ജുഗു എബ്രഹാം, വിനോദ് കുമാർ, ജ്യോതിഷ് കുമാർ, ഡോ. രാധാകൃഷ്ണൻ, സി. പി. തങ്കപ്പൻ, അജി. എസ് തുടങ്ങിയവർ.


താർകോവ്സ്കിയുടെ

# സ്റ്റോക്കർ

ഒരു ദൃശ്യസാഹിത്യ ആവിഷ്കാരം

സാബു ശങ്കർ

**E-book / Paperback Available**




ബുക്ക് പബ്ളിഷർ : കോനാട്ട് പബ്ലിക്കേഷൻസ്
ഈബുക്ക് പബ്ലിഷർ : പിയർബേ ഡോട് കോം

**വില : ബുക്ക് : ~~₹ 200~~ ₹ 150 ഈബുക്ക് - ~~₹ 150~~ ₹ 100**

വിതരണം PeerBey.com Shop Online

**വാങ്ങാം ഓൺ ലൈനിൽ**

**www.peerbey.com**

**+91 9072500858**


1920 കളിൽ വിപ്ലവാനന്തര റഷ്യയിൽ കലയുടെ സൗന്ദര്യദർശനമായി അംഗീകരിക്കുകയും ഇടതു പക്ഷ ലോകത്തിന്റെ പുരോഗമന ധാരയായി മാറുകയും ചെയ്യപ്പെട്ടതാണ് സോഷ്യലിസ്റ്റ് റിയലിസം. സ്റ്റാലിന്റെ കാലത്ത് കലാചിന്തയിൽ പ്രോലിറ്റേറിയൻ ആർട്ട് സിദ്ധാന്തം നിർബന്ധിതമായിരുന്നു. കലയുടെ ലോകത്ത് സ്വാതന്ത്ര്യം അനുവദിച്ചിരുന്നില്ല. ക്രൂഷ്ച്ചേവിന്റെയും ബ്രഷ്നെവിൻറെയും കാലത്തും ഔദ്യോഗിക ഷഡ്നോവിയൻ മാതൃക റഷ്യയിൽ പിന്തുടർന്ന് പോന്നു. ഇതിനെ നിരാകരിച്ചു കൊണ്ട് സ്വന്തമായ ശൈലിയിൽ കാലബന്ധിയായി സൃഷ്ടിക്കപ്പെട്ടവയാണ് താർകോവ്സ്കി സിനിമകൾ. അതിനാൽ റഷ്യൻ ഭരണകൂടത്തിൽ നിന്നും പലപ്പോഴും വിമർശനങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടിവന്ന ഒരു കലാകാരനായിരുന്നു താർകോവ്സ്കി. അദ്ദേഹത്തിന്റെ സിനിമാ ജീവിതം മുഴുവൻ സെൻസർഷിപ്പ് പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ചില സ്ക്രിപ്റ്റുകൾ നിരോധിക്കപ്പെട്ടു. എങ്കിലും തന്റേതായ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് ഏഴോളം സിനിമകൾ അദ്ദേഹം ചെയ്തു. ആവിഷ്ക്കാരത്തിലെ വ്യത്യസ്തതകൊണ്ട് ആ സിനിമകൾ ലോക ശ്രദ്ധ നേടി. റഷ്യയിൽ ഗോർബചെവ് തുടക്കം കുറിച്ച പുതിയ യുഗപപിറവി കാണാൻ വിശ്വചലച്ചിത്രകാരനായി അറിയപ്പെട്ട താർകോവ്സ്കി കാത്തുനിന്നില്ല. എന്നാൽ താർകോവ്സ്കിയുടെ മരണത്തിനു ശേഷം (1986) അദ്ദേഹത്തിന്റെ സിനിമകൾ റഷ്യയിൽ വ്യാപകമായി പ്രദർശിപ്പിക്കപ്പെടുകയും റഷ്യൻ ഗവർമെന്റ് രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ ലെനിൻ പ്രൈസ് നൽകി അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സൃഷ്ടികളിൽ ഒന്നാണ് സ്റ്റോക്കർ. സിനിമയെ ഗൌരവത്തോടെ സമീപിക്കുന്നവർ കണ്ടിരിക്കേണ്ട ചിത്രം. യൂട്യൂബിൽ ഈ ചിത്രം ലഭ്യമാണ്.

നോവലിസ്റ്റും സിനിമ നിരൂപകനുമായ സാബു ശങ്കർ താർകോവ്സ്കിയുടെ സ്റ്റോക്കർ ഒരു ദൃശ്യസാഹിത്യ ആവിഷ്കാരം എന്ന ഈ ഈ-ബുക്കിലൂടെ സിനിമയുടെ ഓരോ ഫ്രെയിമുകളും സൂക്ഷ്മമായി പിന്തുടർന്ന് അതിലെ സംഭാഷണങ്ങളും, ദൃശ്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഒരു നോവൽ എന്നപോലെ വായിച്ചാസ്വദിക്കാവുന്ന രീതിയിൽ ആവിഷ്ക്കരിച്ചിരിക്കുകയാണ്. സ്റ്റോക്കർ എന്ന സിനിമ കൂടുതൽ ആഴത്തിൽ കണ്ടാസ്വദിക്കുവാൻ ഈ പുസ്തകം അനുവാചകനെ സഹായിക്കും.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

# മലയാള സിനിമയിലെ മധുരിമ – നവംബർ മധു ഫെസ്റ്റ്

വാർത്ത

സാം ആന്റണി, ഫിൽക്ക ഫിലിം സൊസൈറ്റി







ഫിൽക്കയുടെ നവംബർ മാസ ചലച്ചിത്രോത്സവത്തിൻറെ ഉദ്ഘാടനം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ കെ. എസ്.എഫ്.ഡി.സി. മാനേജിങ് ഡയറക്ടർ കെ. വി.അബ്ദുൾ മാലിക് നിർവഹിച്ചു. ചലച്ചിത്ര നിരൂപകനും സംവിധായകനും കഥാകൃത്തുമായ വിജയകൃഷ്ണൻ, നോവലിസ്റ്റും പത്രപ്രവർത്തകനും ഫിൽക്ക സെക്രട്ടറിയുമായ സാബു ശങ്കർ, ഫിൽക്ക വൈസ് പ്രസിഡണ്ട് ഡോ. ബി രാധാകൃഷ്ണൻ, മധുവിനെ കുറിച്ചുള്ള ഡോക്യൂമെന്ററിയുടെ സംവിധായകൻ പുഷ്പൻ ദിവാകരൻ, തിരക്കഥാകൃത്ത് പ്രശാന്ത്, നടി അർപ്പണ തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു.

മലയാളത്തിൻറെ പ്രിയനടനും സംവിധായകനും നിർമ്മാതാവും സ്റ്റുഡിയോ ഉടമയുമായ മധു അഭിനയിച്ച മൂന്നു വ്യത്യസ്ത ചലച്ചിത്രങ്ങളും (സ്വയംവരം, ചെമ്മീൻ, ഭാർഗവീ നിലയം) അദ്ദേഹത്തെ കുറിച്ചുള്ള ഒരു ഡോക്യുമെൻററിയുമാണ് (അഭ്രപാളികളിലെ മധുരം ) ഇത്തവണ പ്രദർശിപ്പിച്ചത്.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി, സ്പാർക് ഫിലിം സൊസൈറ്റി (ഐ. എസ്. ആർ. ഓ), സി. ഇ. ടി ഫിലിം സൊസൈറ്റി (കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ട്രിവാൻഡ്രം) എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫെസ്റ്റിവൽ.

യോഗത്തിൽ ശ്രീ. സാബു ശങ്കർ, ഡിസംബർ എട്ടാം തീയതി തുടങ്ങാൻ ഇരിക്കുന്ന IFFK -യിൽ ഫിലിം ജേർണലിസ്റ്റുകളായി പ്രവർത്തിക്കാൻ താൽപ്പര്യവുമുള്ളവരെ ക്ഷണിച്ചു. .

ഫിൽക്കയുടെ പ്രതിമാസ ചലച്ചിത്ര മേളകളെയും പരിപാടികളേയും പറ്റിയുള്ള വാർത്തകളും ചലച്ചിത്ര പഠനങ്ങളും ഉൾക്കൊള്ളിച്ചു പ്രസിദ്ധീകരിക്കപ്പെടുന്ന ഫിലിം വി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ഷൻ എന്ന ഡിജിറ്റൽ മാസിക, റഫറൻസ്സിനായി മറ്റു സിനിമാ സംഘടനകളും വിദ്യാർത്ഥികളും ഗവേഷകരും പൊതുവെ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് അറിയിച്ചു.

ലോകമെമ്പാടുമുള്ള മലയാള സിനിമാപ്രേമികൾക്ക് വലിയ നിലയിൽ പ്രയോജനം ചെയ്യുന്ന ഈ മാസിക കഴിയുന്നത്ര ഷെയർ ചെയ്യാൻ ശ്രദ്ധിക്കണം. ഡിജിറ്റലായും സൗജന്യമായും പ്രസിദ്ധീകരിക്കപ്പെടുന്ന ഈ മാഗസിന്റെ ഓരോ ലക്കവും www.filca.in - യിൽ നിന്ന് ഡൌൺലോഡ് ചെയ്യാം.

അധ്യക്ഷപ്രസംഗം നടത്തിയ ഡോ. ബി. രാധാകൃഷ്ണൻ പ്രസ്താവിച്ചു - കഴിഞ്ഞ ഒരു വർഷമായി ഇപ്പോഴത്തെ ഭാരവാഹികൾക്ക് പല പുതിയ സംരംഭങ്ങളും തുടങ്ങാൻ സാധിച്ചിട്ടുണ്ട്. ഫിൽക്കയുടെ പ്രവർത്തനം ഇനിയും വിപുലമായ രീതിയിൽ തന്നെയാണ് മുന്നോട്ട് കൊണ്ടു പോകാൻ ആഗ്രഹിക്കുന്നത്.

ഫിൽകയുടെ പ്രത്യേക പ്രമോഷൻ സ്കീമായ സിനിമ വണ്ടി, കോളേജുകളിലും നാട്ടിൻപുറത്തെ സ്കൂളുകളിലും സിനിമ പ്രദർശനം സംഘടിപ്പിക്കാൻ ശ്രമിച്ചു വരികയാണ്.

കേരള സർക്കാരിൻറെ അനുവാദം ലഭിക്കുന്നതനുസരിച്ച്, രാജ്യാന്തര സിനിമയിൽ മലയാളം ഡബ്ബിങ്ങ് നടത്തി പ്രദർശനം തുടങ്ങും.

നടനും, മലയാളസിനിമാലോകത്തെ വലിയ വിഗ്രഹവുമായ മധുവിൻറെ മൂന്ന് വ്യത്യസ്ത

## വാർത്ത



സിനിമകൾ - സ്വയംവരം, ചെമ്മീൻ, ഭാർഗവീ നിലയം എന്നിവ - പലരും മുൻപ് കണ്ടിട്ടുള്ളവ തന്നെയാണെങ്കിലും അവയുടെ വിവിധ വശങ്ങൾ ഒരിക്കൽ കൂടി കണ്ടുമനസ്സിലാക്കാൻ ഇതിലൂടെ സാധിക്കും.

മധുവിനോടുള്ള സ്നേഹാദരവ് പ്രകടിപ്പിക്കുന്നതിലേക്കാണ് ഈ നവംബർ ചലച്ചിത്രോത്സവം നടത്തുന്നത്.

തുടർന്ന് കെ.എസ്. എഫ്. ഡി. സി - എം.ഡി, കെ വി അബ്ദുൽ മാലിക് ചടങ്ങിൽ സംസാരിച്ചു.

കെ.എസ്.എഫ്. ഡി. സിയുടെ ഭാഗത്തുനിന്ന് മൂന്ന് അറിയിപ്പുകൾ ഉണ്ട്.

ഡിസംബർ എട്ടാം തീയതി തുടങ്ങുന്ന ഐ.എഫ്.എഫ്. കെ യോട് അനുബന്ധിച്ച് ഈ വർഷം പുതുതായി ഒരു സംരംഭം ആരംഭിക്കുന്നുണ്ട്. കേരള ഫിലിം മാർക്കറ്റ് എന്നുള്ള ഒരു കൺസെപ്റ്റ് ആണത്. മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഫിലിം മാർക്കറ്റ് സെമിനാർ ഹോട്ടൽ മാസ്കോട്ടിൽ വെച്ച്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

മേളയ്ക്ക് സമാന്തരമായി നട ത്തുന്നതാണ്. സിനിമകളുടെ സ്ക്രീനിങ് അവിടെ ഉണ്ടാവില്ല. പകരം പതിനൊന്നു ടെക്നിക്കൽ സെഷനുകൾ ഉണ്ടാകും. ഈ ടെക്നിക്കൽ സെഷനുകൾ ലീഡ് ചെയ്യുന്നത് അതാതു രംഗത്തെ അതിപ്രഗത്ഭരും, ദേശീയ അന്തർ ദേശീയ രംഗത്ത് അറിയപ്പെടുന്ന വൈജ്ഞാനികരും ആയിരിക്കും.

ഡെലിഗേറ്റുകൾക്ക് ഈ പതിനൊന്നു സെഷനുകളിൽ മുഴുവനായോ, താല്പര്യമു ള്ള സെഷനുകളിൽ മാത്രമായോ പങ്കെടുക്കാവുന്നതാണ്.

ഒരു പുതിയ തുടക്കം എന്ന നിലയിൽ ഈ വർഷം സീറ്റുകൾ പരിമിതമായിരിക്കും.

ഓരോ സെഷനിലേക്കും 50 മുതൽ 60 വരെ ഡെലിഗേറ്റുകളെയാണ് ഉദ്ദേശിക്കുന്നത്. സീരിയസ് ഇൻററൊക്ടീവ് സെഷൻ ആകണം എന്നുള്ളതു കൊണ്ടാണ് ഈ പരിധി വച്ചിരിക്കുന്നത്.

ഇതോടൊപ്പം തന്നെ ഡെലിഗേറ്റുകൾക്ക് തങ്ങളുടെ സിനിമാ പ്രോജക്ടുകൾ നിരൂപകരെയോ വിതരണക്കാരെയോ മറ്റോ കാണിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സൗകര്യം കെ. എസ്. എഫ്. ഡി. സി ഒരുക്കുന്നതാണ്.

ഒരു കാലത്ത് ഒട്ടേറെ ഫിലിം സൊസൈറ്റികൾ കേരളത്തിൽ ഉണ്ടായിരുന്നു. താലൂക്ക് അടിസ്ഥാനത്തിൽ പോലും ഫിലിം സൊസൈറ്റികൾ സജീവമായിരുന്ന കാലമായിരുന്നു അത്. നിലവിൽ 50 മുതൽ 100 വരെ

## വാർത്ത

ഫിലിം സൊസൈറ്റികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. അവയിൽ തന്നെ തൊണ്ണൂറുകളിൽ തുടങ്ങുമ്പോൾ അതിലുള്ള ആളുകളാണ് ഇപ്പോഴും അംഗങ്ങളായി ഉള്ളത്.

ഇപ്പോഴുള്ള മെമ്പർമാരിൽ പലരും റിട്ടയർ ചെയ്തവരും തങ്ങളുടെ എഴുപതുകളിൽ ഉള്ളവരുമാണ്. അതിൻറെ അർത്ഥം പുതിയ തലമുറ ഫിലിം സൊസൈറ്റി രംഗത്തേക്ക് വരുന്നത് വളരെ കുറവാണ് എന്നതാണ്. കേരളത്തിൽ ഒരു ഫിലിം മാർക്കറ്റ് കൊണ്ടുവരിക, കേരളത്തിലെ ഫിലിം സൊസൈറ്റി മൂവ്മെന്റ് ശക്തിപ്പെടുത്തുക, പുതിയ ഓ. ടി. ടി. പ്ലാറ്റ്ഫോം ആരംഭിക്കുക എന്നീ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങളാണ് കെ.എസ്. എഫ്.ഡി. സി വിഭാവനം ചെയ്യുന്നത്.

ഇതിനുള്ള സമഗ്രപദ്ധതികൾ കെ.എസ്. എഫ്.ഡി. സി തയ്യാറാക്കുന്നുണ്ട്. അതിനായി കൊടുത്തിട്ടുള്ള പ്രൊപ്പോസലുകൾ അപ്പ്രൂവ് ചെയ്യപ്പെടുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം തന്നെ അത് നടപ്പാക്കും.

അതുപോലെ തന്നെ നെറ്റ്ഫ്ലിക്സ് പോലുള്ള ഓ.ടി.ടി പ്ലാറ്റ്ഫോമുകൾക്കൊപ്പം കേരള ഗവൺമെന്റിൻറെ സി - സ്പേസ് എന്ന പ്ലാറ്റ്ഫോം, നിലവിലുള്ള ഓ ടി ടി പ്ലാറ്റ്ഫോമുകളോട് മത്സരിക്കുന്ന, കണ്ടൻറ് ഉള്ള ഒരു പ്ലാറ്റ്ഫോം ആയിരിക്കും . അത് കേരളത്തിൻറെ സ്വന്തം വെർച്വൽ കൾച്ചറൽ സ്പെയ്സ് ആയിരിക്കും. ആ പ്ലാറ്റ്ഫോമിൽ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

കമ്മീഷൻ അടിസ്ഥാനത്തിൽ, ക്യൂറേറ്റ് ചെയ്യപ്പെട്ട ചലച്ചിത്രങ്ങൾ മാത്രമേ പ്രദർശിപ്പിക്കുകയുള്ളു. ഇതിനു പുറമേ മറ്റ് കലാരൂപങ്ങൾ കൂടി ഈ പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കുന്നതായിരിക്കും. സീ - സ്പേസിലെ നല്ലൊരു ശതമാനം പരിപാടികളും തികച്ചും സൌജന്യമായി രിക്കും.

സർക്കാരിന് സീ - സ്പേസിൽ നിന്ന് സാമ്പത്തിക ലാഭം ഉണ്ടാക്കണമെന്ന് നിർബന്ധമില്ല .

എന്നാൽ, ഈ സംരംഭം നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തികം കിട്ടണം എന്ന് മാത്രമേയുള്ളൂ. കൂടാതെ കലാകാരന്മാർക്കും ഇതിൻറെ പുറകിൽ പ്രവർത്തിക്കുന്നവർക്കും ഒരു വരുമാനം ഉണ്ടാകണമെന്ന കൺസെപ്റ്റും കൂടി ഇതിലുണ്ട്.

എറണാകുളത്ത് ചങ്ങമ്പുഴ പാർക്കിനടുത്ത് ചങ്ങമ്പുഴ ട്രസ്റ്റിൻറെ ഒരു കേന്ദ്രം ഉണ്ട്. അവിടെ വർഷത്തിൽ മുന്നൂറ്റിയറുപത്തഞ്ചു ദിവസവും ഏതെങ്കിലുമൊക്കെ പെർഫോമിങ് ആർട്ടിൻറെ പ്രദർശനം നടത്തി വരുന്നുണ്ട്. അവയിൽ നിന്ന് വളരെ മികച്ചവ എന്ന് വിലയിരുത്തപ്പെടുന്ന പത്തു മുതൽ പതിനഞ്ചുവരെ പ്രോഗ്രാമുകൾ പ്രകടനം നടത്തുന്ന കലാകാരൻറെ സമ്മതത്തോടുകൂടി സി-സ്പേസ് എന്ന ഓ.ടി.ടി പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

ഒന്നുരണ്ട് ആഴ്ച പ്രദർശിപ്പിച്ചതിനു ശേഷം വേണ്ടത്ര വ്യൂവർഷിപ്പ് കിട്ടുന്നുണ്ടെങ്കിൽ ഫ്രീ വ്യൂവിംഗ് എന്നത് മാറ്റി ഒരു ചെറിയ തുക ശേഖരിക്കുന്നു. ആ തുക ചങ്ങമ്പുഴ ട്രസ്റ്റിൻറെ പ്രവർത്തനത്തിനും പരിപാടികൾ അവ തരിപ്പിക്കുന്ന കലാകാരന്മാർക്കുമായി

## വാർത്ത

പങ്കിട്ടു കൊടുക്കുന്നതാണ്. അങ്ങനെ അവരവരുടെ മികവിന് അനുസരിച്ച്, വളർന്നുവരുന്ന കലാകാരന്മാർക്ക് ഇതിൽ നിന്നും ഒരു വരുമാനം ഒടിടി പ്ലാറ്റ്ഫോം വഴിയായി ലഭിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതാ യിരിക്കും.

ഈ പ്ലാറ്റ്ഫോമിൻറെ സാങ്കേതികമായിട്ടുള്ള ഒരുക്കങ്ങൾ എല്ലാം തന്നെ പൂർത്തിയായിട്ടുണ്ട്. നിലവിൽ അതിലേക്കുള്ള കണ്ടൻറുകൾ ഒരുക്കി കൊണ്ടിരിക്കുകയാണ്. ഇപ്രാവശ്യം ഐ.എഫ്.എഫ്. കെ യിൽ വരുന്ന സിനിമകളും ഈ പ്ലാറ്റ്ഫോമിലേക്ക് പ്രതീക്ഷിക്കുന്നുണ്ട്.

അതുകൊണ്ടുതന്നെ ഐ.എഫ്. എഫ്. കെ കഴിഞ്ഞ് 2023 ഡിസംബർ അവസാനത്തോടെയോ അല്ലെങ്കിൽ 2024 ജനുവരി തുടക്കത്തോടെയൊ കൂടി ഈ പ്ലാറ്റ്ഫോം ലോഞ്ച് ചെയ്യുന്നതായിരിക്കും.

തുടർന്ന് മധു ഫിലിം ഫെസ്റ്റിവലിലേക്ക് ക്ഷണിച്ചതിന് ഫിൽകയ്ക്കുള്ള നന്ദി അറിയിക്കുകയും മധു ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം നിർവഹിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു.

തുടർന്ന് ചലച്ചിത്ര നിരൂപകനും സംവിധായ



filca FILM LOVERS CULTURAL ASSOCIATION
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

കനും കഥാകൃത്തുമായ വിജയകൃഷ്ണൻ സംസാരിക്കുകയുണ്ടായി.

ശ്രീ.മധുവിനെ കുറിച്ചുള്ള ഡോക്യുമെന്ററിയുടെ പുറകിലെ പുഷ്പൻ ദിവാകരന്റെ അദ്ധ്വാനത്തെ ആദരിക്കുന്നു. പ്രശസ്തരുമായുള്ള അഭിമുഖങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ ഡോക്യുമെൻററി ശ്ലാഘനീയമാണ്.

ശ്രീ മധുവിനെ കുറിച്ച് ഒട്ടേറെ പറയാൻ ബാക്കിയുണ്ടെന്ന കാര്യം വിജയകൃഷ്ണൻ ഓർമ്മിപ്പിച്ചു.

നടൻ, സംവിധായകൻ, നിർമ്മാതാവ്, സ്റ്റുഡിയോ ഉടമ തുടങ്ങി നിലയിൽ ഒക്കെ അറിയപ്പെടുന്ന മധു ഏറ്റവും മികച്ച കർഷകനുള്ള പഞ്ചായത്ത് അവാർഡ് നേടിയ വ്യക്തി കൂടിയാണ്. അദ്ദേഹം ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയുടെ ചുമതല വഹിക്കുന്ന കാലഘട്ടത്തിൽ മൂന്നാംമൂട് എന്ന സ്ഥലത്ത് കുറേയേറെ സ്ഥലം വാങ്ങിയിരുന്നു. കല്ലും മുള്ളും മൂടി തരിശ് ആയിക്കിടന്ന ആ ഭൂമിയിൽ അദ്ദേഹം എന്താണ് ചെയ്യാൻ പോകുന്ന തെന്ന് അത്ഭുതപ്പെട്ടിരുന്നു. എന്നാൽ ഒരു വർഷത്തിനുശേഷം അതേ സ്ഥലം വീണ്ടും സന്ദർശിച്ചപ്പോൾ തരിശ്ശായി കിടന്ന ആ കുന്നുമ്പ്രദേശത്തെ തട്ടുതട്ടായി തിരിച്ച് ജലസേചനത്തിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. അവിടം മനോഹരവും ഫലഭൂയിഷ്ഠവുമായ ഒരു കൃഷിയിടമാക്കി അദ്ദേഹം മാറ്റിയിരുന്നു.

ഏറ്റെടുക്കുന്ന ഓരോ ജോലിയിലും എന്തുമാത്രം ആത്മാർത്ഥത അദ്ദേഹം കാണിക്കുന്നു എന്നും എത്രമാത്രം സ്വയം സമർപ്പണം അദ്ദേഹം ചെയ്യുന്നു എന്നും ബോധ്യപ്പെടുത്തി തന്ന ഒരു സംഭവമായിരുന്നു അത്. ഒരു കാലഘട്ടത്തിൽ മദിരാശി കേന്ദ്രമാക്കിയിരുന്ന മലയാള സിനിമയെ കേരളത്തിലേക്ക് പറിച്ചു നടുക എന്ന ഉദ്ദേശത്തോടു കൂടി സ്ഥാപിച്ച ചിത്രാഞ്ജലി നമ്മുടെയെല്ലാം അഭിമാന സ്ഥാപനമാണ്. എന്നാൽ സർക്കാർതലത്തിൽ നിന്ന് ആ നീക്കം ഉണ്ടാകുന്നതിന് എത്രയോ മുൻപ് ആ ശ്രമം നടത്തിയ ആളാണ് മധുസാർ. കേരളത്തിൽ മെറിലാൻഡ്, ഉദയ എന്നീ രണ്ടു സ്റ്റുഡിയോകൾ മാത്രമാണ് മുൻപ് ഉണ്ടായിരുന്നത്. അവയാകട്ടെ സ്വന്തം കമ്പനിയുടെ ചിത്രങ്ങൾ മാത്രമാണ് നിർമ്മിച്ചിരുന്നത്. എന്നാൽ മധുസാർ ആകട്ടെ എല്ലാ സിനിമാ പ്രവർത്തകർക്കും എല്ലാത്തരത്തിലുമുള്ള സിനിമാ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുക എന്ന രീതിയിലുള്ള ഒരു സെറ്റപ്പ് ആണ് വിഭാവനം ചെയ്തത്. അങ്ങനെയാണ് അദ്ദേഹം ഇപ്പോൾ ഏഷ്യാനെറ്റ് കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്ത്, വളരെയേറെ പരിശ്രമിച്ച്, അനേകം കടമ്പകൾ കടന്ന്, ഉമ ഫിലിം സ്റ്റുഡിയോ ആരംഭിക്കുന്നത്.

വാർത്ത



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## വാർത്ത

തുടർന്ന് അഭിനേത്രിയും ഫിൽക്ക എക്സി ക്യൂട്ടീവ് മെംബറുമായ അർപ്പണ (ഗിരിജ സുരേന്ദ്രൻ) ഗൗരീശപട്ടത്തുള്ള തന്റെ കുടുംബവും മധുസാറിന്റെ കുടുംബവും തമ്മിലുള്ള അടുപ്പത്തെ കുറിച്ചും ഒരിക്കൽ താൻ അഭിനയിച്ച നാടകം കാണാൻ മധു സാർ വന്നതും അഭിനന്ദിച്ചതും അനുസ്മരിച്ചു.

മധു ഫെസ്റ്റിവലിന് വേണ്ടി ഫിൽക്ക - സ്പാർക്ക് ഫിലിം സൊസൈറ്റികളുടെ ഭാരവാഹികളുമൊത്ത് മധു സാറിന്റെ വീട്ടിൽ ചെന്നതും അഭിമുഖം തയ്യാറാക്കുന്നതിൽ പങ്കെടുത്തതും നന്ദിയോടെ ഓർമിച്ചു.



മധു ഫെസ്റ്റിവലിനെ കുറിച്ചു സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്ത അതിഥികൾക്കും ഭാരവാഹികൾക്കും ഒപ്പം കാണികൾക്കും നന്ദി അർപ്പിച്ചു.






ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033




## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

### വാഗ്ദത്ത ഭൂമിയിലെ സ്വപ്ന വേട്ട

# ദി പ്രോമിസ്ഡ് ലാൻഡ്

**മെറിൽ. വി. എൽ**



(ദി പ്രോമിസ്ഡ് ലാൻഡ് / ഡെന്മാർക്ക് - സ്വീഡൻ - നോർവെ - ജർമ്മനി / 127 മിനിറ്റ് / ഡാനിഷ് ഭാഷ). 2023- ൽ വെനീസ് ഫിലിം ഫെസ്റ്റിവലിലും ടോറന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും പ്രദർശിപ്പിച്ച ചിത്രം.

പത്തൊൻപതാം നൂറ്റാണ്ടിലെ ഡെൻമാർക്ക് എന്ന അടിക്കുറിപ്പോടെ വിശാലമായ തരിശുഭൂമിയുടെ ഒരു ഇരുണ്ട ദൃശ്യം. ഏതാനും നിമിഷങ്ങൾക്കുള്ളിൽ, ടൈറ്റിലുകളുടെ ഭാഗമായി മാഡ്സ് മിക്കൽസൺ എന്ന പേര് തിരശീലയിൽ തെളിയുന്നു. തുടർന്ന് പ്രേക്ഷകരിൽ നിന്ന് ഉച്ചത്തിൽ കരഘോഷം. ലോക സിനിമയിലെ ഒരു അഭിനേതാവിനു തിരുവനന്തപുരത്തെ തിയേറ്ററിൽ ആർപ്പുവിളികൾ ലഭിക്കുന്നതു ഒരു അപൂർവ സംഭവമായതിനാൽ ഞാൻ ആഹ്ളാദത്താൽ ആശ്ചര്യപ്പെട്ടു. ഒരു പതിറ്റാണ്ട് മുമ്പ് ഐ.എഫ്.എഫ്. കെയിൽ ബുദ്ധദേബ് ദാസ്ഗുപ്തയുടെ "അൻവർ കാ അജബ് കിസ്സ"എന്ന സിനിമ നവാസുദ്ദീൻ സിദ്ദിഖിയുടെ പേരിൽ തുടങ്ങിയപ്പോൾ സമാനമായ ഒരു കരഘോഷത്തിന് സാക്ഷ്യം വഹിച്ചത് പെട്ടെന്ന് ഓർമ്മയിൽ തെളിഞ്ഞു. നവാസിൽ നിന്ന് വ്യത്യസ്തമായി, മാഡ്സ് മിക്കൽസൺ ഒരു ഡാനിഷ് നടനാണ് എന്നുള്ള കാര്യം എന്നെ വീണ്ടും പുളകം കൊള്ളിച്ചു. രണ്ടു വർഷങ്ങൾക്ക് മുമ്പ് പ്രദർശിപ്പിച്ച അദ്ദേഹത്തിന്റെ "അനദർ റൗണ്ട്" (അടുത്ത ഊഴം) എന്ന എല്ലാവരെയും ആവേശം കൊള്ളിച്ച സിനിമ IFFK പ്രേക്ഷകർ മറന്നിട്ടില്ലെന്ന് വ്യക്തമായി. ഇപ്പോഴിതാ നിക്കോളജ് ആർസെൽ സംവിധാനം ചെയ്ത "വാഗ്ദത്ത ഭൂമി " യിലൂടെ മാഡ്സ് മിക്കൽസൺ'ന്റെ അടുത്ത ഊഴം ആസ്വദിക്കാനായി ഞാനും മറ്റു കാണികളെ പോലെ തയ്യാറായി.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്പിലെ ആഢ്യ പ്രഭുക്കന്മാരുടെ പദവിയിലേക്ക് പ്രവേശനം നേടാനുള്ള ലുദ്‌വിക്ക് കഹ്‌ലൻ എന്ന മധ്യവയസ്കന്റെ സ്വപ്നവും അത് സാക്ഷാത്കരിക്കാനുള്ള അവന്റെ തീവ്ര പരിശ്രമത്തിന്റെ കഥയുമാണ് "ദി പ്രോമിസ്ഡ് ലാൻഡ്" പറയുന്നത്.

അദ്ദേഹം രാജപട്ടാളത്തിൽ നിന്നും വിരമിച്ച സൈനികനാണെങ്കിലും, തന്റെ നിഷിദ്ധമായ ജനനം മൂലം മേലെ തട്ടിലെ സമൂഹത്തിൽ പരിഹാസ്യനാണ്. ധനികനായ ഭൂവുടമയെ സേവിക്കുമ്പോൾ ഒരു വേലക്കാരിക്ക് ജനിച്ചവനാണ് അയാൾ. ബഹുമാനം അർഹിക്കുന്ന സവർണ്ണ സമൂഹത്തിന്റെ ഭാഗമാകാൻ അയാൾക്കു മുന്നിൽ ഒരു മാർഗം തെളിയുന്നു. ആയിരക്കണക്കിന് ഏക്കറിൽ പരന്നു കിടക്കുന്ന തരിശുഭൂമിയിൽ നിന്ന് ആദായ വിളവെടുപ്പ് നടത്തി രാജഭരണത്തിന് മുന്നിൽ തന്റെ കഴിവ് തെളിയിച്ചാൽ അവന് പ്രഭുവിന്റെ പട്ടം ചാർത്തപ്പെടും. അന്തസോടെയും ബഹുമാനത്തോടെയും തന്നെ ലോകം കാണണമെന്ന കറതീർന്ന ആഗ്രഹത്തിൽ വേരൂന്നിയ അദ്ദേഹത്തിന്റെ പാരമ്പര്യേതര തീരുമാനങ്ങളും നിഷ്കരുണമായ പ്രവൃത്തികളും കഥയ്ക്ക് ഒരു പ്രത്യേക ഊർജ്ജം നൽകുന്നു.

അയാളുടെ തുച്ഛമായ വേതനം കൊണ്ട് രാജാവിന്റെ പ്രതിനിധികളുമായി സന്ധിയിൽ എത്തണം. ശക്തരായ ഭൂവുടമകളോടും നിയമ നിർമ്മാതാക്കളോടും പൊരുതണം. ആ ചുറ്റുവട്ടത്തെ കൊള്ളക്കാരെ പ്രീണിപ്പിക്കണം. പ്രവചനാതീതമായ പ്രതികൂല കാലാവസ്ഥയുമായി സമരസപ്പെടണം. ഈ പ്രക്രിയയിൽ, അവൻ പല രീതിയിലുള്ള ഉയർച്ചകളും നേട്ടങ്ങളും കണ്ടു. അതിനേക്കാൾ വീഴ്ചകളും നഷ്ടങ്ങളും സഹിച്ചു. അതികഠിനമായ ജീവിത അവസ്ഥകളിലൂടെ കടന്നുപോയി.

അപ്രതീക്ഷിതമായി കണ്ടുമുട്ടുന്ന കുലജാതയായ ഒരു യുവ സുന്ദരിയിൽ അയാൾ ആകൃഷ്ടനാകുന്നു. തന്റെ ഭൃത്യരായി വന്നുപെടുന്ന കർഷകനും അയാളുടെ ഭാര്യയുമായുള്ള ബന്ധം കാലക്രമേണ സൗഹൃദം കടന്ന് പുതിയ വഴികളിലേക്ക് സഞ്ചരിക്കുന്നു. വികൃതിയായ ഒരു ജിപ്സി പെൺകുട്ടിയെ ദത്തെടുക്കുന്നു. നാട്ടിലെ പല നിയമങ്ങളും അയാൾ ലംഘിക്കുന്നു. ഒരു നാൾ ക്രൂരമായി കൊല്ലപ്പെടേണ്ട ഘട്ടം വരെ എത്തുന്നു.

ഒടുവിൽ ഒരു ദശാബ്ദമോ അതിൽ കൂടുതലോ കഴിഞ്ഞ്, കഠിന പ്രയത്നത്തിലൂടെയും നിശ്ചയദാർഢ്യത്തിലൂടെയും എല്ലാ പ്രതിബന്ധങ്ങളോടും പോരാടി വിജയത്തിൽ എത്തി നിൽക്കുമ്പോൾ അയാൾക്ക് ഒന്നും ആഘോഷിക്കാൻ തോന്നുന്നില്ല. ലുദ്‌വിക്ക് പെട്ടെന്ന് എല്ലാം ഉപേക്ഷിക്കുകയാണ്.

മധ്യവയസ്സിന്റെ അവസാന ഘട്ടമെത്തിയ തന്റെ യഥാർത്ഥ ലക്ഷ്യം എന്തായിരിക്കണമെന്ന് അയാൾ തിരിച്ചറിയുന്നു - തന്റെ പ്രിയപ്പെട്ടവളുടെ സ്വപ്നം സാക്ഷാത്കരിച്ച് അവരുടെ ജീവിതം സന്തോഷപൂർണ്ണമാക്കുക.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ചെറിയ തിരമാലകൾ ശാന്തമായി ഓളം തട്ടുന്ന മനോഹരമായ ഒരു കടൽത്തീരത്തു അവൻ തന്റെ പ്രിയതമയോടൊപ്പം ഒരു കുതിരപ്പുറത്ത് വന്നണയുന്നു. ഇത്രയും പ്രക്ഷുബ്ധമായ ദീർഘ യാത്രക്ക് ശേഷം അയാൾ ചെന്നെത്തുന്ന കാവ്യാത്മകമായ അന്ത്യത്തിൽ പ്രേക്ഷകനും പൂർണ്ണ മനസ്സോടെ പങ്ക് ചേരുന്നു - ഒരു ഇതിഹാസ കാവ്യത്തിന്റെ അവസാന താളുകളിൽ എത്തുന്ന നിർവൃതിയോടെ.

ചടുലമായ കഥാഖ്യാനവും കണ്ടു പരിചയം ഇല്ലാത്ത ഭൂമികയും സമർത്ഥമായ ക്യാമറ സജ്ജീകരണങ്ങളും സ്വാഭാവിക പശ്ചാത്തല സംഗീതവും ശബ്ദങ്ങളും അവിസ്മരണീയമായ ഒരു ദൃശ്യാനുഭവം പ്രേക്ഷകന് സമ്മാനിക്കുന്നു.

സംവിധായകൻ നിക്കോളാജ് ആർസെലും സംഘവും 19-ാം നൂറ്റാണ്ടിലെ യൂറോപ്യൻ ഉൾപ്രദേശങ്ങളെ അതീവ തന്മയത്വത്തോടെ പുനർനിർമ്മിച്ചിരിക്കുന്നു. ഇവിടെ നമ്മൾ കാണുന്ന ജന്മിത്തസമ്പ്രദായ കാലത്തെ ദുരവസ്ഥ നമ്മൾ ഇന്ത്യക്കാർക്ക് നന്നായി മനസ്സിലാകും. ഭൂമിശാസ്ത്രം, കാലാവസ്ഥ, വസ്ത്രധാരണം, ചർമ്മത്തിന്റെ നിറം, ഭക്ഷണ ശീലങ്ങൾ - എല്ലാം വ്യത്യസ്തമായിരിക്കാം. എന്നാൽ കഥയിൽ നമ്മൾ കാണുന്ന സാമൂഹിക പശ്ചാത്തലം ഒരു നൂറ്റാണ്ട് മുമ്പ് ഇവിടെ ഉണ്ടായിരുന്നതിന് തീർത്തും സമാനമാണ്.

ശക്തരായ കൃഷി ഭൂവുടമകളെയാണ് രാജാവ് ഭരണ സംവിധാനത്തിന് ആശ്രയിക്കുന്നത്. അവർ നിർബന്ധിത തൊഴിൽ രീതിയാണ് പിന്തുടരുന്നത്. ഭൂവുടമകൾ തന്നെയാണ് നിയമ നിർമ്മാതാക്കളും. ഇഷ്ടാനുസരണം അവർ പുതിയ നിയമങ്ങൾ രൂപീകരിക്കുകയും അവ നിർബാധം ലംഘിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ തൊഴിലാളികളേയും സേവകരെയും അടിമകളായിട്ടാണ് കാണുന്നത്. അവരുടെ സ്ത്രീകളെ ജന്മിമാരുടെ വികാര പൂർത്തീകരണത്തിന് ഉപയോഗിക്കുകയും പീഡിപ്പിക്കുകയും നിർദ്ദയം കൊന്ന് തള്ളുകയും ചെയ്യുന്നു. പണ്ടുകാലത്തെ ഇവിടുത്തെ ശൂദ്രരെപ്പോലെ സമൂഹത്തിലെ ഒരു വിഭാഗത്തെ വൃത്തിഹീനരായ ബഹിഷ്കൃതർ ആയി മുദ്രകുത്തിയിരിക്കുന്നു.

അന്ധവിശ്വാസങ്ങളും വ്യാപകമാണ്. ഇരുണ്ട ജിപ്സി പെൺകുട്ടിയെ വീട്ടിൽ അടുപ്പിച്ചാൽ ദൗർഭാഗ്യമുണ്ടാകുമെന്ന് പലരും വിശ്വസിക്കുന്നു. അവൾ പിശാചിനോട് ചേർന്നിരിക്കുന്നവൾ ആണത്രേ. മറ്റെല്ലാ ഗ്രാമപ്രദേശങ്ങളിലെയും പോലെ, കൃഷിയാണ് ഇവിടത്തെയും പ്രധാന ജീവന ഉപാധി. മറ്റുള്ളവയേക്കാൾ കൂടുതൽ അതിജീവന ശേഷിയുള്ള ഒരു അത്ഭുത വിളവ് നായകൻ



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ജർമ്മനിയിൽ നിന്ന് ഡെൻമാർക്കിൽ കൊണ്ടുവന്ന് ആദ്യമായി അവതരിപ്പിക്കുന്നത് കഥയിലെ ഒരു പ്രധാന വഴിത്തിരിവാണ്. ആ വിളവ് മറ്റൊന്നുമല്ല, ഉരുളക്കിഴങ്ങാണ്.

സംവിധായകൻ നിക്കോളാജ് ആർസെലിന്റെ




കാഴ്ചപ്പാട് വ്യക്തവും ഉദാത്തവുമാണ്. ഒരാളുടെ ജീവിതമെന്നത് ഒരുതരത്തിൽ തൻറെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയുള്ള നിരന്തര സമരമാന്നെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു.

എല്ലാ പ്രതിബന്ധങ്ങൾക്കും എതിരായ, സന്ധിയില്ലാത്ത പോരാട്ടത്തിനിടയിൽ, നായകൻ ഇവിടെ അപരിചിതരുമായി വളരെ ആഴത്തിലുള്ള ഹൃദയ ബന്ധം സ്ഥാപിക്കുന്നു. തികച്ചും അപ്രതീക്ഷിതമായി കണ്ടുമുട്ടുന്ന രണ്ടു വ്യക്തികളുമായി ചേർന്ന് ആദർശപരമായ സാമ്പ്രദായിക കുടുംബ സങ്കൽപം പ്രാവർത്തികമാക്കുകയും ചെയ്യുന്നു. പല പ്രവർത്തികളും സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ചെയ്യുന്നവയാണെങ്കിലും, മറ്റു പലതും അയാളുടെ സഹജമായ തീരുമാനങ്ങൾ തന്നെയാണ്. കഥയിലുടനീളം, തന്റെ മുൻഗണനകൾ എന്താന്നെന്നു അയാൾക്ക് പൂർണ്ണ ബോധ്യം ഉണ്ട്. എന്നാൽ കാലത്തിനും പക്വതയ്ക്കും അനുസൃതമായി അവയ്ക്ക് യുക്തിഭദ്രമായ മാറ്റങ്ങളും സംഭവിക്കുന്നുണ്ട്. മാഡ്സ് മൈക്കൽസൺ ഇതെല്ലാം വളരെ അനായാസത്തോടെ ഫലപ്രദമായി തന്നെ നമ്മോടു സംവദിക്കുന്നു.

മാഡ്സിന്റെ ശരീരഭാഷ വളരെ ദൃഢമാണ് - ഒരു പട്ടാളക്കാരന്റേത് പോലെ തന്നെ. സമീപ ദൃശ്യങ്ങളിൽ വാക്കുകൾ ഒട്ടും ഉപയോഗിക്കാതെ അദ്ദേഹം ഒരായിരം കാര്യങ്ങൾ നമ്മെ വ്യക്തമായി ബോധിപ്പിക്കുന്നു. ചിലതു ധ്വനിപ്പിക്കുന്നു. മാഡ്സിനെ കേവലം ഒരു നടനായി മാത്രം നമ്മൾ ചുരുക്കി കാണാൻ പാടില്ല.

വളരെ വ്യത്യസ്തവും കാലികവുമായ സിനിമാ സംരംഭങ്ങളുടെ ഭാഗമായി മാഡ്സ് നിരന്തരം എത്തുന്നത് യാദൃശ്ചികം മാത്രമാണെന്നു കരുതാൻ വയ്യ. ഇതിനു മുൻപ് തന്നെ, അദ്ദേഹം നായകനായ മൂന്ന് സിനിമകൾ മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള ഓസ്കാർ അംഗീകാരത്തിന്റെ അവസാന ഘട്ടങ്ങളിൽ എത്തിയിട്ടുണ്ട് - "ദി ഹണ്ട്", "എ റോയൽ അഫയർ", "അനദർ റൗണ്ട്" എന്നിവ. ഇതിൽ " അനദർ റൗണ്ട് " വിജയം കൈവരിച്ചത് രണ്ട് വർഷങ്ങൾക്കു മുൻപ് മാത്രമാണ്. "ദി പ്രോമിസ്ഡ് ലാൻഡ് "ഉം ഈ വർഷത്തെ ഓസ്കാറിൽ മാഡ്സ് മിക്കൽസണിന്റെ അടുത്ത വിജയത്തിൻറെ ഊഴം (അനദർ റൗണ്ട് ) ആകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033




ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# നിശബ്ദലോകത്തിലൂടെ ഒരു യാത്ര
# ആൾ ദ് സൈലൻസ്

സഞ്ജു കളപ്പുരക്കൽ



28- മത് രാജ്യാന്തര ചലച്ചിത്ര മേളയിൽ ഇന്റർനാഷണൽ കോമ്പറ്റിഷൻ വിഭാഗത്തിൽ ഏറെ ശ്രദ്ധ നേടിയ Diego Del Rio സംവിധാനം ചെയ്ത ചിത്രമായിരുന്നു " All the Silence". (മെക്സിക്കോ / 78 മിനിറ്റ് / 2023/ സ്പാനിഷ് ഭാഷ ).

ശബ്ദം അന്യമാകുന്ന ലോകത്ത് ജീവിക്കേണ്ടിവരുന്നവരുടെ അനുഭവങ്ങൾ മനോഹരമായി ദൃശ്യവത്കരിക്കുവാൻ സംവിധായകന് കഴിഞ്ഞു എന്ന് നിസംശയം പറയാവുന്നതാണ്. "All the silence" പേര് പോലെ ഒരു നിശബ്ദചിത്രമല്ല മറിച്ച് ശബ്ദങ്ങളുടെ അതിപ്രസരമില്ലാതെ അംഗചലനങ്ങളിലൂടെയും മുഖചലനങ്ങളിലൂടെയും കഥയുടെ മൂർദ്ധന്യതയിലേക്ക് പ്രേക്ഷകനെ കൂട്ടി കൊണ്ട് പോകുന്നു. ഒരു സൈക്കോളജിക്കൽ ചിത്രം എന്ന വിശേഷണം ആയിരിക്കും ചിത്രത്തിന് ചേരുക.

നടി അഡ്രിയ ലാബ്രസ് വിദഗ്ധമായി തന്നെ കഥാപാത്രത്തോട് നീതി പുലർത്തി. നീണ്ട 9 വർഷത്തെ ഗവേഷണങ്ങൾക്ക് ശേഷമാണ് ഇത്തരമൊരു സിനിമ ഒരുക്കുവാൻ കഴിഞ്ഞതെന്ന് സംവിധായകൻ തന്നെ പറയുന്നു.

ആംഗ്യഭാഷ പരിശീലിപ്പിക്കുന്ന ഒരു അധ്യാപികയാണ് മിറിയം. നല്ലൊരു അധ്യാപിക എന്നതിലുപരി നല്ലൊരു ഡാൻസർ കൂടിയാണവൾ. മിറിയത്തെ കേന്ദ്രകഥാപാത്രമാക്കി നിശബ്ദരുടെ ലോകത്തേക്ക് സിനിമ പ്രേക്ഷകനെ കൂട്ടി കൊണ്ട് പോകുന്നു.

കേൾവി നഷ്ടമായവരുടെ ലോകത്ത് ആംഗ്യഭാഷയിലൂടെ അവരുമായി സംസാരിക്കുന്നതിനും അതിന് അവരെ പ്രാപ്തമാക്കുന്നതിനും മിറിയം ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. അവരുടേതായ ലോകത്ത് അവരുടെ പെരുമാറ്റ രീതികൾ എങ്ങനെയാണെന്ന് വ്യക്തമായ ധാരണ അവൾക്ക് ഉണ്ടായിരുന്നു. തന്റെ ചെറുപ്പത്തിൽ തന്നെ അവളുടെ മാതാപിതാക്കൾ കേൾവിയില്ലാത്തവർ ആയിരുന്നതിനാൽ ആ ചുറ്റുപാടിൽ വളർന്ന അവൾക്ക് കേൾവിയില്ലാത്തവരുടെ ലോകത്ത് ജീവിക്കുകയെന്നത് പ്രയാസകരമായ ഒരു കാര്യമല്ലായിരുന്നു. അവരുമായി ഇടപെഴകുന്നതിലും അവരെ പരിശീലിപ്പി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം



ക്കുന്നതിലും തികച്ചും സമാധാനപരവും ലളിതവുമായ ഒരു ശൈലിതന്നെ അവൾക്കുണ്ടായിരുന്നു.

സ്വവർഗാനുരാഗിയായിരുന്ന മിറിയത്തിന്റെ യൗവ്വനത്തിലെ കൂട്ടുകാരിയായ ലിയോയും ബധിരയായിരുന്നു. അതിനാൽ തന്നെ കേൾവിയില്ലാത്തവരെ എങ്ങനെ സ്നേഹിക്കണമെന്ന് അവൾക്ക് നന്നായി അറിയാമായിരുന്നു. ആ ബന്ധത്തിൽ അവൾ തൃപ്തയും ആയിരുന്നു. കേൾവിയില്ലാത്തവരുടെ ലോകത്ത് ജീവിക്കുന്ന അവൾക്ക് എല്ലാം തനിക്ക് കേൾക്കാൻ കഴിയുമെന്നുള്ള അഭിമാനം എല്ലായ്പ്പോഴും ഉണ്ടായിരുന്നു. താൻ പഠിപ്പിക്കുന്നവരേക്കാൾ, ഇടപെഴകുന്നവരേക്കാൾ മുൻപന്തിയിലാണ് താനെന്ന ചിന്ത എപ്പോഴും അവൾക്കുണ്ടായിരുന്നു.

ആംഗ്യഭാഷ പരിശീലന സെന്ററിലേക്ക് അധ്യാപകനായി തികച്ചും കേൾവിയില്ലാത്തവനും സുന്ദരനുമായ മാന്വൽ എത്തുന്നു. മിറിയവും മാന്വലും തമ്മിൽ നല്ലൊരു സൗഹൃദം വളർന്ന് വരുന്നു. മാന്വലിനെ തന്റെ ഫ്ലാറ്റിൽ ക്ഷണിച്ചു മറ്റുള്ളവരെ പരിചയപ്പെടുത്തുമ്പോഴും ഒരുപക്ഷെ താൻ അവരെക്കാൾ ഒരുപിടി മീതെയാണെന്ന ചിന്ത അവൾക്ക് ഉണ്ടായിരുന്നിരിക്കാം.

ഡാൻസ് പരിശീലനത്തിനിടയിൽ അവൾക്ക് കൊറിയോഗ്രാഫർ പറയുന്നത് കേൾക്കാൻ കഴിയാതെവരുന്നു. ക്ലിനിക്കിലെ പരിശോധനയിൽ തന്റെ കേൾവി ക്രമേണ കുറഞ്ഞുവരുന്നു എന്നറിയുന്ന അവളുടെ ജീവിതം പാടെ കീഴ്മേൽ മറിയുകയാണ്. അത് ഉൾകൊള്ളാൻ അവൾ തയ്യാറായിരുന്നില്ല. തന്റെ ജീവിതം അവസാനിക്കുകയാണെന്ന് പോലും അവൾ ഉറപ്പിച്ചു. ഫ്ളൈ ഓവറിനു മുകളിൽ നിന്ന് മാന്വലിനോടൊപ്പം നഗരകാഴ്ചകൾ കാണുമ്പോൾ അവൾ നിശബ്ദതയുടെ ലോകത്ത് നിന്ന് താൻ ഇനി ഇതെല്ലാം നോക്കി കാണേണ്ടി വരുന്ന അവസ്ഥയെകുറിച്ചുള്ള വിഷമതകൾ അവനുമായി പങ്കുവെയ്ക്കുന്നു. തന്നെ തേടിയെത്തുന്ന ആ മറ്റൊരു ലോകത്തേക്ക് മെല്ലെ മനസ്സിനെ പാകപ്പെടുത്തി ആ സാഹചര്യങ്ങളോട് അവൾ പൊരുത്തപ്പെടുന്നതിലൂടെ ചിത്രം അവസാനിക്കുന്നു.

ശബ്ദത്തിന്റെ ലോകത്ത് ജീവിച്ച ഒരാൾക്ക് പെട്ടെന്ന് അത് ഇല്ലാതാകുന്ന അവസ്ഥയെ കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? അത്തരം ഒരു സാഹചര്യത്തിൽ ജീവിക്കേണ്ടി വന്നവർക്കോ അല്ലെങ്കിൽ ഒരിക്കലെങ്കിലും ഓഡിയോ ക്ലിനിക്കിൽ പോകേണ്ടി വന്നവർക്കോ അങ്ങനെ ഒരു അവസ്ഥയെ കുറിച്ച് ചിന്തിക്കുന്നവർക്കോ ഈ "സൈല ൻസ് " നന്നായി മനസിലാക്കുവാൻ കഴിയും.

നമുക്ക് ചുറ്റുമുള്ളവരുടെ സ്നേഹത്തിന്റെ ശബ്ദം കേൾക്കാതെ, തികച്ചും ശബ്ദം അന്യമായ ഒരു ലോകത്ത് ജീവിക്കുന്നവരുമുണ്ട്. നഷ്ടപ്പെട്ടതിനെ ഓർത്ത് വിലപിക്കാതെ സന്തോഷത്തിന്റെ വേളകൾ, ഉറ്റവരുമായി പങ്കുവെയ്ക്കുന്ന നിമിഷങ്ങളിലൂടെ ജീവിക്കുന്നവരുടേതായ ഒരു ലോകവുമുണ്ട്. അത്തരം ലോകത്തേക്കുള്ള ഒരു വാതായനമാണ് "ഓൾ ദ സൈലൻസ്" തുറന്നിടുന്നത്...

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

## വൈരുധ്യങ്ങളുടെ ചുരുളുകൾ അന്ധമായ സാക്ഷ്യങ്ങൾ

# അനാട്ടമി ഓഫ് എ ഫാൾ

**വിദ്യ ശോഭന**



2023 കാൻ ഫിലിം ഫെസ്റ്റിവൽ പാം ഡി ഓർ പുരസ്കാരം നേടിയ ചിത്രമാണ് ജെസ്റ്റിൻ ട്രൈറ്റ് സംവിധാനം ചെയ്ത " അനാട്ടമി ഓഫ് എ ഫാൾ."

(ഫ്രാൻസ് /151മിനിറ്റ് /ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ).

ഗെർനൊബിളിനടുത്തുള്ള ഒരു ഒറ്റപ്പെട്ട പർവ്വത ഷാലൈ (തടികൊണ്ടുള്ള വീട് )യിൽ ആണ് കഥ ആരംഭിക്കുന്നത്. സാന്ദ്ര വോയ്റ്റർ പ്രശസ്തയായ ഒരെഴുത്തുകാരിയാണ്. ഒരു വിദ്യാർത്ഥിനി അവരെ ഇന്റർവ്യൂ ചെയ്തു കൊണ്ടിരിക്കുന്നതും അതിനു തടസ്സമായി ഉച്ചത്തിൽ ആരോ സംഗീതം വെച്ചിരിക്കുന്നതും ഇന്റർവ്യൂ പൂർത്തീകരിക്കാൻ ആകാതെ, മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു വിദ്യാർത്ഥിനി മടങ്ങുന്നുന്നതും നാം കാണുന്നു.

അവരുടെ മകൻ ഡാനിയേൽ അന്ധനാണ്. വഴികാട്ടിയായ തന്റെ നായക്കൊപ്പമാണ് അവന്റ യാത്രകൾ. യാത്ര കഴിഞ്ഞു തിരികെ വരുമ്പോൾ അച്ഛൻ സാമുവൽ മരണപ്പെട്ടു മഞ്ഞിൽ വീണു കിടക്കുന്നത് അവൻ തിരിച്ചറിയുന്നു.

പോലീസിന്റെ ചോദ്യം ചെയ്യലിൽ ഡാനിയേൽ നൽകുന്ന ഉത്തരങ്ങളും സാഹചര്യതെളിവുകളും സാന്ദ്രയിലേക്ക് സംശയത്തിന്റെ നിഴൽ വീഴ്ത്തുന്നു. കോടതിയുടെ വിചാരണ വേളകളിലെല്ലാം സാന്ദ്രയ്ക്കനുകൂലമായ ഘടകങ്ങൾ ഇല്ലാതാകുന്നു. സാന്ദ്രയുടെയും സാമുവലിന്റെയും വ്യക്തിപരമായ പല പ്രശ്നങ്ങളും അവിടെ ചുരുളഴിയുന്നു.

സാന്ദ്രയും സാമുവലും എഴുത്തുകാരാണ്. എന്നാൽ സാമുവൽ ജോലിയിൽ തിരക്കായി പോയ ഒരു ദിവസം നാലു വയസ്സുള്ള മകൻ ഡാനിയേലിനെ ബേബി സിറ്ററെ ഏല്പി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ക്കുകയും ഒരു അപകടം സംഭവിച്ചു മകന്റെ കാഴ്ച ശക്തി എന്നെന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്യുന്നു. മകന് അങ്ങനെ സംഭവിച്ചതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു, സാമുവൽ മകനോടൊപ്പം സമയം ചിലവിടാനും അവനു ഹോം ട്യൂഷൻ നൽകുവാനും തീരുമാനിക്കുന്നു.

അന്ധത എന്ന വൈകല്യത്തെ മറികടന്നു ജീവിക്കുവാനുള്ള മാർഗ്ഗനിർദേശങ്ങൾ ഡാനിയേലിനു നൽകുന്നു. ഒരു ഗൈഡ് ഡോഗിന്റെ സഹായത്തോടെ സഞ്ചരിക്കാനും അവനെ പ്രാപ്തനാക്കുന്നു.

പക്ഷെ സാമുവൽ മാനസികമായി വൈരുധ്യങ്ങളുടെ നൊമ്പരങ്ങളിലാണ്. എഴുത്തുകാരിയായ തന്റെ ഭാര്യ വിജയങ്ങൾ നേടുന്നത് തന്റെ തൊഴിലിനെ കുറിച്ചുള്ള ആകുലചിന്തകളിലേക്ക് അയാളെ നയിക്കുകയും മാനസികമായി തളർത്തുകയും ചെയ്യുന്നു.

കോടതിയിൽ വിചാരണ നടക്കുന്ന വേളയിൽ സാന്ദ്ര തന്റെ ഭർത്താവ് മരിക്കുന്നതിന് ആറു മാസം മുമ്പ് ആസ്പിരിൻ കഴിച്ചു ആത്മഹത്യാ ശ്രമം നടത്തിയതായി ഓർക്കുന്നു. പക്ഷെ അദ്ദേഹത്തിനെ ചികിൽസിക്കുന്ന ഡോക്ടർ തന്റെ പേഷ്യന്റിന് അത്തരം ആത്മഹത്യാ പ്രവണത ഇല്ലായിരുന്നു എന്നു വാദിക്കുന്നു.

സാന്ദ്രയും സാമുവലും മരണം നടക്കുന്നതിന് മുന്നേ നടത്തിയ വാഗ്വാദങ്ങളുടെയും പരസ്പരം തല്ലുകൂടുന്നതിന്റെയും ഓഡിയോ പുറത്താകുന്നു. സാമുവൽ തന്നെ പ്രൊവോക് ചെയ്ത് മനഃപൂർവം വഴക്കുണ്ടാക്കി റെക്കോർഡ് ചെയ്തതാകാമെന്നു സാന്ദ്ര പറയുന്നു. സാന്ദ്രയുടെ വളർച്ചയിൽ സാമുവൽ അസൂയപെട്ടിരുന്നതായും പ്രസ്താവിക്കുന്നു.

മറ്റൊരു സ്ത്രീയുമായി സാന്ദ്ര ബന്ധം പുലർത്തിയിരുന്നതും കോടതിയിൽ വെളിപ്പെടുന്നു.

ഇന്റർവ്യൂ ചെയ്യാനായി എത്തിയ വിദ്യാർത്ഥിനിയിലും സാന്ദ്രയ്ക്കുണ്ടായ താല്പര്യം ബോധ്യപെട്ടതുകൊണ്ട് മനഃപൂർവം ഉയർന്ന ഒച്ചയിൽ പാട്ട് വച്ച് ഇന്റർവ്യൂ തടസ്സപ്പെടുത്തുവാൻ സാമുവൽ ശ്രമിച്ചതാണെന്നും അഡ്വക്കേറ്റ് വാദിക്കുന്നു.

മകൻ ഡാനിയേൽ നൽകിയ മൊഴിയിലും വൈരുധ്യം നിലനിന്നിരുന്നു. അന്ധനായ മകൻ ഡാനിയേലിനു ഏതാണ് സത്യം എന്ന് തിരിച്ചറിയുവാൻ കഴിയുന്നില്ല. അച്ഛന്റെ ആത്മഹത്യാ ശ്രമം മകൻ അറിഞ്ഞിരുന്നില്ല.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ഡാനിയേലിനെ സ്വാധീനിക്കാതിരിക്കുവാൻ ഒരു സംരക്ഷകയെ കോടതി ഒപ്പം നിർത്തുന്നു. തന്റെ ഗൈഡ് ഡോഗ് നു അമിതമായ അളവിൽ ഡാനിയേൽ ആസ്പിരിൻ കൊടുക്കുന്നു. അമ്മ കോടതിയിൽ പറഞ്ഞതിന്റെ വാസ്തവം അവൻ കണ്ടെത്തുവാൻ ശ്രമിക്കുന്നു. ആസ്പിരിൻ കഴിച്ചു നായ്ക്കുണ്ടായ ബുദ്ധിമുട്ടുകൾ മുൻപും ഉണ്ടായിട്ടുള്ളതായി അവൻ മനസിലാക്കുന്നു. സാമുവൽ, ആസ്പിരിൻ കഴിച്ചു ഛർദിച്ചത് ഭക്ഷിച്ചിട്ടാണ് നായയ്ക്ക് മുൻപും അതേ രീതിയിൽ വയ്യാണ്ടായതെന്നു അവൻ കണ്ടെത്തുന്നു. സത്യം കണ്ടെത്താൻ കോടതി ഏർപ്പാടാക്കിയ സംരക്ഷകയുടെ സഹായം അവൻ തേടുന്നു. എന്താണ് സത്യം എന്ന് അറിയാത്തപ്പോൾ, എന്താണ് ശരിയെന്നു നമുക്ക് തീരുമാനിക്കാം എന്നവർ പറയുന്നു.

കോടതി മുറിയിൽ, തന്റെ അമ്മയാണ് ഇതു ചെയ്തതെങ്കിൽ അത് തനിക്കു മനസ്സിലാക്കാൻ കഴിയില്ലെന്നും മറിച്ചു അച്ഛനാണെങ്കിൽ അതിനു കഴിയുമെന്നും പറയുന്നു. ഒരിക്കൽ അച്ഛനുമായി ഒന്നിച്ചുള്ള യാത്രയിൽ, ആരും സഹായിക്കാൻ ഇല്ലാതെ പോകുന്ന അവസ്ഥയിലും ജീവിക്കാൻ പഠിക്കേണ്ട ആവശ്യകതയെ കുറിച്ച് സാമുവൽ സംസാരിച്ചത് അവൻ ഓർക്കുന്നു. അത് അച്ഛന്റെ ആത്മഹത്യാ സൂചനയായി അവതരിപ്പിക്കുന്നു. ഒരു മനുഷ്യന്റെ മാനസിക വീഴ്ചയുടേതു കൂടിയാണ് ചിത്രം. മാനസിക ആരോഗ്യം നഷ്ടമാകുന്നതും ബന്ധങ്ങളിൽ വിള്ളലേൽ ക്കുന്നതും സ്വന്തമായ തീരുമാനങ്ങൾ പോലും തനിക്കുമേൽ അടിച്ചേൽപ്പിച്ചതാണെന്ന ചിന്തയും സാമുവലിന്റെ വീഴ്ചയായ് മാറി.




വിചാരണകൾക്കൊടുവിൽ സ്വതന്ത്രയാകുന്ന സാന്ദ്ര മകന്റെ അടുത്തേക്ക് മടങ്ങുന്നതോടെ ചിത്രം അവസാനിക്കുന്നു.

സാന്ദ്രയായി വേഷമിട്ടിരിക്കുന്ന സാന്ദ്ര ഹുള്ളർ, മികച്ച പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നത്. വൈകാരിക പ്രകടനങ്ങൾ അധികമില്ലാതെ, കോടതി മുറിയിൽ തെളിവുകളെല്ലാം തനിക്കെതിരായി വരുന്ന സാഹചര്യത്തിലും ആത്മ നിയന്ത്രണം കൈവിടാതെ സ്വച്ഛമായി, തികഞ്ഞ കൈയൊതുക്കത്തോടെ, സംയമനം പാലിച്ചു നിൽക്കുന്ന സാന്ദ്രയെ അവതരിപ്പിച്ച അഭിനേത്രിയുടെ അഭിനയപാടവം ശ്രദ്ധേയമാണ്.

വിധി അനുകൂലമായി സ്വതന്ത്രയായെങ്കിലും പ്രേക്ഷകരുടെ മനസ്സിൽ പല ചോദ്യങ്ങളും അവശേഷി പ്പിക്കുന്നുണ്ട് അനാട്ടമി ഓഫ് എ ഫാൾ.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




## ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# അതിജീവനത്തിലേക്കുള്ള പെൺ നേട്ടം.
# ഹൂറിയ

**ഷീബ. എസ്. ജെയിംസ്**



"ഞാൻ സ്വാതന്ത്ര്യം ആഗ്രഹിച്ചു.
അവർ എനിക്ക് ചുറ്റും തടസ്സങ്ങൾ സൃഷ്ടിച്ചു.
ഞാൻ അവകാശങ്ങൾ ചോദിച്ചു.
അസാധ്യമാണ് എന്റെ സ്വപ്നങ്ങൾ എന്നവർ പറഞ്ഞു "...

ഹൂറിയ എന്ന ചിത്രത്തിലെ കഥാപാത്രങ്ങളിൽ ഒരാളായ സോനിയ ഉരുവിടുന്ന കവിതാശകലമാണിത്.

കേരള രാജ്യാന്തര ചലച്ചിത്രമേളയിലെ വനിതാസംവിധായകരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന "Female gase" വിഭാഗത്തിലാണ് ഈ ചിത്രം ഇടം പിടിച്ചിരിക്കുന്നത്. അക്ഷരാർത്ഥത്തിൽ ഏറ്റവും പ്രതികൂലമായ ചുറ്റുപാടിലും, അതിജീവനത്തിലേക്കും പ്രതീക്ഷയിലേക്കുമുള്ള ഒരു പെൺനേട്ടമാണ് ഈ ചിത്രം.

അൽജീരിയൻ സംവിധായക മൂന്യമെഡോർ പ്രതിബന്ധങ്ങളെ തകർത്ത് സ്വപ്നങ്ങളെ കയ്യെത്തി പിടിക്കാനുള്ള ഒരു ശ്രമമാണ് ഈ സിനിമയിലൂടെ നടത്തിയിരിക്കുന്നത്. പ്രതിഭാധനയായ നർത്തകിയാണ് ഹൂറിയ. ഒരു പ്രൊഫഷണൽ ട്രൂപ്പിലേക്ക് കയറിപ്പറ്റാനുള്ള ശ്രമത്തിലാണ് അവൾ. എന്നാൽ അപ്രതീക്ഷിതമായി നൃത്തം നടക്കുന്ന ദിവസം അവൾ ക്രൂരമായ ആക്രമണത്തിനിരയാകുന്നു. നൃത്തം ചെയ്യാനാകാത്ത വിധം പരിക്കേൽക്കുന്ന ഹൂറിയയ്ക്ക് അതിക്രമത്തിന്റെ ആഘാതത്തിൽ സംസാരശേഷിയും നഷ്ടപ്പെടുന്നു. ജീവിതത്തിൽ അതുവരെ തന്നെ നയിച്ച സ്വപ്നങ്ങൾ എല്ലാം ആ യുവ നർത്തകിക്ക് നഷ്ടപ്പെടുന്നു.

"ഞാൻ മരിച്ചു കഴിഞ്ഞു" എന്ന് അവൾ സ്വയം പറയുന്നു.

ചികിത്സയുടെ ഭാഗമായി റീഹാബിലിറ്റേഷൻ സെന്ററിൽ എത്തുന്ന ഹൂറിയ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

തന്നെക്കാളേറെ ദുരന്തങ്ങൾ പേറുന്ന ഒരു പറ്റം സ്ത്രീകളെ അവിടെ കണ്ടുമുട്ടുന്നു. അതവളെ ജീവിതത്തിന്റെ പുതിയ അർത്ഥ തലങ്ങൾ തേടാൻ പ്രേരിപ്പിക്കുകയാണ്. വർത്തമാന സാഹചര്യങ്ങളിൽ പ്രത്യക്ഷമായും, പരോക്ഷമായും സ്ത്രീകൾ നേരിടേണ്ടി വരുന്ന അതിക്രമങ്ങളെ മികച്ച രീതിയിൽ ഈ ചിത്രം അവതരിപ്പിക്കുന്നു.

അടിച്ചമർത്തപ്പെടുന്ന വിഭാഗം എന്ന നിലയിൽ അവർക്കിടയിൽ രൂപപ്പെടുന്ന കൂട്ടായ്മയെ വളരെ തന്മയത്വത്തോടെ ഹൂറിയ സ്ക്രീനിൽ എത്തിച്ചിരിക്കുന്നു. ദുരന്തങ്ങൾക്കിടയിലും ആദ്യാവസാനം വരെ പ്രതീക്ഷയുടെ നാളം നിലനിർത്തുന്നു എന്നതാണ് ഈ ചിത്രത്തിന്റെ ഏറ്റവും വലിയ സവിശേഷത.

സാമൂഹ്യ യാഥാർഥ്യങ്ങളെ പുനരാവിഷ്കരിച്ചിരിക്കുകയാണ് ഈ ചിത്രം. സ്ത്രീപക്ഷ കാഴ്ചയോടൊപ്പം കാലിക പ്രസക്തിയുള്ള വിഷയങ്ങളും ചിത്രത്തിൽ ഇണക്കിചേർത്തിട്ടുണ്ട്. മതഭീകരതയും തീവ്രവാദവും കുടിയേറ്റ പ്രശ്നങ്ങളുമെല്ലാം വ്യത്യസ്ത സന്ദർഭ






ങ്ങളിൽ ഹൂറിയയിൽ വിഷയമാകുന്നുണ്ട്. സംവിധായിക മൂന്യാമെഡോർ ചടുലമായ ക്യാമറാ ചലനങ്ങളും അതിനിണങ്ങുന്ന എഡിറ്റിങ്ങും ചിത്രത്തിന് നൽകി മികച്ച ഒരു ദൃശ്യാനുഭവം ഈ ചിത്രത്തിലൂടെ കാഴ്ചക്കാരിൽ എത്തിക്കുന്നു.

എല്ലാറ്റിനും ഉപരി ഹൂറിയ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച ലിനഖുദ്രി യുടെ പ്രകടനം കാഴ്ച്ചക്കരെ പിടിച്ചിരുത്തുന്നു. വ്യത്യസ്ത മനോനിലയിലൂടെ കടന്നു പോകുന്ന കഥാപാത്രമാണ് ലിന. ഓരോന്നും മികച്ച രീതിയിൽ, അവതരിപ്പിച്ച ലിന പ്രേക്ഷകരുടെ കയ്യടി അറിഞ്ഞു വാങ്ങിയിരിക്കുന്നു . അതിലുപരി മികച്ച ഒരു നർത്തകിയായും ഉജ്ജ്വല പ്രകടനമാണ് ഈ ചിത്രത്തിൽ ലിന കാഴ്ച്ച വച്ചിരിക്കുന്നത്. എല്ലാ രീതിയിലും ഒരു മികച്ച സിനിമ എന്നതിലുപരി സമകാലിക പ്രസക്തിയുള്ള ഒരു സിനിമ തന്നെയാണിത് എന്ന് നിസ്സംശയം പറയാം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# മീ ക്യാപ്റ്റൻ

**വിനോദ് കുമാർ. പി.**



പ്രമുഖ ഇറ്റാലിയൻ ചലച്ചിത്ര പ്രവർത്തകനായ മാറ്റിയോ ഗാരോൺ സംവിധാനം ചെയ്ത സിനിമയാണ് മീ ക്യാപ്റ്റൻ . ( ഇറ്റലി - ബെൽജിയം - ഫ്രാൻസ് / 121 മിനിറ്റ് / 2023 ).

സെനഗലിലെ ഡാക്കറിൽ നിന്ന് യൂറോപ്പിലേക്കു സഞ്ചരിക്കുന്ന സെയ്ദു, മൂസ എന്നീ ചെറുപ്പക്കാരുടെ സാഹസിക കഥ പറയുന്ന ചിത്രമാണിത്. മരുഭൂമിയിലെ അപകടങ്ങൾ, ലിബിയയിലെ തടങ്കൽ കേന്ദ്രങ്ങളുടെ ഭീകരത, കടലിന്റെ ആപത്തുകൾ എന്നിവയിലൂടെ ഒരു സമകാലിക ഒഡീസി എന്ന യാത്രാരൂപത്തിൽ ഈ ചിത്രം അവതരിപ്പിക്കുന്നു.

ആഫ്രിക്കയിലെ സെനഗലിന്റെ തലസ്ഥാനമായ ഡാക്കറിൽ വിധവയായ അമ്മയ്ക്കും സഹോദരിമാർക്കുമൊപ്പം ഒറ്റമുറി വീട്ടിലാണ് സെയ്ദു താമസിക്കുന്നത്. അമ്മയുടെ എതിർപ്പിനെ മറികടന്ന് സെയ്ദു തന്റെ ബന്ധുവായ മൂസയ്ക്കൊപ്പം യൂറോപ്പിലേക്ക് യാത്ര തിരിക്കുന്നു.

അവിടെ അവർക്കു നല്ല ജീവിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ സമ്പാദ്യത്തിന്റെ ഗണ്യമായ തുക ഇടനിലക്കാർക്ക് നൽകിയ ശേഷം ഡാക്കറിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന ഒരു ബസിൽ പുറപ്പെടുന്നു.

അവർ നൈജർ വഴി കടന്നുപോകുകയും ഒരു ഘട്ടത്തിൽ വ്യാജ പാസ്പോർട്ടുകൾ എടുക്കുകയും മറ്റ് കുടിയേറ്റക്കാരോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. അവരുടെ സമ്പാദ്യം കുറയുകയും തുടർന്ന് മരുഭൂമിയിലൂടെയുള്ള യാത്ര അസുഖകരവും സുരക്ഷിതമല്ലാതാവുകയും ചെയ്യുന്നു.

സഹാറ മരുഭൂമിയിലൂടെ അശ്രദ്ധമായി വാഹനം ഓടിച്ചു ക്കൊണ്ടിരിക്കുന്ന ഡ്രൈവർ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ഫ്ളാറ്റ്ബെഡ് ട്രക്കിൽ നിന്ന് വീണ മനുഷ്യനെ രക്ഷിക്കാൻ ശ്രമിക്കാതെ യാത്ര തുടരുന്നത് ഇവർ എത്ര ക്രൂരരാണെന്നതിന്റെ ആദ്യ സൂചന നൽകുന്നു.

ട്രക്കിൽ നിന്നും ഇറങ്ങി കാൽനടയായി കുടിയേറ്റക്കാരോടൊപ്പം യാത്ര തുടരവേ മധ്യവയസ്കയായ ഒരു സ്ത്രീ മരണപ്പെടുന്നതും ഭീതിജനകമാണ്.

രാപകൽ നീണ്ട മരുഭൂമിയിലെ കാൽനട യാത്രക്കൊടുവിൽ ലിബിയയിൽ എത്തിചേർന്നെങ്കിലും കൊള്ളക്കാരുടെ സംഘത്തിലെ ആക്രമണത്തെ തുടർന്ന് സെയ്ദുവും മൂസയും വേർപിരിയുന്നു.

തടങ്കൽപാളയത്തെ ക്രൂരമർദ്ദനങ്ങൾക്കൊടുവിൽ സെയ്ദു അടിമപ്പണിക്കായി നിയോഗിക്കപ്പെടുന്നു. സെയ്ദുവിന്റെ ജോലിയോടുള്ള ആത്മാർത്ഥ കണ്ട യജമാനൻ അവനെ സ്വാതന്ത്രനാക്കുന്നു.

സ്വതന്ത്രനാക്കപെട്ട സെയ്ദു മൂസയെ തേടി ലിബിയ മുഴുവൻ അന്വേഷിക്കുകയും ഒടുവിൽ കണ്ടുപിടിക്കുകയും അവശനായ അവനു ചികിത്സ കൊടുക്കുകയും ചെയ്യുന്നു. അവിടെ നിന്നും അവർ രണ്ടുപേരും യൂറോപ്പിലേക്കു പോകാൻ തയ്യാറെടുക്കുന്നു. കുടി



യേറ്റക്കാരെ കയറ്റി അയക്കുന്ന ഒരു ഇടനിലക്കാരനെ കാണുകയും സെയ്ദു ക്യാപ്റ്റൻ ആയി ഒരു കപ്പലിൽ ഇറ്റലിയിലേക്ക് യാത്ര തിരിക്കാൻ കരാർ ഉണ്ടാക്കുകയും ചെയ്യുന്നു.


സെയ്ദു കപ്പൽ ഡ്രൈവിംഗ് പഠിക്കുകയും സാഹസികമായി കപ്പൽ ഓടിച്ച് യാത്രികരുമായി ഇറ്റലിയിൽ എത്തുന്നതുമാണ് കഥാന്ത്യം.



80-ാമത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ലയണിനായി ഈ ചിത്രം മത്സരിച്ചു. അവിടെ മാറ്റിയോ ഗാരോണിന്റെ സംവിധാനത്തിന് സിൽവർ ലയണും അഭിനേതാവ് സെയ്ദു സർ, മാർസെല്ലോ മാസ്ട്രോയാനി അവാർഡും നേടി. ഈ സിനിമ 2023 സെപ്റ്റംബർ 7-ന് ഇറ്റലിയിൽ റിലീസ് ചെയ്തു. 81-ാമത് ഗോൾഡൻ ഗ്ലോബ് അവാർഡിൽ മികച്ച വിദേശ ഭാഷാ ചിത്രമായി നോമിനേറ്റ് ചെയ്യപ്പെട്ടു. കൂടാതെ 96-ാമത് അക്കാദമി അവാർഡിൽ മികച്ച ഇന്റർനാഷണൽ ഫീച്ചർ ഫിലിമിനുള്ള ഇറ്റാലിയൻ എൻട്രിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033




## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

### ലാളിത്യത്തിന്റെ, സന്തോഷത്തിന്റെ, പരിപൂർണ്ണതയുടെ

# പെർഫെക്ട് ഡേയ്സ്

**വിദ്യ ശോഭന**



ജർമൻ സംവിധായകൻ വിം വെന്റേഴ്സ് ഒരുക്കിയ ജാപ്പനീസ് ചിത്രമാണ് പെർഫെക്ട് ഡേയ്സ്. ( ജപ്പാൻ, ജർമ്മനി /123/ജാപ്പനീസ്, ഇംഗ്ലീഷ്.

സംവിധായകന്റെ മാസ്റ്റർ പീസ് എന്ന നിലയിൽ നിരൂപക പ്രശംസ പിടിച്ചു പറ്റിയ ചിത്രം. 2023 കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി ഓർ പുരസ്കാരത്തിനായി മത്സര വിഭാഗത്തിൽ പങ്കെടുത്തിട്ടുണ്ട്. എക്കുമെനിക്കൽ ജൂറി പുരസ്കാരവും മികച്ച നടനുള്ള പുരസ്കാരവും ഈ ചിത്രം കരസ്ഥമാക്കിയിട്ടുമുണ്ട്.

ടോകിയോ നഗരത്തിലെ ഒരു ടോയ്‌ലറ്റ് ശുചീകരണ തൊഴിലാളിയുടെ ജീവിതമാണ് ചിത്രത്തിലൂടെ സംവിധായകൻ അവതരിപ്പിക്കുന്നത്. താൻ ചെയ്യുന്ന ജോലി ആസ്വദിച്ചു, അതിലാനന്ദിച്ചു, സർവ്വവും മറന്നു അതിൽ തന്നെ ലയിച്ചു, അതി സൂക്ഷ്മമായി ടോയ്‌ലറ്റ് ശുചീകരിക്കുന്ന ഹിരയാമ. അടുക്കും ചിട്ടയോടും കൂടിയുള്ള സമാധാനം നിറഞ്ഞ ജീവിതം. താൻ ചെയ്യുന്ന ഒരോ പ്രവൃത്തിയും സസൂക്ഷ്മം കൃത്യതയോടെയും പൂർണ്ണതയോടെയും ചെയ്യുന്നയാൾ.

ഒരിക്കൽ ടോയ്‌ലറ്റിനുള്ളിൽ അകപ്പെട്ടുപോയ, പാർക്കിൽ കളിക്കാൻ വന്ന കുട്ടിയെ പുറത്തെത്തിക്കുമ്പോൾ, കുഞ്ഞിനെ കാണാതെ വിഷമിച്ച അമ്മ, ഓടിവന്നു കുഞ്ഞിനെ കൂട്ടിക്കൊണ്ട് പോകുന്നുണ്ട്; ഹിരയാമയുടെ മുഖത്തേക്കൊന്നു നോക്കുക പോലും ചെയ്യാതെ. സന്തോഷം നിറഞ്ഞ ആ മുഖഭാവത്തിനു അപ്പോൾ പോലും ഒരു കോട്ടവും സംഭവിക്കുന്നില്ല.

പുസ്തകങ്ങളും മരങ്ങളും അയാൾക്ക് പ്രിയപ്പെട്ടതാണ്. മരങ്ങളുടെ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ എടുക്കുന്നതും അത് ഓരോ ട്രേയിലാക്കി സൂക്ഷിച്ചു

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

വയ്ക്കുന്നതും അയാളുടെ പ്രിയപ്പെട്ട ശീലമാണ്. ഡ്രൈവ് ചെയ്യുമ്പോൾ കാസറ്റ് ഇട്ട് പാട്ടു കേട്ടു അതിനൊപ്പം സ്വയം പാടി ഉല്ലസിച്ചാണ് അയാളുടെ യാത്രകൾ. വിലപിടിപ്പുള്ള, മാർക്കറ്റിൽ ലഭ്യമല്ലാത്ത കാസറ്റുകളുടെ വലിയൊരു ശേഖരം തന്നെ അദ്ദേഹം കൈവശം സൂക്ഷിച്ചിരിക്കുന്നു.

രാവിലെ എഴുന്നേറ്റു തന്റെ ചെടികൾക്ക് വെള്ളം നനച്ചു, യൂണിഫോം ധരിച്ചു, വെന്റിങ് മെഷീനിൽ നിന്നും കോഫികുടിച്ചു, ടോക്കിയോ നഗരത്തിലെ പബ്ലിക് ടോയ്‌ലറ്റ് വൃത്തിയാക്കി, തന്റെ സുഹൃത്തുക്കളായ മരങ്ങൾക്കൊപ്പമിരുന്നു ഭക്ഷണം കഴിച്ചു, അവയുടെ ഫോട്ടോ എടുത്ത്, ഒപ്പമിരിക്കുന്നവരെ ഒരു പുഞ്ചിരികൊണ്ട് ആശംസിച്ചു, കുളിച്ചു വൃത്തിയായി വീട്ടിലേക്കു മടങ്ങുന്ന ഹിരയാമ.

തെരുവിൽ അലഞ്ഞു തിരിഞ്ഞു ജീവിക്കുന്ന ഒരു വ്യക്തിയുമായി പോലും മനോഹരമായൊരു ആത്മബന്ധം പുലർത്താൻ ഹിരയാമയ്ക്ക് കഴിയുന്നുണ്ട്. വീട്ടിൽ താൻ ഒരുക്കിയിരിക്കുന്ന, മനോഹരമായി ചിട്ടപ്പെടുത്തിയിരിക്കുന്ന ലൈബ്രറി, വൃത്തിയുള്ളതും കൃത്യമായ അച്ചടക്കം നിലനിർത്തുന്നതുമായ സ്വഭാവം വിളിച്ചുപറയുന്ന മുറികൾ, പുസ്തകം വായിച്ചു ലൈറ്റ് അണച്ചു ഉറങ്ങാൻ കിടക്കുന്ന ഹിരയാമ, ഇവയൊക്കെ ആത്മ സംതൃപ്തി നിറഞ്ഞ ഒരു ജീവിതത്തിന്റെ പ്രതിഫലനമാണ്.

ഒരു മാറ്റവുമില്ലാതെ തുടരുന്ന ദിനചര്യകൾ. അതിൽ പൂർണ്ണമായും സന്തുഷ്ടനും തൃപ്തനുമാണയാൾ. അധികം സംസാരിക്കാത്ത,

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

എനിക്ക് ഇദ്ദേഹത്തിന്റെ ശബ്ദം അറിയുക കൂടി ഇല്ലെന്നു സഹപ്രവർത്തകൻ ഇടയ്ക്ക് പറയുന്നുമുണ്ട്. സഹപ്രവർത്തകന്റെ ജോലി പോലും ചെയ്യാൻ മടി കാണിക്കാത്ത, പലപ്പോഴും തനിക്കു ഉപദ്രവമായി മാറുന്ന സഹപ്രവർത്തകനെ സഹായിക്കുന്നു പോലുമുണ്ടയാൾ.

തിരക്കേറിയ നഗര ജീവിതങ്ങൾക്കിടയിൽ, പ്രശാന്ത സുന്ദരമായ ലാളിത്യം നിറഞ്ഞ ജീവിതം നയിക്കുന്ന ചെറിയ മനുഷ്യരുടേത് കൂടിയാണ് ഈ ലോകം എന്ന് സംവിധായകൻ പറയുവാൻ ശ്രമിക്കുന്നു. ആരോടും കലഹിക്കാതെയും പരിഭവം പറയാതെയും ഉള്ളതിൽ പൂർണത കണ്ടെത്തിയുള്ള കാവ്യാത്മകമായ ജീവിതം.



തന്റെ കഴിഞ്ഞ കാലം ഓർമ്മപ്പെടുത്തികൊണ്ട് സഹോദരിയുടെ മകൾ കടന്നുവരികയും തന്റെ അമ്മാവനോടൊപ്പം ജീവിക്കുവാനുള്ള ആഗ്രഹം പങ്കുവക്കുകയും ചെയ്യുന്നു. അവർ ഒരുമിച്ച് ബൈസൈക്കിൾ യാത്രകൾ നടത്തുന്നു. ബാല്യകാലത്തെ കുറിച്ചു സംസാരിക്കുന്നു. ഒന്നിച്ചു ടോയ്‌ലെറ്റുകൾ വൃത്തിയാക്കുന്നു. അമ്മാവന്റെ ദിനചര്യകൾ അതേപടി ശീലമാക്കുവാൻ ശ്രമിക്കുന്നു. മകളെ കൂട്ടികൊണ്ട് പോകാൻ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

സഹോദരി എത്തുന്നതും മകൾ തിരികെ പോകാൻ വിസമ്മതിക്കുന്നതും അവരിലെ ആത്മബന്ധം വെളിപ്പെടുത്തുന്നതാണ്. മകൾക്കു അമ്മയോടുള്ള അടുപ്പക്കുറവ് അമ്മാവന് തന്റെ സഹോദരിയോടും മറ്റു കുടുംബാംഗങ്ങളോടും ഉണ്ടെന്നുള്ളത് പ്രകടമാക്കുന്ന രംഗങ്ങൾ. താൻ തന്നെ തിരഞ്ഞെടുത്ത ജീവിതം ആനന്ദമയമായി കൊണ്ടുപോകുന്ന, ഭാവിയെ കുറിച്ചുള്ള ആകുലതകൾ ഇല്ലാത്ത, അന്നന്നു ജീവിച്ചു പോകുന്ന സന്തോഷവാനായ ഒരു മനുഷ്യൻ.

താൻ ഇഷ്ടപ്പെടുന്ന സ്ത്രീയുടെ ആദ്യ ഭർത്താവ് അവരെ കാണാനായി തിരികെ എത്തുന്നത് അയാളിൽ ആത്മ സംഘർഷം ഉണ്ടാക്കുന്നുണ്ട്. എങ്കിലും അവർ ഇരുവരും നടത്തുന്ന സൗഹൃദ സംഭാഷണങ്ങളിൽ അദ്ദേഹം അതിൽ നിന്നും മുക്തനാകുന്നു. തനിക്കു പ്രിയങ്കരമായ പാട്ടുകൾ കാസെറ്റിൽ ഇട്ട് കേട്ട് ഡ്രൈവ് ചെയ്ത് പോകുന്ന





ഹിരയാമ, രണ്ടുമിനിട്ടോളം നീണ്ടു നിൽക്കുന്ന ഒറ്റ ഷോട്ടിലെ ഒരു ഗാനത്തോടെയാണ് ചിത്രം അവസാനിക്കുന്നത്.

തീർത്തും കാവ്യാത്മകമായൊരു ചിത്രം.ഒരു കുളിർകാറ്റ് തഴുകും പോലെയുള്ള അനുഭൂതി. അതാണ് ചിത്രം സമ്മാനിക്കുന്നത്. ടോക്കിയോ നഗരത്തിലെ ടോയ്‌ലറ്റുകൾ പോലും ചിത്രത്തിലെ കഥാപാത്രങ്ങളാണ്. അത്രയ്ക്കും മനോഹരങ്ങൾ ആണവ. പുറമെ സ്ഫടികവും സുതാര്യമായതും അകമേ അതാര്യമായതുമായ പൊതു ശൗചാലയങ്ങൾ. സ്ലോ മൂവീസ് കാണുവാൻ താല്പര്യപെടുന്നവർക്കു നല്ലൊരു തിരഞ്ഞെടുപ്പായിരിക്കും ചിത്രം. ഹിരയാമയുടെ വേഷം ചെയ്ത കോജി യാകുഷോ കഥാപാത്രത്തോട് പൂർണ്ണമായും നീതി പുലർത്തുന്നുണ്ട്. എന്തുകൊണ്ടും കണ്ണിനു കുളിർമയേകുന്ന ഒരു മനോഹര അനുഭവമാണ് ഈ സിനിമ.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




**ഫിലിം റിവ്യൂസ്**
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

## കാഴ്ചപ്പാടുകളിലെ അസംബന്ധങ്ങൾ

# മോൺസ്റ്റർ

**മെറിൽ. പി. എൽ**



2023 കാൻ ചലച്ചിത്ര മേളയിൽ തിരക്കഥയ്ക്ക് പുരസ്കാരം നേടിയ സിനിമയാണ് "മോൺസ്റ്റർ" (രാക്ഷസൻ). ടൊറൊന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും ഈ സിനിമാ പ്രദർശിപ്പിച്ചിരുന്നു. സംവിധാനം, എഡിറ്റിംഗ് : കൊറെ - ഇഡാ ഹിരോകാസു (ജപ്പാൻ / 126 മിനിറ്റ് / ജപ്പാൻ - ഇംഗ്ലീഷ് ഭാഷ).

നഗര - ഗാർഹിക - മാനുഷിക ബന്ധങ്ങളെ ആസ്പദമാക്കി ഹൃദയത്തിൽ തൊടുന്ന കഥകൾ മെനയുന്ന വിദഗ്ധനായിട്ടാണ് കൊറെ - ഇഡാ ഹിരോകാസു ലോകസിനിമയിൽ അറിയപ്പെടുന്നത്. ജീവിതത്തിന്റെ ഒറ്റപ്പെട്ട സന്ധികളിൽ തീർത്തും അപരിചിതരായ വ്യക്തികളുമായി കുട്ടികൾ ഉണ്ടാക്കുന്ന ആഴമേറിയ ബന്ധങ്ങൾ അദ്ദേഹത്തിന്റെ പ്രശംസ നേടിയ മിക്ക സിനിമകളിലും കാണാൻ കഴിയും. "മോൺസ്റ്റർ" ലൂടെ കൊറെ - ഇഡാ ലിംഗസ്വത്വ സങ്കീർണതകളിലേക്കും അതുമായി ബന്ധപ്പെട്ട സാമൂഹിക കാഴ്ചപ്പാടുകളിലേക്കും തെറ്റിദ്ധാരണകളിലേക്കും നിർഭയം സഞ്ചരിക്കുന്നു. ഈ സങ്കീർണതകളുടെ ചുരുൾ നിവർത്താനും ഉൺമ വെളിപ്പെടുത്താനും "റാഷമോൺ എഫെക്റ്റ്" എന്ന കഥപറച്ചിൽ ശൈലി അദ്ദേഹം ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നു. ഒരു വസ്തുതയെ കുറിച്ചുള്ള വിവിധ ഭാഷ്യങ്ങൾ നൽകുന്ന 1950-കളിലെ കുറോസാവ എന്ന മാസ്റ്റർ ഫിലിം മേക്കർ അവതരിപ്പിച്ച ഈ കഥാസങ്കേതം, ഇന്നത്തെ കാലത്തെ ചലച്ചിത്ര പ്രവർത്തകരിൽ എന്തു മാത്രം സ്വാധീനം ചെലുത്തുന്നു എന്നതിന്റെ ദൃഷ്ടാന്തം കൂടിയാണിത്.

"മോൺസ്റ്റർ" ആരംഭിക്കുന്നത് ഒരു കൗമാരക്കാരനായ ആൺകുട്ടി അവന്റെ അമ്മയുമൊത്തു ഒരു നഗര പരിസരത്തെ ബഹുനില കെട്ടിട തീപിടുത്തതിന് സാക്ഷ്യം വഹിക്കുന്ന രംഗത്തോടെയാണ്. രണ്ട് മണിക്കൂറിന് ശേഷമുള്ള അവസാന രംഗത്തിൽ, അതേ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

കുട്ടി അവന്റെ ഏറ്റവും പ്രിയങ്കരനായ സുഹൃത്തിന്റെ കൂടെ ഒരു വശ്യ വനത്തിന്റെ ശാന്തതയിൽ അതീവ സന്തുഷ്ടനായി സ്വയം മറന്നിരിക്കുന്നതുമാണ്. ഈ രണ്ട് രംഗങ്ങൾക്കും ഇടയിലുള്ള മൂന്ന് ആഖ്യാനങ്ങളിൽ കൂടിയാണ് കാണി സഞ്ചരിക്കുന്നത് -ഒന്നാമത്തേത് ആൺകുട്ടിയുടെ അമ്മയുടെ വീക്ഷണകോണിൽ നിന്നുള്ളതാണെങ്കിൽ, രണ്ടാമത്തേത് അവന്റെ യുവ സ്കൂൾ അധ്യാപകന്റേതാണ്. മൂന്നാമത്തെ ഭാഷ്യം അവന്റെ തന്നെ കണ്ണിൽ കൂടിയുള്ളതുമാണ്.

ആദ്യത്തെ അധ്യായത്തിനു ഒരു ഹൊറർ സ്റ്റോറി പരിവേഷം നമുക്ക് കാണാൻ കഴിയും. വിധവയായ അമ്മയുടെ ഏക മകൻ പെട്ടെന്ന് അസാധാരണമായി പെരുമാറാൻ തുടങ്ങുന്നു. അവൻ സ്വയം വികൃതമായി മുടിവെട്ടുന്നു. ഒരിക്കൽ സ്കൂളിൽ നിന്ന് ചോരയൊലിക്കുന്ന ചെവിയുമായി മടങ്ങിയെത്തുന്നു. ഓടിക്കൊണ്ടിരിക്കുന്ന കാറിൽ നിന്ന് ചാടി സ്വയം മുറിവേൽപ്പിക്കുന്നു. അവൻ വനത്തിൽ ഏകനായി അലയുന്നതായി കാണുന്നു. യുക്തിരഹിതം എന്ന് തോന്നുന്ന കാര്യങ്ങളെ ക്കുറിച്ച് പരസ്പരവിരുദ്ധമായി സംസാരിക്കുന്നു. ഇതൊക്കെ ആ അമ്മയെ അസ്വസ്ഥമാക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് അമ്മ സ്കൂൾ അധികൃതരെ കാണുന്നു. അവരുമായി കൂടുതൽ ഇടപഴകുന്നു. അക്രമ സ്വഭാവമുള്ള ഒരു യുവ അധ്യാപകനെ കുറിച്ചുള്ള വിവരങ്ങൾ അധികൃതർ മനഃപൂർവം മറച്ചുവെയ്ക്കുന്നതായി അമ്മ മനസ്സിലാക്കുന്നു.

എന്നാൽ അധ്യാപകന്റെ ഭാഷ്യത്തിലേക്കു കഥ വ്യാപരിക്കുമ്പോൾ, അയാൾ വെറുമൊരു സാധാരണക്കാരനും ശുദ്ധഹൃദയനും ആണെന്ന് വെളിപ്പെടുന്നു. അതേസമയം ആ കുട്ടിസ്കൂളിൽ സഹപാഠികളോടും വളർത്തു മൃഗങ്ങളോടും അക്രമണോൽസുകമായി പെരുമാറുന്നുണ്ടെന്നും വ്യക്തമാവുന്നു.

ആ യുവ അധ്യാപകൻ നഗരത്തിൽ തന്റെ ഏകാന്ത ജീവിതവ്യഥകൾക്കിടയിലും തന്റെ വിദ്യാർത്ഥികളെ അടുത്തറിയാനും സഹായിക്കാനും ആത്മാർത്ഥമായി പരിശ്രമിക്കുന്നുമുണ്ട്. സ്കൂളിലെ പ്രിൻസിപ്പൽ ആയ ഒരു മധ്യവയസ്കയായ സ്ത്രീയെയും നമ്മൾ ഈ അധ്യായത്തിൽ പരിചയപെടുന്നു. തന്റെ മകന്റെ അപകട മരണത്തെത്തുടർന്ന് കടുത്ത വിഷാദ അവസ്ഥയിലാണവർ. കുട്ടിയുടെ സഹപാഠിയായ, എല്ലാവരാലും ഒറ്റപ്പെട്ട, ഓമനത്തം തുളുമ്പുന്ന, ഒരു ചെറിയ വികൃതികുട്ടി കൂടി കടന്നു വരുന്നു കഥയിൽ. അതോടെ സാവധാനം കുട്ടിയുടെ വീക്ഷണകോണിലൂടെയുള്ള മൂന്നാം ഭാഷ്യം വിടരുകയാണ്. ഇത് മുൻപ് കഴിഞ്ഞ രണ്ടധ്യായങ്ങളെയും കവച്ചു വയ്ക്കുന്ന അതിമനോഹരവും ഹൃദയസ്പർശിയുമായ ഒരു ഉജ്വല പ്രണയകഥയാണ്. തിരക്കഥയുടെ അസാധാരണ കെട്ടുറപ്പിനെ പറ്റിയും സുഗമമായ ഒഴുക്കിനെ പറ്റിയും ഇവിടെ പറയാതിരിക്കാൻ നിവർത്തിയില്ല. ഒന്നാമത്തെ ആഖ്യാനം ഒരു ഹൊറർ സ്റ്റോറിയെ ഓർമ്മിപ്പിക്കുന്നതാണെങ്കിൽ രണ്ടാമത്തേത് ഒരു മിസ്റ്ററി ത്രില്ലറിലായി പരിണമിക്കുന്നു.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

മൂന്നാം അധ്യായത്തിൽ എത്തുമ്പോഴേക്കും ഇതൊരു ഉദാത്ത പ്രണ യകഥയായി രൂപം പ്രാപിക്കുന്നു. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ഒഴുകി നീങ്ങുന്ന ആഖ്യാനങ്ങളിൽ കാണികൾക്ക് അസ്വാഭാ വികമായി ഒന്നും അനുഭവപ്പെടുന്നില്ല. കഥ യിലെ അമ്മയെയും മറ്റു പല കഥാപാത്ര ങ്ങളേയും പോലെ തന്നെ നമ്മുടെ ഓരോ രുത്തരുടെയും ധാരണകൾ എത്ര മാത്രം തെറ്റായി പോകാമെന്നും, എന്തു മാത്രം അസംബന്ധം പിടിച്ചതാകാമെന്നും അതിസ മർത്ഥമായി ഓർമ്മിപ്പിക്കുന്നു.

സ്കൂൾ, രക്ഷിതാക്കൾ, സമൂഹം - എന്നിങ്ങ നെ വളർത്തലിന്റെ അടിസ്ഥാന ശിലകൾ പലപ്പോഴും ലിംഗഭേദത്തെക്കുറിച്ച് തെറ്റായ ധാരണകൾ പേറുന്നവയാണെന്ന് വ്യക്തമായി കാട്ടിത്തരുന്നു. അറിഞ്ഞോ അറിയാതെയോ പല തെറ്റായ ആശയങ്ങളും ആദർശങ്ങളും ഇളം തലമുറയിൽ നിർബാധം അടിച്ചേൽ പ്പിക്കാൻ ഈ സംവിധാനങ്ങൾ പൊതുവെ ശ്രമിക്കാറുണ്ട്. വികലമായ മുൻധാരണക ളും അർദ്ധബോധ്യങ്ങളും മൂലം എത്ര ശുദ്ധാ ത്മാക്കളെ കുറ്റക്കാരായി സമൂഹം നോക്കി കാണുന്നു, "രാക്ഷസ" ന്മാരായി വ്യാഖ്യാനി ക്കുന്നു, ക്രൂശിക്കുന്നു. സിനിമയുടെ ശീർഷ കം ഈ പരമാർഥത്തെ ഉറക്കെ ധ്വനിപ്പി ക്കുന്നുണ്ട്.

നമ്മുടെ കാഴ്ചപ്പാടുകൾ വിശാലമാക്കാനും, നമ്മളിൽ നിന്ന് വ്യത്യസ്തരായ മനുഷ്യരോട് സഹാനുഭൂതി കാട്ടാനും, അവരോട് അവർ അർഹിക്കുന്ന ബഹുമാനത്തോടും മാന്യത യോടും കൂടി പെരുമാറാനും, അവരെ മനസ്സി ലാക്കാനും, അവരെ അവരായി തന്നെ അംഗീകരിക്കാനും, നമ്മൾ ഉൾപ്പെടുന്ന പൊ തുസമൂഹത്തെ അടിയന്തിരമായി ബോധവ ത്കരിക്കേണ്ടതുണ്ടെന്നു "മോൺസ്റ്റർ" ന മ്മെ ഓർമ്മിപ്പിക്കുന്നു.

മാനുഷിക മൂല്യ ങ്ങൾക്ക് പ്രത്യേ ക പരിഗണന നൽകുന്ന കാൻ ഫെസ്റ്റിൽ ഈ സിനിമ അംഗീകാരം നേടിയതിൽ അതിശയപ്പെ ടാനൊന്നും ഇല്ല. രണ്ടു കുട്ടികളും അതിശ ക്തവും സ്വാഭാവികവുമായ അഭിനയം കാഴ്ച വെച്ചിരിക്കുന്നതിനാൽ പ്രേക്ഷകർ അവരു ടെ അവസ്ഥകളുമായി വളരെ വേഗത്തിൽ, എളുപ്പത്തിൽ താദാത്മ്യം പ്രാപിക്കുന്നു. സിനിമ അവസാനിക്കുന്നത് കാവ്യാത്മകമായ ഒരു രംഗത്തിലാണ്. നഗരത്തിലെ തീവ്രമായ മഴയിലും കൊടുങ്കാറ്റിലും കുട്ടികളെ രക്ഷി താക്കൾ അന്വേഷിച്ചു നടക്കുമ്പോൾ, അവർ ഒരു വനത്തിന്റെ ചുറ്റുപാടിൽ സ്വയം മറന്ന് ആസ്വദിച്ചിരിക്കുന്നു. അവർ വേറൊരു ലോക ത്ത് തന്നെയാണ് - "സാധാരണ" മനുഷ്യരുടെ ശല്യം ഇല്ലാത്ത ഏതോ ഒരു ലോകത്ത്. അപ്പോഴതാ സമീപത്തുകൂടി, ഒരു ട്രെയിൻ ദ്രുതവേഗത്തിൽ കടന്നുപോകുന്നു. അവർ അതിനെ ആഹ്ളാദത്തോടെ ഒന്ന് നോക്കു ന്നതോടെ സിനിമ തീരുന്നു.


ഫ്യൂഷൻ സംഗീതജ്ഞനായ റൂയിച്ചി സകാ മോട്ടോയുടെ സംഗീത ശകലങ്ങൾ പ്രേക്ഷ കന്റെ ആസ്വാദനത്തെ വീണ്ടും ഉയരങ്ങ ളിൽ എത്തിക്കുന്നു. സംവിധായകൻ കോറെ -ഇഡ "മോൺസ്റ്റർ" സമർപ്പിച്ചിരിക്കുന്നത് 2023 - ൽ ജീവിതത്തിൽ നിന്നു വിടവാങ്ങിയ റൂയിച്ചി സകാമോട്ടോയുടെ ഓർമ്മയ്ക്ക് മുൻ പിലാണ്. മനുഷ്യബന്ധങ്ങളുടെ ആഴങ്ങളെ അതിമധുരമായി തിരശീലയിൽ കൊണ്ടു വരുന്ന കോറെ-ഇഡ യുടെ പുതിയ സിനിമ യ്ക്കായി നമുക്ക് കാത്തിരിക്കാം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033




ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

## ജീവിതം ശിക്ഷയായി മാറിയവരുടെ ദ പനിഷ്മെന്റ്

**വിദ്യ ശോഭന**



2023 ലെ 28-ആം IFFK യിൽ പ്രദർശിപ്പിച്ച അർജെന്റിന /ചിലി സ്പാനിഷ് ചിത്രം ആയിരുന്നു മാറ്റിയസ് ബിസെ സംവിധാനം ചെയ്ത ദ പനിഷ്മെന്റ്. 86 മിനിറ്റ് ദൈർഘ്യം ഉള്ള, ഒറ്റ ഷോട്ടിൽ പൂർത്തീകരിച്ച സിനിമ എന്ന പ്രത്യേകതയും ഇതിനുണ്ട്. അതിനായി സംവിധായകൻ കൈക്കൊണ്ട വെല്ലുവിളി അഭിനന്ദനാർഹം തന്നെയാണ്.

വനത്തിലൂടെ കാർ ഡ്രൈവ് ചെയ്തു വരുന്ന ദമ്പതികളിലൂടെയാണ് സിനിമ തുടങ്ങുന്നത്. അന തന്റെ ഏഴു വയസ്സുള്ള മകന് ശിക്ഷ നൽകുവാനായി കാട്ടിൽ ഉപേക്ഷിച്ചു മടങ്ങുകയാണ്. മാറ്റിയോ, അവൻ ചെറിയ കുട്ടിയാണെന്നും തിരികെ പോകാമെന്നും ആവർത്തിച്ചു പറഞ്ഞു കൊണ്ടേയിരിക്കുന്നു. കർക്കശക്കാരിയായ ഒരമ്മയുടെ മുഖഭാവമാണ് അനയ്ക്ക്. മകന്റെ വികൃതികളിൽ പൊറുതി മുട്ടിയ ഒരമ്മ. എന്തു വികൃതി യായാലും ഇത്തരം കടുത്ത ശിക്ഷ നൽകുവാൻ മാത്രം ക്രൂരയാണോ ഈ അമ്മ എന്ന് ചിന്തിപ്പിക്കുന്നതാണ് ഓരോ രംഗവും.

കാറിൽ നിന്നും ഇറക്കി വിട്ട് രണ്ടു മിനിറ്റുകൾക്ക് ശേഷം തിരികെ എത്തുന്നെങ്കിലും മകനെ കണ്ടെത്താൻ അവർക്ക് കഴിയുന്നില്ല.

തന്റെ മകന് വേണ്ടി അച്ഛൻ കാട് മുഴുവൻ അലറി വിളിച്ചു നടക്കുമ്പോഴും നിസംഗതയോടെ ഒരു സിഗരറ്റ് എടുത്തു കാറിനരികിൽ റോഡിൽ നിൽക്കുന്ന അമ്മ, പ്രേക്ഷകരിൽ ആകാംക്ഷ ഉണർത്തും.

മകൻ തിരികെ വരുമെന്നും മകന്റെ സ്വഭാവം തനിക്ക് നല്ലതുപോലെ അറിയാമെന്നും ഇതവൻ നമുക്ക് തരുന്ന ശിക്ഷയാണെന്നും അവർ അവകാശപ്പെടുന്നു. മാത്രവുമല്ല മകന്റെ ഇത്തരം കളിയിൽ വീണുപോകാൻ താൻ തയ്യാറല്ല എന്നും അന പറയുന്നുണ്ട്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ഇരുട്ടും മുൻപേ മകനെ കണ്ടെത്തുവാൻ പോലീസിനെ വിളിക്കാൻ ഒരുങ്ങുന്ന മാറ്റി യോ യെയും അന തടസ്സപ്പെടുത്തുന്നുണ്ട്. മകൻ തിരികെ വരും എന്ന അത്രയും ഉറച്ച വിശ്വാസമാണവർക്ക്.

എന്നാൽ പോലീസ് എത്തുന്ന വേളയിൽ, മകന് ശിക്ഷ കൊടുത്തു ഇറക്കി വിട്ടതാ ണെന്ന സത്യം അവർ മൂടി വയ്ക്കുന്നു. പ്രേക്ഷകർക്കിടയിൽ അനവധി ആശങ്കകൾ ജനിപ്പിക്കുന്ന രംഗങ്ങൾ ആണവ.

തന്റെ മകൻ വളരെ ബ്രില്ലിയന്റ് ആയ കുട്ടി യാണെന്നും ക്ലാസ്സിൽ വേഗത്തിൽ പഠിക്കു ന്നതുകൊണ്ട് ബാക്കി സമയം ബോർ അടിക്കുന്നതാണ് അവൻ കുരുത്തക്കേടു കൾ ചെയ്യാൻ കാരണം എന്ന് അച്ഛൻ പോലീസിനോട് പറയുമ്പോൾ അതങ്ങനെ അല്ലെന്നും ഹൈപ്പർ ആക്റ്റീവ് ആയ മെഡി ക്കൽ ട്രീറ്റ്മെന്റ് ആവശ്യമുള്ള കുട്ടിയാണ് തന്റെ മകൻ എന്ന് അന തിരുത്തുന്നു.

അനയും മാറ്റിയോസും കാറിനുള്ളിൽ വാഗ്വാ ദത്തിൽ ഏർപ്പെടുന്നു. വൈകിയ വേളയിലും മകനെ കാണാത്തതിൽ ആകുലപ്പെടാതെ, പോലീസിന് കൃത്യമായ വിവരങ്ങൾ നൽകാ തെ, മകൻ തിരികെ വരുമെന്നുള്ള അതിരു വിട്ട വിശ്വാസത്തിൽ മുന്നോട്ടു പൊയ്ക്കൊ ണ്ടിരിക്കുന്ന അനയിൽ മാറ്റിയോസ് അസ്വ സ്ഥനാകുന്നു.

കാര്യങ്ങൾ കൈവിട്ടു പോകുകയാണോ എ ന്ന ചിന്ത അനയിൽ ഭ്രാന്തമായ ഭാവമാറ്റം ഉണ്ടാക്കുന്നു .

മകനുവേണ്ടി കാടിനുള്ളിൽ ഭ്രാന്തിയെ പ്പോലെ അവർ അലയുകയും മകനോട് മാപ്പു ചോദിക്കുകയും ചെയ്യുന്നു. ഒരു ഘട്ടത്തിൽ അന മാറ്റിയോസിനോട് ആ സത്യം വെളി പ്പെടുത്തുന്നു.

മകൻ ജനിച്ചതിൽ പിന്നെ സന്തോഷം എന്തെന്ന് അറിഞ്ഞിട്ടേ ഇല്ല എന്നവർ പറയുന്നു. മകൻ തിരിച്ചു വരാതിരുന്നെങ്കിൽ എന്നുപോലും ആശിക്കുന്നുണ്ടെന്നു അവർ തുറന്നുപറയുന്നു.

അനയുടെ മനസ്സ് തുറക്കൽ ഞെട്ടലോടെ കേൾക്കുന്ന മാറ്റിയോസ് കുഞ്ഞിന് വേണ്ടി അയാൾ ചെയ്ത കാര്യങ്ങൾ ഓരോന്നായി പറഞ്ഞു തുടങ്ങുന്നു. ഒരു അറ്റെൻഷൻ ഡെഫിസിറ്റ് ഡിസോഡർ ഉള്ള കുഞ്ഞുമായി ജീവിക്കുന്ന ഒരു അമ്മ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയെ ന്ന് അന മാറ്റിയോസിനോട് വികാരഭരിത യായി പറയുന്നു.



മകന്റെ പരിചരണത്തിനായി ജോലി ഉപേ ക്ഷിച്ചു മുഴുവൻ സമയവും മകന് വേണ്ടി ചിലവഴിച്ചു, മകന്റെ വികൃതികൾക്ക് മറ്റുള്ള വരോട് മാപ്പപേക്ഷിച്ചു, സ്വന്തം സ്വപ്നങ്ങൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

മറന്നു തുടങ്ങിയ ഒരമ്മയെയാണ് അന ഓർമിപ്പിക്കുന്നത്.

മകന് മെഡിക്കൽ ട്രീറ്റ്മെന്റ് അല്ല, കർക്കശക്കാരി അല്ലാത്ത അമ്മയാണ് വേണ്ടതെന്ന അച്ഛന്റെ വാദം അവർ പൊളിച്ചെഴുതുന്നു. മകനെ കാട്ടിൽ ഉപേക്ഷിച്ചു കളയാൻ മാത്രം മാനസിക നില കൈവിട്ടു പോകുന്ന നിലയിലേക്ക് അവർ എത്തിപ്പെടുന്നതോ സമൂഹമോ കുടുംബമോ അവരെ അങ്ങനെ ആക്കി തീർക്കുന്നതോ ആണ്.

ഞാൻ ഒരു നല്ല അമ്മയാണെന്നു അവർ പറഞ്ഞുകൊണ്ടേ ഇരിക്കുന്നു. മകനെ അന്വേഷിക്കാൻ എത്തിയ പോലീസ് ഇൻസ്പെക്ടറോടും അവർ ചോദിക്കുന്നു, ചില നിമിഷങ്ങളിൽ നിങ്ങളും പരിധി വിട്ടു മക്കളോട് ദേഷ്യപ്പെട്ടിട്ടില്ലേ?

ഇൻസ്പെക്ടർ അതേ എന്നുത്തരം നൽകുന്നു. ഞാനും അതേ ചെയ്തുള്ളൂ. ഞാനും ഒരു നല്ല അമ്മയാണ്. ഞാൻ എടുത്ത തീരുമാനം ആണ് തെറ്റായിപോയത് എന്ന അനയുടെ വിവരണത്തിനു മുന്നിൽ ഇൻസ്പെക്ടർ നിശബ്ദയാകുന്നു.


ലുക്കാസിനു എന്തു പറ്റി കാണും കാടിനുള്ളിൽ ഒറ്റയ്ക്ക് പോയോ? വന്യ ജീവികളാൽ ആക്രമിക്കപ്പെട്ടോ? മറ്റാരെങ്കിലും കടത്തികൊണ്ട് പോയോ? അച്ഛനും അമ്മയ്ക്കും ശിക്ഷ വിധിച്ചു ഒളിച്ചു നിൽക്കുകയാണോ? എന്ന നിരവധി ചോദ്യങ്ങൾക്കൊടുവിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ കയ്യും പിടിച്ചു നടന്നു വരുന്ന ലൂക്കാസിലൂടെ (മകൻ ) ചിത്രം അവസാനിക്കുന്നു.



ഓട്ടിസ്റ്റിക് ആയതും ഹൈപ്പർ ആക്റ്റീവ് ആയതും ബുദ്ധി മാന്ദ്യം ഉള്ളതുമായ കുട്ടികളുടെ മാതാപിതാക്കൾ നേരിടുന്ന പ്രശ്നങ്ങൾക്ക് നേരെ കണ്ണ് തുറക്കുന്നതാണ് ചിത്രം. സമൂഹം അവർക്കു നേരെ പിടിച്ചിരിക്കുന്ന സാധാരണവൽക്കരിക്കപ്പെടുന്ന ചിന്താഗതി. ഇത്തരം കുട്ടികളുടെ മാതാപിതാക്കളെ നോർമലൈസ് ചെയ്തു കാണുന്ന സിസ്റ്റം ഇതെല്ലാം ചിത്രത്തിൽ ഭംഗിയായി കാണാൻ കഴിയും.

പിടിവാശിക്കാരിയായും ക്രൂരയായും മനോനില തെറ്റിയവളായും കാണപ്പെടുന്ന ലൂക്കയുടെ അമ്മ. മകന് വേണ്ടിയുള്ള പോരാട്ടത്തിൽ അവർ അവർക്കു വേണ്ടി ജീവിക്കുവാൻ മറന്നുപോയിരുന്നു. അന യുടെ വേഷം ചെയ്ത അന്റോണിയ സീഗർസ് മികച്ച പ്രകടനം ആണ് കാഴ്ച്ച വച്ചിരിക്കുന്നത്. പല വേദികളിലും മികച്ച നടിക്കുള്ള പുരസ്കാരം അവർ ഈ ചിത്രത്തിലൂടെ നേടിയെടുത്തിട്ടും ഉണ്ട്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA




## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

### പ്രകൃതിക്ഷോഭങ്ങളും മനുഷ്യ മനസ്സും

# സതേൺ സ്റ്റോം

**സഞ്ജു കളപ്പുരക്കൽ**



28- മത് IFFK യിൽ International competition വിഭാഗത്തിൽ പ്രദർശിപ്പിക്കപ്പെട്ട ഒരു ഇൻവെസ്റ്റിഗേഷൻ ചിത്രമായിരുന്നു Southern Storm. (അർജന്റീന / 2023/ 88 മിനിറ്റ് / സ്പാനിഷ് ഭാഷ).

Edgardo Dieleke, Daniel Casabe എന്നിവർ സംവിധാനം ചെയ്ത അർജന്റീനൻ സിനിമ. ബ്യൂണസ് ഐറിസിലെ തീവ്രമായ തെക്കൻ കാറ്റിനെ പശ്ചാത്തലമാക്കി അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. മനുഷ്യ മനസുകളിൽ പോലും മാറ്റം ഉണ്ടാക്കുവാൻ പ്രകൃതിയ്ക്ക് എന്ന പോലെ തെക്കൻ കാറ്റിനു കഴിയും എന്ന ആശയം മുന്നോട്ട് വെയ്ക്കുന്നു. അവിടെ വീശുന്ന അതിശക്തമായ തെക്കൻ കാറ്റിനെ തടയാൻ യാതൊന്നിനും കഴിയുന്നില്ല. ശക്തമായ കാറ്റ് നഗരത്തിലെ തീരങ്ങളെ ഇളക്കി മറിക്കുന്നു. ദിവസങ്ങളോളം വീശുന്ന കാറ്റ് ജനജീവിതത്തെ തടസപ്പെടുത്തുകയും ജനങ്ങളുടെ മാനസികാവസ്ഥയെ ബാധിക്കുകയും ചെയ്യുന്നു.

രഹസ്യാന്വേഷണവും വ്യക്തമായ ആശയങ്ങളുമുള്ള മനസ്സിനെപോലും ഇളക്കി മറിക്കാൻ തക്കം ഒരു തെക്കൻകാറ്റിനു സാധിക്കുമെന്ന് ഈ ചിത്രം ഓർമ്മിക്കുന്നു.

മറ്റുള്ളവരുമായുള്ള ലളിതമായ സംസാരത്തിലൂടെ അന്വേഷണം നടത്തുന്ന ഒരു സ്വകാര്യ ഡിറ്റെക്റ്റീവ് ആണ് ജോർജ് വില്ലഫഡ്. വർഷങ്ങൾ നീണ്ട തന്റെ ജോലിയിൽ ഏറെയും വഞ്ചനപരമായ ഇടപാടുകൾ, അവിശ്വസ്ത ഭാര്യ - ഭർതൃബന്ധങ്ങൾ എന്നിവയാണ്. തന്റെ കേസുകളിൽ ചെറുതും നിഷ്കളങ്കങ്ങളുമായ നിരവധി പ്രണയബന്ധങ്ങളും ഉൾപ്പെടുന്നു. ആളുകളുടെ മനസ്സിൽ അവർ ഒളിപ്പിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങൾ മനസിലാക്കുന്നതിനുള്ള പ്രത്യേക പരിശീലനം ലഭിച്ച കണ്ണുകൾ അദ്ദേഹത്തിനുണ്ട്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ബ്യൂണസ് ഐറിസിനെ പോലും ഇളക്കിമറിക്കുന്ന തെക്കൻ കാറ്റ് പോലെ അപ്രതീക്ഷിതമായി ഉണ്ടാകുന്ന സംഭവവികാസങ്ങൾ അയാളുടെ വിചാര - വികാരങ്ങൾക്ക് വേലിയേറ്റമുണ്ടാക്കുന്നു.

വളരെ പ്രയാസകരമായ ഒരു ഡാൻസ് റിഹേഴ്സൽ രംഗത്തോടെയാണ് ചിത്രം ആരംഭിക്കുന്നത്. അന്യരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞു നോക്കുന്ന സ്വഭാവത്തിന്റെ കൊറിയോഗ്രാഫിയിൽ ആക്ഷേപഹാസ്യം കാണാം.

തന്റെ സുഹൃത്തുക്കൾക്കൊപ്പം ബാറ്റ്മിന്റൺ കളിക്കുന്നതിനിടെ കണ്ട ഒരു സ്ത്രീയുടെ ജീവിതത്തെ കുറിച്ച് രഹസ്യമായി അന്വേഷിക്കാനുള്ള ദുരൂഹവും ബുദ്ധിമുട്ടുള്ളതുമായ ഒരു കേസ് ജോർജിനെ തേടിയെത്തുന്നു. പ്രശസ്തമായ കൊറിയോഗ്രാഫർ കൂടിയായ ആൽവിറയെ പിന്തുടരണമെന്ന് ധനികനും വ്യവസായിയുമായ അവളുടെ ഭർത്താവ് ആവശ്യപ്പെടുന്നു. അവിശ്വസ്തരായ ഭർത്താക്കന്മാരെയും ഭാര്യമാരെയും പിന്തുടരുന്നതിലുള്ള നീണ്ട അനുഭവമുള്ള അദ്ദേഹത്തിന് ഈ വിഷയത്തിലുള്ള കാഴ്ചപാട് വളരെ ലളിതവും വ്യക്തവുമാണ്.



ആൽവിറയെ അവൾ പോലും അറിയാതെ ജോർജ്ജ് രഹസ്യമായി പിന്തുടരുന്നു. അവരോടൊപ്പം ബോട്ട് യാത്ര ചെയ്യുന്ന ജോർജ് കായൽക്കരയിലുള്ള കാട്ടിനുള്ളിലെ ആളൊഴിഞ്ഞ ഒരു വീട്ടിലേക്ക് അവൾ കയറിപോകുന്നത് കാണുന്നു.

ജീവിതത്തിലെ ഒരു നിർണായകമായ സമയത്തിലൂടെയാണ് ആൽവിറ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അവൾ വളരെ പ്രയാസകരമായ ഒരു കലാപരിപാടിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അത് വളരെ വേഗം പ്രീമിയർ ചെയ്യുമെന്ന് അവൾ പ്രതീക്ഷിക്കുന്നു. അതിനായി നാടകത്തിന്റെ കൊറിയോഗ്രാഫി പൂർണ്ണമാക്കാൻ അവൾ കഷ്ടപ്പെടുന്നു. അത് അവളുടെ കരിയറിലെ അവസാന നാടകമായിരിക്കും എന്നും കരുതുന്നു.

ആൽവിറയെ പിന്തുടരുന്ന ജോർജ് നദികളും സമൃദ്ധമായ വനങ്ങളും ഉള്ള, പ്രകൃതി ദത്തമായ ബ്യൂണസ് ഐറിസിന്റെ പ്രാന്തപ്രദേശത്തുള്ള ഡെൽറ്റ ദ്വീപിലേക്ക് എത്തിച്ചേർന്നു. ഒറ്റപ്പെട്ട ആ വീടിന് പരിസരത്തുള്ള കാട്ടിൽ ഏകയായി, നഗ്നയായി, ആൽവിറ കൊറിയോഗ്രാഫി അംഗചലനങ്ങളിലൂടെ ആവിഷ്കരിക്കുന്നത് കാണുമ്പോൾ അത് പ്രണയമാണോ അതോ മറ്റെന്തെങ്കിലും വിചാരമാണോ എന്നറിയാതെ ജോർജ്ജ് തന്റെ വികാരങ്ങളെ നിയന്ത്രിക്കാനാവാതെ തേങ്ങുകയാണ്. അതോടെ അയാൾ തന്റെ ഡിറ്റെക്റ്റീവ് കഴിവുകളെ കുറിച്ച് ഉറപ്പില്ലാതാവുകയും ചെയ്യുന്നു.

അവിടെ നിന്നും തിരികെ സ്വന്തം വീട്ടിലെത്തുന്ന ജോർജ്ജ് തന്നെ രഹസ്യാന്വേഷണ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ജോലി ഏൽപ്പിച്ച ഭർത്താവിൽ നിന്നും പ്രതിഫലം കൈപ്പറ്റുകയും അവൾക്ക് ഒരു രഹസ്യബന്ധം ഉണ്ടെന്നുള്ള സംശയം വെളിപ്പെടുത്തുകയും ചെയ്യുന്നു.

തുടർന്ന് ആൽവിറയെ പിന്തുടരുന്ന ജോർജ്ജ് വീണ്ടും വനാന്തരത്തിലെ നദിക്കരയിലെത്തുന്നു. പെട്ടെന്ന് മഴയത്ത് നഗ്നയായി നൃത്തം ചെയ്യുന്ന ആൽവിറയുടെ ദേഹത്തേക്ക് തെക്കൻ കാറ്റിന്റെ ശക്തിയിൽ ഒരു മരച്ചില്ല ഒടിഞ്ഞു വീഴുന്നു. അവൾ അബോധാവസ്ഥയിൽ നിലത്തു വീണു. അത് നോക്കി നിന്ന ജോർജ്ജ് അവളെ എടുത്ത് ആ വീട്ടിനുള്ളിലേക്ക് കൊണ്ടുപോയി കിടത്തുന്നു. ബോധം തിരികെവന്ന ആൽവിറ ജോർജ്ജിനെ കാണുകയും ആരാണെന്ന് തിരക്കുകയും ചെയ്യുന്നു. പരിചയപ്പെടലിലൂടെ അവർക്കിടയിൽ നല്ലൊരു സൗഹൃദം വളരുന്നു. ഇതിനിടെ അയാളുടെ ഒരു ചെറിയ പോക്കറ്റ് ബുക്ക് ആൽവിറയ്ക്ക് ലഭിക്കുന്നു. അതിലൂടെ ജോർജ്ജ് ഒരു സ്വകാര്യ രഹസ്യാന്വേഷകനാണെന്ന് ആൽവിറ തിരിച്ചറിയുന്നു.

ആൽവിറ ജോർജ്ജിനെ തന്റെ വീട്ടിലെക്ക് ക്ഷണിക്കുന്നു. ആൽവിറയുടെ വീട്ടിൽ എത്തുന്ന ജോർജ്ജിനു അവളെ അവിടെ കാണാൻ കഴിയുന്നില്ല. അതേസമയം അവളുടെ ഭർത്താവ് അവിടെ എത്തുകയും ജോർജ്ജ് അവളുടെ രഹസ്യ കാമുകനാണെന്ന് തെറ്റിധരിച്ചു അവർ കലഹിക്കുകയും ചെയ്യുന്നു. അവരുടെ കലഹം ഒരു നൃത്തരൂപ ത്തിലാണ് അവതരിക്കപ്പെടുന്നത്. ഇത് ഒളിഞ്ഞു നിന്ന് കാണുന്ന ആൽവിറ താൻ സ്വപ്നംകണ്ട അതേ നൃത്തരൂപം അവരിൽ കാണുകയും ആശ്ചര്യപെടുകയും ചെയ്യുന്നുണ്ട്.

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

അവിടെ നിന്ന് പോകുന്ന ആൽവിറ കുറെ നാളുകൾക്കു ശേഷം ജോർജ്ജിനെ ക്ഷണിക്കുകയും അവിടെ എത്തുന്ന ജോർജ്ജ് ഒരു സ്റ്റേജിൽ ആൽവിറ കൊറിയോഗ്രഫി ചെയ്യാൻ ആഗ്രഹിച്ചത് പോലെ നൃത്തം ചെയ്യുന്നു.

താൻ പോലും അറിയാതെ ജോർജ്ജ് മറ്റൊരു ലോകത്ത് എത്തിച്ചേരുകയാണ് . ജോർജ്ജിന്റെ ജീവിതത്തിൽ രഹസ്യക്കാറ്റായി തെക്കൻ കാറ്റ് വീശുമ്പോൾ ലോകത്തെ ഇളക്കാത്തതായി മറ്റൊരു കാറ്റും ഇല്ല എന്ന



ചിന്താഗതിയിലേക്ക് ചിത്രം പ്രേക്ഷകനെ കൂട്ടിക്കൊണ്ടുപോകുന്നു. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന പ്രകൃതി ക്ഷോഭങ്ങൾ മനുഷ്യ മനസ്സിനെയും ചിന്താ ഗതികളെയും എങ്ങനെ സ്വാധീനിക്കു ന്നുവെന്ന് ഈ ചിത്രം കാവ്യാത്മകമായി അവതരിപ്പിക്കുന്നു. പരിസ്ഥിതി, മഴക്കാറ്റ്, വേലിയേറ്റം, മനസ്സ്, മനുഷ്യ ബന്ധങ്ങൾ, നാടകം, കൊറിയോ ഗ്രാഫി, ദൃശ്യഭാഷ തുടങ്ങിയ ഘടകങ്ങളിലൂടെ , പരീക്ഷണാത്മകമായി, പുതിയൊരു സിനിമാറ്റിക് അനുഭവം ഈ ചിത്രം പകരുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




**ഫിലിം റിവ്യൂസ്**
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# കിഡ്നാപ്പ്ഡ്

## മാർക്കോ ബലൂച്ചിയോയുടെ സിനിമ

**ഷീബ. എസ്. ജെയിംസ്**




ചലച്ചിത്രമേളയുടെ പ്രധാന വേദിയായ ടാഗോറിൽ ആദ്യദിവസം പ്രദർശിപ്പിച്ച പ്രധാന ചിത്രങ്ങളിൽ ഒന്നായിരുന്നു "കിഡ്നാപ്പ്ഡ് "

ഇറ്റാലിയൻ സംവിധായകനായ മാർക്കോ ബലൂച്ചിയോയുടെ ചിത്രം ആണിത്. ( ഇറ്റലി - ഫ്രാൻസ് - ജർമ്മനി / 2023/ 134 മിനിറ്റ് / ഇറ്റാലിയൻ - ഹീബ്രു - ലാറ്റിൻ ).

മികച്ച ദൃശ്യാനുഭവം നൽകി തുടക്കം മുതൽ ഒടുക്കം വരെ പ്രേക്ഷകരെ ത്രിൽ ആക്കി കൊണ്ടുപോയ ഒരു സിനിമ കൂടിയാണിത്. ഇതിന് മൂന്ന് ഭാഗങ്ങൾ ഉണ്ട് എന്ന് പറഞ്ഞിരുന്നു എങ്കിലും ഒന്നാമത്തെ ഭാഗത്ത് തന്നെ രണ്ടാമത്തെ ഭാഗത്തിലെ ക്ലൈമാക്സ് ഒളിപ്പിച്ചു വച്ചാണ് സിനിമ സംവിധാനം ചെയ്തിരിക്കുന്നത്.

വെറും ഒന്നേ മുക്കാൽ മണിക്കൂർ മാത്രമുള്ളതാണ് ചിത്രം എങ്കിലും ഇതിലെ മനോഹരമായ ഗാനങ്ങളും ഛായാഗ്രഹണവും പ്രശംസാർഹമാണ്. ബിഗ്ബോസ് താരമായ ബ്ലെസ്സ്ലി ആലപിച്ച ഒരു മനോഹര ഗാനവും ഇതിലുണ്ട്.

ഇറ്റലിയിലെ ബോംഗോയിൽ താമസിക്കുന്ന ഒരു ജൂത ബാലനായ എഡ്ഗാർഡോ മോട്ട്സാരോയുടെ കഥയാണ് കിഡ്നാപ്പ്ഡ് പറയുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ കുടുംബം പോലും അറിയാതെ അവൻ ജ്ഞാന



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

സ്നാനം ചെയ്യപ്പെട്ടു എന്നവകാശപ്പെട്ട് മത മേലധ്യക്ഷനും കൂട്ടരും ആ കുട്ടിയെ കുടുംബത്തിൽ നിന്ന് അകറ്റി കൊണ്ടുപോവുകയാണ്. ഇതോടെ മറ്റൊരു ജീവിത സാഹചര്യത്തിലേക്ക് പറിച്ചു മാറ്റപ്പെടുകയാണ് എഡ്ഗാർഡോയുടെ ജീവിതം.

മകനെ അവിടെ നിന്ന് തിരിച്ചു പിടിക്കാനായി മാതാപിതാക്കൾ ഒരുപാട് ശ്രമിക്കുന്നുണ്ടെങ്കിലും കഴിയുന്നില്ല.

കുഞ്ഞ് ആയ എഡ്ഗാർഡോ പള്ളിയിൽ കുരിശിൽ കിടക്കുന്ന യേശുവിനെ നോക്കി നിൽക്കുന്നു. ക്രിസ്തുവിന്റെ കയ്യിലും കാലിലും തറച്ചിരുന്ന ആണികൾ വലിച്ചൂരുന്നു. കുരിശിൽ നിന്ന് സ്വതന്ത്രനായ യേശു തന്റെ തലയിൽ ചൂടിയിരിക്കുന്ന മുൾക്കിരീടം അഴിച്ചു മാറ്റി ദേവാലയത്തിന് പുറത്തേക്ക്





നടന്നകലുകയാണ്. ഒരുപാട് രാഷ്ട്രീയം സംസാരിക്കുന്ന ഒരു രംഗം നാം ചിത്രത്തിൽ കാണുന്നതും ഇവിടെയാണ്.


പത്തൊൻപതാം നൂറ്റാണ്ടിൽ ഇറ്റലിയിൽ നടന്ന മത പരിവർത്തന അവസ്ഥയും ജൂത - ക്രിസ്ത്യൻ വംശജർ തമ്മിലുള്ള സംഘർഷങ്ങളും ഈ ചിത്രത്തിൽ വരച്ചു കാട്ടുന്നു.

താർകോവ്സ്കി സിനിമകൾ

ഫിൽക്ക ജനുവരി 2024 പ്രതിമാസ ഫിലിം ഫെസ്റ്റ്






ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA




ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# ഗോണ്ടോള

**വിനോദ് കുമാർ പി., ഫിൽക്ക ഫിലിം സൊസൈറ്റി**



വീറ്റ് ഹെൽമറിന്റെ സംവിധാനത്തിൽ 2023 ൽ പുറത്തിറങ്ങിയ ഒരു നിശബ്ദ ചിത്രമാണ് ഗൊണ്ടോള. വിദൂര പർവതങ്ങളിൽ പരസ്പരം അഭിമുഖീകരിക്കുമ്പോൾ പ്രണയത്തിലാകുന്ന രണ്ട് കേബിൾകാർ അറ്റൻഡന്റുകളുടെ കഥയാണ് ഈ ചിത്രം പറയുന്നത്. ജോർജിയയിലെ അജര മേഖലയിലാണ് ഈ സിനിമ ചിത്രീകരിച്ചത്. ഈ വർഷത്തെ ടോക്കിയോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ വേൾഡ് പ്രീമിയർ പ്രദർശിപ്പിച്ച ഈ ചിത്രത്തിൽ നിനി സൊസെലിയയും മത്തിൽഡെ ഇർമാനും പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു.

ഗോണ്ടോള(Gondola) എന്നാൽ പർവതത്തിന്റെ മുകളിലൂടെ സഞ്ചരിക്കുന്ന കേബിൾ കാറിനെ പറയുന്ന പേരാണ്. ജോർജിയൻ പർവതങ്ങളിലൂടെ സഞ്ചരിക്കുന്ന രണ്ടു ഗോണ്ടോളകൾ (കേബിൾ കാർ) ഒരു ഗ്രാമത്തെ താഴ്വരയിലെ ഒരു ചെറിയ പട്ടണവുമായി ബന്ധിപ്പിക്കുന്നു.

കണ്ടക്ടറായി കേബിൾ കാറിൽ ജോലി ചെയ്യാൻ തുടങ്ങിയ ഇവ ഇപ്പോൾ ഗൊണ്ടോളകൾ കൈകാര്യം ചെയ്യുന്നതിന്റെ ചുമതലയിലാണ്. ഒരു ഗൊണ്ടോള മുകളിലെ ഗ്രാമത്തിലേക്ക് കയറുമ്പോൾ മറ്റൊന്ന് താഴ്വരയിലേക്ക് പോകുന്നു. പാതിവഴിയിൽ, ഓരോ അരമണിക്കൂറിലും ഗൊണ്ടോളകൾ ഒപ്പമെത്തുന്നു. മറ്റേ ഗൊണ്ടോളയുടെ കണ്ടക്ടറായ നീനോയും ഇവയും ഓരോ തവണയും കണ്ടുമുട്ടുന്നത് ഈ നിമിഷത്തിലാണ്.

തുടക്കത്തിൽ കൊളീജിയൽ ആശംസകൾ മാത്രം കൈമാറിയിരുന്നിടത്ത്, കാലക്രമേണ അവർക്കിടയിൽ ഒരു പ്രണയബന്ധം ഊഷ്മളമാകുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

മേലുദ്യോഗസ്ഥന് ഇവർ തമ്മിലുള്ള ബന്ധം അത്ര രസിക്കുന്നില്ല. രണ്ടുപേർക്കും കുറഞ്ഞ വേതനം കൊടുക്കുകയോ ചിലപ്പോൾ കൊടുക്കാതിരിക്കുകയോ ചെയ്യുന്നു.

ഒരുനാൾ രാത്രി നിനോയും ഇവയും മേലുദ്യോഗസ്ഥൻ സൂക്ഷിച്ചിരുന്ന പണവുമെടുത്ത് ഒരു ഗോണ്ടോളയിൽ സഞ്ചരിക്കുകയും ആ പണമെല്ലാം താഴ്വരയിൽ എറിഞ്ഞു കൊടുക്കുന്നു.

സഞ്ചരിക്കുന്ന ഗോണ്ടോളയിൽ വീഞ്ഞും ഭക്ഷണവും സംഗീതവുമായി ആഘോഷിക്കുന്ന നിനോയുടെയും ഇവയുടെയും കൂടെ താഴ്വരയിലുള്ള ജനങ്ങളും പങ്കുകൊള്ളുന്നു.

എന്തോ അസ്വഭാവികത തോന്നി ഞെട്ടിയുണർണ മേലുദ്യോഗസ്ഥൻ അസമയത്ത് സഞ്ചരിക്കുന്ന ഗോണ്ടോള കാണുകയും ക്ഷുഭിതനാകുകയും ചെയ്യുന്നു. അയാൾ കണ്ട്രോൾ റൂമിൽ ചെന്ന് ഗോണ്ടോളയുടെ നിയന്ത്രണം വേർപെടുത്തുന്നു. തൽഫലമായി ഗോണ്ടോള നിയന്ത്രണം നഷ്ടപ്പെട്ട് ആടിയുലയുന്നു. പരിഭ്രാന്തരായ നീനോയും ഇവയും ഗോണ്ടോളയിൽ നിന്നും തായ്വരയിലേക്ക് എടുത്തു ചാടുക





യും അവിടന്ന് ഓടി രക്ഷപെടുകയും ചെയ്യുന്നു. നിയന്ത്രണം പൂർണമായും നഷ്ടപ്പെട്ട ഗോണ്ടോള ഇപ്പോൾ മേലുദ്യോഗസ്ഥൻ നിൽക്കുന്ന ഭാഗത്തേക്ക് ചെല്ലുകയും അദ്ദേഹത്തിന്റെ കഥ കഴിയുകയും ചെയ്യുന്നു.

പുതിയ ആൾക്കാരിലൂടെ ഗോണ്ടോളകൾ വീണ്ടും ചലിച്ചു തുടങ്ങുന്നതോടെ ചിത്രം അവസാനിക്കുന്നു.

പ്രകൃതി ഭംഗിയെ ക്യാമറാമാൻ കഥാഗതിക്കൊപ്പം ഒപ്പിയെടുത്തിട്ടുണ്ട്. ഇതൊരു മസ്റ്റ് തീയേറ്റർ വാച്ച് ചിത്രമായി പരിഗണിക്കാം.


ഈ വർഷത്തെ IFFK യിൽ എന്റെ ഇഷ്ട ചിത്രങ്ങളിൽ ഒന്നാണ് ഗോണ്ടോള എന്ന ഈ 82 മിനിറ്റ് മാത്രം വരുന്ന ജോർജിയൻ സിനിമ. ഫോട്ടോഗ്രാഫിയിലും കൊറിയോഗ്രാഫിയിലും സമ്പന്നമായ ഈ നിശബ്ദ ചിത്രം കൂടുതൽ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ തിളങ്ങും എന്ന കാര്യത്തിൽ സംശയമില്ല.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA




**ഫിലിം റിവ്യൂസ്**
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# അസഹിഷ്ണുതയെ ചെറുക്കുന്ന ഭൗമവാക്യങ്ങൾ

## ടെറസ്സ്ട്രിയൽ വേഴ്സസ്

**ജ്യോതിഷ്കുമാർ. വി. എസ്.**



കേരളത്തിന്റെ 28 –മത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ രണ്ടാം ദിവസത്തെ ചിത്രമാണ് ടെറസ്സ്ട്രിയൽ വേഴ്സസ്. പേർഷ്യൻ ഭാഷയിൽ ചിത്രീകരിച്ച 77 മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഈ ഇറാനിയൻ ചിത്രത്തിന്റെ (2023) തിരക്കഥ- സംവിധാനം : അലി അസ്കരി , അലിരെസ ഖതം .

പ്രമേയത്തിലും അവതരണത്തിലും എപ്പോഴും പുതുമ സമ്മാനിക്കുന്ന ഇറാനിയൻ സിനിമകൾ പൊതുവെ ചലച്ചിത്ര മേളകളിലെ ചർച്ചാ വിഷയമാണ്.

സ്കൂൾ അധ്യാപകർ മുതൽ ബ്യൂറോക്രാറ്റുകൾ വരെ വിവിധ അധികാരികൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്ന സാംസ്കാരികവും മതപരവും വ്യവസ്ഥാപിതവുമായ മാമൂൽ സങ്കൽപ്പങ്ങളെ ചെറുക്കുന്ന പ്രഹസനാക്ഷേപ വിമർശനം ഈ ചിത്രത്തിൽ കാണാം.

ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള ആളുകളെ കഥാപാത്രങ്ങളാക്കിക്കൊണ്ട്, സംവിധായകർ കേവലം 7 ദിവസങ്ങൾ കൊണ്ടാണ് ഈ സിനിമ ചിത്രീകരിച്ചിരിക്കുന്നത്. അനോണിമുൽ ഇന്റർനാഷണൽ ഇൻഡിപെൻഡന്റ് ഫിലിം ഫെസ്റ്റിവലിൽ മികച്ച ഫീച്ചർ ഫിലിമിനുള്ള പുരസ്കാരം ഈ സിനിമക്ക് ലഭിച്ചിട്ടുണ്ട്.

ടെറസ്ട്രിയൽ വെഴ്സസിലെ കഥാപാത്രങ്ങൾ നേരിടുന്ന വെല്ലുവിളി നിറഞ്ഞ ഒരു ദൗത്യം എന്തെന്നാൽ , അവരോരുത്തരും ഒരു സർക്കാർ ഉദ്യോഗസ്ഥനോടോ മറ്റ് അധികാരികളോടോ വാദിക്കാൻ ശ്രമിക്കുന്നു എന്നതാണ്.

ചിത്രം ആരംഭിക്കുമ്പോൾ നാം കാണുന്നത് ടെഹ്റാൻ പട്ടണമാണ്. ടെറസ്ട്രിയൽ വെഴ്സസിലെ കഥാപാത്രങ്ങളെല്ലാം ടെഹ്റാനിലെ നിവാസികളാണ് എന്നതാണ് സിനിമ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

പറയുന്ന രാഷ്ട്രീയം.

അദൃശ്യ അവതാരകനെ അഭിമുഖീകരിച്ചു കൊണ്ടാണ് കഥാപാത്രങ്ങൾ സംസാരിക്കുന്നത്. അനിയന്ത്രിതമായ നിയമങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുന്ന ക്യാമറ ഓരോരുത്തരെയും അചഞ്ചലമായി ആലിംഗനം ചെയ്യുന്നു.

പേർഷ്യൻ കവിതയുടെ ക്ലാസിക് രൂപമായ ഗസലിന്റെ സങ്കീർണ്ണമായ ഈരടികളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് എഴുത്തുകാരനും സംവിധായകരുമായ അലി അസ്ഗരിയും അലിരേസ ഖതവും നർമ്മ ചാരുതയോടെ തികച്ചും ആധുനികമായ ചലച്ചിത്രം സൃഷ്ടിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ കവി ഫറോഖ്സാദിന്റെ കവിതയുടെ ശീർഷകമാണ് ടെറസ്ട്രിയൽ വെഴ്സുകൾ.

തന്റെ കുഞ്ഞിന് ഒരു പേര് രജിസ്റ്റർ ചെയ്യാനുള്ള ഒരു പിതാവിന്റെ (ബഹ്റാം ആർക്ക്) നിരാശാജനകമായ ശ്രമങ്ങളാണ് ആദ്യഭാഗത്തുള്ളത്.

രണ്ടാം ഭാഗത്ത് ഏകദേശം 8 വയസ്സുള്ള ഉത്സാഹിയായ സെലീന എന്ന ഒരു പെൺകുട്ടിയെ (അർഘവൻ ഷബാനി) കാണിക്കുന്നു. സെലീനയുടെ മുൾമുനയുള്ള പ്രതികരണങ്ങൾ ഹൃദ്യമാണ്. സെലീന ഇഷ്ടപ്പെടുന്ന നിറങ്ങളിൽ നിന്നാണ് നിയന്ത്രണങ്ങൾ ആരംഭിക്കുന്നത്. ഒരു മുഷിഞ്ഞ വലിയ വസ്ത്രവും മൂടുപടവും അവളെ മൂടിയിരിക്കുന്നത് പരിഹാസ്യമായ കാഴ്ചയാണ്.

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം



മിക്ക കേസുകളിലും ഒരു ഔദ്യോഗിക ഭാഷ്യം എന്ന രീതിയിൽ വിചിത്രമായ ആവശ്യകതകളും യുക്തിരഹിതമായ ന്യായവാദങ്ങളും ഓരോ സന്ദർഭത്തിലും കേൾക്കാം.

"നിങ്ങളെ സഹായിക്കാൻ ഞാൻ ഇവിടെയുണ്ട്" എന്ന് ഔദ്യോഗികമായി പറയുന്ന ഗുമസ്തൻ പേരിടേണ്ട കുട്ടിയുടെ പിതാവിനോട് പോലും പെരുമാറുന്നത് നേർവിപരീതദിശയിലാണ്. അയാളുടെ കർത്തവ്യം തന്നെ പ്രഹസനമായി മാറുന്നു.

വിവിധ കഥാപാത്രങ്ങൾ ചോദിക്കുന്ന ആരോഗ്യകരമായ, പരിഹാസത്തോടെയുള്ള നല്ല ചോദ്യങ്ങളിലും പ്രതീക്ഷ പൂക്കുന്നുണ്ട്. അതിൽ അവരുടെ അവിശ്വാസം അടങ്ങിയിരിക്കുന്നു. ചില സന്ദർഭങ്ങളിൽ അവരുടെ ഉള്ളിലെ അലാറം നിശബ്ദമായ ധിക്കാരത്തിലേക്ക് പൊട്ടിത്തെറിക്കുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

ഏറ്റവും ധൈര്യശാലിയായ, കൗമാരക്കാരിയായ ഒരു പെൺകുട്ടിയെ (സർവിൻ സബേഷ്യൻ) ഒരു ആൺകുട്ടിയോടൊപ്പം മോട്ടോർ സൈക്കിളിൽ പോകുന്നത് കണ്ടതിനാൽ അവളെ പ്രിൻസിപ്പലിന്റെ ഓഫീസിലേക്ക് വിളിച്ചു വരുത്തി ചോദ്യം ചെയ്യുന്നു. എന്നാൽ അവളുടെ മറുപടി പ്രിൻസിപ്പലിന്റെ വായടപ്പിക്കുന്നു. കാരണം അവളെ ശിക്ഷിക്കാൻ ഉദ്ദേശിക്കുന്നയാളുടെ കാപട്യങ്ങൾ വെളിപ്പെടുന്ന ഒരു കാർഡ് അവളുടെ കയ്യിലുണ്ട്.

സ്ത്രീകളെ ലക്ഷ്യം വയ്ക്കുന്ന ഭരണകൂട നിരീക്ഷണത്തിന്റെയും നിയന്ത്രണ നയങ്ങളുടെയും തുറന്നു കാണിക്കലാണ് അടുത്ത ഭാഗത്ത്. ട്രാഫിക് വകുപ്പിൽ നിന്നും തന്റെ കാർ വീണ്ടെടുക്കാൻ ശ്രമിക്കുന്ന സദാഫ് (സദാഫ് അസ്ഗരി) എന്ന ഒരു ഡ്രൈവറെ പിടികൂടിയത് ഹിജാബ് ധരിക്കാത്തതിനാലാണ്. സിസിടിവി ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങളിൽ നിന്ന് ഹിജാബ് നിയമം ലംഘിച്ചുവെന്നാരോപിച്ച് അറസ്റ്റ് ചെയ്യപ്പെട്ട മഹ്സ അമിനിയുടെ മരണത്തെ തുടർന്നുണ്ടായ പ്രതിഷേധമാണ് ഈ ഭാഗത്ത് സൂചിപ്പിക്കുന്നത്.

ഒരു സ്വകാര്യ കമ്പനിയിൽ ജോലിക്കുള്ള അഭിമുഖത്തിൽ പങ്കെടുക്കുന്ന 30 വയസ്സുള്ള ഫൈസക്ക് (ഫൈസെഹ് റാഡ്) ഹിജാബ് ആവശ്യമില്ല എന്ന് അറിയുന്നു. പക്ഷേ എത്ര ഉദാരമായ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്താലും, ലൈംഗിക ചൂഷകനായ ഉടമയ്ക്ക് വേണ്ടി പ്രവർത്തിക്കേണ്ടി വരും എന്ന് മനസ്സിലാക്കി അവൾ സധൈര്യം ആ ജോലി ഉപേക്ഷിക്കുന്നു.

പ്രലോഭനം പുരുഷന്മാരെയും ബാധിക്കുന്നുണ്ട്. ഫർബാദ് (ഹോസൈൻ സോളിമാനി) തന്റെ ഡ്രൈവിംഗ് ലൈസൻസിനായുള്ള അപേക്ഷ സമയത്ത് മദ്ധ്യസ്ഥനായി നിയമിച്ച ഒരു ഉദ്യോഗസ്ഥന്റെ പരിഹാസ്യവും അസ്വസ്ഥകരവുമായ അന്വേഷണത്തിനു വിധേയനാകുന്നു. ഫർബാദിന്റെ ശരീരത്തിലെ ടാറ്റൂകൾ അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിക്കുന്നില്ല.

തന്റെ സിനിമയ്ക്ക് ഷൂട്ടിംഗ് പെർമിറ്റ് തേടുന്ന ഒരു മധ്യവയസ്കനായ ചലച്ചിത്ര നിർമ്മാതാവ് അലി (ഫർസിൻ മൊഹദേസ്) അഭിമുഖീകരിക്കുന്ന സാഹചര്യം ഇറാനിയൻ ഗവൺമെന്റിന്റെ പീഡനം ഭയത്തോടെ വീക്ഷിച്ച ആർക്കും മനസ്സിലാക്കാം. മതപരമായ അസഹിഷ്ണുത ഇവിടെ വ്യക്തമാകുന്നു.

ഈ പരീക്ഷണ സിനിമയിലെ അഭിനേതാക്കളെല്ലാം തന്നെ 10 മിനിറ്റോ അതിൽ താഴെയോ ദൈർഘ്യമുള്ള രംഗങ്ങളിലെ രക്തത്തുടിപ്പുള്ള കഥാപാത്രങ്ങളെ സ്ക്രീനിൽ സജീവമാക്കുന്നു.

കാവ്യാത്മകമായ ഈ സിനിമയിൽ പാഴായ ഒരു വാക്കോ നിമിഷമോ ഇല്ല. അലിരേസ അലവിയൻറെ ശബ്ദവിന്യാസവും ആദിബ് ശോഭാനിയുടെ ഛായാഗ്രഹണവും എഹ്സാൻ വസേഗിയുടെ എഡിറ്റിംഗും കൃത്യതയോടെ ചേർന്നപ്പോൾ ടെറസ്ട്രിയൽ വേഴ്സസ് എന്ന ഈ ചിത്രം ഒരു അത്ഭു

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

തമായി മാറി.

ഏകാധിപത്യ ശാസനകൾക്കും മതമൗലിക വാദത്തിനുമെതിരെയുള്ള ധൈര്യത്തിന്റെ യും തിരിച്ചടിയുടെയും തുളച്ചുകയറുന്ന ദൃശ്യ ങ്ങളിലൂടെ ഈ ചിത്രം നൽകുന്നത് പ്രതീക്ഷ യാണ്. നമുക്കെല്ലാവർക്കും അതൊരു മുന്നറിയിപ്പാണ്.

ചലച്ചിത്രനിർമ്മാണത്തിന്റെ നിലവിലെ ഘടന യെ തന്നെ പൊളിച്ചെഴുതുന്ന അവതരണ രീതി ഈ ചിത്രത്തിലുണ്ട്. വ്യത്യസ്തമായ 10 കഥകളാണ് കഥാപാത്രങ്ങളുടെ നേർക്ക് നിർത്തിയ ക്യാമറക്കണ്ണിലൂടെ പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. ദ്വന്ദ്വസംഭാ ഷണങ്ങളിലൂടെയാണ് സിനിമയുടെ ഗതി. സ്ക്രീനിൽ ഒരാളെ മാത്രമേ കാണിക്കു ന്നുള്ളൂ. തങ്ങളിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന നിയന്ത്രണങ്ങൾക്കെതിരെ പ്രതികരിക്കുന്ന കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലാണ് സിനിമയുടെ ജീവനും ഊർജവും കുടികൊ ള്ളുന്നത്. അതിൽ ചിരിയും ചിന്തയും



## ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

വിമർശനവും പരിഹാസവും പ്രതിഷേധവും നിസഹായതയും സഹനവും നിശബ്ദമായ ആക്രമണവും ഒക്കെയുണ്ട്. അസഹി ഷ്ണുതയെ ചെറുക്കുന്ന ഭൗമ വാക്യങ്ങൾ നമുക്ക് കാണാം.

സ്വന്തം കുഞ്ഞിനു തങ്ങൾക്ക് ഇഷ്ടപ്പെട്ട പേരിടാൻ കഴിയാത്ത ദമ്പതിമാരുടെ നിസഹായത, മതാചാരങ്ങൾ കാരണം തനിക്കിഷ്ടപ്പെട്ട വസ്ത്രം ധരിക്കാൻ കഴി യാതെ വരുന്ന കുഞ്ഞിന്റെ പ്രതിഷേധം, കാണാതായ വളർത്തുമൃഗത്തിനുവേണ്ടി സ്വാർത്ഥതാൽപര്യക്കാരായ നിയമപാലകരെ സമീപിച്ച വൃദ്ധയുടെ നിസഹായത, ചോര നീരാക്കി എഴുതിയ കഥയുടെ പ്രസക്ത ഭാഗങ്ങൾ മതത്തിന്റെ വേലിക്കകത്ത് നിർ ത്താനായി വലിച്ചു കീറേണ്ടിവന്ന തിരക്ക ഥാകൃത്തിന്റെ പ്രതിഷേധം, ഡ്രൈവിംഗ് ലൈസൻസിന് വേണ്ടി സ്വന്തം ശരീരം തുറന്നു കാട്ടേണ്ടി വന്ന വ്യക്തിയുടെ അവ സ്ഥ, തൊഴിലിനു വേണ്ടി ഉടമയുടെ അടിമയാകാൻ വിസമ്മതിക്കുന്ന യുവതി യുടെ കരുത്തുറ്റ പ്രതിഷേധം - എന്നിങ്ങനെ സമൂഹത്തിന്റെ അരുതുകൾ മറികടക്കാൻ കൊതിക്കുന്ന ഒരു കൂട്ടം വ്യക്തികളെ കഥാപാത്രങ്ങൾ ആക്കിയുള്ള വ്യത്യസ്ത മായ ഒരു ഫിലിമാണ് ടെറസ്ട്രിയൽ വേഴ്സസ്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം




# സൂര്യന്റെ നിഴലിൽ

**ഷീബ. എസ്. ജെയിംസ്**



“നിന്നെ തേടി ഞാൻ എവിടെയെല്ലാം അലഞ്ഞു. എൻ മനം എന്നാണിനി നിന്നിലേക്കെത്തുക. തമസ്സകറ്റിടും സൂര്യനെ പോലെ ഭൂമിയിൽ വെട്ടമായി തീരേണ്ടവനാണല്ലോ നീ "...

രണ്ടു വയസ്സുള്ള മകന് വേണ്ടിയുള്ള ഒരു അച്ഛന്റെ പോരാട്ടത്തിന്റ കഥയാണ് ഈ ഇസ്രായേലി ചിത്രം - അണ്ടർ ദി ഷാഡോ ഓഫ് സൺ. ( ഇസ്രായേൽ / 2023/ 80 മിനിറ്റ് / ഹീബ്രു - അരമായിക് / ജറുസലേം ഫിലിം ഫെസ്റ്റിവൽ അവാർഡ്).



ഷാലോം ഹാഗർ സംവിധാനം ചെയ്ത "അണ്ടർ ഷാഡോ ഓഫ് സൺ " എന്ന ഇസ്രായേലി ചിത്രം രണ്ട് വയസ്സുള്ളപ്പോൾ നഷ്ടമായ സ്വന്തം മകനെ കണ്ടെത്താൻ 15 കൊല്ലത്തിനു ശേഷം ഒരു അച്ഛൻ നടത്തുന്ന പോരാട്ടത്തിന്റെ കഥയാണ്.

ജീവിതത്തിൽ രണ്ടാമതൊരു അവസരം ലഭിക്കുന്ന ഒരാൾ തനിക്ക് നഷ്ടമായത് തിരികെ സ്വന്തമാക്കാൻ നടത്തുന്ന ശ്രമങ്ങൾ വളരെ വൈകാരികമായി അടയാളപ്പെടുത്തുന്ന ഒരു ചിത്രം എന്ന് കൂടി ഇതിനെ പറയാം. ഈ ചിത്രത്തിൽ മറ്റാക്കോ എന്ന കേന്ദ്ര കഥാപാത്രമായി എത്തുന്നത് എമോസ് അയേനോ ആണ്. സ്വന്തം ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ 15 വർഷം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

തടവിൽ കഴിഞ്ഞ മറ്റാക്കോ ജയിൽ മോചിതനാകുന്നിടത്ത് നിന്നാണ് ചിത്രം തുടങ്ങുന്നത്.

എത്യോപ്യൻ ജൂതനായ മറ്റാക്കോ 15 വർഷത്തിന് ശേഷം ജയിൽ മോചിതനായി മടങ്ങി വരുമ്പോൾ ജീവിതം അയാൾക്ക് ഒട്ടും സുഖകരമായിരുന്നില്ല. താൻ ചെയ്ത തെറ്റിന്റെ പരിണിതഫലം അതിക്രൂരമായിരുന്നു. ശാപവാക്കുകളും, കയ്യാങ്കളിയും ഒക്കെ നേരിടേണ്ടി വന്ന മറ്റാക്കോയ്ക്ക് ഒരൊറ്റ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 15 വർഷം മുൻപ് തനിക്ക് നഷ്ടമായ തന്റെ മകനെ കണ്ടെത്തുക.

ആ ലക്ഷ്യത്തിലെത്താൻ അയാൾ അലഞ്ഞു. ഇസ്രായേൽ പശ്ചാത്തലമാക്കി മറ്റാക്കോയുടെ കാഴ്ചപ്പാടിലൂടെയാണ് സിനിമ പുരോഗമിക്കുന്നത്.

രണ്ട് വയസുള്ളപ്പോൾ തനിക്ക് നഷ്ടമായ തന്റെ പ്രിയ മകനാണ് മസ്ഗാനോ. മകനെ കണ്ടെത്താൻ ഏതറ്റം വരെയും പോകാൻ അയാൾ ഒരുക്കമായിരുന്നു. മകനിലേ യ്ക്കുള്ള അകലം കുറയുന്നുണ്ടെങ്കിലും മകൻ തന്നിൽ നിന്ന് മാനസികമായി ഏറെ അകലെയാണെന്ന് ആ അച്ഛൻ തിരിച്ചറിയുന്നു.



ഒരു അച്ഛനും കാണാൻ ആഗ്രഹിക്കാത്ത നിലയിലാണ് അയാൾ മകനെ കണ്ടെത്തുന്നത്. എങ്കിലും അവനിലേയ്ക്കെത്താൻ അയാൾക്ക് ഒരു പാട് ദൂരം സഞ്ചരിക്കേണ്ടതായി വരുന്നു. താൻ ചെയ്ത തെറ്റുകൾക്ക് ഉള്ള പ്രായശ്ചിത്തമായി മകന് വേണ്ടി എന്തും ചെയ്യാൻ അയാൾ ഒരുക്കമായിരുന്നു. ജീവിതത്തിൽ രണ്ടാമതൊരു അവസരം മറ്റാക്കോ അർഹിക്കുന്നുണ്ടെന്ന് മകൻ തിരിച്ചറിയുമോ എന്ന ആകാംഷ പ്രേക്ഷകരിൽ നില നിർത്തി കൊണ്ടാണ് ചിത്രം മുന്നോട്ട് പോകുന്നത്.

ഈ ചിത്രത്തിലെ സംഗീതം അച്ഛൻ - മകൻ ബന്ധത്തിന്റെ തീവ്രത പ്രേക്ഷകരിൽ എത്തിക്കാൻ വളരെ സഹായകമായി എന്ന് പറയാം. റാഗ്ഭാഗോ ഒരുക്കിയ സംഗീതം ചിത്രത്തിന് മാറ്റു കൂട്ടുന്നു. കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിച്ച എമോസ് അയേനോയുടെ പ്രകടനവും ഗംഭീരമായിരുന്നു. ശക്തമായ തിരക്കഥയാണ് ചിത്രത്തിന്റെ ജീവൻ.

ഒരു തെറ്റ് ചെയ്താൽ ജീവിതാവസാനം വരെ അത് വേട്ടയാടും എന്ന് ഈ ചിത്രം പറഞ്ഞു വയ്ക്കുന്നു. വർണ്ണ വിവേചനവും, സമൂഹത്തിൽ തെളിഞ്ഞും ഒളിഞ്ഞും ഉള്ള വേർതിരിവുകളും ചർച്ച ചെയ്യുന്ന ഒരു ചിത്രം കൂടിയാണിത്. മികച്ച ഒരു ദൃശ്യാനുഭവവും, മികച്ച കഥയും ചിത്രത്തിനെ പ്രേക്ഷകർക്ക് പ്രിയമുള്ളതാക്കി.

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

December issue

Special Edition on

DIGITAL MAGAZINE


PUBLISHED BY FILCA

കേരള ഭാഗ്യക്കുറി

വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033




ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# സെനെഗലിൽ നിന്നൊരു പെൺ നോട്ടം

**വിനോദ് കുമാർ .പി.**



സെനഗലീസ് തിരക്കഥാകൃത്തായ Ramata-Toulay Sy ആദ്യമായി സംവിധാനം ചെയ്ത ചിത്രമാണ് ബാനൽ & അദാമ . ഫ്രഞ്ച്-മാലിയൻ-സെനഗലീസ് റൊമാന്റിക് ഡ്രാമ. 87 മിനിട്ട്. ഈ ചിത്രം 2023 ൽ കാൻ ഫിലിം ഫെസ്റ്റിവലിലും ചിക്കാഗോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും പ്രദർശിപ്പിച്ചു.

ആഫ്രിക്കയിലെ വടക്കൻ സെനഗളിലെ ഒരു ഗ്രാമത്തിലാണ് കഥ നടക്കുന്നത്. ബാനലും അദാമയും കടുത്ത പ്രണയത്തിലാണ്. സ്വന്തമായി ഒരു വീടിനായി കൊതിക്കുന്ന അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്ന് വേറിട്ട് ജീവിക്കാൻ തീരുമാനിക്കുന്നു.

എന്നാൽ ആ ഗ്രാമത്തിലെ ഒരു കുടുംബത്തിന്റെ ജന്മവകാശമായി ലഭിക്കുന്ന ഭാവി മേധാവിയായി അദാമ തന്റെ ചുമതല നിർവഹിച്ച് ആചാരങ്ങൾ പിന്തുടരണമെന്നും അയാളുടെ അമ്മയും ഗ്രാമത്തലവന്മാരും ആവശ്യപ്പെടുന്നു.

എന്നാൽ ആ ഗ്രാമത്തിലെ മേധാവിയായി ചുമതലയേറ്റാൽ ആചാരമനുസരിച്ചു തനിക്കു ബാനലിനെ നഷ്ടപ്പെടുമെന്ന് അദാമ മനസ്സിലാക്കുന്നു. മാത്രമല്ല സ്വന്തമായി ഒരു വീടും ബാനലിനോടൊപ്പമുള്ള സ്വസ്ഥമായ ഒരു കുടുംബ ജീവിതവും മാത്രം ആഗ്രഹിക്കുന്ന ആളാണ് അദാമ. ഈ കാര്യം ഗ്രാമസഭയെ അയാൾ അറിയിക്കുമ്പോൾ, സമൂഹം മുഴുവൻ അസ്വസ്ഥരാകുന്നു.

ആചാരങ്ങൾക്കു തടസ്സം വന്നാൽ കടുത്ത വില കൊടുക്കേണ്ടി വരുമെന്ന് അവർ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

അദാമിന് മുന്നറിയിപ്പ് കൊടുക്കുന്നു.

അങ്ങനെ ജീവിതം മുന്നോട്ടു പോകവേ ഗ്രാമത്തിൽ അനിഷ്ടങ്ങൾ കണ്ടുതുടങ്ങുന്നു. മഴ പെയ്യുന്നില്ല. കൃഷിക്ക് നാശം സംഭവിക്കുന്നു. കന്നുകാലികൾ ഒന്നാകെ ചത്തൊടുങ്ങുന്നു. ഇതിനെല്ലാം കാരണം അദാമയുടെ പ്രണയം കൊണ്ടുണ്ടായ തിക്തഫലമാണെന്ന് ശ്രുതി പരക്കുന്നു.

ഇതറിഞ്ഞു മനം മടുത്ത അദാമ തന്റെ കർത്തവ്യം ചെയ്യാൻ നിർബന്ധിതനായി . ബാനലിന് കൊടുത്ത വാക്ക് പാലിക്കാൻ കഴിയാതെ വന്നതോടെ അവർ തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീണു.

അദാമ ഗ്രാമത്തിലെ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതോടെ ബാനൽ തീർത്തും ഒറ്റപ്പെടുന്നു.

എന്നാൽ ആചാരമനുസരിച്ചുള്ള കാര്യങ്ങൾ ചെയ്തിട്ടും പ്രകൃതി അതിന്റെ സംഹാര നാടകം തുടർന്നു കൊണ്ടിരുന്നു. ശക്തമായ





കൊടുംകാറ്റിനെ നേരിടാൻ ബാനൽ വീട്ടിൽ നിന്നും പുറത്തേക്കു ഓടുകയും അവിടെ അലിഞ്ഞില്ലാതാവുകയും ചെയ്യുന്നതോടുകൂടി ഈ ചിത്രം അവസാനിക്കുന്നു.

Khady Mane എന്ന നടിയാണ് ബാനൽ എന്ന വികാര തീവ്രതയുള്ള കഥാപാത്രത്തെ ഭംഗിയായി അവതരിപ്പിച്ചത്. പ്രണയരംഗങ്ങൾ എല്ലാം ആകർഷണീയം. സ്ക്രിപ്റ്റ്, വീഡിയോഗ്രാഫി, മ്യൂസിക്, ലൊക്കേഷൻ എന്നിവയെല്ലാം മികവുറ്റത് . IFFK- 2023 ലെ Female Gaze എന്ന വിഭാഗത്തിൽ ഉൾപെടുത്താൻ അർഹതയുള്ള ചിത്രം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
December issue
Special Edition on
IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA



ഫിലിം റിവ്യൂസ്
ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

# അസ്തമിക്കാത്ത പ്രതീക്ഷകളും സ്വപ്നങ്ങളും

**വിദ്യ ശോഭന**



അഭിനയം,സംവിധാനം,നിർമ്മാണം എന്നീ മേഖലകളിൽ കഴിവ് തെളിയിച്ച മാനിജെ ഹെക്മാൻ സംവിധാനം ചെയ്ത ഇറാനിയൻ ചിത്രമാണ് "ജങ്ക്സ് ആൻഡ് ഡോൾസ് " (ഇറാൻ /76/ഫർസി ).

ചിത്രത്തിന്റെ നിർമ്മാണത്തിലും സ്ക്രീൻ പ്ലെയിലും സംവിധായികയുടെ പങ്കുണ്ട്. ഇരുപത്തിയെട്ടാമത് IFFK വേൾഡ് സിനിമ വിഭാഗത്തിലാണ് ചിത്രം പ്രദർശിപ്പിച്ചത്. തന്റെ പതിനഞ്ചാമത്തെ വയസ്സിൽ ഇറാനിയൻ സിനിമ ലോകത്തേക്ക് എത്തിയിട്ടും ഒരു സംവിധായികയും നിർമ്മാതാവും ആകാൻ മുപ്പതു വർഷങ്ങൾ വേണ്ടി വന്നു എന്നവർ പറഞ്ഞിട്ടുണ്ട്. ആദ്യ ചിത്രമായ 'വിമൻസ് പ്രിസൺ' അന്തർദേശീയ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്.

ഒരു മാലിന്യ ഡിപ്പോയുടെ സൂക്ഷിപ്പുകാരായി ഏലിയാസും പതിയും എത്തുന്നു. ഇറാനിലെ വടക്കൻ വനങ്ങളുടെ നടുവിലായാണ് മാലിന്യകൂമ്പാരം നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. അവർ അവിടെ അവരുടെ ജീവിതം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്നു.

തങ്ങൾക്കായി കിട്ടിയ വീട് അവർ പല വിധത്തിലും മോടിപിടിപ്പിയ്ക്കുന്നു. ദമ്പതികൾ ഒന്നിച്ചിരുന്ന് ഇന്റർനെറ്റിൽ പരതി, വീട് മനോഹരമാക്കുവാനുള്ള ഫർണിച്ചറുകളും അലങ്കാര വസ്തുക്കളും കണ്ടെത്തുകയും അത് സ്വന്തമായി നിർമ്മിക്കാൻ ചർച്ച ചെയ്യുകയും പലതും അതുപോലെ ഉണ്ടാക്കുകയും ചെയ്യുന്നു. ചുമര് ചായമടിച്ചു വൃത്തിയാക്കുന്നു. മനോഹരങ്ങളായ പൂച്ചെടികൾ വച്ചുപിടിപ്പിക്കുന്നു. പച്ചക്കറി തോട്ടമൊരുക്കുന്നു. അങ്ങനെ തങ്ങളെ കൊണ്ടാകുന്ന വിധത്തിലൊക്കെ അവർ അവിടം അതൊരു സ്വർഗമാക്കി മാറ്റുന്നു.

മാലിന്യ കൂമ്പാരവുമായി നിത്യേന ലോറികൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

എത്തുന്നുണ്ട്. കുന്നുപോലെ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ ചികഞ്ഞു തനിക്കു വേണ്ടതെടുക്കാനും ഗ്രാമവാസികളുടെ കാണാതെ പോകുന്ന വസ്തുക്കൾ കണ്ടെത്താനും ഏലിയാസ് പോകാറുണ്ട്. അവിടെ നിന്നും നുള്ളിപെറുക്കി എടുത്ത പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഏലിയാസ് ഉപയോഗപ്രദമായ പലതും ഉണ്ടാക്കാറുണ്ട്. തന്റെ ഭർത്താവ് ഒരു എഞ്ചിനീയർ ആണെന്ന് ഭാര്യ അഭിമാനത്തോടെ പലപ്പോഴും പറയുന്നതും കാണാം.

ഏലിയാസിൽ അവൾ വളരെ ശ്രദ്ധാലുവാണ്. ഏലിയാസ് വളരെ നിഷ്കളങ്കനും മിതഭാഷിയും ദയാലുവുമായതിനാൽ വേഗത്തിൽ കബളിക്കപ്പെട്ടേക്കാം എന്നവൾ ഭയപ്പെടുന്നു. തന്റെ ക്യാമറ കണ്ടെത്താൻ എന്ന ഭാവേനെ ഏലിയാസിനെ സ്വാധീനിച്ച് മാലിന്യ ഡിപ്പോയ്ക്കുള്ളിൽ പ്രവേശിക്കുവാൻ ശ്രമിക്കുന്ന പരിസ്ഥിതി പ്രവർത്തകയെ അവർ ആട്ടിയോടിക്കുന്നു.

ഗ്രാമവാസികൾ കടക്കാതെയും മാലിന്യ നിക്ഷേപം കടത്തികൊണ്ട് പോകുവാൻ വരുന്നവർക്കെതിരെയും അവൾ



ശ്രദ്ധാലുവാണ്. തന്റെ ഭർത്താവിന് തങ്ങളുടെ തനതു ശൈലിയിലുള്ള ഭക്ഷണമുണ്ടാക്കി വിളമ്പുന്നതിലും അവൾക്ക് ഉത്സാഹമുണ്ട്. മൂളലിലൂടെ മാത്രം മറുപടി പറയുന്ന, ചിലപ്പോൾ അതുപോലുമില്ലാതെ തന്റെ ജോലികളിൽ മുഴുകുന്ന ഏലിയാസിനോട് ഒരു മടുപ്പുമില്ലാതെ അവർ സംസാരിച്ചുകൊണ്ടേയിരിക്കും.

നിസ്വാർത്ഥ സ്നേഹത്തിന്റെയും അതിരു കവിഞ്ഞ നന്മയുടെയും കുന്നോളം പ്രതീക്ഷകളുടെയും തകർക്കപ്പെടാത്ത സ്വപ്നങ്ങളുടെയും അതിതീവ്രമായ രേഖപ്പെടുത്തലുകളിലൂടെ ചിത്രം പുരോഗമിക്കുമ്പോൾ, താളം തെറ്റുന്ന പ്രകൃതിയുടെ ശ്വാസകോശം മരങ്ങളിൽ തൂങ്ങിയാടുന്ന പ്ലാസ്റ്റിക് കവറുകളിലൂടെ, മലിനമാക്കപ്പെടുന്ന പ്രകൃതിയും ജീവിതങ്ങളും ജീവജാലങ്ങളും കണ്മുന്നിലെത്തുന്നു.

പരിസ്ഥിതി പ്രവർത്തകയോട് ചങ്ങാത്തത്തിലാകുന്ന ഏലിയാസിന്റെ പത്നി, അവരുടെ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും ഏലിയാസിൽ അവർ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തെയും ഭാവി പരിപാടികളെയും അവൾ വിവരിക്കുന്നുണ്ട്. അത്രമേൽ അടിയുറച്ചതാണ് ജീവിതത്തോടുള്ള അവളുടെ പ്രണയം.

ഒരു ഘട്ടത്തിൽ കുടുംബജീവിതം ഉണ്ടാകേണ്ട ആവശ്യകതയെ പറ്റി പരിസ്ഥിതി പ്രവർത്തകയെ അവൾ ഉപദേശിക്കുന്നുപോലുമുണ്ട്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK 28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ഫിലിം റിവ്യൂസ്

ഫിൽക്ക ഫിലിം ജേർണലിസ്റ്റ് ടീം

മാലിന്യ കൂമ്പാരത്തിലെ ജീവിതം പോലും അവർക്കു സന്തോഷവും സംതൃപ്തിയും നിറഞ്ഞതാണ്. താൻ താമസിക്കുന്ന സ്ഥലം ഒരു ഭാഗം മാലിന്യം കൊണ്ട് നിറയുമ്പോൾ അതിൽ നിന്നും ഏലിയാസ് പലതും പെറുക്കിയെടുത്ത് വരുമ്പോൾ, അവൾ ആകുലപ്പെടുന്നുണ്ടെങ്കിലും അവിടം അവൾ ഒരു പൂങ്കാവനമാക്കിമാറ്റുന്നുമുണ്ട്.

ഒരിക്കൽ ഉപേക്ഷിക്കപ്പെട്ട ഒരു നായക്കുട്ടിയുമായി ഏലിയാസ് എത്തുമ്പോൾ ശകാരിക്കുന്നുണ്ടെങ്കിലും അവൾ അതിനെയും സ്വീകരിക്കുന്നത് കാണാൻ കഴിയും.

മാലിന്യകൂമ്പാരത്തിൽ നിന്നും നെയ്തെടുക്കപ്പെടുന്ന സ്വപ്നങ്ങൾ തന്നെയാണ് ഈ സിനിമയിലെ അടിത്തറ.

നശിച്ചു കൊണ്ടിരിക്കുന്ന അന്തരീക്ഷവും ശുദ്ധവായുവും ജലവും സസ്യജാലങ്ങളുമെല്ലാം ഇതിലെ കഥാപാത്രങ്ങളാണ്. അഴുക്കുചാലിൽ വസിക്കുന്നവരോട് ഗ്രാമവാസികളുടെ പ്രതികരണവും വിഭിന്നമാണ്.

നിരവധി ആരോഗ്യപ്രശ്നങ്ങൾ അവിടെ താമസിക്കുന്നതുമൂലമുണ്ടാകുമെന്ന മുന്നറിയിപ്പ്, പരിസ്ഥിതി പ്രവർത്തക നൽകുന്നുണ്ട്. സ്ത്രീകൾക്കു ബ്രസ്റ്റ് കാൻസർ ഉണ്ടാകാൻ പോലും സാധ്യത ഉണ്ടെന്നും മുമ്പ് അവിടുണ്ടായിരുന്ന സ്ത്രീ എന്തോ അസുഖം മൂലം അവിടെ നിന്നും പോയിട്ട് തിരികെ വന്നില്ല എന്നും അവൾ മനസ്സിലാക്കുന്നുണ്ട്. തന്റെ ആരോഗ്യം മോശമാകുമ്പോൾ അതേ പറ്റി ഏലിയാസിനോട് സംസാരിക്കുന്നുമുണ്ട്. ഒരു മൂളലോടെ അയാൾ അത് കേട്ടിരിക്കുന്നു.

ഒടുവിൽ തങ്ങൾ നെയ്തുകൂട്ടിയ സ്വപ്നങ്ങൾ നിറഞ്ഞ സ്വർഗതുല്യമായ വീടുപേക്ഷിച്ചു അവർക്കു പോകേണ്ടി വരുന്നു. മറ്റൊരിടത്തേക്ക്, മറ്റൊരു മാലിന്യ കൂമ്പരത്തിലേക്ക്, പ്രതീക്ഷകൾ പറിച്ചു നടപ്പെടുന്നു. താൻ നട്ട് വളർത്തിയ പച്ചക്കറികൾ വിറ്റു അതിൽ നിന്നും ഉപജീവനം നടത്തി അവരുടെ ജീവിതം വലുതാക്കിയെടുത്തു തുടങ്ങിയപ്പോഴേക്കും അവയെല്ലാം പിഴുതുമാറ്റപ്പെട്ടു. വെറും ആറു മാസം കൊണ്ടാണ് അത്രയും മനോഹരമായ ഒരു അവസ്ഥയിലേക്ക് അവർ ആ ഭൂമിയെ മാറ്റിയെടുത്തത്.

മാലിന്യ നിക്ഷേപം നടത്തുവാൻ സ്ഥലം തികയാതെ വന്നപ്പോൾ കുന്നുകൂടുന്ന മാലിന്യങ്ങൾക്കായി അവർ അവിടം ഒഴിഞ്ഞു പോകുന്നു. മാലിന്യത്തിൽ നിന്നും കിട്ടിയ തങ്ങളുടെ നായക്കൊപ്പം. മറ്റൊരിടത്തു സ്വപ്നം കൊണ്ടൊരു കൂടൊരുക്കാൻ.

വളരെ മനോഹരമായൊരു ചെറിയ സിനിമ. മുഷിച്ചിലേതുമില്ലാതെ കഥ പറയുന്നു സംവിധായിക. എല്ലാം തകർത്തെറിയപ്പെടുമ്പോഴും തളരാതെ പൊരുതുന്ന പ്രതീക്ഷകൾ നിറഞ്ഞ മനുഷ്യരുടേത് കൂടിയാണ് ഈ പ്രകൃതി. അവർക്കായ് മറ്റൊരിടം പ്രകൃതി തീർച്ചയായും ഒരുക്കിയിട്ടുണ്ടാകുമെന്ന് നമുക്കും പ്രതീക്ഷിക്കാം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

# ടാഗോറിലെ ഉത്സവ കാഴ്ചകൾ - ഫോട്ടോ ഫീച്ചർ

അജി. എസ്, അനിൽ രാമൻ

















വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on IFFK
28th International Film Festival of Kerala 2023
DIGITAL MAGAZINE
PUBLISHED BY FILCA
























ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള ഭാഗ്യക്കുറി

വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on
IFFK
DIGITAL MAGAZINE
PUBLISHED BY FILCA
























ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

December issue
Special Edition on IFFK
DIGITAL MAGAZINE
PUBLISHED BY FILCA













# ഫിൽക്ക എക്സിക്യൂട്ടീവ് കമ്മറ്റി / ജനറൽ ബോഡി മീറ്റിങ്ങ്








വോള്യം – 06 ലക്കം – 121 ഡിസംബർ 2023 മലയാളം – ഇംഗ്ലീഷ്
121
ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
December issue
Special Edition on
DIGITAL MAGAZINE
PUBLISHED BY FILCA

# ഫിൽക്ക ഫിലിം സൊസൈറ്റി

( ഫിലിം ലവേഴ്സ് കൾച്ചറൽ അസോസിയേഷൻ )

**ഭരണസമിതി അംഗങ്ങൾ (2023-2025)**



**പ്രസിഡന്റ്**
ഡോ. ബി. രാധാകൃഷ്ണൻ



**ജനറൽ സെക്രട്ടറി**
സാബു ശങ്കർ



വൈസ് പ്രസിഡന്റ്
അർപണാ ( ഗിരിജ സുരേന്ദ്രൻ )



ജോയിന്റ് സെക്രട്ടറി
ജ്യോതിഷ് കുമാർ. പി. എസ്



ട്രഷറർ
വിനോദ്കുമാർ. പി.

## എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ



മെറിൽ. പി. എൽ.



വിജയദാസ് പണ്ഡിറ്റ്



ബീന മാത്യു



അഡ്വ. അരുൺബാബു. ബി

Life Member ( 10 years ) Rs.2000/-
Annual Member : Rs. 500/- Student Rs.150/-

- 2021 വരെ ലൈഫ് മെമ്പർഷിപ് എടുത്തിട്ടുള്ളവർ 1000 രൂപ കൂടി നൽകി പുതുക്കേണ്ടതാണ്.
- പുതിയ മെമ്പർഷിപ് കാർഡ് ജനുവരിയിൽ നൽകും.
- **പ്രതിമാസ ഫിലിം ഫെസ്റ്റിവൽ കാണുന്നതിന് മെമ്പർഷിപ് ബാധകമല്ല.**
- അതിഥികൾക്ക് പ്രത്യേകം ഗസ്റ്റ് പാസ്സ് നൽകുന്നതാണ്.
- സൗജന്യ ഉച്ചഭക്ഷണ പ്രോഗ്രാം തുടരുന്നതാണ്.
- പ്രവേശനത്തിന് മെമ്പർഷിപ് / ഗസ്റ്റ് പാസ്സ് ഉണ്ടായിരിക്കുന്നതാണ്.
- ലൈബ്രറിയിൽ പ്രവേശിക്കുമ്പോൾ ബാഗുകൾ, മറ്റു വസ്തുക്കൾ എന്നിവ സെക്യൂരിറ്റി പറയുന്ന സ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്.
- ലൈബ്രറി ഹാളിൽ സിനിമ കാണാൻ വരുന്നവർ ലൈബ്രറിയുടെ നിയമങ്ങൾ പാലിക്കേണ്ടതാണ്.

**Membership**


Annual : 500/
Students : 150/
Life-time : 2000

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail:
filcakerala@gmail.com
Ph. 80890 36090

Kindly whatsapp payment image to 80890 36090

## ഫിൽക ഫിലിം സൊസൈറ്റി ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്




13TH EDITION

**സത്യജിത് റായ് യുടെ**

**പഥേർ പാഞ്ജലി**

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹. 290. **അംഗങ്ങൾക്ക് ₹. 200**

Buy Online from
www.peerbey.com

PeerBey.com
Shop Online

Chief Editor - Dr. B. Radhakrishnan.
Associate Editors - Jyothishkumar, Girija Surendran.
Web & Graphic Design - PeerBey Software, Thrissur.
Circulation - Vinodkumar P.
Research - Meril P.L
Editor and Publisher - Sabu Sankar , General Secretary, FILCA, PB 2224, Trivandrum -10. Kerala.